ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി: (ശ്രീ. ദാമോദരൻ കാളാശ്ശേരി): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ XXI—

പൊതുജനാരോഗ്യ എഞ്ചിനീയറിംഗ്

ധനാഭ്യർത്ഥന നമ്പർ XXIII—

നഗര വികസനം

ധനാഭ്യർത്ഥന നമ്പർ XXXIV—

മൽസ്യബന്ധനം

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് എന്ന 21-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 24,22,59,200 രൂപയ്ക്കുള്ള ഗ്രാൻറ് അനുവദിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

നഗരവികസനം എന്ന 23-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4,07,13,700 രൂപയുടെ ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയംകൂടി ഞാൻ അവതരിപ്പിക്കുന്നു.

മൽസ്യബന്ധനം എന്ന 34-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 4, 60, 54,300 രൂപയ്ക്കുള്ള ഗ്രാൻറ് അനുവദിക്കണമെന്ന പ്രമേയംകൂടി ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ): സർ, ഞാൻ ഈ ഡിമാൻറുകളെ പിൻതാങ്ങുന്നു.

ധനാഭ്യർത്ഥന നമ്പർ XXVI—

ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യ ക്ഷേമം

ഹരിജനക്ഷേമവും സാമൂഹ്യ വികസനവും വകുപ്പു മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി): സർ, ഹരിജനക്ഷേമം ഉൾപ്പെടെയുള്ള സാമൂഹ്യക്ഷേമം എന്ന 26-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 23,17,82,600 രൂപയ്ക്കുള്ള ഗ്രാൻറ് അനുവദിക്കണമെന്നുള്ള പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ്കോയ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ഈ എല്ലാ ഡിമാൻറുകളെയും. സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

Shri Thundathil Kunjukrishna Pillai: Sir, I move that the total allotment of Rs. 3,50,65,000 under Demand V be reduced by Rs. 100.

Shri T. K. Abdu: Sir, I move that the total allotment of Rs. 3,50,65,000 under Demand V be reduced by Rs. 100 (To discuss in general).

Shri N. Chandrasekhara Kurup: Sir, I move that the total allotment of Rs. 3,50,65,000 under Demand V be reduced by Rs. 100 (To discuss in general).

DEMAND No. XXVI

SOCIAL WELFARE INCLUDING HARIJAN WELFARE

Shri N. I. Devassykutty: Sir, I move that the total allotment of Rs. 23,17,82,600 under Demand XXVI be reduced by Rs. 100.

Shri M. K. Krishnan: Sir, I move that the total allotment of Rs. 23,17,82,600 under Demand XXVI be reduced by Rs. 100. (To discuss in general).

Shri E. Narayanan Nair: Sir, I move that the total allotment of Rs. 23,17,82,600 under Demand XXVI be reduced by Rs. 100.

Shri V. Eacharan: Sir, I move that the total allotment of Rs. 23,17,82,600 under Demand XXVI be reduced by Rs. 100.

Shri Thundathil Kunjukrishna Pillai: Sir, I move that the total allotment of Rs. 23,17,82,600 under Demand XXVI be reduced by Rs. 100.

Shri N. Chandrasekhara Kurup: Sir, I move that the total allotment of Rs. 23,17,82,600 under Demand XXVI be reduced by Rs. 100. (To discuss in general).

Shri T. K. Abdu: Sir, I move that the total allotment of Rs. 23,17,82,600 under Demand XXVI be reduced by Rs. 100 (To discuss in general).

<u>ശ്രീ. വി. ഈച്ചരൻ:</u> സർ, ഇവിടെ അവതരിപ്പിച്ച എല്ലാ ധനാഭ്യർത്ഥനകളെയും ഞാൻ എതിർക്കുകയാണ്. ഹരിജനമർദ്ദനങ്ങളെസംബന്ധിച്ച് വടക്കേ ഇൻഡ്യയിൽ നടക്കുന്ന കാര്യങ്ങൾ പത്രങ്ങൾ മുഖേനയും മററും നാം ഇവിടെ കേൾക്കുകയും വിമർശിക്കുകയും ചെയ്യാറുണ്ട്. എന്നാൽ കേരളത്തിൽ ഈ മർദ്ദനങ്ങൾ നിരന്തരം വർദ്ധിച്ചുവരുന്നു എന്നുള്ളതാണ് പരമാർത്ഥം. ഒന്നുരണ്ടു കൊല്ലങ്ങളായി പല സ്ഥലങ്ങളിലും അത് വർദ്ധിച്ചതരത്തിൽ, ഹരിജനങ്ങൾക്കു മാനമായി ജീവിക്കുവാൻ നിവൃത്തിയില്ലാത്ത ഒരു പരിതഃസ്ഥിതിയിൽ ആയിട്ടുണ്ട്. സർ, ഇതിൻെറ അടിസ്ഥാനത്തിൽ മുൻമന്ത്രി ശ്രീമാൻ കെ.കെ. ബാലകൃഷ്ണൻതന്നെ ഹരിജനങ്ങളനുഭവിക്കുന്ന മർദ്ദനങ്ങളെയും ഹരിജനങ്ങളുടെ പേരിൽ പോലീസ്

LIBRARY ARCHIVES Kerala Legislative Assembly

കള്ളക്കേസെടുക്കുന്നതിനെയും സംബന്ധിച്ചെല്ലാം തന്നെ ചർച്ച ചെയ്യുന്നതിന് ഹരിജൻ ഉപദേശക സമിതിയുടെയും ജില്ലാ തലവൻമാരുടെയും ഒരു സമ്മേളനം വിളിക്കുകയുണ്ടായി. ഒന്നുരണ്ടു പ്രാവശ്യം അതു നീട്ടി വച്ചു. മററു പല കാരണങ്ങൾകൊണ്ടും അതു നടക്കാതെ പോവുകയാണ് ചെയ്തത്. സർ, ഇന്നു എന്താണ് ഇവിടെ നടക്കുന്നത്? നമ്മുടെ പരിഷ്ക്കരിച്ച പട്ടണമായ ആലപ്പുഴ നഗരത്തിന് ചുററും താമസിക്കുന്ന പാവപ്പെട്ട ഹരിജനങ്ങൾക്ക് അനുഭവപ്പെട്ട കാര്യമാണ് ഇവിടെ അടിയന്തിരപ്രമേയംമൂലം ഇന്നു നമുക്കു ചർച്ച ചെയ്യേണ്ടതായി വന്നത്. സർ, 160 കുടുംബങ്ങൾ താമസിക്കുന്ന ഒരു കോളനിയിൽ 16 ഹരിജനങ്ങൾ, അതായത് ഉള്ളാട കുടുംബങ്ങൾ ആണ് താമസിക്കുന്നത്. അവർക്കുമാത്രമാണ് ഈ ഭീഷണിയും ഭീതിയും ഉണ്ടായിക്കൊണ്ടിരിക്കുന്നത്. സമൂഹത്തിലെ മററു വിഭാഗത്തിന് ഇത്തരത്തിലുള്ളതായ ആവലാതികളില്ല. അവരുടെ സ്ത്രീകളെ ബലാൽക്കാരമായി പിടിച്ചുകൊണ്ടുപോകുന്നില്ല. മാനഭംഗപ്പെടുത്തുന്നില്ല. ബലാൽസംഗം ചെയ്യുന്നില്ല. പുരുഷൻമാരെ ഭയപ്പെടുത്തിക്കൊണ്ട് അവിടെ ജീവിക്കാൻ വയ്യാത്ത പരിതസ്ഥിതി ഉണ്ടാക്കുന്നില്ല. സർ, എന്താണ് ഇതു കാണിക്കുന്നത്. ഈ ഗവൺമെൻറിൻെറ അനാസ്ഥ കൊണ്ട് ഹരിജനങ്ങളുടെ നേരെ എന്തും ചെയ്യാൻ ഏതു അഴിഞ്ഞാട്ടക്കാരനും ഏതു തെമ്മാടിക്കും അവകാശമുണ്ട്. അല്ലെങ്കിൽ അവൻ അതുചെയ്യാൻ ധൈര്യപ്പെടുന്നു എന്നുള്ളതാണ് പരമാർത്ഥം. അതല്ലാതെ കർശനമായ നടപടികൾ എടുത്തിരുന്നെങ്കിൽ ഇത് അവിടെ നടക്കുമായിരുന്നില്ല. ഈ 16 കുടുംബങ്ങൾക്ക് ഇന്നു പെട്ടെന്നുണ്ടായ അനുഭവമല്ല സർ ഇത്. ഒരു കൊല്ലമായി അവിടെ ഈ സാമൂഹ്യ വിരുദ്ധരുടെ അഴിഞ്ഞാട്ടം നടക്കുന്നുവെന്നും ചുരുങ്ങിയത് 10 സ്ത്രീകളെയെങ്കിലും ബലാൽസംഗം ചെയ്തതായി കേസ്സുകളുണ്ടായിട്ടുണ്ടെന്നും കേൾക്കുന്നുണ്ട്. പക്ഷേ ഇതൊന്നുംതന്നെ അവർക്കു പുറത്തു പറയുവാൻ നിവൃത്തിയില്ല. ഭയപ്പെട്ട് നാളെയും ജീവിക്കണമെന്നുള്ള ആഗ്രഹത്തിൻെറ പേരിൽ ഇതൊന്നും ആ സഹോദരിമാർ പുറത്തു പറയുന്നില്ല എന്നുള്ളതാണ് പരമാർത്ഥം. പുറത്തു പറഞ്ഞാൽതന്നെ അവർക്കു കഴിച്ചുകൂട്ടാൻ നിവൃത്തിയില്ലാത്ത ഒരു സ്ഥിതിയും ഉണ്ടായിട്ടുണ്ട്. സർ ഒരു ഹരിജൻ പ്രവർത്തകൻ ഈ കാര്യങ്ങളെല്ലാം പുറത്തുകൊണ്ടുവന്നതിൻെറ പേരിൽ അയാളെ കൊണ്ടുപോയി മർദ്ദിക്കുകയാണുണ്ടായത് എന്നാണു പറയുന്നത്. ബഹുമാനപ്പെട്ട മന്ത്രി അവിടെ പോവുകയും പോലീസുകാരെ വിളിച്ച് വേണ്ട നടപടിയെടുക്കുവാൻ വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തുവെന്നു പത്രങ്ങളിൽ കാണുന്നു. പക്ഷേ ആ പോലീസ് ആ നിർദ്ദേശം മുഖവിലയ്ക്കെടുക്കുകയോ അർഹിക്കുന്ന ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യുകയോ ചെയ്തില്ലെന്നുള്ളതാണ് പത്രവാർത്ത. പേരിനുവേണ്ടി ഒരന്വേഷണം നടത്തി. അതിനുപുറമേ നിർഭാഗ്യകരമായ ഒരു കാര്യമാണ് ഈ ജില്ലാതലവൻമാരായ ഡി. എസ്. പി. യും കളക്ടറും ചെന്ന് അങ്ങനെയൊന്നും നടന്നില്ലെന്നും ബലാൽസംഗം ചെയ്തിട്ടില്ലെന്നുമെല്ലാം പറഞ്ഞുകൊണ്ടുള്ള പ്രസ്താവനകൾ പുറപ്പെടുവിക്കുന്നത്. ഇങ്ങനെയുള്ള ഭരണത്തിൽനിന്ന്, ഇങ്ങനെയുള്ള അധികാരസ്ഥൻമാരിൽനിന്ന്, എന്തു മോചനമാണ് ഈ നാട്ടിലെ പാവപ്പെട്ട ഹരിജനങ്ങൾക്ക് ലഭിക്കുക എന്നാണു ഞാൻ ചോദിക്കുന്നത്. ഇത് ഒരു ഒററപ്പെട്ട സംഭവമല്ല. പാലക്കാട്ട് ജില്ലയിൽ ആലത്തൂർ താലൂക്കിൽ വണ്ടാഴിയിൽ പട്ടാപ്പകൽ ഒരു ഹരിജൻ യുവതിയെ അഞ്ചുമണി സമയത്ത് നടുറോഡിലിട്ട് കൊലപ്പെടുത്തുകയുണ്ടായി. ഇതു കഴിഞ്ഞശേഷം ഒരാഴ്ചയോളം അവിടെ ഒരു നടപടിയും ഉണ്ടായില്ല. ഞാൻ അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് എഴുതിയിരുന്നു. മുഖ്യമന്ത്രി മറുപടി അയച്ചത് ഈ

LIBRARY ARCHIVES Kerala Legislative Assembly

കേസ് കൈകാര്യം ചെയ്യാൻ ക്രൈംബ്രാഞ്ചിനെ ഏൽപ്പിച്ചിരിക്കുന്നു എന്നാണ്. ഇതാണ് ഹരിജനങ്ങളെ സംബന്ധിച്ചുള്ള കാര്യം. നേരേ മറിച്ച്, ഒരു കൊലപാതകം മറ്റൊരിടത്താണു നടന്നിരുന്നതെങ്കിൽ ആ പാലക്കാട്ടുജില്ലയിൽ പോലീസ് നായ്ക്കൾ ഉണ്ട്, കേസു തെളിയിക്കുവാനും കുററവാളികളെ പിടിക്കുവാനും എല്ലാ സൗകര്യങ്ങളും ഉണ്ടായിട്ട് പോലീസ് ചെറുവിരലനക്കുവാൻ തയ്യാറായില്ല ഇതാണ് ഇവിടത്തെ സ്ഥിതി. അതേമാതിരി പേരാമ്പ്രയിൽ ഒരു ഹരിജൻവീട് പുറമേ നിന്നു പൂട്ടി പെട്രോൾ ഒഴിച്ച് തീ കത്തിക്കുകയുണ്ടായി. അതിലുണ്ടായിരുന്ന നാലു ജീവൻ രക്ഷപ്പെട്ടത് ഭാഗ്യംകൊണ്ടുമാത്രമാണ്. ഭാഗ്യവശാൽ അവർ ജീവനോടെ മെഡിക്കൽകോളേജാശുപത്രിയിൽ പോയി, അവിടെ കഴിയുകയാണ്. പ്രതിപക്ഷനേതാവ് ശ്രീമാൻ കരുണാകരൻ അവരെ ചെന്നു കാണുകയുണ്ടായി. അതിൽ ഒരു പെൺകുട്ടി മരിച്ചുപോവുകയും ചെയ്തു. അവിടെയുണ്ടായിട്ടുള്ള സ്ഥിതിയെന്താണ്? ആ കുടുംബത്തിൽ താമസിക്കുന്ന ഒരു പെൺകുട്ടിക്കു പി. എസ്. സി. സെലക്ഷൻ കിട്ടി പിറേറ ദിവസം ജോലിക്കു ഹാജരാകേണ്ട സന്ദർഭമായിരുന്നു. ആ കടലാസുകൂടി തീവയ്ക്കുകയുണ്ടായി. പക്ഷേ ഈ സ്ഥിതിയിൽ ഇന്നു വരെ അതുസംബന്ധിച്ച് എന്തെങ്കിലും നടപടിയുണ്ടായതായി അറിയുന്നില്ല. ഈ കാര്യങ്ങളെല്ലാം കണക്കിലെടുക്കണം. ഒററപ്പെട്ട സംഭവങ്ങളല്ല തുടർച്ചയായി ഒന്നൊന്നായി നടക്കുന്ന ഈ കാര്യത്തിൽ ഗവൺമെൻറ് ഒരന്വേഷണം നടത്താമെന്നു പറഞ്ഞതുകൊണ്ടുമാത്രമായില്ല. സമഗ്രമായ ഒരന്വേഷണം നടത്തിക്കൊണ്ട് ഇത്തരത്തിലുള്ള കുററങ്ങൾ അവസാനിപ്പിക്കാൻ കർശനമായ നടപടിയെടുത്ത് ഈ സാമൂഹ്യ വിരുദ്ധരേയും അഴിഞ്ഞാട്ടക്കാരെയും അവരെ സഹായിക്കുന്നത് പോലീസുകാരോ ഉദ്യോഗസ്ഥൻമാരോ ആരാണെങ്കിലും അവരെയും ചേർത്ത് വേണ്ട നടപടികൾ സ്വീകരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. സർ, ഇന്ന് എന്താണ് നടക്കുന്നത്. ഒരു പാവപ്പെട്ട ഹരിജനെപ്പററിയാണ് ഏതെങ്കിലും ഒരു പോലീസ് സ്റേറഷനിൽ ഒരു പരാതിയുംകൊണ്ട് ചെല്ലുന്നതെങ്കിൽ അവിടെയുള്ള പോലീസ് ഇൻസ്പെക്ടരും കൂട്ടുകാരും ജീപ്പും കാറും എടുത്തുകൊണ്ട് ഈ പാവങ്ങൾ താമസിക്കുന്ന സ്ഥലത്തുചെന്ന് അവരെയെല്ലാം വിരട്ടി ആ നാട്ടിലുള്ള ആളുകളെയെല്ലാം ഭയപ്പെടുത്തിക്കൊണ്ട് അവരെ പോലീസ് സ്റേറഷനിൽ വിളിപ്പിക്കുന്നു. അവരെ പട്ടിണിയായി ഒരുദിവസം ഇരുത്തി പറഞ്ഞയയ്ക്കുന്നു. അങ്ങനെ കുറെ ദിവസം പണിയുമില്ലാതെ അവർ അവിടെ കഴിച്ചശേഷം ഒരു കേസ് പോലീസ് ഫയൽ ചെയ്യുന്നു. അതു തെളിവില്ലാതെ വിട്ടുപോകും. അങ്ങനെ നിർബന്ധമായി ചെയ്യുന്ന ഈ പരിപാടികൾ ഇന്നു നടക്കുന്നു എന്നുള്ളതാണ് പരമാർത്ഥം.

സർ, നാം അഭിമാനിക്കുന്നുണ്ട് കേരളം പല കാര്യങ്ങളിലും ഇന്നു മുൻപന്തിയിലാണ്, ഇവിടെ എന്നും ഹരിജനക്ഷേമവും ഹരിജന സംരക്ഷണവും മുൻപന്തിയിലാണെന്നെല്ലാം പറയുന്നു. പക്ഷേ വാസ്തവത്തിൽ ബീഹാറോ അതുപോലെയുള്ള മററു സംസ്ഥാനങ്ങളോ ആയിട്ട് യാതൊരു വ്യത്യാസവും ഇവിടെയില്ല എന്നുള്ളത് ഇവിടെ നടക്കുന്ന സംഭവങ്ങൾ തെളിയിക്കും. ഈ ഗവൺമെൻറിന് ഹരിജനങ്ങൾക്കുവേണ്ട സംരക്ഷണം നൽകാൻ സാദ്ധ്യമല്ലെങ്കിൽ എന്തു നടപടി എടുക്കേണ്ടതുണ്ട് എന്നുള്ളതിനെപ്പററി ചിന്തിക്കേണ്ടിയിരിക്കുന്നു. ബീഹാറിലെ മുഖ്യമന്ത്രി കർപ്പൂരി താക്കൂർ അവിടെയുള്ള ഹരിജനങ്ങളെ സംരക്ഷിക്കാൻ നിവൃത്തിയില്ലെന്നു പരസ്യമായി സമ്മതിച്ചുവെങ്കിലും അദ്ദേഹം ഒരു കാര്യം ചെയ്തു. ചെറുപ്പക്കാരായ ഹരിജനങ്ങളെ വിളിച്ച് അവർക്ക് ആയുധപരിശീലനംനൽകി ആയുധം കൊടുത്ത് തൽക്കാലം രക്ഷപ്പെടുവാനും സ്വയം സംരക്ഷിക്കുവാനും വേണ്ടി ഏർപ്പാടുകൾ ചെയ്തു. ഇന്നു

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലും അത് അത്യാവശ്യമാണെന്നു ഞാൻ പറയുകയാണ്. മുഖ്യമന്ത്രിയോട് ആവശ്യപ്പെടുകയാണ്. കാരണം ഇവിടെ അങ്ങനെ യൊന്നും സംഭവിക്കുന്നില്ലെന്നും ഇവിടെ എല്ലാം ശരിയാണെന്നും പറഞ്ഞതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. വടക്കേ ഇൻഡ്യയിൽ നടക്കുന്ന അനീതിയെപ്പററി ഗവൺമെൻറിൻെറ കണ്ണു തുറപ്പിക്കുവാനും അതവസാനിപ്പിക്കുവാനും വേണ്ടി നമ്മുടെ കേരളത്തിലെ നേതാവായ ശ്രീ. എം. എൻ. ഗോവിന്ദൻ നായർ അവിടെ സത്യാഗ്രഹം അനുഷ്ഠിക്കുക യുണ്ടായി. അതിൻെറ ഫലമായിട്ടായാലും ഗവൺമെൻറ് അന്വേഷണം നടത്തുവാൻ തീരുമാനിച്ചു. ആ കാര്യങ്ങൾക്ക് പരിഗണന നൽകാമെന്നു തീരുമാനിച്ചു. പക്ഷേ കമ്മ്യൂണിസ്ററു പാർട്ടിയുടെ, ശ്രീമാൻ പി. കെ. വാസുദേവൻനായരുടെ ഭരണത്തിൻകീഴിൽ നടക്കുന്ന ഈ കാര്യ ങ്ങൾ തീർച്ചയായും കണക്കിലെടുത്തുകൊണ്ട് ഈ നാട്ടിലുള്ള ഹരിജന ങ്ങൾക്ക് സംരക്ഷണം നൽകണമെന്നു ഞാനാവശ്യപ്പെടുകയാണ്. ഗവൺ മെൻറിനു സംരക്ഷണം നൽകുവാൻ സാദ്ധ്യമല്ലെങ്കിൽ ഈ ചെറുപ്പക്കാർക്ക് ആയുധപരിശീലനം നൽകി അവർക്ക് സ്വയം രക്ഷക്കുവേണ്ട സൗകര്യമുണ്ടാ ക്കണമെന്നു ഞാനപേക്ഷിക്കുകയാണ്.

ഇവിടെ ഹരിജനക്ഷേമത്തെപ്പററി പറയുമ്പോൾ ഈ ഗവൺമെൻറ് ഹരിജന ങ്ങൾക്കും ആദിവാസികൾക്കും മററ് അവശവിഭാഗങ്ങൾക്കും വേണ്ടി നില കൊള്ളുന്നു എന്നാണ് പറയുന്നത്. ഈ ബഡ്ജററിൽ എന്താണ് അതിന് ഉൾക്കൊള്ളിച്ചിരിക്കുന്നത്? പുതിയതായി യാതൊരു പരിപാടിയുമില്ല. തൊഴിലില്ലാത്ത അഭ്യസ്ത വിദ്യരായ ഹരിജങ്ങളുണ്ട്. അതുപോലെതന്നെ ദാരിദ്ര്യരേഖയുടെ താഴെ കഴിയുന്നവരാണ് 75 ശതമാനം ഹരിജനങ്ങളും. അവരുടെ വരുമാനമാർഗ്ഗം വർദ്ധിപ്പിക്കുവാനും അവർക്കു വരുമാനമുള്ള ജോലികളുണ്ടാക്കിക്കൊടുക്കുന്നതിനും യാതൊന്നും ഇതിൽ ഉൾക്കൊള്ളിച്ചി ട്ടില്ലെന്നുള്ളതാണ് പരമാർത്ഥം. ഒരു ലക്ഷം ഉറുപ്പിക ചെലവു ചെയ്ത് ഒരു ടെക്നിക്കൽ ഇൻസ്ററിററ്യൂട്ട് ഉണ്ടാക്കുമെന്നു പറയുന്നുണ്ട്. ഈ ടെക്നിക്കൽ ഇൻസ്ററിററ്യൂട്ടിൽ എന്തു പ്രവർത്തനം തുടങ്ങുമെന്നോ അതു കൊണ്ട് എന്തുപ്രയോജനം ഉണ്ടാകുമെന്നോ ഒന്നും പറയുന്നില്ല സർ. അതേ സമയത്ത് ഇവിടെ ഹരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ മുഖേന പലതും ചെയ്യുമെന്നു പറഞ്ഞു. പക്ഷേ ഒരു പരിപാടിയും പുതുതായി ആവിഷ്കരിച്ചിട്ടുള്ളതായി കാണുന്നില്ല. കഴിഞ്ഞ കാലങ്ങളിലെ പരിപാടി നടത്തുന്നുവെന്നാണ് പറയുന്നത്. പക്ഷേ അതിനുള്ള പണം നീക്കിവച്ചി ട്ടില്ല. പതിനായിരം വീടുണ്ടാക്കുന്നുവെന്നുപറഞ്ഞു. ഹഡ്കോയിൽ നിന്ന് 50 ശതമാനവും സ്ററററ് ഗവൺമെൻറ് 50 ശതമാനവും കൊടുത്ത് ഈ പതിനായിരം വീടുകൾ ഉണ്ടാക്കുമെന്നാണ് പറഞ്ഞത്. സർ, ഹഡ്കോയിൽ നിന്ന് എത്ര പണം കിട്ടുമെന്ന് യാതൊന്നും എവിടേയും പറയുന്നില്ല. സ്ററററ് ഗവൺമെൻറ് എത്ര പണം നീക്കിവച്ചിട്ടുണ്ടെന്ന് എവിടേയും പറയുന്നില്ല. ഈ 78-79-ൽ എത്ര വീട് ഇതുവരെ പൂർത്തിയാക്കിയെന്ന് ഇതുവരെ പറയു ന്നില്ല. നടന്നുവരുന്ന പ്രവൃത്തികൾ ഊർജ്ജിതമായി നടത്തുമെന്നു മാത്രമാണു പറയുന്നത്. ഈ നാട്ടിലെ പാവപ്പെട്ട അഭ്യസ്തവിദ്യരായ ഹരിജനങ്ങൾക്കും അതുപോലെ ദാരിദ്ര്യരേഖയ്ക്കു താഴെ കഴിയുന്ന ഹരി ജനങ്ങൾക്കും വരുമാനമുണ്ടാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരി ക്കാൻ അവിടത്തെ പ്ലാനിംഗ് കമ്മീഷനോ ഹരിജൻ വെൽഫയർ ഡിപ്പാർ ട്ടുമെൻേറാ ഗവൺമെൻേറാ ശ്രദ്ധിക്കണമെന്നുകൂടി ഞാൻ ഈ സന്ദർഭത്തിൽ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ ഒരു വാക്കുകൂടി. ഫിഷറീസ് കോർപ്പറേഷന്റെ പ്രവർത്തനം ഉൾപ്രദേശങ്ങളിലേക്ക് എത്തിക്കുന്നതിനാവശ്യമായ നടപടിയെടുക്കണം. അതായത് ഇൻലാൻറ് വാട്ടർ ഫിഷറീസ് വികസിപ്പിക്കേണ്ടതാവശ്യമാണ്. മലപ്പുറം ജില്ലയിൽ ഒരു മീൻ സംസ്കരണ സ്ഥാപനം ഉണ്ടാകാൻ പോകുന്നുണ്ടെന്നു പറഞ്ഞു. ഉൾനാടുകളിലേക്ക് മൽസ്യം എത്തുമ്പോൾ ഇന്ന് എല്ലാം ചീഞ്ഞു ചീത്തയായിപ്പോകുന്നുണ്ട്. അതു മാററുവാനും കൂടുതൽ മൽസ്യം ഉൽപ്പാദിപ്പിക്കുന്നതിനും നാട്ടിൻപുറത്തെ ജനങ്ങൾക്ക് കിട്ടുന്നതിനും വേണ്ട ഏർപ്പാടുകൾ ചെയ്യണമെന്നാവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി എതിർത്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. എൻ. പി. മൊയ്തീൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുകയാണ്. അററം കാണാത്ത കടലിൽ തിരമാലകളെ വെട്ടിമുറിച്ചുകൊണ്ട് ജീവൻ നിലനിറുത്താൻ ജീവൻ പണയം വയ്ക്കുന്ന കേരളത്തിലെ മൽസ്യത്തൊഴിലാളികളുടെ വികാരങ്ങളും വേദനകളും ഉൾക്കൊണ്ട് അതിന് പ്രായോഗികമായ പരിഹാര മാർഗ്ഗങ്ങൾ കണ്ടെത്താൻ ശ്രമിക്കുന്ന ഈ സർക്കാരിന്റെ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നതിൽ എനിക്ക് സന്തോഷമുണ്ട്. ഇൻഡ്യയുടെ 5,600 കിലോമീററർ ദൈർഘ്യമുള്ള കടലോരത്ത് 580 കിലോമീററർ മാത്രം ദൈർഘ്യമുള്ള കേരളതീരത്ത് 260 കടലോര ഗ്രാമങ്ങളിലും 160 കായലോര ഗ്രാമങ്ങളിലും ജീവിക്കുന്ന കേരളത്തിലെ മൽസ്യത്തൊഴിലാളികളുടെ ജീവിതം രാപകൽ ജോലി ചെയ്തിട്ടും പ്രാഥമികമായ അവരുടെ ആവശ്യങ്ങൾ നേടിയെടുക്കാൻ കഴിയാത്ത ഒരു ദുഃസ്ഥിതിയാണ് ഇന്നും ഉള്ളത്. മററ് വിഭാഗങ്ങളിൽപ്പെട്ട തൊഴിലാളികളെപ്പോലെ തൊഴിൽനിയമങ്ങളോ സാമൂഹ്യ നീതികളോ അനുഭവിക്കാൻ ഭാഗ്യമില്ലാത്തവരാണ് കേരളത്തിലെ മൽസ്യത്തൊഴിലാളികൾ. ലക്ഷക്കണക്കിന് ഉറുപ്പിക ചെലവഴിച്ചുകൊണ്ട് ഗവൺമെൻറുടമയിൽ സ്ഥാപിച്ച ബേപ്പൂരിലെ ഐസ് ആൻഡ് കോൾഡ് സ്റേറാറേജിന്റെ പ്രവർത്തനം ഇന്ന് നിലച്ച മട്ടിലാണ് നിൽക്കുന്നത്. ഇത് അടിയന്തിരമായും കാര്യക്ഷമമാക്കി നടത്താനുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം എന്ന് എനിക്ക് അഭ്യർത്ഥിക്കാനുണ്ട്. അതുപോലെതന്നെ കടലുണ്ടി പഞ്ചായത്തിലെ ചാലിയത്ത് മുല്ല മുതൽ കടുക്കപ്പാറ വരെ കെട്ടിയുയർത്തി എല്ലാ കാലാവസ്ഥയിലും മൽസ്യബന്ധന ബോട്ടുകൾക്കും നാടൻ തോണികൾക്കും ഉപയോഗിക്കാവുന്ന സുരക്ഷിതമായ ഒരു താവളം, ഫിഷിംഗ് ബോട്ട് ഷെൽററർ സ്ഥാപിക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്ന് ചില നീക്കങ്ങൾ ഉണ്ടായതായി എനിക്ക് മനസിലാക്കാൻ സാധിച്ചു. പ്രകൃതിദത്തമായ പാറക്കെട്ടുകൾക്കുമീതെ കല്ലുകൾ കെട്ടി ഉയർത്തിയാൽ വളരെ ചുരുങ്ങിയ ചെലവിൽ ഈ താവളം നിർമ്മിക്കാൻ സാധിക്കും എന്നാണ് എനിക്ക് തോന്നുന്നത്. ഇത്തരത്തിലുള്ള മറെറാരു താവളം കൊച്ചിക്കും കണ്ണൂരിനും ഇടയിൽ ഇല്ലാത്തതിനാൽ മുഴുവൻ മത്സ്യബന്ധന ബോട്ടുകൾക്കും എല്ലാ കാലാവസ്ഥയിലും ഇതുപയോഗപ്പെടുത്താൻ സാധിക്കും എന്നാണ് എനിക്ക് തോന്നുന്നത്. മൽസ്യവ്യവസായം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുന്ന ബേപ്പൂരിൽ ഫിഷിംഗ് ഹാർബറിന്റെ പ്രവർത്തനം വളരെ വേഗതയിൽതന്നെ മുമ്പോട്ടു കൊണ്ടുപോകാനുള്ള സത്വരമായ നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുപോലെതന്നെ മൽസ്യത്തൊഴിലാളികൾ തിങ്ങിത്താമസിക്കുന്ന മാറാട്ടു കടപ്പുറത്ത് മൽസ്യത്തൊഴിലാളികളുടെ ഒരു കോളനി സ്ഥാപിക്കുന്ന കാര്യവും സർക്കാരിന്റെ സജീവ പരിഗണനയിൽ ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സർ, വേണ്ടതരത്തിൽ ചൂഷണം ചെയ്യപ്പെടാത്ത ഒന്നാണ് നമ്മുടെ മൽസ്യസമ്പത്ത്. 1973-74 മുതൽ ക്രമേണ കുറഞ്ഞുകൊണ്ടിരിക്കുന്ന നമ്മുടെ സംസ്ഥാനത്തെ മൽസ്യോൽപ്പാദനത്തിൽ കഴിഞ്ഞ വർഷം സ്വല്പം ചില പുരോഗതികളൊക്കെ ഉണ്ടായിട്ടുണ്ട്. 1976-77-ൽ 90 കോടി 12 ലക്ഷം ഉണ്ടായത് 1977-78-ൽ 77 കോടി 45 ലക്ഷമായി കുറഞ്ഞിരിക്കുകയാണ്. കേരള ഫിഷറീസ് കോർപ്പറേഷന്റെ പ്രവർത്തനം പുതിയ ചില മേഖലകളിലേക്ക് കൂടി വ്യാപിച്ചെങ്കിലും പൊതുവായി ഈ രംഗത്ത് വലിയ മാററങ്ങളോ നേട്ടങ്ങളോ ഉണ്ടായതായി അവകാശപ്പെടാൻ സാധിക്കാത്ത സ്ഥിതിയാണുള്ളത്. അതുപോലെതന്നെ ഫിഷർമെൻ കോ-ഓപ്പറേറ്റീവ് സൊസൈററികളുടെ എണ്ണം 1976-77-ൽ 768 ആയിരുന്നത് 1977-78-ൽ 720 ആയി കുറഞ്ഞിരിക്കുകയാണ്. മൽസ്യബന്ധന സഹകരണ സംഘങ്ങൾക്ക് വിതരണം ചെയ്യുന്ന ബോട്ടുകൾക്കുള്ള പണം തിരിച്ചടയ്ക്കുന്ന കാര്യത്തിൽ അക്ഷന്തവ്യമായ അനാസ്ഥയാണ് ഇന്ന് കാണാൻ ഇടയായിട്ടുള്ളത്. ലക്ഷക്കണക്കിന് ഉറുപ്പിക വർഷങ്ങളോളമായി കുടിശ്ശികയായി കിടക്കുന്ന ഒരു സ്ഥിതിയാണ് ഇന്നുള്ളത്. എവിടെയാണ് സർ, അതിനു പററിയിട്ടുള്ള തകരാറ്? ഇത് പരിഹരിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്ന് കാര്യമായ നീക്കങ്ങൾ ഉണ്ടാകേണ്ടതല്ലേ?

ഈ ഭാഗത്തേക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും കാര്യമായ നീക്കങ്ങൾ ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്. കുടിശ്ശികയുള്ള ആളുകൾക്കുപോലും ഇന്ന് ബോട്ടുകൾ കിട്ടുന്നുണ്ടെന്നുള്ള പരാതി പല ഭാഗത്തുനിന്നും ഉയർന്ന് വരുന്നുണ്ടെന്നുള്ള വസ്തുതയുടെ നേരേ നമുക്ക് കണ്ണടയ്ക്കാൻ നിർവ്വാഹമില്ലെന്നുള്ള കാര്യം കൂടി സൂചിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. സർ ബോട്ടുകൾ വിതരണം ചെയ്യുന്ന കാര്യത്തിലും ചില കേന്ദ്രങ്ങളിൽനിന്നും പരക്കെ പരാതികൾ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. ആവശ്യമുള്ള ആളുകൾക്ക് ബോട്ടുകൾ കിട്ടാത്ത സ്ഥിതിവിശേഷം ഇന്ന് നിലവിലുണ്ട്. ആവശ്യക്കാർക്ക് ബോട്ടുകൾ കിട്ടാനുള്ള സ്ഥിതിവിശേഷം ഉണ്ടാകണം. ഈ കാര്യത്തിൽ ഉദ്യോഗസ്ഥ രംഗത്താണ് അഴിമതി നടക്കുന്നതെങ്കിൽ ആ രംഗത്ത് അഴിമതി നടത്തുന്നവരുടെ പേരിൽ മുഖം നോക്കാതെ, വ്യക്തികൾ ആരാണെന്ന് നോക്കാതെ നടപടികൾ സ്വീകരിക്കാനുള്ള തന്റേടവും മനക്കരുത്തും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഈ ഡിമാൻറിന്റെ ചർച്ചയിൽ പങ്കെടുത്തുകൊണ്ട് സംസാരിക്കുമ്പോൾ എനിക്ക് സർക്കാരിന്റെ ഭാഗത്തേക്ക് ഒന്നുരണ്ട് നിർദ്ദേശങ്ങൾ വയ്ക്കാനുണ്ട്. പരമ്പരാഗതമായി മൽസ്യത്തൊഴിലാളികൾ അധിവസിക്കുന്ന കേന്ദ്രങ്ങൾ ഫിഷറീസ് വില്ലേജുകളായി, പിന്നോക്ക പ്രദേശങ്ങളായി പരിഗണിച്ചുകൊണ്ട് പാർപ്പിടം, തൊഴിൽ, ആരോഗ്യസംരക്ഷണം, വിദ്യാഭ്യാസം, ഗതാഗതം എന്നിവയുടെ അടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾ ഉൾക്കൊള്ളുന്ന ഒരു ഫിഷറീസ് മാസ്ററർ പ്ലാൻ തയാറാക്കി നടപ്പിലാക്കാനുള്ള നടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. അതുപോലെതന്നെ മീൻപിടുത്തം, വിപണനം, എന്നിവയെ അടിസ്ഥാനമാക്കി മൽസ്യത്തൊഴിലാളികൾക്ക് പരിപൂർണ്ണമായ രക്ഷാവ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് സമഗ്രമായ ഒരു ഫിഷറീസ് നിയമം ആവിഷ്കരിക്കാൻ ഇനി സർക്കാരിന്റെ ഭാഗത്തുനിന്നും അമാന്തം ഉണ്ടാകരുതെന്നാണ് എനിക്ക് പറയുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, പ്രധാനപ്പെട്ട മൽസ്യബന്ധന കേന്ദ്രങ്ങളിലെല്ലാംതന്നെ ലൈററ് ഹൗസുകൾ സ്ഥാപിക്കേണ്ടതാണ്. സർ, കടലോര-കായലോര-ആററു തീര-പുറമ്പോക്ക് ഭൂമികൾ ഉൾപ്പെടെ മൽസ്യത്തൊഴിലാളികൾക്ക് പതിച്ചുകൊടുക്കാനുള്ള നടപടികൾ സർക്കാരിൻെറ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

സർ, ഇന്ന് നാടൻ വള്ളങ്ങളും യന്ത്രവൽക്കൃത ബോട്ടുകളും തമ്മിൽ കടലിൽവച്ചുണ്ടാകുന്ന സംഘട്ടനങ്ങളും സംഘർഷങ്ങളും വളരെ ഗുരുതരമായ അവസ്ഥ സൃഷ്ടിച്ചിരിക്കുകയാണ്. മൽസ്യബന്ധന പരിധി പുനർനിർണ്ണയം ചെയ്ത് കർശനമായി ഈ സംഘട്ടനം ഒഴിവാക്കാനുള്ള നടപടികൾ ഗവൺമെൻറ് സ്വീകരിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്. മൽസ്യത്തൊഴിലാളി കേന്ദ്രങ്ങളിൽ ഡിസ്പൻസറികൾ ആരംഭിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നും പടിഞ്ഞാറൻ തീരദേശ റോഡിൻെറ പണി അടിയന്തിരമായി ആരംഭിക്കണമെന്നും അഭ്യർത്ഥിക്കുകയാണ്. തിരൂർ, ചാലിയം, കരുമൻതുരുത്തി, പരപ്പനങ്ങാടി തുടങ്ങിയ തീരദേശങ്ങളുടെ വികസനത്തിന് ഈ റോഡ് വളരെ ഉപയോഗപ്രദമായിരിക്കുമെന്നുള്ള കാര്യം ഗവൺമെൻറ് മനസ്സിലാക്കണം.

സർ, ബഡ്ജററിൽ മൽസ്യത്തൊഴിലാളികൾക്കുവേണ്ടിയുള്ള ചില കാര്യങ്ങൾ സൂചിപ്പിച്ചിട്ടുണ്ട്. ഹഡ്കോയുടെ സാമ്പത്തിക സഹായത്തോടുകൂടി 25,000 വീടുകൾ പണിയാനുള്ള ബൃഹത്തായ ഒരു പരിപാടിയുടെ തുടക്കം കുറിച്ചിരിക്കുകയാണ്. 4000 രൂപ ചെലവ് വരുന്ന ഈ വീടുകൾക്ക് 2000 രൂപ ഗ്രാൻറായി നൽകാനാണ് സർക്കാർ തീരുമാനിച്ചിട്ടുള്ളത്. തലച്ചുമടിലും സൈക്കിളിലും മൽസ്യം കൊണ്ടുപോകുന്നവർക്ക് സഹായം നൽകാനുള്ള സർക്കാരിൻെറ തീരുമാനം തികച്ചും സ്വാഗതാർഹമാണ്.

സർ, കയർ പിരിക്കൽ, കോഴി വളർത്തൽ, കൊട്ട നെയ്ത്ത്, പായ നെയ്ത്ത് മുതലായ ഉപ തൊഴിലുകളിൽ ഏർപ്പെടുന്ന മൽസ്യത്തൊഴിലാളികൾക്ക് ധനസഹായം നൽകാനുള്ള സർക്കാരിൻെറ തീരുമാനം പ്രശംസാർഹമാണ്. ചെമ്മീൻതോട് മാററിയെടുത്ത് അതിൻെറ സംസ്കരണ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനായി പണിയുന്ന പീലിംഗ് ഷെഡ്ഡുകൾക്ക് 10,000 രൂപ എന്ന തോതിൽ സബ്സിഡി നൽകാനുള്ള തീരുമാനം വളരെ ഉചിതമായതാണ്.

ഗുജറാത്ത്, മഹാരാഷ്ട്ര എന്നീ സംസ്ഥാനങ്ങൾക്ക് വേൾഡ് ബാങ്കിൻെറ സഹായത്തോടുകൂടി ഫിഷറീസ് രംഗത്ത് പല നടപടികളും ഉണ്ടാക്കാൻ സാധിച്ചപ്പോൾ വേൾഡ് ബാങ്കിൻെറ സഹായം ഈ രംഗത്ത് ഇല്ലാത്തതുകൊണ്ടോ വേണ്ടത്ര സാമ്പത്തിക ഭദ്രത ഇല്ലാത്തതുകൊണ്ടോ യെന്നറിഞ്ഞുകൂടാ കേരളത്തിന് ഈ രംഗത്ത് കാര്യമായ ചലനങ്ങളൊന്നും നടത്താൻ സാധിച്ചിട്ടില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇതെല്ലാം കണക്കിലെടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഈ ധനാഭ്യർത്ഥനകളെ പിന്താങ്ങിക്കൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ടി. കെ. അബ്ദു: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. മൽസ്യവ്യവസായം നമ്മുടെ സംസ്ഥാനത്ത് വളരെ വർഷങ്ങളായി ഭരണകക്ഷിയിൽപ്പെട്ട ഒരേ മന്ത്രിതന്നെ കൈകാര്യംചെയ്യുന്നു എന്നുള്ളതുകൊണ്ടല്ല ഇതിനെ എതിർക്കുന്നത്. കഴിഞ്ഞദിവസം വിദ്യാഭ്യാസ വകുപ്പിലേക്കുള്ള ധനാഭ്യർത്ഥന ഇവിടെ അവതരിപ്പിച്ച സമയത്ത്

LIBRARY ARCHIVES Kerala Legislative Assembly

ഇങ്ങനെയൊരു മന്ത്രി കുത്തകയായി ഈ വകുപ്പ് കൊണ്ടുനടക്കുന്നു എന്നുള്ള അസൂയകൊണ്ടാണ് ഇതിനെ പ്രതിപക്ഷ മെമ്പർമാർ എതിർക്കുന്നതെന്ന് ചില ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞു. ഒരു മന്ത്രി വളരെക്കാലം കുത്തകയായി ഈ വ്യവസായങ്ങൾ കൈയടക്കി വച്ചിരിക്കുന്നു എന്നുള്ളതിൽ ഞങ്ങൾക്കാർക്കും എതിരില്ല. ഈ വ്യവസായത്തെ സംബന്ധിച്ചിടത്തോളം ഈ രാജ്യത്തെ പല അംഗീകൃത പത്രങ്ങളും, ആധികാരികമായി മൽസ്യവ്യവസായത്തെ സംബന്ധിച്ചിടത്തോളം പഠിച്ചിട്ടുള്ള പല പ്രമുഖ വ്യക്തികളും, കോടിക്കണക്കിന് രൂപ കടലിൽ ആഴ്ത്തുന്ന ഒരു പദ്ധതിയും പ്ലാനുമാണ് നമ്മുടെ മൽസ്യവ്യവസായ രംഗത്ത് ഇന്ന് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതെന്ന് ആക്ഷേപം ഉന്നയിച്ചിട്ടുണ്ട്. ഏതാണ്ട് 10 കൊല്ലംകൊണ്ട് 5 കോടി രൂപ കടലിൽ കലക്കിയെന്നും ആ വ്യവസായം തന്നെ നമ്മുടെ രാജ്യത്തിന് ആക്ഷേപകരമായ രീതിയിൽ പ്രവർത്തിക്കുന്നു എന്നും ആണ് പത്രങ്ങളിൽ വന്നിട്ടുള്ള റിപ്പോർട്ട്. ഈ വ്യവസായം നമ്മുടെ രാജ്യത്ത് വളരെവേഗം വളർച്ച പ്രാപിച്ചുകൊണ്ടിരിക്കുന്ന ഒരു വ്യവസായമാണ്. കോടിക്കണക്കിന് രൂപ ചെലവു ചെയ്ത് ഗവൺമെൻറ് ഈ വ്യവസായം ആരംഭിക്കുന്നതിനുള്ള ചില സംവിധാനങ്ങളും കോർപ്പറേഷനുകളും എല്ലാം രൂപീകരിച്ച് പ്രവർത്തിച്ചതിന്റെ ഫലമായി കോടിക്കണക്കിന് രൂപ നഷ്ടം വന്നിട്ടുള്ള ഈ വ്യവസായത്തിലേക്ക് പല വ്യക്തികളും കടന്നുവന്നിരിക്കുകയാണ്. വളരെയൊന്നും മൂലധനം മുടക്കാൻ കഴിവില്ലാത്ത പലർക്കും ലക്ഷക്കണക്കിനും കോടിക്കണക്കിനും രൂപ സമ്പാദിക്കാൻ ഈ രംഗത്ത് കഴിഞ്ഞിട്ടുണ്ട്. അങ്ങനെയുള്ള ഒരു വ്യവസായം അധഃപതിച്ചത് എന്താണ് എന്നുള്ളതിനെ സംബന്ധിച്ച് മനസ്സിലാകുന്നില്ല.

വളരെയേറെ ഉത്തരവാദിത്വം ഇല്ലാത്ത രീതിയിൽ പ്രവർത്തിക്കുന്നതിന്റെ ഫലമായി കോടിക്കണക്കിന് രൂപ നമ്മുടെ രാജ്യത്തിന് നഷ്ടപ്പെടുത്തിയിട്ടുള്ള ഒരു വ്യവസായമാണ്. ഇത് കൈകാര്യം ചെയ്യുന്ന ഗവൺമെൻറും മന്ത്രിയും ഈ രാജ്യത്തെ ജനങ്ങളോട് സമാധാനം പറയേണ്ടതാണ്. ഈ വകുപ്പ് കൈകാര്യംചെയ്യുന്ന മന്ത്രി ഇപ്പോൾ ഈ സഭയിൽ ഇല്ലെങ്കിലും അദ്ദേഹത്തിനുവേണ്ടി ധനാഭ്യർത്ഥന അവതരിപ്പിച്ചിട്ടുള്ള മന്ത്രി അദ്ദേഹത്തിനുകൂടി കൂട്ടുത്തരവാദിത്വമുള്ള ഒരു മന്ത്രിയെന്നുള്ള നിലയിലും പ്രത്യേകിച്ച് അവരുടെ പാർട്ടിയുടെ പ്രഗൽഭനായ ഒരു മന്ത്രിയെന്ന നിലയിലും അദ്ദേഹത്തിന് കൂടുതൽ ഉത്തരവാദിത്വം ഉണ്ടെന്നാണ് ഞാൻ മനസിലാക്കുന്നത്.

ശ്രീ. മൊയ്തീൻ പ്രസംഗിച്ച സമയത്ത് ബോട്ടുകളുടെ വിതരണത്തെ സംബന്ധിച്ച് സംസാരിച്ചു. നമ്മുടെ രാജ്യത്ത് കുറെ ബോട്ടുകൾ ഉണ്ടായിരുന്നു. കണ്ണൂരും അതുപോലെ ചില പ്രദേശങ്ങളിലും എല്ലാം ബോട്ട് നന്നാക്കുന്നതിനുള്ള ചില ബോട്ട് ബിൽഡിംഗ് യാർഡുകൾ ഉണ്ടായിരുന്നു. അഴിക്കോട് എന്ന സ്ഥലത്ത് ബോട്ട് ബിൽഡിംഗ് യാർഡ് ഉണ്ട്. ഏതെങ്കിലും ഒരു വ്യക്തി ആ ബോട്ട് യാർഡിൽ കൊണ്ടുവന്ന് ബോട്ട് നന്നാക്കുകയാണെങ്കിൽ അവന്റെ ജീവിതത്തിൽ ഒരിക്കലും പിന്നെ അവൻ ആ പരിസരത്തുകൂടി പോവുകയില്ല. ഒരു ഭാഗത്ത് ഗവൺമെൻറിന് നഷ്ടം ഉണ്ടായിക്കൊണ്ടിരിക്കുന്നു. മറുഭാഗത്ത് ഒററയ്ക്ക് ഉടമസ്ഥൻ ആ യാർഡിൽ ചെന്നാൽ മററുപല വർക്കുഷാപ്പുകളിൽ ചെല്ലുന്നതിനേക്കാൾ ഇരട്ടിത്തുക കൊടുത്താലെ നന്നാക്കിക്കൊടുക്കുകയുള്ളു. ഇന്ന് അതിന്റെ സ്ഥിതിയെന്താണെന്ന് പരിശോധിക്കാൻ ഇവിടെ ആരുമില്ല. ഗവൺമെൻറ് വിതരണം ചെയ്തിട്ടുള്ള ബോട്ടുകൾ മുനമ്പത്തും പള്ളിപ്പുറത്തുമെല്ലാം ആലും, അതുപോലുള്ള വൃക്ഷങ്ങളും അതിനുള്ളിൽ

LIBRARY ARCHIVES Kerala Legislative Assembly

വളർന്ന് അനാഥമായ സ്ഥിതിയിലാണ് ഇന്ന് കിടക്കുന്നത്. ഇതിനുള്ള പ്രധാനമായ കാരണം ബോട്ടുവിതരണം നടത്തിയിട്ടുള്ള സംഘങ്ങളിൽ ഒന്നുപോലും തൊഴിലാളികളുടെ പ്രാധിനിത്യമുള്ള സഹകരണസംഘങ്ങളല്ല എന്നുള്ളതാണ്. ചില പ്രമാണിമാർ ഏതാനും തൊഴിലാളികളെ കൂട്ടുചേർത്ത് ഗവൺമെൻറിൽ സ്വാധീനം ചെലുത്തി അങ്ങനെ സഹകരണ സംഘങ്ങൾ ഉണ്ടാക്കി, ഗവൺമെൻറിൽനിന്നും ബോട്ട് വാങ്ങിക്കുന്നു. അതിനുശേഷം ആ മുതലാളിമാർ അടയ്ക്കാനുള്ള പണം അടയ്ക്കുകയില്ല. ആ പണം അടയ്ക്കാനുള്ള ബാദ്ധ്യത ഈ തൊഴിലാളികൾക്കാണ്.

ഈ അടുത്ത കാലത്ത് കടലിൽ വലിയ പ്രക്ഷോഭണവും 144 പ്രഖ്യാപനവും എല്ലാം ഉണ്ടായി. ഇതിൻെറ ഫലമായി പലരുടേയും ബോട്ടുകൾ നഷ്ടപ്പെടുകയും വഞ്ചിയും വലയും കത്തിച്ചുകളയുന്ന ഒരു സ്ഥിതിയും ഉണ്ടായി ആരാണ് ഇതിന് കുററക്കാർ. ഫിഷറീസ് ഡിപ്പാർട്ടമെൻറ് ഗവൺമെൻറ് കൈകാര്യം ചെയ്യാൻ തുടങ്ങിയിട്ട് വർഷങ്ങളായി ഗവൺമെൻറ് ഏതാനും ചില ബോട്ട് മുതലാളിമാർക്ക് ഒരു പ്രത്യേക രീതിയിലുള്ള വല—2 ബോട്ടുകൾ കൂട്ടിക്കെട്ടി വലിക്കുന്നതിനുള്ള അനുവാദം കൊടുത്തു. ഇതിന് ഗവൺമെൻറ് വലയെന്നാണ് പറഞ്ഞുകേൾക്കുന്നത്. ഈ വല ഉപയോഗിച്ചതിൻെറ ഫലമായിട്ടാണ് കടലിൽ ഈ സംഘർഷാവസ്ഥ ഉണ്ടായത്. അങ്ങനെ ഉപയോഗിച്ചാൽ മററ് മൽസ്യത്തൊഴിലാളികൾക്ക് കടലിൽ പോകുന്നതുകൊണ്ട് യാതൊരു പ്രയോജനവുമില്ല. ഈ രണ്ട് ബോട്ടുകൾ സമമായിനിന്ന് വളരെ വീതിയുള്ള വല കെട്ടിവലിച്ചു പോകുന്നതുകൊണ്ട് തൊഴിലാളികൾക്ക് വഞ്ചിയിൽ പോയി മൽസ്യം പിടിക്കാൻ, ജീവിക്കാൻ നിവൃത്തിയില്ലാത്ത ഒരു പരിതസ്ഥിയുണ്ടാകുകയും അതിൻെറ ഫലമായി കടലിൽ സംഘർഷാവസ്ഥ ഉണ്ടാകുകയും ചെയ്യുന്നു. അങ്ങനെ സംഘർഷാവസ്ഥ ഉണ്ടാകുമ്പോൾ വളരെ പ്രമാണിമാരായവരുടെ ബോട്ടുകൾ കൊത്തിക്കീറാനും തല്ലിപ്പൊളിക്കാനും ഒന്നും കഴിഞ്ഞിട്ടില്ല. ഇതുപോലെയുള്ള സന്ദർഭങ്ങളിൽ എങ്ങനെയെങ്കിലും അവർ രക്ഷപെടും. പാവപ്പെട്ട എത്രയെത്ര തൊഴിലാളികളുടെ ബോട്ടുകളാണ് നഷ്ടപ്പെട്ടിട്ടുള്ളത്. പലരേയും എനിക്ക് നേരിട്ടറിയാം. കുടികിടപ്പവകാശം കിട്ടിയ 10 സെൻറുൾപ്പെടെ അവരുടെ കുടുംബത്തിലുള്ള മുഴുവനും—ഭാര്യയുടെ കെട്ടുതാലിമാല വരെ പണയംവച്ച് ഗവൺമെൻറിൽ കെട്ടി സ്വന്തമാക്കിയ ബോട്ടുകൾ നശിപ്പിച്ചാൽ ഇനി ആ കുടുംബങ്ങൾ എങ്ങനെ ജീവിക്കും? ഇതു സംബന്ധിച്ച് ഗവൺമെൻറിൽ ധാരാളം പരാതികൾ കിട്ടിയിട്ടുണ്ട്. മൽസ്യബന്ധനത്തിൽ മാത്രം ഏർപ്പെട്ട് ജീവിക്കുന്ന തൊഴിലാളികളുടെ പ്രശ്നങ്ങൾ ഗവൺമെൻറ് ഇതുവരെ ഗൗരവമായി എടുത്തിട്ടില്ല. 1967–1968–1969 കാലഘട്ടത്തിൽ ഈ വ്യവസായത്തിലേക്ക് കടന്നുവന്നിട്ടുള്ള വ്യവസായികൾക്ക് നികുതിയിളവ് ചെയ്തു കൊടുക്കുന്നതാണെന്നും, പർച്ചേസ് ടാക്സും വിൽപ്പനനികുതിയും ഇളവുചെയ്തു കൊടുക്കുന്നതാണെന്നും വിജ്ഞാപനം ഉണ്ടായിരുന്നു. ഗവർണ്ണറുടെ പ്രസംഗത്തിലും അക്കാര്യം എടുത്തു പറഞ്ഞിരുന്നു. ഇങ്ങനെ ഇളവുചെയ്ത് കൊടുക്കുന്നതിൻെറ ഫലമായി ഈ അടുത്ത കാലത്ത് വ്യവസായത്തിലേക്ക് കടന്നുവന്നിട്ടുള്ള കുത്തക മുതലാളിമാർക്കാണ് ഇതിൻെറ ഗുണം കിട്ടുന്നത്. കഴിഞ്ഞ കാലങ്ങളിൽ ഈ വ്യവസായങ്ങളിൽ ഏർപ്പെട്ട് പലതും നഷ്ടപ്പെട്ട് ജീവിക്കാൻ നിവൃത്തിയില്ലാതെ ഇന്നും വളരെ വിഷമിക്കുന്ന പലരും ഉണ്ട്. അവർക്കും ഈ ആനുകൂല്യങ്ങൾ കിട്ടും. അഥവാ 1967-ലും 1968-ലും ഈ നികുതി അടച്ചിട്ടുള്ള ആളുകൾക്ക് അടുത്ത വർഷം നികുതി അടയ്ക്കുന്നതിൽനിന്നും ഇളവു ചെയ്തുകൊടുക്കുമെന്നാണ് ഗവൺമെൻറ് പറയുന്നത്. അടുത്ത വർഷം

LIBRARY ARCHIVES Kerala Legislative Assembly

ഈ വ്യവസായം നടത്താനുള്ള സൗകര്യം ഇന്നവർക്കില്ല. അവർ ഇന്ന് നശിച്ച് പാപ്പരായി മാറിയിരിക്കുകയാണ്. അങ്ങനെയുള്ള ആളുകൾക്ക് അവർ അടച്ചിട്ടുള്ള നികുതിയെങ്കിലും തിരിച്ചുകൊടുക്കാൻ ഈ ഗവൺമെൻറ് ദയ കാണിക്കണം.

മററൊരു സംഗതി ഈ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്താനുണ്ട്. പഞ്ചായത്തുകളിലെ ശുദ്ധജല വിതരണത്തെ സംബന്ധിച്ചാണത്. അതും ഈ ധനാഭ്യർത്ഥനകളിൽ പെടുമെന്നുള്ളതുകൊണ്ട് പറയുകയാണ്. പറവൂർ താലൂക്കിൻെറ തീരപ്രദേശങ്ങളിൽ കോളേജുകളുണ്ട്, ഹൈസ്ക്കൂളുകളുണ്ട്, ട്രെയിനിംഗ് കോളേജുകളുണ്ട്; മൂത്തകുന്നത്തും പരിസരപ്രദേശങ്ങളിലുമെല്ലാംതന്നെ ഒരുതുള്ളി ശുദ്ധജലം കിട്ടാതെ ബുദ്ധിമുട്ടിക്കഴിയുന്ന ആളുകളുണ്ട്. വർഷങ്ങളായി ഒരുതുള്ളി ശുദ്ധജലം കിട്ടാൻ സൗകര്യമില്ലാത്ത ആ പ്രദേശങ്ങളിൽ അൽപ്പമെങ്കിലും ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള സൗകര്യം ഉണ്ടാക്കിത്തരണമെന്ന് വിനീതമായി ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി. കെ. ചാത്തൻ മാസ്ററർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. ഹരിജനക്ഷേമ രംഗത്ത് ഗവൺമെൻറ് ചെയ്തു പോരുന്ന ചില കാര്യങ്ങൾ മാത്രം പറയുവാൻ ഞാനാഗ്രഹിക്കുകയാണ്.. സാമാന്യേന എല്ലാ തുറയിലും കാര്യക്ഷമമായ ഒരു പ്രവർത്തന ശൈലി പകർത്തിക്കൊണ്ട് ഈ രംഗത്ത് പ്രവർത്തിക്കുവാനുള്ള ഒരു പരിശ്രമം ഗവൺമെൻറു ഭാഗത്തുനിന്നും തുടങ്ങിയിട്ടുണ്ട്. അതിൻെറ ഫലമായി ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടി ആ വകുപ്പ് പ്രത്യേകം തിരിച്ചുകൊണ്ട് പ്രവർത്തനം കാര്യക്ഷമമാക്കുവാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. അതോടൊപ്പം തന്നെ ഇന്ന് ഡിപ്പാർട്ടുമെൻറുവഴി ചെയ്തുകൊണ്ടിരിക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ കെട്ടിക്കിടക്കാതെ സൂക്ഷിക്കുകയും ചെയ്യേണ്ടതുണ്ട്. ഇവർക്കു വേണ്ടിയുള്ള വിദ്യാഭ്യാസാനുകൂല്യങ്ങളും മററും സമയത്ത് കൊടുപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. അത് ഏററവും വേഗം നടപ്പിലാക്കുകയും മററും ചെയ്യുന്നതിനാവശ്യമായ ഉദ്യോഗസ്ഥൻമാരേയും മററും വയ്ക്കുകയും അതിൽ ശുഷ്ക്കാന്തി കാണിക്കുകയും ചെയ്യേണ്ടതുണ്ട്.

ബഡ്ജററിൽ ഹരിജന-ഗിരിജന ക്ഷേമത്തിനുവേണ്ടി കുറച്ചു സംഖ്യ നീക്കിവച്ചിട്ടുണ്ടെങ്കിലും കഴിഞ്ഞ കൊല്ലത്തെ ബഡ്ജററിൽനിന്നും വലിയ വർദ്ധനവ് ഒന്നും വരുത്തിയില്ല. ഉള്ള തുക ശരിക്ക് വിനിയോഗിച്ചാൽ തന്നെയും എല്ലാവരുടേയും ക്ഷേമപ്രവർത്തനങ്ങൾക്ക് തികഞ്ഞുവെന്നു വരില്ല.

ഇൻഡ്യയ്ക്കു സ്വാതന്ത്ര്യം കിട്ടി നാളിതുവരെയായിട്ടും ഹരിജനങ്ങളേയും ഗിരിജനങ്ങളേയും മററ് സമുദായങ്ങളോടൊപ്പം ഉയർത്തുന്നതിന് ഒരളവുവരെയെങ്കിലും സാധിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കണം. അങ്ങനെ പരിശോധിച്ചു നോക്കിയാൽ വളരെയേറെ ചെയ്യേണ്ടതുണ്ടെന്ന് കാണാൻ കഴിയും. അതിനുവേണ്ടി നമ്മുടെ ബഡ്ജററ് തുക ഇമ്മാതിരിയാക്കിയാൽ മാത്രം പോരാ.

നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയിൽ പത്ത് ശതമാനത്തോളം ഹരിജനങ്ങളാണ്. ഹരിജനങ്ങൾക്കു ബഡ്ജററിൽ വക ഇരുത്തിയിട്ടുള്ളത് ബഡ്ജററ് തുകയുടെ ഒന്നര ശതമാനം മാത്രമാണ്. ഇത് വളരെ പരിമിത

LIBRARY ARCHIVES Kerala Legislative Assembly

മാണ്. ഇവരെ മററുള്ളവരോടൊപ്പം ഉയർത്തിക്കൊണ്ടുവരുന്നതിന് ആവശ്യമായ സാമ്പത്തിക നയം കണക്കാക്കിക്കൊണ്ടുള്ള ഒരു ബഡ്ജററ് ഇവിടെ തയ്യാറാക്കിയിട്ടുണ്ടെന്ന് പറയത്തക്കവിധത്തിൽ നമ്മുടെ ബഡ്ജററിൽ ജനസംഖ്യാനുപാതികമായിത്തന്നെ വകയിരുത്തുവാൻ നമുക്ക് കഴിയണം. ഇന്ന് ഇതിനുവേണ്ടി അനുവദിച്ചിട്ടുള്ള തുക തീരെ അപര്യാപ്തമായതുകൊണ്ട് അത് 10 ശതമാനമായിട്ടെങ്കിലും ഉയർത്തണം. അതിന് നമുക്ക് കഴിയണം.

ഹരിജന-ഗിരിജനങ്ങളുടെ ഉദ്യോഗസംവരണത്തെക്കുറിച്ച് ഗവൺമെൻറ് പ്രത്യേകം നിഷ്കർഷിച്ചിട്ടുണ്ട്. അതായത് 10 ശതമാനം ഇവർക്കുവേണ്ടി സംവരണം ചെയ്യണമെന്ന്. അത് ശരിയായ വിധത്തിൽ കൈകാര്യം ചെയ്യുന്നുണ്ടോയെന്നു നോക്കുമ്പോൾ ശരിയായ വിധത്തിൽ കൈകാര്യം ചെയ്യുന്നില്ലായെന്നാണ് മനസ്സിലാക്കുവാൻ കഴിയുന്നത്. ഈ പാവപ്പെട്ടവർക്കുവേണ്ടി പല നയങ്ങളും പല പരിപാടികളും ഉണ്ടാക്കണമെന്നുള്ള ആഗ്രഹം ഗവൺമെൻറിനുണ്ടെങ്കിലും അത് ശരിയായ വിധത്തിൽ നടക്കുന്നില്ല എന്നുള്ള യാഥാർത്ഥ്യത്തിനു നേരേ കണ്ണടച്ചുകൂടാ.

ഇവരുടെ കാര്യങ്ങൾ നോക്കാൻ ഒരു ലൈസാൺ ഓഫീസർ ഉണ്ട്. ആ ലൈസാൺ ഓഫീസറുടെ വർക്ക് സജീവമാക്കുന്നതിനു വേണ്ട സ്ററാഫിനെ കൊടുക്കുകയും ബഡ്ജററ് പാസ്സായാൽ ഉടനെതന്നെ എല്ലാ കാര്യങ്ങളും കൈകാര്യം ചെയ്യുകയും ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. ഈ പിന്നോക്ക സമുദായത്തിനുവേണ്ടി വെള്ളവും വെളിച്ചവും വഴിയും വീടും വച്ചുകൊടുക്കുവാൻ വേണ്ട നടപടി കുറേ കൂടി കാര്യക്ഷമമായി ഗവൺമെൻറ് എടുക്കേണ്ടതുണ്ട്.

ഇവിടെ കാർഷിക നിയമം പാസ്സായിക്കഴിഞ്ഞതിനുശേഷം 'കൃഷിഭൂമി കൃഷിക്കാർക്ക്' എന്ന മുദ്രാവാക്യം കുറേയെല്ലാം പ്രാവർത്തികമായിട്ടുണ്ട്. എങ്കിൽത്തന്നെയും മററു കാര്യങ്ങളിലും വിദ്യാഭ്യാസ കാര്യത്തിലും എല്ലാംതന്നെ, മററു ജനവിഭാഗങ്ങളോടൊപ്പം മുമ്പോട്ടു നീങ്ങുന്നതിനുള്ള സാഹചര്യം ഉണ്ടായിട്ടില്ലായെന്നുള്ള കാര്യവും മനസ്സിലാക്കേണ്ടതുണ്ട്. ഇവരുടെ ഉയർച്ചയ്ക്കു പര്യാപ്തമായ വിധത്തിലുള്ള അടിസ്ഥാനം വച്ചുകൊണ്ട് പ്രവർത്തിക്കണം.

ഹരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ വഴിയും ഹൗസിംഗ് ബോർഡ് വഴിയും ഒക്കെത്തന്നെ ഹരിജനങ്ങൾക്ക് ഉദാരമായ വ്യവസ്ഥയിൽ വീടുകൾ ഉണ്ടാക്കിക്കൊടുക്കുന്നുണ്ട്. എന്നാൽ ആ വ്യവസ്ഥയനുസരിച്ച് പാവപ്പെട്ടവരിലേക്ക് മാത്രമല്ല ഇത് ചെന്നെത്തുന്നത്. അതുകൊണ്ട് എനിക്ക് പറയുവാനുള്ളത് ഓരോ വില്ലേജിലും വീട് ഇല്ലാത്തതായ പാവപ്പെട്ട ഹരിജനങ്ങളുടെ കണക്ക് എടുക്കുകയും അതനുസരിച്ച് വീടുകൾ വിതരണം നടത്തുവാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യണം എന്നാണ്. അങ്ങനെയുള്ള ഒരു സമീപനം സ്വീകരിക്കുകയാണെങ്കിൽ ബ്ലോക്കുകളേയും പഞ്ചായത്തുകളേയും കൂട്ടിയിണക്കി ഒരു കമ്മിററിയുണ്ടാക്കുവാൻ കഴിയും. എന്നിട്ട് ആ കമ്മിററി ഇതിൻെറയെല്ലാം കണക്ക് എടുത്ത് അതനുസരിച്ച് പാവപ്പെട്ട ഹരിജനങ്ങളുടെ കൂരകളും ചേരികളും പൊളിച്ച് മാററി പുതിയ വീടുകൾ ഉണ്ടാക്കിക്കൊടുക്കണം. ഇതിനെ ഒരു പൊതു പദ്ധതിയായി കൊണ്ടുവരികയാണെങ്കിൽ അഞ്ചും പത്തും പതിനഞ്ചും സെൻറ് ഭൂമിയുള്ള പാവപ്പെട്ട ഹരിജനങ്ങൾക്ക് വീടുണ്ടാക്കുവാൻ കഴിയുമെന്ന് അവന് ഉറപ്പു കൊടുക്കണം, ആത്മധൈര്യം കൊടുക്കണം.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് തൊഴിൽ രംഗത്ത് പല പ്രശ്നങ്ങളും ഉണ്ട്. പണ്ട് ജൻമിമാരുടേയും അതുപോലെതന്നെ വൻകിട രീതിയിൽ കൃഷി ചെയ്തിരുന്ന ആളുകളുടെയും കീഴിൽ ചില തൊഴിൽ സാദ്ധ്യതകൾ ഉണ്ടായിരുന്നു. എന്നാൽ ഇന്ന് അവർക്ക് തുണ്ടുതുണ്ടു ഭൂമികൾ മാത്രമേയുള്ളു. അതുകൊണ്ട് കൃഷിക്കാർക്ക് ജോലി കുറഞ്ഞിട്ടുണ്ട്. അതിന് പരിഹാരം കാണണം. അവർക്ക് പുതിയ ജോലി ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ കാര്യമായ ശ്രദ്ധ കാണിക്കേണ്ടതുണ്ട്.

നമുക്ക് ഇന്ന് ഒരുപാട് വ്യവസായശാലകളും കോർപ്പറേഷനുകളും കമ്പനികളുമുണ്ട്. അവിടെ ഇന്ന് എന്താണ് നടക്കുന്നത്? റിസർവേഷൻ തത്വം പാലിച്ചുകൊണ്ടു നിയമനം നടത്തണമെന്നു ഗവൺമെൻറ് പറയാറുണ്ട്. എന്നാൽ ഒരു സ്ഥാപനത്തിലും റിസർവേഷൻ തത്വം പാലിച്ചുകൊണ്ട് നിയമനം നടന്നതായി കാണുന്നില്ല. അവിടെയുള്ള ഉദ്യോഗസ്ഥൻമാരെ മുഴുവൻ ഡെപ്യൂട്ടേഷൻ അടിസ്ഥാനത്തിലാണ് കൊണ്ടു വരുന്നത്. അങ്ങനെ വരുമ്പോൾ അതിൽ ഒരൊററ ഹരിജനും കാണുകയില്ല. മററു സമുദായങ്ങളിൽപെട്ട ആളുകളായിരിക്കും വരിക. ഡെപ്യുട്ടേഷൻ വ്യവസ്ഥയിൽ അവിടെ വേണ്ടത്ര സ്ററാഫിനെ എടുത്തു കഴിഞ്ഞതിനുശേഷം ഗവൺമെൻറിൻെറ ഒരു പ്രഖ്യാപനം വരും. ഇനിയുള്ള നിയമനങ്ങളെല്ലാം പി. എസ്. സി. വഴിയായിരിക്കണം എന്ന്. ഈ സ്ഥാപനങ്ങളിൽ ജോലി കിട്ടുന്നതിന് ഹരിജനങ്ങൾക്കും മററു പിന്നോക്ക വിഭാഗക്കാർക്കും ബുദ്ധിമുട്ടുണ്ട്. ഹരിജനങ്ങൾക്ക് പാടത്തെ പണിയും അതുപോലുള്ളതും എല്ലാം കുറഞ്ഞു കുറഞ്ഞു വരുമ്പോൾ, നാലഞ്ച് സെൻറ് ഭൂമിയിൽ സ്വന്തമായി നിൽക്കുവാൻ ആഗ്രഹിക്കുമ്പോൾ അവർക്ക് എന്തെങ്കിലും സ്വന്തമായി തൊഴിൽ ചെയ്യാനുള്ള സൗകര്യവും ഇല്ലാതാകുന്ന സ്ഥിതിയാണ് ഇന്നു വന്നുവശാകുന്നത്.

അതുകൊണ്ട് ഞാൻ പറയുകയാണ് എല്ലാ വ്യവസായശാലകളിലും തൊഴിലാളികളെ എടുക്കുന്ന അവസരത്തിൽ അവിടെ നിശ്ചയമായും റിസർവേഷൻ തത്വം പാലിക്കണം എന്ന്. ലൈസൻസെടുത്ത് ഒരു വ്യവസായശാല പുതുതായി തുടങ്ങുമ്പോൾ, ആയിരം തൊഴിലാളികളെ എടുക്കുന്നു എങ്കിൽ നിശ്ചയമായും അതിൽ റിസർവേഷൻ തത്വം പാലിക്കണം. അവിടത്തെ ഉദ്യോഗസ്ഥൻമാരെ ഡെപ്യൂട്ടേഷനിൽ എടുക്കുമ്പോൾ കുറെപ്പേർ ഹരിജനങ്ങൾ ആയിരിക്കണം. ഡെപ്യൂട്ടേഷനിൽ എടുത്തിട്ടുള്ളവരുടെ ലിസ്ററ് പരിശോധിച്ചപ്പോൾ ഗവൺമെൻറിനു മനസ്സിലായി ഷെഡ്യൂൾഡ് കാസ്ററിന് വലിയ റിസർവേഷനൊന്നും ഇല്ല എന്ന്. അതു മനസ്സിലാക്കിയ ഗവൺമെൻറ് സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴിയുള്ള നിയമനം പല ദിക്കുകളിലും നടത്താൻ ശ്രമിച്ചു. അങ്ങനെ സ്പെഷ്യൽ റിക്രൂട്ടുമെൻറ് വഴി എടുത്തിട്ടുള്ളവരുടെ പ്രൊബേഷൻ പീരിയഡ് കഴിഞ്ഞിട്ടും മേലധികാരികൾ അവരുടെ പ്രൊബേഷൻ ഡിക്ലെയർ ചെയ്യുന്നില്ല. പുതിയ കോർപ്പറേഷനുകളിലും പുതിയ സ്ഥാപനങ്ങളിലുമൊക്കെ വന്നിട്ടുള്ള ആളുകൾ എല്ലാം ഡെപ്യൂട്ടേഷനിൽ വന്നവരാണ്. അവരെ അവിടെയാണോ വയ്ക്കുക, അവർ അങ്ങോട്ടാണോ പോകുക, വേറെ വല്ലവരുമാണോ വരിക. അവരുടെ കാര്യം ഉറച്ച ശേഷം മാത്രമേ മററു നിയമനങ്ങൾ നടത്താവൂ. സ്പെഷ്യൽ റിക്രൂട്ട്മെൻറ് വഴിയായി അവിടെ വന്നിട്ടുള്ളവരുടെ പ്രൊബേഷൻ ഡിക്ലെയർ ചെയ്യുകയാണെങ്കിൽ അവൻ അവിടെ എങ്ങാനും സ്ഥിരപ്പെട്ടുപോയാൽ, എന്തെങ്കിലും കാരണവശാൽ അവൻ വലിയ ആളായിപ്പോകും. അതു മനസ്സിലാക്കിക്കൊണ്ട് ആണ് പല കാര്യങ്ങളും കൈകാര്യം ചെയ്യുന്നത്. അവർ എന്തോ അയിത്തം കണ്ടുകൊണ്ടായിരിക്കണം ഇപ്രകാരം പെരുമാറുന്നത്. പിന്നെ ചായക്കടയിലും, അമ്പലത്തിലും ഒന്നുംതന്നെ ആ മാതിരി

ത്തയിത്തം ഇല്ല. പക്ഷേ നമ്മുടെ ഇടയിൽ എന്തോ ചില വിഷമതകൾ നമ്മുടെ മനസ്സിൽ കെട്ടിമറിയുന്നു. ഉദ്യോഗത്തിനു ചെല്ലുമ്പോൾ ഉയർച്ചയും വളർച്ചയുമൊക്കെ പ്രാപിച്ചിട്ടുള്ളവരോടൊപ്പം അടിച്ചമർത്തപ്പെട്ട ജനവിഭാഗങ്ങൾ മുന്നോട്ടു പോകേണ്ടതായി വരുമ്പോൾ, പലപ്പോഴും നമ്മളൊക്കെ അറിഞ്ഞോ അറിയാതെയോ നമ്മുടെ ഇടയിൽ വരുത്തികൂട്ടുന്ന വിനകൾ തെല്ലൊന്നും അല്ല സർ. അതുകൊണ്ട് ഞാൻ പറയുന്നത് ഗവൺമെൻറ് ഉടമയിലുള്ള സ്വകാര്യ മേഖലയിലും മററ് എവിടെയായാലും വ്യവസായവൽക്കരണത്തിൽക്കൂടി ഒരു പുതിയ എടുത്തുചാട്ടത്തിലേക്ക് തിരിയുന്ന നമ്മൾ ഈ റിസർവേഷൻെറ കാര്യം ഉറപ്പു വരുത്തിയാൽ തീർച്ചയായും കുറെ ആളുകൾക്ക് ജോലി കൊടുക്കുവാൻ സാധിക്കും. സ്പെഷ്യൽ റിക്രൂട്ടുമെൻറ് വഴി വളരെ കാര്യമായിട്ടുള്ള സേവനം ഈ ഗവൺമെൻറ് നടത്തിയിരിക്കുകയാണ്. ഹരിജനങ്ങൾ ഉൾപ്പെടെ 5,000 പേർക്ക് സ്പെഷ്യൽ റിക്രൂട്ടുമെൻറുവഴി ജോലി കൊടുത്തുകഴിഞ്ഞിരിക്കുന്നു. നല്ലൊരു സംഖ്യ ഗസററഡ് റാങ്കിലുള്ളവർക്കാണ്. അതോടൊപ്പം തന്നെ ഒരു കാര്യം നമ്മൾ മനസ്സിലാക്കണം. ഇവിടത്തെ പ്രൈവററ് വിദ്യാലയങ്ങളിലും കോളേജുകളിലും മററു ഗവൺമെൻറ് സ്ഥാപനങ്ങളിലും ആയിരക്കണക്കിന് ആളുകൾക്ക് റിസർവേഷൻ ആനുകൂല്യം കിട്ടേണ്ടതായിട്ടുണ്ട്. ഗവൺമെൻറ് ഖജനാവിൽനിന്നും പണം ചെലവാക്കി ഏതാണ്ട് അതിൻെറ മുഴുവൻ നടത്തിപ്പും ചെയ്യുകയാണ്. എന്തിനവരെ ഇതിൽനിന്നും ഒഴിച്ചു നിറുത്തണം. അതൊക്കെ ഒന്നുകൂടി ശ്രദ്ധിക്കുകയാണെങ്കിൽ നിശ്ചയമായും ഒരു വലിയ വിടവ് ആ രംഗത്തു നമുക്ക് നികത്താൻ സാധിക്കും.

മറെറാരു കാര്യം എനിക്ക് പറയുവാനുള്ളത് നമ്മുടെ ഹരിജനങ്ങളും അധഃകൃതരുമായിട്ടുള്ളവരുടെ വീടുകളുടെ പ്രശ്നത്തെ സംബന്ധിച്ചാണ്. അവരെ ഉയർത്തിക്കൊണ്ടുവരുന്നതിന് ഗവൺമെൻറ് നിശ്ചയിച്ചിട്ടുള്ള നിത്യനിദാന തുക ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത് ചെലവാക്കുന്നതിനുപരി, ഗവൺമെൻറിൻെറ പൊതുനയവും പൊതു പരിപാടിയും, അനുസരിച്ച് അവരെ നന്നാക്കുന്നതിനുവേണ്ടി ഒരു പുതിയ കാൽവയ്പ് ഉണ്ടാകണം എന്നുള്ളതാണ് ഞാൻ പറയുന്നതിൻെറ അർത്ഥം. തീർച്ചയായും അതിനനുസരണമായ വിധത്തിൽ കൂടുതൽ തുക ബഡ്ജററിൽ ഉൾക്കൊള്ളിക്കുകയും അതോടൊപ്പംതന്നെ അത് വിനിയോഗിക്കുന്നതിനുള്ള സൗകര്യങ്ങൾ ഉറപ്പു വരുത്തുകയും ചെയ്തുകൊണ്ട് ഈ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ ഗവൺമെൻറ് ശ്രദ്ധിക്കണം എന്നുള്ളതാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്.

ഹരിജന മർദ്ദനങ്ങളെ സംബന്ധിച്ച് വളരെയേറെ ഇവിടെ പറയുന്നുണ്ട്. വടക്കേ ഇൻഡ്യയിലെ മർദ്ദനങ്ങളെക്കുറിച്ച് പറയുന്നതിനു മറുപടിയാണോ ഇവിടെ പറയുന്ന കാര്യം. ഇവിടെ പറയുന്ന കാര്യങ്ങൾക്ക് മറുപടി ആയിട്ടാണോ വടക്കേ ഇൻഡ്യയിലെ കാര്യം പറയുന്നത്. ഇത്രയും ബാലിശമായിട്ട് ആ കാര്യങ്ങൾ പറയരുത്. അവിടെ നടക്കുന്ന മർദ്ദനം അവിടത്തെ മർദ്ദനം തന്നെ. ഇവിടെ നടക്കുന്ന മർദ്ദനം ഇവിടത്തെ മർദ്ദനം തന്നെ; മർദ്ദനം എവിടെ നടന്നാലും മർദ്ദനം തന്നെ. എവിടെയെല്ലാം ഹരിജനങ്ങളും അധഃകൃതരും അവർക്ക് സ്വാതന്ത്ര്യത്തിനുവേണ്ടി മുന്നോട്ടു വരുന്നുവോ അതു അനുവദിച്ചു കൊടുക്കാൻ താൽപര്യമില്ലാത്ത ആളുകൾ ഉള്ളപ്പോൾ തീർച്ചയായിട്ടും അതിനൊരു തിരിച്ചടി ഉണ്ടാകും. ഈ അവസരത്തിൽ അതിനെ ചെറുക്കാനും എതിർക്കാനും ജനങ്ങൾ മുന്നോട്ടു വരുന്നിടത്തോളം കാലം സംഘട്ടനങ്ങളും സംഘർഷങ്ങളും ഉണ്ടാകും.

LIBRARY ARCHIVES Kerala Legislative Assembly

നമ്മുടെ കേരളത്തിലായാലും എവിടെയായാലും എല്ലാ ആളുകളും ഈ മാതിരിയുള്ള ഹരിജനങ്ങളുടെ, മർദ്ദിത ജനതയുടെ മുന്നോട്ടുള്ള നീക്കത്തെ ചെറുക്കുകയാണ്. അങ്ങനെയുള്ള ഒരു പാരമ്പര്യം നമ്മുടെ കേരളത്തിലും ഉണ്ട്. അതുകൊണ്ടാണ് മററു പല ദിക്കുകളിലും ഉള്ള മാതിരി ഇവിടെയും മർദ്ദനം നടക്കുന്നത്. ഇവിടെ മർദ്ദനം ഇല്ലെന്ന് ആരും പറയുകയില്ല. ഇവിടെ പല സംഭവങ്ങളും നടക്കുന്നുണ്ട്. ആ മാതിരിയുള്ള കാര്യങ്ങൾ തീർച്ചയായിട്ടും ഗവൺമെൻറും നമ്മുടെ മുഴുവൻ ആളുകളും മനസ്സിലാക്കുന്നുണ്ട്. ഞാനാണു വലുത് നീയാണ് വലുത് എന്നുള്ളതിന് ഉപരി നമ്മുടെ കേരളത്തിന്റെ പാരമ്പര്യം, അനുസരിച്ച് ആര് തെററു ചെയ്താലും അത് തെററാണെന്നുള്ള രീതിയിൽ കൈകാര്യം ചെയ്തുകൊണ്ട് മുന്നോട്ടുപോകണം. ഗവൺമെൻറ് ഹരിജന മർദ്ദനത്തിനെതിരായി ചില നടപടികളെല്ലാം കൈക്കൊള്ളുന്നുണ്ട്. പക്ഷെ അതു ശരിയായി നടപ്പിലാക്കുന്നില്ലെന്നുള്ളതാണ് വസ്തുത. എല്ലാ ഗവൺമെൻറ് ഉദ്യോഗസ്ഥൻമാരും എല്ലാ വ്യക്തികളും ഒരുപോലെ ആണെന്നുള്ള അഭിപ്രായം എനിക്കില്ല. കുറെക്കൂടി കർശനമായിട്ട് നമ്മുടെ ചില പോലീസ് ഉദ്യോഗസ്ഥൻമാരുടെ കാര്യത്തിൽ ഗവൺമെൻറ് ശ്രദ്ധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. കെ. വി. കുര്യൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. കർഷകർക്ക് വളരെയധികം ഉപകാരങ്ങൾ ചെയ്തിട്ടുള്ള ഗവൺമെൻറാണ് ഇത്. ഈ ബഡ്ജററിലൂടെ വളരെയധികം ആനുകൂല്യങ്ങൾ ധനകാര്യ മന്ത്രി കർഷകർക്കുവേണ്ടി ചെയ്തിട്ടുണ്ട്. എന്നിരുന്നാലും ചില അനീതികൾ ഇപ്പോഴും നടക്കുന്നുണ്ട് എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഇപ്പോഴും ഡിസ്പാരിററി ഉണ്ട്. ഈ കഴിഞ്ഞ കേന്ദ്ര ബഡ്ജററിൽ കേന്ദ്ര ധനകാര്യ മന്ത്രി 12,000 രൂപവരെ ആദായമുള്ള ഉദ്യോഗസ്ഥൻമാരേയും ബിസ്സിനസ്സുകാരേയും വ്യാപാരികളേയുമെല്ലാം ആദായ നികുതിയിൽനിന്ന് ഒഴിവാക്കിയിട്ടുണ്ട്. നമ്മുടെ ഈ സംസ്ഥാനത്ത് 10,000 രൂപയിൽ കൂടുതൽ വരുമാനമുള്ള കർഷകർക്ക് കാർഷികാദായ നികുതി കൊടുക്കണം. മുൻ ഗവൺമെൻറുകളിലെ ധനകാര്യ മന്ത്രിമാർ ഈ ഡിസ്പാരിററി മാററിയിട്ടുണ്ട്. ആദായ നികുതിയുടെ പരിധി ഉയർത്തുമ്പോൾ അതനുസരിച്ച് കാർഷികാദായം നികുതിയുടെ പരിധിയും ഉയർത്തിയിട്ടുണ്ട്. കർഷകർക്ക് വളരെ താൽപര്യമുള്ള ധനകാര്യ മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് ഈ ഡിസ്പാരിററി ഒന്ന് അവസാനിപ്പിക്കണം എന്നാണ്. 12,000 രൂപവരെ വരുമാനമുള്ള കർഷകരെ കാർഷികാദായ നികുതിയിൽ നിന്ന് ഒഴിവാക്കണം. 12,000 രൂപ എന്നു പറഞ്ഞാൽ ഇന്നത്തെ സാധനങ്ങളുടെ വില വർദ്ധനവും മററും പരിഗണിക്കുമ്പോൾ ഇത് വലിയ ആദായമല്ല. അതുകൊണ്ട് അക്കാര്യത്തിൽ ധനകാര്യമന്ത്രി കർഷകർക്ക് അനുകൂലമായ ഒരു നിലപാട് സ്വീകരിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്.

മറെറാരു കാര്യം സൂചിപ്പിക്കാനുള്ളത് ഇന്ന് കാർഷികാദായ നികുതി പിരിക്കുന്നതിൽ വളരെയധികം അപാകതയുണ്ടെന്നുള്ളതാണ്. പല വൻകിടക്കാരും നികുതി കൊടുക്കാതെ രക്ഷപ്പെടുന്നുണ്ട്. അവർ ആരെയെങ്കിലും ശമ്പളത്തിനു വച്ച് കണക്കെഴുതി വിദഗ്ദ്ധരായ ആഡിററർമാരെക്കൊണ്ട് പരിശോധിപ്പിച്ച് ആദായ നികുതി ആഫീസിൽ ഹാജരാക്കുന്നു. ആദായ നികുതി ആഫീസിൽ ഹാജരാക്കുമ്പോൾ ഉദ്യോഗസ്ഥൻമാർ അത് അംഗീകരിച്ചില്ലെങ്കിൽ അവർ അപ്പീൽ കൊടുക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

അപ്പലേററ് അതോറിട്ടി അത് അനുവദിച്ചില്ല എങ്കിൽ അവർ ട്രൈബ്യൂണലിലും അതിനുശേഷം ഹൈക്കോടതിയിലും പോയി അവരുടെ കണക്കുകൾ അംഗീകരിക്കാനുള്ള കോടതി വിധി സമ്പാദിക്കുകയാണ് ചെയ്യുന്നത്. കോടതി, അവർ കണക്കെഴുതിയിരിക്കുന്നത് ശരിയാണോ എന്നു നോക്കും; അതിന് ആവശ്യമായ വൗച്ചറും ബില്ലുമൊക്കെ ഉണ്ടോ എന്നു നോക്കും. അതെല്ലാം ശരിയാണെങ്കിൽ ആ കണക്കുകൾ അംഗീകരിക്കാനുള്ള നിർദ്ദേശങ്ങൾ കൊടുക്കുകയാണ് ചെയ്യുന്നത്. അതേ സമയത്ത് ശമ്പളത്തിന് ആളെ വച്ച് കണക്ക് എഴുതാൻ സാമ്പത്തികമായി കഴിവില്ലാത്ത ചെറിയ കർഷകർ ന്യായമായ കണക്കു കൊടുത്താലും അത് അംഗീകരിക്കുന്നില്ല. ആ കണക്കിൽ എന്തെങ്കിലും ചെറിയ തെററുണ്ടെങ്കിൽ ആ കണക്ക് പാടെ തള്ളുകയാണ് ചെയ്യുന്നത്. ചെറിയ കർഷകന് അത് വളരെയധികം ബുദ്ധിമുട്ട് ഉണ്ടാക്കുന്നുണ്ട്. അത് പരിഹരിക്കേണ്ടത് ആവശ്യമാണ്. പ്രായോഗികമായി വളരെയധികം ബുദ്ധിമുട്ട് ഉണ്ട്. അതിന് എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുണ്ട്.

ആദായത്തിന്റെ അടിസ്ഥാനത്തിൽ കാർഷികാദായ നികുതി പിരിക്കാതെ കൈവശമുള്ള വസ്തുവിന്റെ വിസ്തീർണ്ണത്തിന്റെ

11 A. M.] അടിസ്ഥാനത്തിൽ സ്ലാബ് അടിസ്ഥാനത്തിൽ നികുതി പിരിക്കാൻ സാധ്യമാണോയെന്ന് ചിന്തിക്കേണ്ടതാണ്. പ്രായോഗികമായി വളരെയധികം ബുദ്ധിമുട്ടുള്ള പ്രശ്നമാണ്. കേരളത്തിൽ പല തരത്തിലുള്ള കൃഷികളുണ്ട്. സംസ്ഥാനത്തിന്റെ പല ഭാഗങ്ങളിലും കൃഷിയിൽ നിന്നുള്ള ആദായം പല വിധത്തിലായിരിക്കും. ഒരു സ്ഥലത്തുള്ള ആദായം മറെറാരു സ്ഥലത്ത് കിട്ടുന്നില്ല. പ്രായോഗികമായി ബുദ്ധിമുട്ടുണ്ടെന്നു സമ്മതിക്കുന്നു. എന്നിരുന്നാലും കൈവശ ഭൂമിയുടെ അടിസ്ഥാനത്തിൽ കൂടുതൽ ഉണ്ടെങ്കിൽ സ്ലാബ് അടിസ്ഥാനത്തിൽ നികുതി ചുമത്താൻ സാധ്യമാണോയെന്ന് പരിശോധിക്കേണ്ടതാണ്. നമ്മുടെ അയൽ സംസ്ഥാനമായ തമിഴ് നാട്ടിൽ ഒരു ഏക്കറിന് താഴെ കൈവശ ഭൂമിയുള്ള കൃഷിക്കാർക്കു നികുതി കോമ്പൗണ്ടു ചെയ്യുന്ന നടപടിക്രമമുണ്ട്. അത് ചെറിയ കൃഷിക്കാരിൽ നിന്ന് അഗ്രികൾച്ചറൽ ഇൻകംടാക്സ് കോമ്പൗണ്ടു ചെയ്യുന്നതിനുള്ള വ്യവസ്ഥ ഉണ്ടാക്കുന്നത് വളരെ പ്രയോജനകരമായിരിക്കും.

മറെറാരു കാര്യം വിൽപന നികുതിയെ പററിയാണ്. ഏററവും കൂടുതൽ വരുമാനം ഖജനാവിലേക്കു വരുന്നത് വിൽപ്പന നികുതിയിൽ നിന്നാണ്. ഈ വർഷം 145 കോടി രൂപ വിൽപ്പന നികുതിയിൽനിന്നും പ്രതീക്ഷിക്കുന്നുണ്ട്. നികുതി പിരിവിൽ പല അപാകതകളും ബുദ്ധിമുട്ടുകളുമുണ്ട്. ചെറുകിട വ്യാപാരികളാണ് ഇതിന്റെ ബുദ്ധിമുട്ട് അനുഭവിക്കുന്നത്. ഗവൺമെന്റ് അവരുടെ കാര്യം പ്രത്യേകം ശ്രദ്ധിക്കണം. അവർക്കു ഗവൺമെന്റ് കുറച്ച് ആനുകൂല്യങ്ങൾ ചെയ്തു കൊടുത്തിട്ടുണ്ട്. എനിക്ക് ഒരു നിർദ്ദേശം വയ്ക്കാനുണ്ട്. ഒരു ലക്ഷം രൂപയിൽ കുറഞ്ഞ ടേണോവറുള്ള വ്യാപാരികളിൽനിന്ന് ആദായ നികുതി അഞ്ചു ശതമാനമേ കിട്ടുന്നുള്ളു. 95 ശതമാനവും ഒരു ലക്ഷം രൂപയിൽ കൂടുതൽ ടേണോവറുള്ള വ്യാപാരികളിൽ നിന്നാണ് പിരിക്കുന്നത്. ഒരു ലക്ഷം രൂപയിൽ താഴെ ടേണോവറുള്ള വ്യാപാരികളെ ഇതിൽനിന്ന് ഒഴിവാക്കുകയാണെങ്കിൽ നന്നായിരിക്കും. ഞാൻ മനസ്സിലാക്കിയിടത്തോളം അമ്പതു ശതമാനവും ഒരു ലക്ഷം രൂപയിൽ കുറഞ്ഞ ടേണോവറുള്ളവരാണ്. അസസ്മെന്റ് ഉദ്യോഗസ്ഥൻമാരുടെ ജോലി ലഘൂകരിക്കാനും, അവർക്ക് കൂടുതൽ തുക ടേണോവറുള്ള

LIBRARY ARCHIVES Kerala Legislative Assembly

വ്യാപാരികളുടെ കണക്ക് സൂക്ഷ്മമായി പരിശോധിക്കാനും, നികുതി വെട്ടിപ്പ് ഉണ്ടെങ്കിൽ അത് കണ്ടുപിടിക്കാനും കുറഞ്ഞു വരുന്ന തുക ഈടാക്കാനും സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ചെറുകിട വ്യാപാരികൾക്ക് ചെയ്യുന്ന വലിയൊരു ആനുകൂല്യവുമായിരിക്കും. ആ കാര്യം ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണം.

അതുപോലെ തന്നെ സെയിൽസ് ടാക്സ് കഴിവുള്ളിടത്തോളം സിങ്കിൾ പോയിൻറ് ആക്കണം. നികുതി കുറവു വരാതെ നികുതി സിങ്കിൾ പോയിൻറ് ആക്കുകയാണെങ്കിൽ വ്യാപാരികൾക്കും അത് വാങ്ങിക്കുന്ന ഉപഭോക്താക്കൾക്കും വളരെയധികം പ്രയോജനമുണ്ട്. ആ കാര്യവും ഗവൺമെൻറ് കാര്യമായി പരിഗണിക്കണം.

നമ്മുടെ സംസ്ഥാനത്ത് തൊഴിലില്ലായ്മയുണ്ടെന്ന് നമുക്കെല്ലാവർക്കു മറിയാം. അത് പരിഹരിക്കാൻ കാർഷിക രംഗത്തും വ്യാവസായിക രംഗത്തും കൂടുതൽ തൊഴിൽ അവസരങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. ഈ സംസ്ഥാനത്തെ കർഷകർ വളരെ കഴിവുള്ളവരാണ്. കായൽ നികത്തി കൃഷി ചെയ്യാനും ഏതു പ്രതിസന്ധിയേയും തരണം ചെയ്ത് കൃഷി നടത്താനും കഴിവുള്ളവരാണ്. ഈ കർഷകരുടെ ശ്രദ്ധ മററു രംഗത്തേയ്ക്ക്, വ്യവസായ രംഗത്തേയ്ക്കു തിരിക്കാൻ അവർക്ക് എങ്ങനെ കഴിയുമെന്ന് പഠിക്കേണ്ടതുണ്ട്. കർഷകരുടെ ശ്രദ്ധ വ്യവസായ രംഗത്തേക്കു തിരിച്ചു വിടുകയാണെങ്കിൽ ഈ രംഗത്ത് വളരെയധികം വ്യവസായം ഉണ്ടാക്കാനും തൊഴിലില്ലായ്മയ്ക്ക് ഒരു പരിധിവരെ പരിഹാരം ഉണ്ടാക്കാനും കഴിയും. ഹരിയാനയിലും പഞ്ചാബിലും കാർഷിക രംഗത്ത് വളരെയധികം പുരോഗതി ഉണ്ടായി. അതിനുശേഷം കർഷകരുടെ ശ്രദ്ധ വ്യവസായ രംഗത്തേക്ക് തിരിച്ചു വിടാനും കഴിഞ്ഞു. രണ്ടു സംസ്ഥാനവും വ്യാവസായികമായി ഇൻഡ്യയിലെ ഏററവും മുൻപന്തിയിൽ നിൽക്കുന്ന രണ്ട് സംസ്ഥാനമായി തീർന്നിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തെ കർഷകരുടെ ശ്രദ്ധ ഈ രംഗത്തേയ്ക്ക് തിരിച്ചു വിടാൻ എങ്ങനെ കഴിയുമെന്ന് ചിന്തിക്കേണ്ടതുണ്ട്. അതിന് ഒരു ചെറിയ നിർദ്ദേശം എനിക്ക് വയ്ക്കാനുണ്ട്. കർഷകർ വ്യവസായ രംഗത്ത് മുടക്കുന്ന മുതൽ മുടക്കിന് ഏതെങ്കിലും രീതിയിൽ കാർഷികാദായ നികുതി ഇളവു നൽകാൻ പററുമോയെന്ന് പരിശോധിക്കേണ്ടതുണ്ട്. അവർക്ക് ഇൻസെൻറീവ് കൊടുക്കാൻ വേണ്ടി വ്യവസായ രംഗത്ത് മുടക്കുന്ന തുകയ്ക്ക്, ക്യാപ്പിററൽ ഇൻവെസ്ററുമെൻറിന് ഒരു ചെറിയ നികുതി ഇളവു ചെയ്ത് കൊടുക്കാൻ കഴിയുമോയെന്ന് പരിശോധിക്കേണ്ടതുണ്ട്. അങ്ങനെ കൊടുക്കുകയാണെങ്കിൽ അവരുടെ സാമർത്ഥ്യം ആ രംഗത്ത പ്രതിഫലിപ്പിക്കാനും ഈ സംസ്ഥാനത്തെ ഏററവും രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് കുറെയേറെ പരിഹാരം ഉണ്ടാക്കാനും കഴിയും.

ലാൻഡ് അക്വിസിഷൻ ആക്ടനുസരിച്ച് മിച്ചഭൂമി ഹരിജനങ്ങൾക്ക് കൊടുക്കണമെന്ന് നിയമത്തിൽ അനുശാസിക്കുന്നുണ്ട്. അതുപോലെ തന്നെ ഗവൺമെൻറ് ഭൂമി വിതരണം ചെയ്യുമ്പോൾ ഹരിജനങ്ങൾക്കു കൂടുതൽ പരിഗണന കൊടുക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഹരിജനങ്ങൾ ബഹുഭൂരിപക്ഷവും കർഷകത്തൊഴിലാളികളാണ്. അവരെ തൊഴിലാളികളായി നിർത്താൻ ഭൂമിയുടെ ഉടമസ്ഥൻമാരാക്കാൻ ശ്രദ്ധിക്കേണ്ടതുണ്ട്. അവർക്കും ഗവൺമെൻറുഭൂമി പതിച്ചു കൊടുക്കുമ്പോൾ കൂടുതൽ പരിഗണന കൊടുക്കണം. അതുപോലെതന്നെ പ്ലാൻറേഷൻ കോർപ്പറേഷനിലും ഗവൺമെൻറ് ഉടമയിലുള്ള തോട്ടങ്ങളിലും ജോലികൊടുക്കുന്ന കാര്യത്തിൽ ചുററുപാടുമുള്ള ഹരിജനങ്ങൾക്കു കൂടുതൽ പ്രാധാന്യം

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കണം, മുൻഗണന കൊടുക്കണം. എന്റെ നിയോജക മണ്ഡലത്തിൽ പ്ലാന്റേഷൻ കോർപ്പറേഷന്റെ ഒരു പുതിയ തോട്ടം എടുക്കാനുള്ള പരിപാടിയുണ്ട്. ആ തോട്ടത്തിനു ചുററും വളരെയധികം ഹരിജനങ്ങളുണ്ട്. അവർക്കു തോട്ടത്തിൽ ജോലി കൊടുക്കാൻ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണം. അതുപോലെതന്നെ കോട്ടയം ജില്ലയുടെ കിഴക്കൻ പ്രദേശങ്ങളിൽ വളരെയധികം ഗിരിജനങ്ങൾ താമസിക്കുന്നുണ്ട്. അവരുടെ ക്ഷേമത്തിനുവേണ്ടി ഗവൺമെൻറ് മററ് പ്രദേശങ്ങളിൽ ചെയ്യുന്നതുപോലെ കാര്യമായി ഒന്നുംതന്നെ ചെയ്യുന്നില്ല. ഗിരിജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി ഗവൺമെൻറ് അങ്ങേയററം ആത്മാർത്ഥമായി പരിശ്രമിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എ. നീലലോഹിത ദാസൻ നാടാർ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുന്നു. ഇതിൽ പൊതുജനാരോഗ്യ എഞ്ചിനീയറിംഗും നഗര വികസനവും മൽസ്യബന്ധനവും നമ്മുടെ സംസ്ഥാനത്തെ സംബന്ധിച്ചിടത്തോളം കഴിഞ്ഞ കുറേകാലമായി തികച്ചും അനാഥമാണ്. വിദ്യാഭ്യാസ വകുപ്പിന്റെ മേലുള്ള ധനാഭ്യർത്ഥനയെക്കുറിച്ച് ഇവിടെ ചർച്ച നടന്നപ്പോൾ ബഹുമാനപ്പെട്ട കണിയാപുരം രാമചന്ദ്രൻ പ്രസ്താവിക്കുകയുണ്ടായി, കലയും സംസ്കാരവും വിദ്യാഭ്യാസ വകുപ്പിന്റെ തിണ്ണയിലാണെന്ന്. ഈ വകുപ്പുകൾ, പ്രത്യേകിച്ച് പൊതുജനാരോഗ്യ എഞ്ചിനീയറിംഗും നഗരവികസനവും മൽസ്യബന്ധനവും ഇന്നു വിദ്യാഭ്യാസ വകുപ്പിന്റെ തൊഴുത്തിൽ കെട്ടിയിട്ടിരിക്കുന്ന സാഹചര്യമാണ് ഉളവായിട്ടുള്ളത്. ഈ വകുപ്പുകളുടെ ചാർജ് വഹിച്ചിരുന്ന മന്ത്രി മുൻപ് ഹജ്ജ് തീർത്ഥാടനത്തിന് പോയിരുന്നു. അപ്പോൾ ഇവിടെ മന്ത്രിയില്ലായിരുന്നു. ഇപ്പോൾ രോഗശയ്യയിലാണെന്നു പറയുന്നു. അതേസമയം രാഷ്ട്രീയ കാരണങ്ങളാലാണെന്നും പറയുന്നു. ഏതായാലും ഈ വകുപ്പുകൾക്ക് ഇന്ന് ഇവിടെ മന്ത്രിയില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പു മന്ത്രിക്കാണെങ്കിൽ സ്കൂൾ കച്ചവടത്തിന്റെ കാര്യത്തിൽ ധാരാളം പണിയുള്ളതുകൊണ്ട് വിദ്യാഭ്യാസ വകുപ്പുമായി ഈ വകുപ്പുകൾ ബന്ധപ്പെടുത്തിയിരിക്കുന്നതുകൊണ്ട് ഈ വകുപ്പുകൾ ഇന്ന് അനാഥമായിരിക്കുകയാണ്. മാത്രമല്ല നമ്മുടെ രാജ്യത്ത് ശുദ്ധജല വിതരണ രംഗം ഇന്ന് ഒരു സ്തംഭനാവസ്ഥയെ നേരിടുകയാണ്. ഒരു വാട്ടർ ബോർഡ് രൂപീകരിക്കുമെന്നു കഴിഞ്ഞ രണ്ടു വർഷമായി പറഞ്ഞു കേൾക്കുന്നു. ഈ സഭയിൽത്തന്നെ പലപ്പോഴും മുൻമന്ത്രിയും ഇപ്പോൾ ചുമതല വഹിക്കുന്ന മന്ത്രിയുമൊക്കെത്തന്നെ പല പ്രാവശ്യം ഉറപ്പു നൽകിയിട്ടുള്ളതാണ്. പക്ഷേ വഞ്ചി തിരുനക്കര തന്നെയാണ് ഇപ്പോഴും നിൽക്കുന്നത്. ഇന്നു നമ്മുടെ സംസ്ഥാനത്തുടനീളം ഗ്രാമപ്രദേശങ്ങളിൽ ശുദ്ധജല ക്ഷാമം നേരിടുകയാണ്. പുതിയ ശുദ്ധജല വിതരണ പദ്ധതികൾ നടപ്പാക്കുന്നതിലുള്ള കാലതാമസമാണ് ഒരു കാരണം. രണ്ടാമത്തെ കാരണം ഇന്നുള്ള ശുദ്ധജല വിതരണ പദ്ധതികൾ കാര്യമായി പ്രവർത്തിക്കുന്നില്ലെന്നുള്ളതാണ്. പമ്പുഹൗസുകളുടെ തകരാറുകൊണ്ടും ഓപ്പറേററിംഗ് തകരാറുകൊണ്ടും ഇതു നടപ്പാക്കുന്ന കാലഘട്ടത്തിൽ സോഴ്സ് കണ്ടുപിടിക്കുന്നതിൽവന്ന തകരാറുകൊണ്ടും ശുദ്ധജല വിതരണ പദ്ധതികൾ ഇന്നു കാര്യമായി പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് നിലവിലുള്ള ശുദ്ധജല വിതരണ പദ്ധതികൾ കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്നതോടൊപ്പം പുതിയ ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിക്കുന്നതിനും കേരള ഗവൺമെൻറിന്റെ പക്കൽ കാര്യമായ പരിപാടിയൊന്നുമില്ല. ഈ കഴിഞ്ഞ 1977 മാർച്ച് മാസത്തിൽ കേന്ദ്രത്തിൽ അധികാരത്തിൽവന്ന ജനതാഗവൺമെൻറ് നമ്മുടെ ഗ്രാമപ്രദേശങ്ങളിൽ

LIBRARY ARCHIVES Kerala Legislative Assembly

ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിക്കുന്നതിനുള്ള സഹായകരമായ നിലപാട് എടുത്തു എന്നുള്ളത് വളരെ അഭിമാനത്തോടുകൂടി പറയാൻ എനിക്ക് കഴിയും. തിരുവനന്തപുരം ജില്ലയിലെ തെക്കൻ പ്രദേശങ്ങളായ തിരുപുറം വില്ലേജ്, കരിംകുളം വില്ലേജ്, കോട്ടുകാൽ, നേമം, തിരുവല്ലം തുടങ്ങിയ പ്രദേശങ്ങളിൽ ശുദ്ധജല വിതരണ പദ്ധതികൾ ആരംഭിച്ചതിനുശേഷം പുതിയ പദ്ധതികൾ തുടങ്ങുന്നതിന് കാലതാമസം ഉണ്ടായിരിക്കുകയാണ്. ഈ വസ്തുത കണക്കിലെടുത്തുകൊണ്ട് കേന്ദ്ര ഗവൺമെൻറ് ഇവിടെ രണ്ടു പുതിയ പദ്ധതികൾ ഏറ്റെടുത്തിരിക്കുകയാണ്. എല്ലാ സംസ്ഥാനങ്ങളിലും പുതിയ ശുദ്ധജല വിതരണ പദ്ധതികൾ തുടങ്ങുന്ന കാര്യത്തിൽ കേന്ദ്ര ഗവൺമെൻറിന് പ്രത്യേകം പദ്ധതികളുണ്ട്. ആ കൂട്ടത്തിൽ തിരുവനന്തപുരം ജില്ലയിലെ തെക്കൻ പ്രദേശങ്ങളിൽ രണ്ടു പദ്ധതി കേന്ദ്ര ഗവൺമെൻറ് ഏറ്റെടുത്തു എന്നു പറയുന്നതിൽ എനിക്ക് വളരെയേറെ സന്തോഷമുണ്ട്. കേന്ദ്ര ഗവൺമെൻറിന് ആ പ്രദേശത്തെ ജനങ്ങളുടെ പേരിൽ ഈ കാര്യത്തിന് നന്ദി രേഖപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ആ പദ്ധതികളിൽ ഒന്ന് മുട്ടക്കാട് ശുദ്ധജല വിതരണ പദ്ധതിയാണ്. 9.78 ലക്ഷം രൂപ ആ കാര്യത്തിനുവേണ്ടി കേന്ദ്രഗവൺമെൻറ് നൽകിയിട്ടുണ്ട്. അതോടൊപ്പം കല്ലിയൂർ-തിരുവല്ലം ശുദ്ധജല വിതരണ പദ്ധതിക്ക് 6.33 ലക്ഷം രൂപ കേന്ദ്രഗവൺമെൻറ് നൽകിയിട്ടുണ്ട്. കേന്ദ്രഗവൺമെൻറ് ഈ പദ്ധതികൾക്ക് ഇത്രയും തുക നീക്കിവച്ചിട്ടും അതിൻെറ എസ്റ്റിമേററു എടുക്കുന്നതിനും (ടെണ്ടർ വിളിക്കുന്നതിനും നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും) കേരള ഗവൺമെൻറിന് ഇതുവരെ കഴിഞ്ഞിട്ടില്ലെന്നുള്ളത് ഖേദകരമാണ്. ഞാൻ അതിൽ ശക്തിയായ പ്രതിഷേധം രേഖപ്പെടുത്തുന്നു.

അതുപോലെതന്നെയാണ് നമ്മുടെ മൽസ്യബന്ധന രംഗവും. മൽസ്യബന്ധനരംഗത്ത് പല കാര്യങ്ങളും ഈ രാജ്യത്ത് നടപ്പാക്കിയെന്നാണ് കേരള ഗവൺമെൻറ് അവകാശപ്പെടുന്നത്. പക്ഷേ കേന്ദ്രഗവൺമെൻറ് കഴിഞ്ഞ രണ്ടു വാർഷിക ബഡ്ജററിലും വരുന്ന ആറാം പദ്ധതിയിലും മൽസ്യബന്ധനവ്യവസായത്തിനു വേണ്ടി ഗണ്യമായ തുക നീക്കിവയ്ക്കുകയും സംസ്ഥാന ഗവൺമെൻറിനോട് പദ്ധതികൾ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇവിടത്തെ സംസ്ഥാന ഗവൺമെൻറാകട്ടെ കടലാസ് പദ്ധതികളല്ലാതെ വേറെ യാതൊന്നും ഉണ്ടാക്കിയിട്ടില്ല. മൽസ്യത്തൊഴിലാളികൾക്ക് വീടു കൊടുക്കുന്നു എന്നുപറയുന്നു; വല കൊടുക്കുന്നു എന്നു പറയുന്നു. കടലിൽ പോയി അപമൃത്യുവിന് ഇരയാകുന്നവർക്ക് ധനസഹായം കൊടുക്കുന്നു എന്നു പറയുന്നു. പക്ഷേ ഈ സഹായങ്ങളൊന്നുംതന്നെ യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് കിട്ടുന്നില്ലെന്നുള്ളതാണ് സ്ഥിതി. ഇവിടത്തെ ഇടത്തട്ടുകാരും സ്വകാര്യ മൽസ്യ കച്ചവടക്കാരും പാവപ്പെട്ട മൽസ്യത്തൊഴിലാളികളെ ചൂഷണം ചെയ്യുന്ന സാഹചര്യമാണ് നിലവിലുള്ളത്. ഈ സാഹചര്യം മനസിലാക്കി യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് ഈ ആനുകൂല്യങ്ങൾ എത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ഇതുവരെ ചെലവാക്കിയ തുക യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് എത്തിയിട്ടുണ്ടോ എന്നുള്ളതിനെ കുറിച്ച് ഒരു അന്വേഷണം നടത്തണമെന്ന് പറയാൻ ഞാനാഗ്രഹിക്കുകയാണ്. മാത്രമല്ല മൽസ്യത്തൊഴിലാളികളുടെപേരിൽ ഈ ആനുകൂല്യങ്ങളെല്ലാം മററുള്ളവർ തട്ടിയെടുക്കുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനുവേണ്ടി മൽസ്യത്തൊഴിലാളികളുടെ പേര് അതാതു പഞ്ചായത്തുകളിൽ രജിസ്ററർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നുള്ള അഭിപ്രായം എനിക്കുണ്ട്. ഇന്നു മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യത്തൊഴിലാളി ക്ഷേമ കോർപ്പറേഷനും ഫിഷറീസ് കോർപ്പറേഷനും ഫിഷറീസ് ഡിപ്പാർട്ടുമെൻറും പ്രവർത്തിക്കുന്നുണ്ട്. ഇതൊക്കെ കുറെ ഉദ്യോഗസ്ഥൻമാരെ, വെള്ളാനകളെ തീററിപ്പോററാൻ ഉപകരിക്കുന്നുണ്ടെന്നുള്ളതിൽ കവിഞ്ഞ്, സ്വകാര്യ കച്ചവടക്കാരെ പ്രോൽസാഹിപ്പിക്കുന്നുണ്ടെന്നുള്ളതിൽ കവിഞ്ഞ് യഥാർത്ഥ മൽസ്യത്തൊഴിലാളികൾക്ക് ഇതുകൊണ്ട് കാര്യമായ പ്രയോജനമൊന്നും ലഭിക്കുന്നില്ലെന്നുള്ളതാണ് വസ്തുത.

അതുപോലെതന്നെ കേരളത്തിൻെറ മൽസ്യബന്ധന വ്യവസായ രംഗത്ത് അത്ഭുതം സൃഷ്ടിക്കാൻ കഴിയുന്ന വിഴിഞ്ഞം മൽസ്യബന്ധന തുറമുഖത്തിൻെറ പണി നാളിതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. 1962-ൽ തുടങ്ങിയ ഇതിൻെറ പണി ഒച്ചിഴയുന്ന വേഗതയിലാണ് നീങ്ങിക്കൊണ്ടിരിക്കുന്നത്. 1969 മുതൽ തുടർച്ചയായി ഭരിക്കുന്നു എന്നു അവകാശപ്പെടുന്ന ഈ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം ഈ മൽസ്യബന്ധന തുറമുഖത്തിൻെറ പണി നാളിതുവരെ പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് ഈ മൽസ്യ ബന്ധന തുറമുഖത്തിൻെറ പണി എളുപ്പം പൂർത്തീകരിക്കണമെന്നും മൽസ്യ ബന്ധനത്തോടനുബന്ധമായ വ്യവസായങ്ങൾ അവിടെ ആരംഭിക്കണമെന്നുമാണ് എനിക്ക് പറയാൻ ഉള്ളത്. നമ്മുടെ രാജ്യത്ത് തൊഴിലില്ലായ്മയുണ്ട്. ആ തൊഴിലില്ലായ്മക്ക് പരിഹാരം കാണുന്നതിന് മൽസ്യ ബന്ധനത്തോടനുബന്ധിച്ച് അനുബന്ധ വ്യവസായങ്ങൾ തുടങ്ങേണ്ടത് ആവശ്യമാണ്. അതോടൊപ്പം മൽസ്യ വ്യവസായ രംഗത്ത് യുവതലമുറയ്ക്ക് പരിശീലനം നൽകുന്നതിന് ഒരു ഫിഷറീസ് കോളേജും വിഴിഞ്ഞത്തു ആരംഭിക്കണമെന്നു ഞാൻ ആവശ്യപ്പെടുകയാണ്. അവിടത്തെ മുത്തുച്ചിപ്പി ഗവേഷണ കേന്ദ്രം വികസിപ്പിക്കുന്നതിനാവശ്യമായ എല്ലാ നടപടികളും സ്വീകരിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു.

ശ്രീ. പി. ററി. കുഞ്ഞൂട്ടിഹാജി: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിൻതാങ്ങുന്നു. ഇവിടെ നികുതികളില്ലാത്ത നല്ലൊരു മിച്ച ബഡ്ജററ് അവതരിപ്പിച്ച ധനകാര്യമന്ത്രിയേയും ഞാൻ അനുമോദിക്കുന്നു. ഇന്ന് ആളുകൾ ഉപയോഗിക്കുന്നതും ഉൽപാദിപ്പിക്കുന്നതുമായ മിക്ക സാധനങ്ങൾക്കും കേന്ദ്ര ഗവൺമെൻറ് നികുതി ചുമത്തിയിരിക്കുകയാണ്. അതുമൂലം സാധാരണക്കാർ ഉപയോഗിക്കുന്നതായ നിത്യോപയോഗ സാധനങ്ങൾക്ക് വിലകൂടുകയും ഉൽപ്പന്നങ്ങൾക്ക് വില ഇടിയുകയും ചെയ്തിരിക്കുകയാണ്. കേരളത്തിലെ പ്രധാന ഉൽപ്പന്നമായ അടയ്ക്ക ഇന്നു കമ്പോളത്തിൽ വാങ്ങാൻ ആളില്ലാത്ത പരിതഃസ്ഥിതി വന്നിരിക്കുകയാണ്. അതിനുള്ള കാരണം കേന്ദ്രഗവൺമെൻറ് പുതുതായി 4 ശതമാനം പർച്ചേസ് ടാക്സ് അടയ്ക്കായിൽമേൽ ചുമത്തിയതാണ്. നാലുശതമാനം പർച്ചേസ് ടാക്സ് കേന്ദ്രഗവൺമെൻറ് ചുമത്തിയതു കാരണം കച്ചവടക്കാർ അടയ്ക്ക വാങ്ങാൻ മുന്നോട്ടു വരുന്നില്ല. അതുമൂലം അടയ്ക്കാകൃഷിക്കാർ വളരെയധികം വിഷമത്തിലാണ്. ഈ കച്ചവടം തന്നെ ഇന്നു സ്തംഭനത്തിലായിരിക്കുകയാണ്. കേന്ദ്ര ഗവൺമെൻറിൻെറ നികുതിമൂലം വളരെയധികം വിഷമങ്ങൾ ഇന്നു ജനങ്ങൾ അനുഭവിക്കുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട ധനകാര്യ മന്ത്രിയോട് ഒന്നു രണ്ടു കാര്യങ്ങൾ എനിക്കു നിർദ്ദേശിക്കാനുണ്ട്. ഇന്നു കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന സാധനങ്ങളിൽ ചിലതിന് ഏകമുഖ വിൽപ്പന നികുതിയും മററു ചിലതിന് ബഹുമുഖ വിൽപ്പന നികുതിയുമാണ് ഈടാക്കിവരുന്നത്. ഈ നില മാററണം. എല്ലാസാധനങ്ങളും ഏകമുഖ വിൽപ്പന നികുതിയിലേക്ക് മാററണമെന്ന് ഞാൻ അഭിപ്രായപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

മറെറാരു കാര്യം എനിക്ക് ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്താനുള്ളത്, കേരളത്തിലെ കപ്പക്കൃഷിക്കാർ ഇന്നു വളരെയധികം വിഷമതയിലും കഷ്ടത്തിലുമാണ്. കപ്പ ഉപയോഗിച്ചു നടത്തിവരുന്ന എല്ലാ സ്ററാർച്ചു ഫാക്ററികളും ഇന്ന് ഭീമമായ നഷ്ടത്തിലാണ്. ഇതു കണക്കിലെടുത്ത് കപ്പയുടെമേലുള്ള എല്ലാ നികുതികളും ഒന്നു നിറുത്തലാക്കണമെന്ന് ബഹുമാനപ്പെട്ട ഗവൺമെൻറിനോടും വകുപ്പുമന്ത്രിയോടും ഞാൻ അപേക്ഷിക്കുകയാണ്.

ഒരു കാര്യം കൂടി എനിക്കു പറയാനുണ്ട്. ഇന്ന് ഈ സ്റേററിൻെറ വരുമാനത്തിൽ വലിയ ഒരു ഭാഗം പിരിച്ചുണ്ടാക്കുന്ന സെയിൽസ് ടാക്സ്, അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ്, എന്നീ ഡിപ്പാർട്ടുമെൻറുകളിലെ ഉദ്യോഗസ്ഥൻമാരുടേയും ആഫീസിൻെറയും നില കണക്കിലെടുക്കേണ്ടതുണ്ട്. ഇന്ന് മലബാർ ഏരിയായിലെ ആഫീസുകൾ സ്ഥിതിചെയ്യുന്നത് ചെറിയ ചെറിയ വാടക കെട്ടിടങ്ങളിലാണ്. അവിടെ യാതൊരു സൗകര്യവും അവർക്കില്ല. ഫോൺ സൗകര്യമില്ല. ഈ നില മാറേറണ്ടതുണ്ട്. അവർക്ക് ആവശ്യമായ ആഫീസും ക്വാർട്ടേഴ്സും ഉടനടി പണിതുകൊടുക്കേണ്ടത് ഈ ഗവൺമെൻറിൻെറ ചുമതലയാണ്. അതുകൂടി നിർവഹിക്കണമെന്ന് ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിക്കുകയാണ്. ശുദ്ധജല വിതരണത്തെപ്പററിയാണ് എനിക്ക് ഒരു വാക്കു പറയുവാനുള്ളത്. ഇന്ന് ഈ സ്റേററിൽ ശുദ്ധജല പദ്ധതികൾ പലതും പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്, വളരെ സ്വാഗതാർഹമാണ്. എന്നാൽ മലബാർ ജില്ലയെ സംബന്ധിച്ചിടത്തോളം പല പദ്ധതികൾക്കും ഭരണാനുമതി ലഭിച്ചിട്ടുണ്ടെങ്കിലും ചില പദ്ധതികൾ മാത്രമേ അവിടെ നടന്നുവരുന്നുള്ളു. അതിനു കാരണം അവിടെ സ്ററാഫിൻെറ അഭാവമാണ്. ഈ കാര്യങ്ങൾകൂടി കണക്കിലെടുത്ത് അവിടത്തേക്ക് ആവശ്യമായ സ്ററാഫിനെ ഉടനടി നിയമിക്കണമെന്നുകൂടി ഞാൻ ഗവൺമെൻറിനോട് അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽകൂടി പിൻതാങ്ങുന്നു.

ശ്രീ. കെ. പി. രാമൻ: സർ, ഇവിടെ അവതരിപ്പിച്ചിട്ടുള്ള ഡിമാൻഡുകളെ ഞാൻ എതിർക്കുകയാണ്. ഹരിജനക്ഷേമ വകുപ്പിനെ സംബന്ധിച്ചു പറയുമ്പോൾ ഈ സർക്കാർ വെറും പബ്ലിസിററിക്കുവേണ്ടി ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും പേരിൽ ചില പദ്ധതികൾ തയ്യാറാക്കി അത് വേണ്ടവിധത്തിൽ നടപ്പാക്കാതെ വെറും കടലാസിൽമാത്രം അവശേഷിക്കുന്ന പദ്ധതികളാക്കി മാററിയിരിക്കുകയാണ്. സർ, പുതിയ പദ്ധതികൾ ആവിഷ്ക്കരിക്കാതെ ഉള്ള പദ്ധതികൾതന്നെ ശരിയായ വിധത്തിൽ നടപ്പാക്കണമെന്ന് എനിക്കൊരഭ്യർത്ഥനയുണ്ട്. ഇന്ന് ഹരിജന-ഗിരിജനങ്ങൾക്കുള്ള ആനുകൂല്യങ്ങളൊന്നുംതന്നെ തക്കസമയത്ത് ലഭിക്കുന്നില്ല എന്നുള്ള പരാതി എല്ലാ ഭാഗത്തുനിന്നും എപ്പോഴും കേൾക്കുന്നതാണ്. ഹരിജന വിദ്യാർത്ഥികൾക്കും ഗിരിജന വിദ്യാർത്ഥികൾക്കുമുള്ള ലംപ്സം ഗ്രാൻറ്, സ്റൈപ്പൻറ്, പോക്കററുമണി ഇവയൊന്നും തക്കസമയത്ത് ലഭിക്കുന്നില്ല. ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള ഹോസ്ററലുകളെ സംബന്ധിച്ചു പറയുകയാണെങ്കിൽ ഇന്ന് ഈ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾ തങ്ങളുടെ വീടുകളിൽ വേണ്ടത്രസൗകര്യവും സാഹചര്യവും ഇല്ലാത്തതുകൊണ്ടാണ് ഹോസ്ററലുകളിൽ ചേർന്നു പഠിക്കുന്നത്. ഹോസ്ററലുകളിലാണെങ്കിൽ ഈ വിദ്യാർത്ഥികൾക്ക് വേണ്ടത്ര ഫർണിച്ചർ ഇല്ല. ഒരു കട്ടിലുപോയിട്ട് കിടക്കാൻ ഒരു പായ പോലുമില്ലാത്ത സ്ഥിതിയാണ് മിക്ക ഹോസ്ററലുകളിലും ഉള്ളത്. മാത്രവുമല്ല ഹോസ്ററലുകളിൽ പോകുന്ന മിക്ക വിദ്യാർത്ഥികളും രോഗികളായി തിരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ ഇന്നു നമ്മുടെനാട്ടിലെ ഹരിജനങ്ങളുടേയും ഗിരിജനങ്ങളുടേയും ഉദ്ധാരണത്തിനുവേണ്ടി ഒരു കോർപ്പറേഷൻ ഉടലെടുത്തിട്ടുണ്ട്. ഈ കോർപ്പറേഷൻ ഉടലെടുത്ത സമയത്ത് ഈ സംസ്ഥാനത്തെ ഈ വിഭാഗങ്ങളിലെ തൊഴിലില്ലാത്ത യുവജനങ്ങളെ രക്ഷപ്പെടുത്തുന്നതിനുവേണ്ടി ചില ആട്ടോ റിക്ഷകൾ നൽകുകയുണ്ടായി. ഈ ആട്ടോ റിക്ഷകൾ കിട്ടിയവരെല്ലാം തന്നെ ഇന്നു തെരുവുതെണ്ടികളായി മാറിയിരിക്കുകയാണ്. ഒരാഴ്ച തുടർച്ചയായി ഓടിയാൽ ഒരു മാസക്കാലം വർക്കുഷോപ്പിൽ കിടക്കുന്ന സ്ഥിതിവിശേഷമാണ് ഉള്ളത്. ഇങ്ങനെ ഓടാത്തതുകൊണ്ട് പല ആട്ടോ റിക്ഷകളും സീലു ചെയ്തിരിക്കുകയാണ്. മാത്രമല്ല തക്ക സമയത്ത് അവർക്ക് പണമടയ്ക്കാനും കഴിഞ്ഞിട്ടില്ല. ആട്ടോ റിക്ഷകളുടെ കാര്യത്തിൻ പല അഴിമതികളും നടന്നിട്ടുണ്ടെന്ന് പലരും പറയുന്നുണ്ട്. അതിനെ സംബന്ധിച്ച് കാര്യമായ ഒരന്വേഷണം നടത്തണമെന്ന് ബഹുമാനപ്പെട്ട ഹരിജനക്ഷേമവകുപ്പുമന്ത്രിയോട് ആവശ്യപ്പെടുകയാണ്.

ഇന്നു നമ്മുടെ പൊതു ഖജനാവിലെ പണം പല തരത്തിലും ധൂർത്തടിക്കാറുണ്ട് അതിനെ സംബന്ധിച്ചും പലപ്പോഴും ഇവിടെ സംസാരിച്ചു കേൾക്കാറുണ്ട്. ഇവിടെ സമരം നടത്തിയാൽ അതടിച്ചമർത്തുന്നതിനുവേണ്ടി പോലീസിനെ ഇറക്കുമതി ചെയ്യുന്നതിന് നല്ലൊരു സംഖ്യ നഷ്ടപ്പെടുത്താറുണ്ട്. ഇത്രമാത്രം പണം ചെലവഴിക്കുമ്പോൾ പാവപ്പെട്ട വിഷമിക്കുന്ന ആട്ടോറിക്ഷ വാങ്ങിയ ഹരിജനവിഭാഗത്തെ രക്ഷിക്കുന്നതിനുവേണ്ടി അവർ അടയ്ക്കേണ്ട സംഖ്യ റൈററ് ഓഫ് ചെയ്തുകൊടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

അതുപോലെതന്നെ ഇന്നലെ ആർ. എസ്. എസിനെ സംബന്ധിച്ചു സംസാരിച്ചപ്പോൾ പലരും മതസൗഹാർദ്ദത്തെ സംബന്ധിച്ച് പറയുകയുണ്ടായി. അതെല്ലാം കേട്ടപ്പോൾ ഞാൻ വളരെ വേദനയോടുകൂടി ഇരിക്കുകയായിരുന്നു. ഞാൻ ഇതു പറയാൻ കാരണം റവന്യൂ വകുപ്പിനെക്കുറിച്ചുള്ള ഡിമാൻറിനെക്കുറിച്ച് ഞാൻ സംസാരിച്ചപ്പോൾ ഒരു കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. എന്റെ പ്രദേശത്തു നടന്ന ഒരു വഴിത്തർക്കത്തെ സംബന്ധിച്ച്. അതിനെക്കുറിച്ച് സമയമില്ലാത്തതുകൊണ്ട് ഞാൻ കൂടുതൽ സംസാരിക്കുന്നില്ല. പാവപ്പെട്ട ആ ഭാഗത്തെ ഹരിജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടി അപ്പുറത്തിരിക്കുന്ന സി. എച്ച് മുഹമ്മദ്കോയ സാഹിബ്ബിന്റെ പാർട്ടിയിൽപ്പെട്ട ഒരു വിഭാഗക്കാർ മുന്നോട്ടുവന്നപ്പോൾ ആ വിഭാഗക്കാരെ ക്രൂശിക്കുകയാണ് ചെയ്തത്. ഈ പ്രശ്നം താമസംവിനാ പരിഹരിക്കാമെന്ന് ബഹുമാനപ്പെട്ട റവന്യൂ മന്ത്രി എനിക്ക് വ്യക്തിപരമായി വാക്കുതന്നതിൽ സന്തോഷമുണ്ട്. ഇനിയും ഈ പ്രശ്നം സങ്കീർണ്ണമാക്കാതെ എത്രയുംവേഗം തീർക്കണം.

അതുപോലെതന്നെ നഗരവികസനത്തിന്റെ പേരിൽ ചില പദ്ധതികൾ എല്ല മുണ്ട്. കോഴിക്കോട് നഗരവികസനത്തിന്റെഭാഗമായി ചില ഷോപ്പിംഗ് സെൻററുകൾ തുടങ്ങുന്നതിനുവേണ്ടി ചില സ്ഥലങ്ങൾ അക്വയർ ചെയ്തിട്ടുണ്ടായിരുന്നു. അതിന്റെ ഫലമായി മാവൂർ റോഡിലും മററു പല സ്ഥലങ്ങളിലും സ്ഥലം അക്വയർ ചെയ്യുന്ന നടപടി സ്വീകരിച്ചിരുന്നു. എന്തോ അതിപ്പോൾ നിറുത്തിവച്ചിരിക്കുകയാണ്. അതിനെ സംബന്ധിച്ച് പറഞ്ഞുകേൾക്കുന്നത് ഭരണഭാഗത്തുള്ള ഉന്നതവ്യക്തികൾ അതിൽ ഇടപെടുന്നതുകൊണ്ടാണ് അതു നിറുത്തിവച്ചതെന്നാണ്. ചില സ്വകാര്യ വ്യക്തികൾ ഇത്തരം സ്ഥലങ്ങളിൽ കെട്ടിടം കെട്ടുന്നതിനുവേണ്ടിയുള്ള പെർമിഷനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നതായി കേൾക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സാധിക്കുന്നുണ്ട്. ശ്രീ. നീലലോഹിതദാസ് ഇവിടെ സൂചിപ്പിച്ചതുപോലെ കടലിൽ മൽസ്യം പിടിക്കാൻ പോകുന്ന തൊഴിലാളികൾക്ക് അവരുടെ മൽസ്യ ബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ടാൽ അതു വാങ്ങിക്കൊടുക്കുന്നതിനും അതുപോലെ അവർക്ക് ലോൺ അനുവദിച്ചുകൊടുക്കുന്നതിനും ഇന്നു പരിപാടികൾ ഒന്നുംതന്നെയില്ല. വെറും 500 രൂപമാത്രം കൊടുക്കുന്ന ഒരു വ്യവസ്ഥ മാത്രമാണുള്ളത്. അതുകൊണ്ട് നഷ്ടപ്പെട്ട പണിയായുധങ്ങൾ വാങ്ങുന്നതിനുള്ള ഗ്രാൻറ് കൊടുക്കുന്നതിനും അതുപോലെതന്നെ ലോൺ കൊടുക്കുന്നതിനും മൽസ്യത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുന്ന കാര്യത്തിലും പ്രത്യേകം ശ്രദ്ധിക്കണമെന്നഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ഡിമാൻറുകളെ എതിർക്കുന്നു.

ശ്രീ. കല്പട നാരായണൻ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുകയാണ്. കഴിഞ്ഞ 32 വർഷക്കാലമായി ഇൻഡ്യയിൽ കോടിക്കണക്കായ ഹരിജനങ്ങൾ അനുഭവിച്ചുകൊണ്ടിരിക്കുന്ന എല്ലാ ആനുകൂല്യങ്ങളും ഇനിഎത്രാണ്ട് 271 ദിവസംകഴിയുമ്പോൾ അവസാനിക്കാൻ പോവുകയാണ്. സാമൂഹ്യ സാമ്പത്തിക മണ്ഡലത്തിൽ ഇടതുപക്ഷ രാഷ്ട്രീയ പ്രസ്ഥാനവും പുരോഗമന രാഷ്ട്രീയ പ്രസ്ഥാനവും പ്രതീക്ഷിക്കുന്ന യാതൊരു പുരോഗതിയും ഉണ്ടാകാത്ത ഈ സാഹചര്യത്തിൽ വീണ്ടും സംവരണവ്യവസ്ഥ നീട്ടണമെന്നാണ് ഞങ്ങളുടെ അഭ്യർത്ഥന. മററുള്ള ജനവിഭാഗങ്ങൾ സാമ്പത്തിക രംഗത്ത് വളർന്നതുപോലെ, സാമൂഹ്യ രംഗത്തു വളർന്നതുപോലെ, വിദ്യാഭ്യാസ രംഗത്തു വളർന്നതുപോലെ ഈ സമൂഹവും വളരേണ്ടത് ആവശ്യമാണ്. അതിന് കാലപരിധി ആവശ്യവുമില്ല. 1980 നു ശേഷവും ഈ ആനുകൂല്യമെല്ലാം കിട്ടണമെന്നാണ് എനിക്ക് ആദ്യമായി അഭ്യർത്ഥിക്കാനുള്ളത്. നമ്മുടെ സംസ്ഥാന ഗവൺമെൻറ് കഴിഞ്ഞ വർഷം ഈ വകുപ്പിൽ, ഹരിജനക്ഷേമ വകുപ്പിന് 9.87 കോടി രൂപ വകയിരുത്തിയിരുന്നു. അതിൽ 100 ശതമാനം തുകയും ഈ വകുപ്പ് ഇതിനകം ചെലവഴിച്ചു കഴിഞ്ഞിരിക്കുകയാണ്. അതുപോലെതന്നെ നമ്മുടെ പട്ടിക വർഗ്ഗ വിഭാഗത്തിനുള്ള വകുപ്പിന് 1.74 ലക്ഷം രൂപ വകയിരുത്തിയിരുന്നു. അതിൽ 99 ശതമാനം തുകയും ചെലവഴിച്ചുകഴിഞ്ഞിരിക്കുകയാണ്. ഇത് ഈ സംസ്ഥാനത്ത് ഒരു വ്യതിയാനം കുറിക്കുന്നു. ഈ സംസ്ഥാനത്തെ പാവപ്പെട്ട വിഭാഗത്തിൻെറ രക്ഷയ്ക്കുവേണ്ടി നിൽക്കുന്ന ഉദ്യോഗസ്ഥൻമാർ ഈ ഡിപ്പാർട്ടുമെൻറിൻെറ തലപ്പത്തിരിക്കുന്നതുകൊണ്ടാണ് ഈ തുക മുഴുവൻ ചിലവഴിക്കാൻ കഴിഞ്ഞത് എന്നാണ് എൻെറ വിശ്വാസം. അതിനു നേതൃത്വം നൽകിയ കർമ്മധീരനായ മന്ത്രിയെ ഞാൻ അഭിനന്ദിക്കുന്നു. മാത്രവുമല്ല ഡവലപ്പ്മെൻറ് സെക്രട്ടറി ശ്രീ. ബഥനേയും ഡയറക്ടർമാരായ മേനോനേയും ശിവാനന്ദനേയും ഞാൻ അഭിനന്ദിക്കുന്നു. മറെറാരു വകുപ്പിനും ഇത്രത്തോളം മുമ്പോട്ടു പോകാൻ കഴിഞ്ഞിട്ടില്ല. 1979-80 കാലയളവിൽ ഹരിജനക്ഷേമ വകുപ്പിലേക്ക് 10.95 കോടി ഉറുപ്പിക വകയിരുത്തിയിട്ടുണ്ട്. പട്ടിക വർഗ്ഗ വകുപ്പിലേക്ക് 2.01 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പത്തു ശതമാനത്തിൻെറ അടിസ്ഥാനത്തിൽഅഞ്ചുകോടി രൂപയോളം വകയിരുത്തിയിട്ടുണ്ട്. ഇങ്ങനെ 17 കോടിയിലധികം രൂപ വകയിരുത്തിയിരിക്കുന്നു. ഇതിൽ എഴുപതു ശതമാനം തുകയും വിദ്യാഭ്യാസ മണ്ഡലത്തിൻെറ പുരോഗതിക്കുവേണ്ടി ചെലവഴിക്കുന്നു. ഈ ധനാഭ്യർത്ഥനയുടെ പ്രത്യേകത പട്ടിക വർഗ്ഗത്തിലുള്ള വിദ്യാർത്ഥികൾ എസ്. എസ്. എൽ. സി. പരീക്ഷ എഴുതി തോററുപോയാൽ ജയിക്കുന്നതിനാവശ്യമായ സഹായം ചെയ്തുകൊടുക്കുന്നതിന്, ട്യൂട്ടോറിയലിൽ പഠിക്കുന്നതിന് ആവശ്യമായ എല്ലാ

LIBRARY ARCHIVES Kerala Legislative Assembly

സഹായ സഹകരണങ്ങളും ചെയ്യാൻ ഈ ഗവൺമെൻറ് മുന്നോട്ടു വന്നിട്ടുണ്ട്. അതുപോലെ പട്ടികജാതിക്കാരിലെ പാവപ്പെട്ട കുട്ടികൾക്കുവേണ്ടി അവരേയും സഹായിക്കാൻ ഗവൺമെൻറ് മുമ്പോട്ടു വരേണ്ടതാണ്. മററാരു സംസ്ഥാനത്തും ഇല്ലാത്തത്ര തൊഴിലില്ലായ്മ പ്രശ്നം ഇന്ന് നമ്മുടെ ഹരിജനങ്ങളുടെ ഇടയിലുണ്ട്. ഒന്നേകാൽ ലക്ഷത്തോളം ഹരിജനങ്ങൾ തൊഴിലില്ലാത്തവരായി ഉണ്ട്. അതിൽ പതിനയ്യായിരം പേർ പത്താം ക്ളാസ്സുവരെയുള്ള പരീക്ഷ പാസ്സായവരാണ്. ശേഷിക്കുന്നവർ പത്താം ക്ലാസ്സുവരെപഠിച്ചവരാണ്. ഉദ്യോഗരംഗം പരിശോധിക്കുമ്പോൾ 100 ഹരിജനങ്ങൾക്ക് ഒരു ഉദ്യോഗസ്ഥനേയുള്ളു. അതും പരിശോധിക്കേണ്ട കാര്യമാണ്. അങ്ങനെ തൊഴിലില്ലായ്മ രൂക്ഷതരമാണ് ഈ രംഗത്ത്. അതിനാവശ്യമായ ചില പദ്ധതികൾ ഞാൻ നിർദ്ദേശിക്കുകയാണ്. വ്യാവസായിക രംഗത്ത് ഒരു പുതിയ മേഖല കണ്ടെത്താൻ ആവശ്യമായ നടപടി കൈക്കൊള്ളേണ്ട കാലം സമാഗതമായിരിക്കുന്നു. അതിനാവശ്യമായ നിർദ്ദേശങ്ങൾ ഇവിടെയുണ്ട്. ഞാൻ വിശദീകരിക്കുവാൻ ആഗ്രഹിക്കുന്നില്ല. ഇതെല്ലാം പരിശോധിക്കണമെന്നാണ് എൻെറ അഭ്യർത്ഥന. പുതിയ പുതിയ മേഖലകൾ കണ്ടെത്തി സാമ്പത്തിക രംഗത്തു അവർക്കാവശ്യമായ പുരോഗതി കൈവരിക്കേണ്ടിയിരിക്കുന്നു. നമുക്കെതിരായി ഒരു വൻശക്തി വടക്കേ ഇൻഡ്യയിൽ ഉയരുകയാണ്. ഈ അടുത്ത കാലത്തു 'മിററിൽ' (Mirror) ഞാൻ ഒരു ലേഖനം വായിക്കുകയുണ്ടായി. അതിൽ പറയുന്നത് പട്ടികജാതി പട്ടികവർഗ്ഗക്കാർ ഇൻഡ്യയിലെ ഒന്നാംതരം പൗരൻമാരാണെന്നും ബ്രാഹ്മണ വിഭാഗത്തിൽപെട്ടവർ അല്ലെങ്കിൽ ആർ. എസ്. എസ്. കാർ മൂന്നാം തരം പൗരൻമാർ ആണെന്നുമാണ്. അങ്ങനെ നമുക്കെതിരായി, ഇൻഡ്യയിലെ പട്ടികജാതി-പട്ടിക വർഗ്ഗക്കാർക്കെതിരായി വളരെ ശക്തിയായ ഒരു എതിർനിര ആരംഭിച്ചിട്ടുണ്ട്. അതുകൊണ്ടാണു ഞാൻ പറയുന്നത് ഇൻഡ്യയിലെ കോടിക്കണക്കിനായ ഹരിജനങ്ങളുടെ ഭാവി ഇന്നു ഗുരുതരാവസ്ഥയിൽ നിൽക്കുകയാണെന്ന്.

അതുപോലെതന്നെ ഹരിജൻ വികസന കോർപ്പറേഷൻെറ പ്രവർത്തനങ്ങളെ സംബന്ധിച്ചു പറഞ്ഞു. സമയമില്ലാത്തതുകൊണ്ട് ഞാൻ അതു വിശദീകരിക്കുന്നില്ല. കോർപ്പറേഷൻെറ പ്രവർത്തനങ്ങൾക്കാവശ്യമായ അടിസ്ഥാന ശിലയിട്ടത് ശ്രീമാൻ വെള്ളഈച്ചരനാണ്. അദ്ദേഹം അന്നു നൽകിയ ആട്ടോറിക്ഷകളൊന്നുംതന്നെ ഇന്നു തെരുവീഥികളിൽ ഓടുന്നില്ല. ശ്രീമാൻ കെ. പി. രാമൻ സൂചിപ്പിച്ചതുപോലെ അന്നു നൽകിയ 232 ആട്ടോ റിക്ഷകൾ സംബന്ധിച്ച ഒരു പരസ്യാന്വേഷണത്തിന് ശ്രീമാൻ വെള്ള ഈച്ചരൻ തയ്യാറുണ്ടോ ? അതു പരിശോധിക്കുകയാണെങ്കിൽ എന്തുകൊണ്ട് തെരുവീഥികളിൽ ഈ ആട്ടോറിക്ഷകൾ ഓടുന്നില്ലെന്നു തെളിയും. അതുകൊണ്ടു കോർപ്പറേഷൻെറ അന്നത്തെ പ്രവർത്തനത്തെ സംബന്ധിച്ച അന്വേഷണം നടത്തണം. കഴിഞ്ഞ 23 വർഷങ്ങളായി പതിനായിരം വീടുകൾ ഹരിജനങ്ങൾക്കുവേണ്ടി നിർമ്മിച്ചപ്പോൾ 1970 നുശേഷം 56,000 വീടുകൾ ഈ ഗവൺമെൻറ് അവർക്കുവേണ്ടി നിർമ്മിച്ചു സർ. കാലഘട്ടത്തിൻെറ വികാരം ഉൾക്കൊണ്ട, പാവങ്ങളുടെ വികാരം ഉൾക്കൊണ്ട ഒരു ഗവൺമെൻറാണിത്. 69 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾക്ക് സമഗ്രമായ ഒരു പദ്ധതി തയ്യാറാക്കിക്കൊണ്ട് കോർപ്പറേഷൻ ഗവൺമെൻറിൻെറ മുൻപാകെ സമർപ്പിച്ചിട്ടുണ്ട്. അതു പരിശോധിക്കണം. അതു പരിശോധിച്ചാൽ ഈ കാലഘട്ടത്തിൻെറ മാററം ഉൾക്കൊള്ളാൻ കഴിയുന്ന എല്ലാ ചലനങ്ങളും രൂപങ്ങളും ഭാവങ്ങളും അതിലുണ്ടെന്നു കാണാൻ കഴിയും. അതനുസരിച്ച ശക്തിയായ നടപടി സ്വീകരിക്കുവാൻ ഗവൺമെൻറ് മുന്നോട്ടു

LIBRARY ARCHIVES Kerala Legislative Assembly

വരണം. മർദ്ദനത്തെ സംബന്ധിച്ച് ഇവിടെ പറഞ്ഞു. ആരാണു മർദനം നടത്തുന്നത്? രണ്ടുപേരുടെ കാര്യത്തിൽ ഇവിടെ ഒരുസംഭവമുണ്ടായി അതു ഞാൻ സമ്മതിക്കുന്നു. കുററക്കാർക്കെതിരായ എല്ലാ നടപടികളും സ്വീകരിക്കുമെന്നു ഗവൺമെൻറ് പറയുന്നു. ബീഹാറിൽ എന്തുണ്ടായി, മദ്ധ്യപ്രദേശിൽ എന്തുണ്ടായി. മഹാരാഷ്ട്രയിൽ എന്തുണ്ടായി, കഴിഞ്ഞ വർഷം മദ്ധ്യപ്രദേശിൽ 956 ഹരിജനങ്ങളെ ചുട്ടുകരിച്ചു. 467 സ്ത്രീകളെ ബലാൽസംഗം ചെയ്തു. അന്നൊന്നുമുണ്ടാകാത്ത വികാരം എന്തേ ഇന്നു കാണുന്നത് ? 'കൊന്നത്തടിയനാം നിന്റെ പരാക്രമം കാശിക്കു പോയോ പറക വൃകോദരാ' അതുപോലെ അന്നു ഒന്നും മിണ്ടാതെ നടന്നിട്ടു ഇന്നു ഈ വികാരങ്ങളുടെ ആവശ്യമുണ്ടോ, ഈ ഇറങ്ങിപോക്കിന്റെ ആവശ്യമുണ്ടോ? ആർക്കും ഒന്നും പറയാൻ അവകാശമില്ല. കോൺഗ്രസ് (ഐ) ഭരിക്കുന്ന ആന്ധ്രയിൽ ഹരിജനങ്ങൾക്ക് ക്ഷേത്രത്തിൽ പ്രവേശനമില്ല. എം. എൽ. എ. മാർക്കു പ്രവേശനമില്ല. ഭൂമിക്കുവേണ്ടി സമരം ചെയ്ത ഹരിജനങ്ങളെ കൊന്നൊടുക്കി. ആന്ധ്രയിലും കർണ്ണാടകത്തിലും ഇതു തന്നെയാണ്. അതിൽനിന്നെല്ലാം വ്യത്യസ്തമായി ഭാവനയും ചൈതന്യവുമുള്ള ഒരു ഗവൺമെൻറാണിത്. അതുകൊണ്ട് പാവങ്ങൾ ഈ ഗവൺമെൻറിന്റെ പിന്നിലുണ്ട്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

<u>ശ്രീ. എം. വി. രാജൻ:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ മൊത്തത്തിൽ എതിർക്കുകയാണ്. വെൽഫെയർ ഡിപ്പാർട്ടുമെൻറിനുവേണ്ടി ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകയും ഹരിജനങ്ങളുടെയും ഗിരിജനങ്ങളുടെയും സംഖ്യയും തട്ടിച്ചുനോക്കിയാൽ ഒരു കൊല്ലത്തിൽ ഈ ഗവൺമെൻറ് ഒരു ആദിവാസിക്കും ഒരു ഹരിജനും 2 രൂപയാണ് കൊടുക്കാൻ പോകുന്നതെന്ന് ഏകദേശം മനസ്സിലാക്കുവാൻ കഴിയും. അതുകൊണ്ട് ഈ ഡിപ്പാർട്ടുമെൻറിലേക്കുള്ള ധനാഭ്യർത്ഥനകളെ പ്രത്യേകമായും എതിർക്കുന്നു. മറെറാന്ന് ഇത്രയും തുക അനുവദിച്ചുകൊടുത്താൽ നമ്മുടെ ഈ വകുപ്പ് കൈയാളുന്ന മന്ത്രിക്ക് അത് നേരെ ചെലവാക്കാൻ സമയമുണ്ടാകുമോ എന്നും ഞാൻ സംശയിക്കുന്നു. കാരണം കേരളത്തിലെ മന്ത്രിമാരിൽ ഏററവും തിരക്കുപിടിച്ച ഒരു മനുഷ്യനാണ് ഈ മന്ത്രി. അദ്ദേഹം എവിടെചെന്നാലും ഇന്ദിരാഗാന്ധിയെപ്പോലുള്ള വൻകിട നേതാക്കൻമാർ വരുന്നതുപോലെ ആളുകൾ തടിച്ചുകൂടാറുണ്ട്. വേറൊരു ഉപമ പറഞ്ഞാൽ ഞങ്ങളുടെ വയനാട്ടിലെല്ലാം പറയുന്നതുപോലെ 'ചക്കപ്പഴത്തിൽ ഈച്ച പൊതിയുന്നതുപോലെ' ദാമോദരൻ കാളാശ്ശേരി എന്നുപറയുന്ന മന്ത്രി ഈ സംസ്ഥാനത്തിൽ എവിടെപോയാലും ആളുകൾ ഓടികൂടുകയാണ്. ഹരിജനങ്ങൾ, ഗിരിജനങ്ങൾ, പല തട്ടുകളിലുള്ള ആളുകൾ, കൈനോട്ടക്കാർ ഇങ്ങനെ പലരും വന്നുകൂടുന്നുണ്ട്. ഈ മന്ത്രിക്ക് അവരോട് സമാധാനം പറയാനുള്ള സമയം മാത്രമേ കിട്ടുന്നുള്ളു. അദ്ദേഹത്തിന്റെ ഭവനത്തിലേക്ക് ഒന്നു ചെന്നുനോക്കിയാൽ വളരെ രസകരമാണ്. അവിടെ ഒരു ഉത്സവത്തിന്റെ പ്രതീതിയാണ്. ഇത്ര നല്ല മനുഷ്യൻ. പാലുപോലെ മനസ്സുള്ള മനുഷ്യൻ, ആദിവാസികൾക്കും ഹരിജനങ്ങൾക്കും വേണ്ടി രാവും പകലും ഉറക്കമൊഴിഞ്ഞ് പണിയെടുക്കുന്ന മനുഷ്യൻ വേറെയില്ല. കെ. കെ. ബാലകൃഷ്ണനെയെല്ലാം പിന്നിലാക്കിയിരിക്കുകയാണ്. ഇത്രയും സ്നേഹമുള്ള ഒരു മന്ത്രി വേറെയില്ല. അദ്ദേഹത്തിന് ഈ സംഖ്യ മുഴുവൻ പാസ്സാക്കികൊടുത്താൽ അത് നേർവഴിക്ക് ചെലവാക്കാൻ അദ്ദേഹത്തിന് സാധിക്കുകയില്ല. അദ്ദേഹത്തോടുള്ള വെറുപ്പുകൊണ്ട് പറയുകയല്ല. അദ്ദേഹത്തിന് തീരെ സമയ

LIBRARY ARCHIVES Kerala Legislative Assembly

മില്ല. ഇത്രയും പൊതുജന സേവകനായ ഒരു മന്ത്രി നമ്മുടെ സംസ്ഥാനത്തുണ്ടായിട്ടില്ല. ബേബിജോണിന്റെയൊന്നും പിന്നിൽ ആളില്ല. കാളാശ്ശേരിയുടെ പിന്നിലെ ആളുള്ളൂ. എവിടെ ചെന്നാലും ആളിന്റെ തിരക്കാണ്. അതുകൊണ്ടാണല്ലോ ബില്ല് പാസ്സാക്കി നടപ്പിലാക്കുമെന്ന് ബഹുമാനപ്പെട്ട ബേബിജോൺ കഴിഞ്ഞ ദിവസം പറഞ്ഞത്. കാളാശ്ശേരി ഉള്ളതുകൊണ്ട്. ഏതായാലും ശരി അപ്പുറത്തുള്ള കല്ലട നാരായണൻ കല്ലടയിൽ എന്ത് സംഭവിച്ചു എന്നുവരെ ഇവിടെ ചോദിച്ചു. ഈയിടെ നൂറ് ബാലവാടികൾ ആദിവാസികൾക്കുവേണ്ടി ഉണ്ടാക്കി. അതിനുള്ള ടീച്ചർമാരേയും തിരഞ്ഞെടുത്തു; വിദ്യാഭ്യാസയോഗ്യതയുള്ള ടീച്ചർമാരെ. അതിൽ എത്ര ആദിവാസി ഹരിജൻ ടീച്ചർമാർ ഉണ്ടെന്നു പറയാമോ? ഇവരുടെ സേവനമാണ്, ഹരിജൻ വെൽഫയർ ഡിപ്പാർട്ടുമെന്റിന്റെ സേവനമാണ്; ആദിവാസികളും ഹരിജനങ്ങളുമായ ടീച്ചർമാർ ആരും ഇല്ലെന്നുമാത്രമല്ല, അവർക്ക് കൊടുക്കുന്ന ശമ്പളം എത്രയാണെന്ന് അറിയാമോ? വെറും 75 രൂപയാണ്. രാവിലെ മുതൽ വൈകുന്നേരം വരെ 40 കുട്ടികളെ ഇരുത്തി പഠിപ്പിക്കുവാനുള്ള, ഫുൾടൈം ആയി പണിയെടുക്കുന്ന അദ്ധ്യാപകർക്ക് 75 രൂപയാണ് ശമ്പളം കൊടുക്കുന്നത്. ഇവിടെ ഇപ്പോൾ 13, 14 മന്ത്രിമാരില്ലേ? നിങ്ങൾക്ക് പ്രായമായ മക്കൾ ഇല്ലേ? നിങ്ങൾക്ക് ഇത്രയുമധികം സേവനമനഃസ്ഥിതിയുണ്ടെങ്കിൽ നിങ്ങളുടെ മക്കളെ 75 രൂപ ശമ്പളത്തിൽ നിയമിക്കുവാൻ നിങ്ങൾക്ക് കഴിയണ്ടേ? അപ്പോൾ ഈ പരിപാടികൾ എങ്ങനെയെങ്കിലും പരാജയപ്പെടുത്തി നശിപ്പിക്കുവാൻ കരുതിക്കൂട്ടിയാണ് ഇങ്ങനെയെല്ലാം ചെയ്യുന്നത്. അതുകൊണ്ടാണ് ഈ നടപടികളെ ഞങ്ങൾ എതിർക്കുന്നത്. ഇതുപോലെയുള്ള കാര്യങ്ങൾ ഇപ്പുറത്തുള്ള ആളുകൾ പറഞ്ഞാൽ തെളിവു കൊണ്ടുവാ, തെളിവു കൊണ്ടുവാ എന്ന് നമ്മുടെ മന്ത്രിമാർ പറയും. സ്ത്രീകളെ ബലാൽസംഗം ചെയ്തെന്നുപറഞ്ഞാൽ തെളിവുകൊണ്ടുവരാൻ പറയും. അതിന് ഒരുപാധി ഞാൻ പറയാം. ഈ രാജ്യത്തെ ഹരിജനങ്ങളെയും ഗിരിജനങ്ങളേയും പ്രത്യേകിച്ച് ചെറുപ്പക്കാരായ ഇവിടെയുള്ള മന്ത്രിമാരുടെ വസതികളിൽ കൊണ്ടുവന്ന് താമസിപ്പിക്കണം. എങ്കിൽ മാത്രമെ മററുള്ള ആളുകൾ കൈയേററം നടത്തുന്നത് മനസ്സിലാക്കാൻ കഴിയൂ. കണ്ണിൽ കണ്ടാൽ മാത്രമെ വിശ്വസിക്കുവാൻ കഴിയൂ എന്നാണ് പറയുന്നത്. ഇന്നലെ മാതൃഭൂമി പത്രം ഒരു എഡിറേറാറിയൽ എഴുതിയിരുന്നു. ''ഇവിടെയൊരു ഗവൺമെൻറ് ഉണ്ടോ? നാണക്കേടാണ് ഇവിടെ ഒരു ഗവൺമെൻറുണ്ടെന്നുപറഞ്ഞാൽ'' എന്ന് നിങ്ങളെ പിന്താങ്ങുന്ന—ഞങ്ങളെയല്ല—മാതൃഭൂമി എഴുതിയിരിക്കുന്നു. എന്നിട്ട് ആഭ്യന്തരമന്ത്രിപറയുന്നത് കളക്ടറുടെ റിപ്പോർട്ടനുസരിച്ച് അവിടെ ഒന്നും നടന്നിട്ടില്ല എന്നാണ്. ഏത് കളക്ടറാണ് ആദിവാസികളെ സംബന്ധിച്ച് നല്ല റിപ്പോർട്ട് ഈ ഗവൺമെൻറിന് സമർപ്പിച്ചിട്ടുള്ളത്? കഴിഞ്ഞകൊല്ലം 20 ആദിവാസികൾ പട്ടിണികിടന്ന് മരിച്ചപ്പോൾ, അതിവിടെവന്നു പറഞ്ഞപ്പോൾ കളക്ടറുടെ റിപ്പോർട്ടനുസരിച്ച് രോഗംകൊണ്ട് മരിച്ചു എന്നാണ് പറഞ്ഞത്. അവർ പട്ടിണികൊണ്ടാണ് മരിച്ചത്. അതുപോലെതന്നെ ആലപ്പുഴയിലുള്ള ആദിവാസികളുടെ കാര്യം. പത്രറിപ്പോർട്ടുകൾ വന്നിട്ടുള്ളതാണ്. അതിനെപ്പററിയൊന്നും അന്വേഷിക്കുവാൻ ഇവിടെയുള്ള മന്ത്രിമാർക്കും അപ്പുറത്തിരിക്കുന്ന എം. എൽ. എ. മാർക്കും സമയമില്ല. ഇപ്പുറത്തുള്ള ഞങ്ങൾ പറഞ്ഞാൽ അത് ഗവൺമെൻറിനെ എതിർക്കാനാണെന്നു പറയും. അതുപോലെതന്നെ വിദ്യാഭ്യാസരംഗത്ത് ഹരിജനങ്ങളും ഗിരിജനങ്ങളും വളരെ പരാജയപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ന് രണ്ട് ഡിപ്പാർട്ടുമെൻറുകളായി മാററിയിട്ടുണ്ട്. രണ്ട് ഡയറക്ടർമാരുണ്ട്. ഈ ധനാഭ്യർത്ഥനകളുടെ പേജുകളൊന്നു മറിച്ചു നോക്കിയാൽ ഇല്ലാത്ത വെൽഫയർ കോർപ്പറേഷനുവേണ്ടി പണം നീക്കിവച്ചി

LIBRARY ARCHIVES Kerala Legislative Assembly

രിക്കുന്നതായി കാണാം. പ്ലാൻ സ്കീമിൽ ഇഷ്ടംപോലെ പൈസയുണ്ട്, നോൺ സ്കീമിൽ പൈസയുണ്ട്. അതിനൊന്നും പരിപാടിയില്ല. അതുമാത്രവുമല്ല ഈ വിദ്യാർത്ഥികൾക്ക് ഭക്ഷണം ശരിക്ക് കൊടുക്കാത്തതുകൊണ്ടാണ് അവർ വിദ്യാഭ്യാസത്തിൽ പിന്നോട്ടുപോകുന്നതെന്നു കണ്ടുകൊണ്ട് ശ്രീ. മാധവമേനോൻ ഈ ഡിപ്പാർട്ടുമെൻറ് കൈകാര്യം ചെയ്തപ്പോൾ ഒരു മെനു ഏർപ്പെടുത്തിയിരുന്നു. വളരെ നല്ല ഒരു മെനു ആയിരുന്നു. അത് ഈ ഹോസ്റ്റലുകളിൽ നടപ്പിലാക്കുന്നുണ്ടോ എന്ന് പരിശോധിക്കണം. നടപ്പിലാക്കുന്നില്ല. അതുപോലെതന്നെ ഇവർ താമസിക്കുന്ന ഹോസ്റ്റലുകൾ നിങ്ങൾ, മന്ത്രിമാർ ഒന്നുചെന്നുനോക്കണം.

വളരെ കഷ്ടമാണ് സർ, കുടിക്കാൻ വെള്ളമില്ല, വെളിച്ചമില്ല, കിടക്കാൻ പായ് പോലുമില്ല. ചോററ് പിടിച്ച് അടുക്കാൻ സാദ്ധ്യമല്ല. എണ്ണയില്ല, ഒരു വസ്തുവുമില്ല സർ, എന്നിട്ടും ഇത്രയധികം സംഖ്യ എങ്ങനെ പാസ്സാക്കികൊടുക്കും. അതുകൊണ്ട് എന്റെ പൊന്നുമന്ത്രി, നിങ്ങൾ ഒന്ന് ഇവിടെ ഇരുന്നു പഠിക്കണം. ഹരിജനങ്ങളെയും ആദിവാസികളെയും പററി, അവരുടെ പ്രശ്നങ്ങളെപ്പററി പഠിക്കണം.

ഗിരിജനങ്ങളുടെ ഉന്നമനത്തിനുവേണ്ടി, സാമൂഹ്യരംഗത്തും സാംസ്കാരികരംഗത്തുമുള്ള വളർച്ചയ്ക്കുവേണ്ടി ഒരു റിസർച്ച് സെൻറർ കോഴിക്കോട്ടുണ്ട്. അവിടെ ഉദ്യോഗസ്ഥൻമാർ തമ്മിൽ കുത്തുകയാണ്. അവിടെ യാതൊരുവിധത്തിലുള്ള പ്രവർത്തനവും നടക്കുന്നില്ല. അത് നശിപ്പിക്കാൻവേണ്ടി ശ്രമിക്കുകയാണ്. പെട്ടെന്ന് അത് നശിക്കും.

അതുപോലെതന്നെ തിരുനല്ലിയിൽ 35 വീടുകൾ പണിയാൻ തീരുമാനിച്ചു. അതിനെ സംബന്ധിച്ച് പറയുകയാണെങ്കിൽ ഈ വീടുകളുടെ പണി പഞ്ചായത്തുമെമ്പർ കൂടിയായ ജനതാ നേതാവിനെയും മററും ഏൽപ്പിച്ചു. അതിൽ ബഹുമാനപ്പെട്ട മന്ത്രിയുടെ പാർട്ടിയിൽപ്പെട്ട ഒരാളും ഉണ്ട്. ഇവർ രണ്ടുപേരുംകൂടി 21,000 രൂപ വാങ്ങിയെടുത്തു. അവർ മുങ്ങി. ഇപ്പോൾ അവരുടെ പേരിൽ ആർ. ആർ. നടപടിയെടുക്കുമെന്നാണ് പറയുന്നത്. എന്ത് നടപടിയാണ് എടുക്കുന്നത്. രേഖയില്ല, ഒന്നുമില്ല ഈ 35 വീടുകൾ വെള്ളത്തിൽ തന്നെ. അതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തിയായി എതിർക്കുന്നു. വളരെ ശക്തിയായി എതിർക്കുന്നു.

[Shri K. K. Balakrishnan in the Chair.]

ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: സർ, ദാരിദ്ര്യ മേഖലയ്ക്ക് താഴെ കിടക്കുന്ന, കടലമ്മയുടെ ആശ്രയം മാത്രം ജീവിത നിർവ്വഹണത്തിന് ആധാരമായിനിൽക്കുന്ന നമ്മുടെ തീരദേശങ്ങളിലെ ലക്ഷോപലക്ഷം വരുന്ന പാവപ്പെട്ട മൽസ്യത്തൊഴിലാളികളുടെ അഭിവൃദ്ധിക്കുവേണ്ടിയും മൽസ്യവികസനത്തിനുവേണ്ടിയും ഗവൺമെൻറ് ആവിഷ്കരിച്ച് നടപ്പിൽവരുത്തുന്നതായ പരിപാടികൾ നമ്മുടെ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം തികച്ചും ഉപകാരപ്രദമായിത്തീരുന്നുണ്ടോയെന്ന് പരിശോധിക്കേണ്ട കാലം വൈകിയിരിക്കുന്നു എന്ന അഭിപ്രായമാണ് എനിക്കുള്ളത്. ഫിഷറീസ് വികസനത്തിനുവേണ്ടി നമ്മുടെ സംസ്ഥാന ഗവൺമെൻറ് ഒരു മാസ്ററർ പ്ലാൻ ഉണ്ടാക്കി. ആ മാസ്ററർ പ്ലാൻ ഇന്നും കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം ലഭിക്കാതെ കിടക്കുന്ന ദുരവസ്ഥയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. കേന്ദ്ര ഗവൺമെൻറിൽ സമ്മർദ്ദം ചെലുത്തിക്കൊണ്ട് ആ മാസ്ററർപ്ലാൻ ഏററവും വേഗത്തിൽ അംഗീകരിപ്പിച്ച് നടപ്പിൽ വരുത്താൻ ഈ ഗവൺമെൻറ് മുന്നോട്ടുവരണം.

LIBRARY ARCHIVES Kerala Legislative Assembly

സർ, നമ്മുടെ മൽസ്യത്തൊഴിലാളികൾക്ക് മെക്കനൈസ്ഡ് ബോട്ടുകൾ സഹകരണ സ്ഥാപനങ്ങൾ വഴിയായി വിതരണം ചെയ്തു. എന്നാൽ ആ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ പ്രവർത്തന മൂലധനം നൽകാതെ, പ്രോൽസാഹനം നൽകാതെ മാർക്കററിംഗിനുള്ള സൗകര്യം ഉണ്ടാക്കികൊടുക്കാതെ സ്വകാര്യ വ്യക്തികൾക്കുവേണ്ടി ആ സ്ഥാപനങ്ങളെ ഞെക്കിക്കൊല്ലുകയാണുണ്ടായത്. അതിൻെറ ഫലമായിട്ട് ആ സഹകരണസ്ഥാപനങ്ങളെല്ലാംതന്നെ, ആ ബോട്ടുകൾ എല്ലാം തന്നെ സ്വകാര്യവ്യക്തികൾക്ക് വിതരണം ചെയ്യുകയുണ്ടായി. ആ വിതരണത്തിൽ വമ്പിച്ച അഴിമതി ഉണ്ടായിയെന്ന് ആക്ഷേപമുണ്ട്. അതിനെ സംബന്ധിച്ചിടത്തോളം നിശ്ചയമായും അന്വേഷണം ആവശ്യമാണ്.

അതുപോലെതന്നെ ഈ സഹകരണസ്ഥാപനങ്ങളെ എല്ലാം തന്നെ പുനഃസംഘടിപ്പിച്ചുകൊണ്ട് ഈ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാമ്പത്തികസഹായം നൽകികൊണ്ട് സഹകരണമേഖലയിൽതന്നെ നമ്മുടെ മൽസ്യത്തൊഴിലാളികളുടെ പ്രവർത്തനത്തിന് നേതൃത്വം കൊടുക്കാൻ സാധിക്കുന്ന സംവിധാനം ഉണ്ടാക്കേണ്ടത് ആവശ്യമാണ്.

സർ, മൽസ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണത്തിനുവേണ്ടി ഫിഷർമെൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ഉണ്ടാക്കിയത് സ്വാഗതാർഹമാണ്. ഭൂമിയുള്ളതായ മൽസ്യത്തൊഴിലാളികൾക്കുമാത്രം ഭവനം നിർമ്മിച്ചുകൊടുക്കുകയെന്നുള്ളതാണ് ഈ കോർപ്പറേഷൻെറ പരിപാടിയെങ്കിൽ ഭൂമിയും വീടുമില്ലാത്ത മൽസ്യത്തൊഴിലാളികൾക്ക് ഫിഷർമെൻ കോളനികൾ ഉണ്ടാക്കികൊടുക്കാനുള്ള പരിപാടികൾ ആവശ്യമാണ്. സർ, ഈ കോർപ്പറേഷൻ വഴി ഭവനം നിർമ്മിച്ചുകൊടുക്കുന്ന കാര്യത്തിൽ അതിലെ ചില ഉദ്യോഗസ്ഥൻമാർ അഴിമതി നടത്തുന്നു എന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞാൻ എൻെറ നിയോജകമണ്ഡലത്തിൽ പോയ അവസരത്തിൽ രണ്ടായിരം രൂപ ഗ്രാൻറും രണ്ടായിരം രൂപ വായ്പയും നൽകുന്നതായ ഈ ഫിഷർമെൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ വീടുകൾ കൊടുക്കുകയാണെങ്കിൽ ഗ്രാൻറിൻെറ നാലിലൊരംശം, 500 രൂപയെങ്കിലും ബന്ധപ്പെട്ട ഇൻസ്പെക്ടർക്ക് കൊടുത്താൽ മാത്രമേ വീട് അനുവദിക്കുകയുള്ളു എന്ന് ഒരു ഉദ്യോഗസ്ഥൻ പറഞ്ഞതായി ഒരു പരാതി എന്നോടുതന്നെ പല മൽസ്യത്തൊഴിലാളികളും പറയുകയുണ്ടായി. സർ, ഇതുസംബന്ധിച്ച് ഒരു അന്വേഷണം നടത്താൻ തയ്യാറാകുകയാണെങ്കിൽ ആവശ്യമായ തെളിവുകൊടുക്കാൻ ഞാൻ തയ്യാറാണ്. അതിനുള്ള അന്വേഷണം നടത്തണമെന്ന് ഞാൻ ഈ അവസരത്തിൽ പറയുകയാണ്.

സർ, മൽസ്യവ്യവസായ വികസനത്തിന് ഐസ് പ്ലാൻറുകൾ ആവശ്യമാണ്. മൽസ്യം മററു സ്ഥലങ്ങളിൽ കൊണ്ടുപോകാൻ ആവശ്യമായ നല്ല റോഡുകൾ ആവശ്യമാണ്. ഫിഷ് മാർക്കററ് ആവശ്യമാണ്. റഫ്രിജിറേറർ ആവശ്യമാണ്. മെക്കനൈസ്ഡ് ബോട്ടുകൾക്കാവശ്യമായ പെട്രോളും ഡീസലും കൊടുക്കാനാവശ്യമായ സംവിധാനം ആവശ്യമാണ്. ഇതെല്ലാം സ്വകാര്യവ്യക്തികളെ ഏൽപിക്കുന്നതിനുപകരം ഇതെല്ലാം സഹകരണസ്ഥാപനങ്ങൾക്ക് അനുവദിച്ചുകൊടുത്തുകൊണ്ട് സഹകരണസ്ഥാപനങ്ങൾക്കാവശ്യമായ സാമ്പത്തിക സഹായവും നൽകിയാൽ അത് നമ്മുടെ മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം സഹായകരമായിരിക്കും.

സർ, പഞ്ഞമാസങ്ങളിൽ ജോലിചെയ്യാൻ കഴിയാതെ മൽസ്യത്തൊഴിലാളികൾ വിഷമിക്കുന്നുണ്ട്. അത്തരം അവസരങ്ങളിൽ മററ് തൊഴിലുകൾ ചെയ്ത് ജീവിക്കാൻ കഴിയുന്ന വിധത്തിൽ കുടിൽവ്യവസായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

ഏർപ്പെടുത്താൻ ഗവൺമെൻറ് തയ്യാറാകണം. അതുപോലെതന്നെ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുമ്പോഠം ഉണ്ടാകുന്ന നഷ്ടങ്ങഠംക്കും ജീവാപായത്തിനും ഇൻഷ്വറൻസ് ഏർപ്പെടുത്താൻ ഗവൺമെൻറ് നടപടി സ്വീകരിക്കേണ്ടത് ആവശ്യമാണ്.

സർ, ഞാൻ കൂടുതലായൊന്നും പറയുന്നില്ല. ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു.

ശ്രീ. എൻ. ചന്ദ്രശേഖരക്കുറുപ്പ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുന്നു. ആദ്യമായി പൊതുജനാരോഗ്യ ഇഞ്ചിനീയറിംഗ് വകുപ്പിനെ സംബന്ധിച്ചാണ് ഞാൻ പറയാൻ ആഗ്രഹിക്കുന്നത്. അതിൻെറ പേരും പ്രവർത്തനവും തമ്മിൽ വളരെയധികം അന്തരമുണ്ടെന്നാണ് എനിക്കുപറയാനുള്ളത്. അതിനു ചില ഉദാഹരണങ്ങഠം എൻെറ പ്രദേശത്തുള്ളതുതന്നെ പറയാം.

സർ, ഞങ്ങളുടെ അവിടെ പ്രധാനപ്പെട്ട ഒരു വാട്ടർസപ്ലൈ സ്കീം നടപ്പാക്കിയ അവസരത്തിൽ അതിൻെറ ചുമതലവഹിച്ചിരുന്നത് ഈ പബ്ലിക് ഹെൽത്ത് ഇഞ്ചിനീയറിംഗ് വിഭാഗമാണ്. 5 കോടിയിൽപരം രൂപാ ചെലവുവരുന്ന ഒരു സ്കീം ആണ് അത്. അതിൽ 30 ലക്ഷം രൂപ വീടുകഠം നിർമ്മിക്കുന്നതിനു വേണ്ടി നീക്കിവെച്ചു. ഉദ്യോഗസ്ഥൻമാർക്ക് താമസിക്കുന്നതിനുവേണ്ടിയാണ് അത്. ആ കാലത്ത് അതിനെ ഞങ്ങഠം എതിർത്തു. ഇപ്പോഠം ഈ സ്കീം അപകടസ്ഥിതിയിലാണ് നിൽക്കുന്നത്. പ്രധാനമായും മാവൂരിലെ മലിനജലവേലിയേററത്തിൻെറ ഫലമായി വെള്ളം പമ്പുചെയ്യുന്നതിലേക്ക് കടക്കുന്നു എന്നുള്ളതാണ് ഏററവും അപകടകരം. അതിൻെറ ഫലമായി ഈ സ്കീം ഇന്ന് ഉപയോഗമുള്ള നിലയിലല്ല. പല ദിവസത്തിലും കോഴിക്കോട്ടു കോർപ്പറേഷൻ പ്രദേശത്തേക്കയ്ക്കു തന്നെ വെള്ളമില്ല. ഇതിനുവേണ്ടി മററു ചെറിയചെറിയ ഏർപ്പാടുകഠം ചെയ്തിട്ടുണ്ടെന്നു പറയുന്നുണ്ട്. ഇതുതന്നെ ദീർഘവീക്ഷണത്തോടുകൂടിയാണ് ചെയ്തിരുന്നതെങ്കിൽ ഇന്നത്തെ ഈ തകരാറ് സംഭവിക്കുമായിരുന്നില്ല. കമ്പനിയിൽ നിന്നും മലിനജലം ഒഴുകുന്നതിനു കുറച്ചുകൂടി മുകഠംഭാഗത്തുവെച്ച് ഈ വെള്ളം പമ്പുചെയ്യാനുള്ള ഏർപ്പാടുണ്ടാക്കാമായിരുന്നു. അതുപോലെതന്നെ വെള്ളം പമ്പുചെയ്തു നിറക്കുന്ന ഒരു ടാങ്കുണ്ട്. ആ ടാങ്കിൻെറ സ്ഥിതി എന്താണെന്നുവച്ചാൽ ആ ടാങ്കിൽ വെള്ളം നിറച്ചാൽ 24 മണിക്കൂറിലധികം വെള്ളം നിൽക്കാറില്ല. അത് എങ്ങനെ നന്നാക്കാൻ സാധിക്കുമെന്നു പരിശോധിക്കേണ്ടതുണ്ട്. അതുപോലെതന്നെ വടക്കൻമേഖലയിലുള്ള തളിപ്പറമ്പുതാലൂക്കിൽ പതിനേഴുലക്ഷത്തോളം രൂപ ചെലവായിട്ടും സ്കീം ഇതുവരെ ഇംപ്ലിമെൻറ് ചെയ്തിട്ടില്ല. തൃക്കരിപ്പൂരിൻെറ തീരപ്രദേശത്ത് മഴക്കാലത്തു മലിനജലംകൊണ്ടും വേനൽക്കാലത്ത് ഉപ്പുവെള്ളംകൊണ്ടും വളരെ ബുദ്ധിമുട്ടനുഭവപ്പെടുന്നുണ്ട്. അവർക്ക് ശുദ്ധജലം കിട്ടുന്നില്ല. അതിനുവേണ്ടിയും ഒരു പ്രത്യേക സ്കീം നടപ്പാക്കണമെന്നു ഞാനഭ്യർത്ഥിക്കുകയാണ്. കഴിഞ്ഞകൊല്ലം ചർച്ചക്കുമറുപടിപറഞ്ഞപ്പോഠം ബഹുമാനപ്പെട്ട മന്ത്രി ഒരു വാട്ടർ ബോർഡ് രൂപീകരിക്കുന്ന കാര്യം പറഞ്ഞിരുന്നു. എൽ. ഐ. സി.-യിൽനിന്നു കടമെടുത്തിട്ടാണ് ഈ സ്കീം നടപ്പാക്കുന്നത്, ഇതിനു ഒരു വാട്ടർബോർഡ് രൂപീകരിക്കേണ്ടതാവശ്യമാണ് എന്ന് അന്നു പറഞ്ഞിരുന്നു. പക്ഷേ ഇന്നും ആ ബോർഡ് രൂപീകരിച്ചിട്ടില്ല. ആവശ്യമായ തോതിൽ വെള്ളം എത്തിക്കാനും കോഴിക്കോട് കോർപ്പറേഷനിലെ അപകടം ഒഴിവാക്കാനും കാര്യക്ഷമമായ നടപടി സ്വീകരിക്കണമെന്നു ഞാൻ അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

നഗര വികസനത്തിന്റെ കാര്യമാണെങ്കിൽ അസംഘടിതമായ സ്വഭാവത്തിലാണ് നഗരം വികസിച്ചുകൊണ്ടിരിക്കുന്നത്. കോഴിക്കോടു കോർപ്പറേഷൻ പോലുള്ള പ്രദേശം വളരെവളരെ അസംഘടിതമായ സ്വഭാവത്തിലാണ് വികസിക്കുന്നത്. കോഴിക്കോടു കോർപ്പറേഷന്റെ കാര്യത്തിൽ മുൻപ് ഒരു മാസ്ററർപ്ലാൻ ഗവൺമെന്റിലേക്കയച്ചിരുന്നു. അത് ഗവൺമെന്റ് അംഗീകരിക്കുകയും ചെയ്തതാണ്. പക്ഷേ അതു മുഴുവനായോ ഭാഗികമായോ നടപ്പാക്കാൻ ഇന്നും തയ്യാറായിട്ടില്ല. സർ, അതുപോലെ തന്നെ ചില ട്രസ്ററുകൾ ഉണ്ട്. എന്താണ് ഈ ട്രസ്ററുകളുടെ പണി? ആറേഴുകൊല്ലക്കാലമായി കോഴിക്കോടു ടൗൺപ്ലാനിംഗ് ട്രസ്ററിന്റെ പ്രവർത്തനം തുടങ്ങിയിട്ട്. മുനിസിപ്പൽ—കോർപ്പറേഷൻ പ്രദേശങ്ങളും ചുററുപാടുമുള്ള ആറേഴു പഞ്ചായത്തുകളും ഉൾപ്പെട്ടതാണ് ട്രസ്ററ് തിരഞ്ഞെടുക്കപ്പെട്ട ഭരണസമിതികളുടെ കാലാവധി, കഴിഞ്ഞ 23-ാം തീയതി അവസാനിച്ചു. എന്നാണ് തോന്നുന്നത്. പിന്നെ തിരഞ്ഞെടുപ്പു നടന്നിട്ടില്ല. പഞ്ചായത്തുകളുടെ പ്രതിനിധികളാണ് ആ ഭരണ സമിതിയിലുള്ളത്. കോർപ്പറേഷൻ ഇല്ലാത്തതുകൊണ്ട് കോർപ്പറേഷനുകളുടെ പ്രതിനിധികൾ ഇല്ല. ഈ ട്രസ്ററുകൾ എന്തിനാണെന്ന് എനിക്കു മനസ്സിലാകുന്നില്ല. ത്രീ—ടയർ സിസ്ററമാണ്. കോഴിക്കോടു കോർപ്പറേഷനുതന്നെ അതു കൈകാര്യം ചെയ്യാം. ആ ട്രസ്ററുകൾക്കുതന്നെ ഒരു സ്ഥാപനം ഉണ്ടാക്കുന്നതിനുവേണ്ടി സ്ഥലം അക്വയർ ചെയ്യാൻ തുടങ്ങിയിട്ട് അഞ്ചാറുകൊല്ലമായി. അക്വിസിഷൻ നടപടികളെല്ലാം നടത്തി ഫൈനൽ സ്റേറജിലെത്തുമ്പോൾ ഗവൺമെന്റ് അതു ക്യാൻസൽചെയ്യും. അഞ്ചുതവണ സ്ഥലം അക്വയർചെയ്തിട്ട് മൂന്നുതവണ ക്യാൻസൽ ചെയ്തു. രണ്ടെണ്ണം ബാക്കിയുണ്ട്. ഒരെണ്ണം സ്റേറയിലാണ്. ഗവൺമെന്റിന്റെ പ്രവൃത്തി ഇതാണെങ്കിൽ ട്രസ്ററിന് എങ്ങനെ പ്രവർത്തിക്കാൻ കഴിയും? അപ്സരാ തിയേററിന്റെ അടുത്തുള്ള ഒരു സ്ഥലം എടുത്തു അതും സ്റേറയിലാണ്. ഇപ്പോൾ ആശുപത്രിയുടെ അടുത്തുള്ള സ്ഥലമെടുക്കാനുള്ള നടപടി നടന്നുകൊണ്ടിരിക്കുകയാണ്. എല്ലാംകഴിഞ്ഞ് ഫൈനൽ സ്റേറജിലെത്തുമ്പോൾ എന്തിനു സ്റേറചെയ്യുന്നു? ബിഗിനിംഗ്സ്റേറജിൽത്തന്നെ ക്യാൻസൽ ചെയ്യുകയാണെങ്കിൽ ഉടനെതന്നെ വേറെ സ്ഥലമന്വേഷിക്കാൻ സാധിക്കും. ഒരാളെയും ഉപദ്രവിക്കാതെ ടൗൺ വികസിപ്പിക്കാൻ സാധിക്കുമെന്നുള്ള ധാരണ വേണ്ട. ട്രസ്ററിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കത്തക്കനിലയിൽ കോഴിക്കോട് ഡെവലപ്പ്മെന്റ് അതോറിട്ടി രൂപീകരിക്കുന്നു എന്നു പത്രത്തിൽകണ്ടു. അത് എത്രയും പെട്ടെന്നു രൂപീകരിച്ചു നടപ്പിലാക്കണം.,

അടുത്തതായി പറയാനുള്ളത് ഫിഷറീസ് വകുപ്പിനെക്കുറിച്ചാണ്. അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ മൈനസ് ശതമാനമാണ് നടപ്പിലായിട്ടുള്ളത്. പാവപ്പെട്ട മൽസ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ അവസാനിപ്പിക്കുക എന്നതാണ് ഫിഷറീസ് കോർപ്പറേഷന്റെ ഉദ്ദേശലക്ഷ്യം. അത് അവസാനിപ്പിച്ചവസാനിപ്പിച്ച് ഇന്ന് എവിടെവരെ എത്തി? ഫിഷറീസ് വകുപ്പിന്റെ മുഴുവൻ പണവും ഒരു പുതിയ ധനിക വർഗ്ഗം കൈക്കലാക്കി, അങ്ങനെ തടിച്ചുകൊഴുത്തു വളരുകയാണ്. മൽസ്യത്തൊഴിലാളികൾ മുഴുവനും ഇന്നും പഴയനിലയിൽ കഷ്ടപ്പെടുകയാണ്. അവർ ഇന്നും ചൂഷണം ചെയ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അവരുടെ ബോട്ടുകളെല്ലാം സ്വകാര്യവ്യക്തികളിലേക്ക് മാറിക്കൊണ്ടിരിക്കുന്നു. സർ, പല സ്കീമുകളെപ്പററിയും ഇവിടെ പറയാറുണ്ട്. അതിലൊന്നാണ് ഐ. ആർ. ഡി. സ്കീം. പുതിയാപ്പ വമ്പിച്ച സാധ്യതകളുള്ള ഒരു പ്രദേശമാണ്. ഇതുവരെ അത് നടപ്പാക്കിയിട്ടില്ല. അവിടെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു ഫിഷിംഗ് ഹാർബർവേണമെന്ന കാര്യം ബഹുമാനപ്പെട്ട മൊയ്തീൻ ഉൾപ്പെടെയുള്ളവർ നിവേദനം നടത്തിയിട്ടുള്ളതാണ്. അത് ഉണ്ടാകേണ്ടത് വളരെ ആവശ്യമാണ്. ബേപ്പൂരിൽ ഉണ്ടെന്നാണ് പറഞ്ഞത്. മലബാർ ഭാഗത്തോട് കുറച്ചൊരു അവഗണനയാണോ എന്നൊരു സംശയം തോന്നുന്നു. സംശയമാണ്; തിരുത്തിയാൽ മതി. എല്ലാം വിഴിഞ്ഞംഭാഗത്തേക്കാണ് പോകുന്നത്. വിഴിഞ്ഞത്തിന് എതിരായിട്ടല്ല സംസാരിക്കുന്നത്. വിഴിഞ്ഞവും വേണം മലബാറിലെ ബേപ്പൂരും വേണം കോഴിക്കോട്ടേ പുതിയാപ്പയും വേണം കണ്ണൂരിലെ അഴീക്കലും വേണം. അഴീക്കലിൽ എല്ലാ കാര്യങ്ങളും ഏറെക്കുറെ പൂർത്തീകരിച്ചതാണ്. ഇന്നും പ്രവർത്തനക്ഷമമാക്കാൻ ഗവൺമെൻറിന് സാധിച്ചിട്ടില്ല. 1967-ലാണ് ആസൂത്രണം ചെയ്ത് പണിയാരംഭിച്ചത്. ചില നിസ്സാരകാരണങ്ങൾകൊണ്ട് അതിങ്ങനെ നീട്ടുകയാണ്.' പ്രത്യേകിച്ച് ഇത് പറയാൻ കാരണം പല സ്കീമുകളും വിഴിഞ്ഞത്തേക്ക് പിടിച്ചുവലിക്കുന്നു എന്നതാണ്. വിഴിഞ്ഞത്ത് വേണ്ടെന്നല്ല; എല്ലാ പ്രദേശത്തും മൽസ്യബന്ധനം വികസിപ്പിക്കാനാവശ്യമായ ഒരു സ്കീം തയ്യാറാക്കി നടപ്പിലാക്കാൻ ഗവൺമെൻറ് തയ്യാറാകണം. വളരെ സങ്കുചിതമായ സമീപനമായിരിക്കരുത്, വിശാലമായ സമീപനമായിരിക്കണം. സർ, ബോട്ടുകാരും തോണിക്കാരും തമ്മിലുള്ള സംഘട്ടനം അഴീക്കൽ മുതൽ .വളർന്നുവരികയാണ്. അതിന് പല കാരണങ്ങളുമുണ്ട്. മെക്കനൈസ്ഡ് ബോട്ടുകളിൽ തോണിക്കാരെ അബ്സോർബ് ചെയ്യുന്നതുവരെ ഈ കുഴപ്പം നിലനിൽക്കും. അതുകൊണ്ട് കടലിൽ സമാധാനപരമായ ഒരന്തരീക്ഷം ഉണ്ടാക്കത്തക്ക നിലയിൽ പ്രവർത്തിക്കണമെന്നാണ് എനിക്ക് ഗവൺമെൻറിനോട് അഭ്യർത്ഥിക്കാനുള്ളത്. കൊടുത്ത പണം നേരിട്ട് മൽസ്യത്തൊഴിലാളികൾക്ക് കൊടുത്തിരുന്നെങ്കിൽ അതൊരു ഉപകാരമാകുമായിരുന്നു. മുൻപ് ആരാണോ ഇതെല്ലാം കൈയടക്കിവച്ചിരുന്നത് അവരിൽ തന്നെയാണ് ഈ പണവും ചെന്നുചേർന്നിട്ടുള്ളത്. ബഹുമാനപ്പെട്ട എ. കെ. ആൻറണി മുഖ്യമന്ത്രിയായിരുന്നപ്പോൾ വമ്പിച്ച സ്കീമുകൾ തയ്യാറാക്കി നമ്മുടെ മൽസ്യസമ്പത്തുമുഴുവൻ ചൂഷണം ചെയ്യും എന്നു പറഞ്ഞിരുന്നു. പക്ഷേ പിന്നീടിതുവരെ അതിനെപ്പററി ഒന്നും കേട്ടിട്ടില്ല. ഏതായാലും അത്തരത്തിലുള്ള സ്കീമുകൾ തയ്യാറാക്കുന്നത് വളരെ സഹായകമായിരിക്കുമെന്നാണെനിക്ക് പറയാനുള്ളത്.

സർ, ഹരിജനക്ഷേമത്തെക്കുറിച്ചുകൂടി അല്പം ചില കാര്യങ്ങൾ പറഞ്ഞുകൊള്ളട്ടെ. തിരുവിതാംകൂർ-കൊച്ചി മേഖലയെ അപേക്ഷിച്ച് മലബാർ മേഖലയിൽ ഹരിജനങ്ങൾക്ക് ഇന്നുകിട്ടുന്ന ആനുകൂല്യങ്ങൾ വളരെ കുറവാണ്; ഏത് രംഗത്തായാലും മലബാറിൽ മാത്രമാണെന്ന് ഞാൻ പറയുന്നില്ല, തൃശ്ശൂരിന് വടക്കോട്ട് കാസർകോടുവരെയുള്ള മേഖലയിൽ. ബഹുമാനപ്പെട്ട മന്ത്രിമാർക്കുതന്നെ ആ കാര്യം അറിയാവുന്നതാണ്. അതിന് ഞാൻ കുററം പറയുകയല്ല. ഇവിടത്തെ ഹരിജനങ്ങൾക്ക് കുറെകൂടി പഠിപ്പും കാര്യങ്ങളുമൊക്കെയുള്ളതുകൊണ്ട് പല ആനുകൂല്യങ്ങളും കിട്ടുന്നുണ്ട്. മലബാറിലെ ഹരിജനങ്ങൾ അത്രമുന്നോട്ടു വന്നിട്ടില്ല. ഇതെല്ലാം കണക്കിലെടുത്ത് മലബാർമേഖലയിലുള്ള ഹരിജനങ്ങൾക്കും ഗിരിജനങ്ങൾക്കും ആദിവാസികൾക്കുംവേണ്ടി പ്രത്യേകമായി ഒരു സ്കീം ഉണ്ടാക്കി കൂടുതൽ വേഗത്തിൽ അവരെ ഡെവലപ്പ്ചെയ്തെടുക്കുന്നതിന് ശ്രമിക്കണം.

അവസാനമായി ഒരു കാര്യംകൂടി പറഞ്ഞുകൊള്ളട്ടെ. കോർപ്പറേഷൻ-മുനിസിപ്പൽ സ്ററാഫും എൻ. എം. ആർ. തൊഴിലാളികളും ഗവൺമെൻറിനെതിരായി സമരം നടത്താൻ പോകുകയാണ്. ഇന്ന് ഗവൺമെൻറ്

LIBRARY ARCHIVES Kerala Legislative Assembly

സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാർക്ക് കൊടുക്കുന്ന എല്ലാ ആനുകൂല്യങ്ങളും മുനിസിപ്പൽ സർവ്വീസിലുള്ള ഉദ്യോഗസ്ഥൻമാർക്കും കൊടുക്കണം. അതിന് ഗവൺമെൻറിന് വലിയ പണച്ചെലവൊന്നുമില്ല. മുനിസിപ്പാലിററിയും കോർപ്പറേഷനുകളുമാണ് അതിനുവേണ്ട പണം ചെലവാക്കുന്നത്. അവരെ വിളിച്ചുവരുത്തി ഈ കാര്യത്തെപ്പററി ചർച്ചചെയ്ത് തീരുമാനമെടുത്താൽ ബുദ്ധിമുട്ടുകാം ഒഴിവാക്കാൻ സാധിക്കും. ഗവൺമെൻറിന് ഇതിൽ ഒരൊററ നയാപൈസപോലും ചെലവില്ല. അതുപോലെതന്നെ അവരെ സ്ഥലം മാററുന്ന കാര്യത്തിലും വലിയ അഴിമതി നടക്കുന്നുണ്ട്. സ്ഥലമാററ കാര്യത്തിൻമേൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നു കൊല്ലം സർവ്വീസുള്ളവരെ മാത്രമേ മാററാൻ പാടുള്ളു, അതുപോലെ ഏപ്രിൽ മാസത്തിലെ മാററാൻപാടുള്ളു എന്നിങ്ങനെ പത്തുപതിമൂന്നു കാര്യങ്ങാം ആ ഉത്തരവിൽ പറഞ്ഞിട്ടുണ്ട്. ഇതിനെല്ലാം വിരുദ്ധമായിട്ടാണ് പ്രവർത്തിക്കുന്നത്. അവിടത്തെ ഡയറക്ടറുടെ ഇഷ്ടമനുസരിച്ച് ഗവൺമെൻറിൻെറ ഇഷ്ടപ്രകാരമാണ് മാററുന്നത് എന്നാണ് പറയുന്നത്. ഈ സമ്പ്രദായം മാററണം. അവരുടെ ഡിമാൻറുകളെക്കുറിച്ച് ചർച്ച ചെയ്ത് എത്രയുംവേഗം പരിഹാരം കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ആ അവർ കേരളമൊട്ടാകെ സ്ട്രൈക്ക് നടത്താൻ പോകുകയാണ്. ആ സ്ഥിതിവിശേഷം ഒഴിവാക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. ബി. എം. ഷെരീഫ്: സർ, വിവിധ വകുപ്പുകാംക്കു വേണ്ടി ബന്ധപ്പെട്ട മന്ത്രിമാർ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർ

12 NOON] ത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. നമ്മുടെ സംസ്ഥാനത്തിൻെറ വിഭവശേഷി സമാഹരിക്കാൻ വേണ്ടി വളരെ ബോധപൂർവ്വം ശ്രമം നടത്തേണ്ട ഒരു വകുപ്പിനെ സംബന്ധിച്ചാണ് പ്രധാനമായും ചർച്ച ചെയ്യാനാഗ്രഹിക്കുന്നത്. നമ്മുടെ ഫിഷറീസ് വകുപ്പ് കൂടുതൽ മെച്ചപ്പെട്ട നിലയിലേക്ക് പോകുന്ന അനുഭവം നമുക്കുണ്ട്. പക്ഷേ ഇന്നു നടക്കുന്ന രീതിയിൽ മാത്രം അതിൻെറ പ്രവർത്തനങ്ങാം നടന്നാൽ പോര എന്നാണ് എനിക്കു തോന്നുന്നത്. നമ്മുടെ സമ്പദ്ഘടനയ്ക്ക് കാര്യമായ മാററം വരുത്താൻ കഴിയുന്ന നമ്മുടെ വിഭവശേഷി പരമാവധി സമാഹരിക്കാൻ കഴിയേണ്ട ഒരു പ്രത്യേക രംഗത്തെക്കുറിച്ച് ആണ് പറയുവാനുള്ളത്. ഈ നിയമസഭാ കമ്മിററി നിർദ്ദേശിച്ച അടിസ്ഥാനത്തിൽ ഒരു സബ്കമ്മിററി ഉണ്ടാക്കിയിട്ടുണ്ട്. ആ കമ്മിററി ഈ വിഷയങ്ങാം ഗൗരവമായിചർച്ച ചെയ്യുകയും പഠനം നടത്തുകയും ചെയ്തുകൊണ്ട് നമ്മുടെ സംസ്ഥാനത്തിൻെറ സമ്പദ്ഘടനയെ പോഷിപ്പിക്കുവാനുള്ള മാർഗ്ഗങ്ങാം എന്ത് എന്ന് ആരായേണ്ടിയിരിക്കുന്നു. അത് ഭാവിയിൽ ഉണ്ടാകുമെന്നാണ് എൻെറ വിശ്വാസം. തീർച്ചയായും ഒരു സമ്മേളനകാലത്ത് പ്രത്യേകം പ്രത്യേകം വിഷയങ്ങാം കൈകാര്യം ചെയ്യാൻ കമ്മിററി രൂപീകരിക്കുമെന്ന് നിർദ്ദേശിച്ചിരിക്കുന്നു. ആ നിർദ്ദേശം വളരെയധികം സ്വാഗതാർഹമാണ്.

മൽസ്യവ്യവസായത്തെ സംബന്ധിച്ച് പറയുമ്പോാം പല കാര്യങ്ങാം പറയാനുണ്ട്. മൽസ്യം പിടിക്കുന്നവരെ സംബന്ധിച്ച് അവരുടെ ജീവിത രീതിയെ സംബന്ധിച്ച്, അതിൻെറ മെക്കനൈസേഷനെ സംബന്ധിച്ച്, അവർക്ക് ഗവൺമെൻറ് കൊടുക്കുന്ന ആനുകൂല്യങ്ങളെ സംബന്ധിച്ച്, ഇങ്ങനെ നിരവധി കാര്യങ്ങാം അതിൽ അന്തർലീനമാണ്. നമ്മുടെ തീരപ്രദേശത്ത് 590 കിലോമീററർ ദൂരം ഉള്ള സ്ഥലത്ത് 38,855 ചതുരശ്രകിലോമീററർ സ്ഥലത്ത് മൽസ്യബന്ധനത്തിനുള്ള സാദ്ധ്യതയുണ്ട്. ആ സാദ്ധ്യത പൂർണ്ണമായി പ്രയോജനപ്പെടുത്തുന്നുണ്ടോ എന്നുപരിശോധിച്ചാൽ

LIBRARY ARCHIVES Kerala Legislative Assembly

ഇല്ല എന്നു പറയാൻ സാധിക്കും. അത് പ്രയോജനപ്പെടുത്താവുന്ന വഴിയെ സംബന്ധിച്ച് കഴിഞ്ഞ സമ്മേളനത്തിൽ ഒരു നിർദ്ദേശം വയ്ക്കുകയുണ്ടായി. ആ നിർദ്ദേശം പ്രാവർത്തികമാക്കുന്നതിനുള്ള പരിപാടി ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറിൻെറ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർ ഇവിടെ ഇരിപ്പുണ്ട് എന്ന് എനിക്കറിയാം. ബഹുമാനപ്പെട്ട മന്ത്രി മുൻകൈയെടുത്ത് ആ കാര്യങ്ങൾ പ്രാവർത്തികമാക്കാൻ പരിശ്രമിക്കണം. മൽസ്യബന്ധനം നടത്തുന്നതിന് 38,855 ചതുരശ്രകിലോമീററർ സ്ഥലം ഉള്ള സംസ്ഥാനത്ത് എത്രയോ തുച്ഛമായ സ്ഥലത്ത് മാത്രമാണ് മൽസ്യബന്ധനം നടത്തുന്നത്. നാടൻ വള്ളങ്ങളും ബോട്ടുകളും തമ്മിൽ ഒരു മൽസരം ഈ മൽസ്യബന്ധനരംഗത്ത് നടക്കുന്നുണ്ട്. അത് ആരോഗ്യകരമായ മൽസ്യബന്ധനത്തിനു വേണ്ടിയുള്ള മൽസരമല്ല, നിർഭാഗ്യകരമായ ഒരു സമരമാണ്. അത് നിരുൽസാഹപ്പെടുത്താൻ ഗവൺമെൻറ് വേണ്ട നടപടി എടുക്കണം. ചില നടപടികൾ കൈക്കൊണ്ടു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നമ്മുടെ മൽസ്യസമ്പത്ത് ധാരാളം തങ്ങിനിൽക്കുന്ന താവളങ്ങളിൽ, നമ്മുടെ വിഴിഞ്ഞത്തിന് തൊട്ടു പടിഞ്ഞാറുഭാഗത്തുള്ള രണ്ടു കിലോമീററർ ദൂരം ചെന്നാൽ വളരെ കാര്യമായി മൽസ്യബന്ധനം നടത്താൻ കഴിയുന്ന വെഡ്ജ് ബാങ്ക് എന്നു പറയുന്ന സ്ഥലത്ത് മൽസ്യബന്ധനം നടത്താൻ ഉള്ള പരിപാടി നമ്മുടെ സംസ്ഥാന ഗവൺമെൻറ് ആവിഷ്കരിക്കാൻ തയ്യാറാണോ? തയ്യാറുണ്ടെങ്കിൽ നമ്മുടെ വരുമാനത്തിൽ കാര്യമായ മാററം വരുത്താൻ കഴിയുമെന്നാണ് എനിക്ക് പറയുവാനുള്ളത്. അവിടെ ബോട്ടിൽ പോയി മൽസ്യബന്ധനം നടത്താൻ സാദ്ധ്യമല്ല. നാടൻ വള്ളങ്ങൾക്കും സാദ്ധ്യമല്ല. അവിടെ ട്രോളികൾ വേണം. ആ ട്രോളികൾ ഡിപ്പാർട്ടുമെൻറിൻെറ വകയായി പ്രവർത്തിപ്പിക്കാൻ കഴിയുന്ന ഒരു സാഹചര്യം ഉണ്ടാക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ആ മൽസ്യസമ്പത്ത് ചൂഷണം ചെയ്ത് നമ്മുടെ സംസ്ഥാനത്തിൻെറ വിഭവശേഷി സമാഹരിച്ച് നമ്മുടെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയുകയുള്ളു. അതിനുള്ള സമഗ്രമായ പരിപാടി ഉണ്ടാകേണ്ടിയിരിക്കുന്നു.

സർ, പത്ത് വർഷം മുമ്പ് ഈ ഡിപ്പാർട്ടുമെൻറുമായി ബന്ധപ്പെട്ട് ഒരു മാസ്ററർപ്ലാൻ തയ്യാറാക്കിയിരുന്നു. 1969-ൽ ആ മാസ്ററർപ്ലാനിൻെറ അടിസ്ഥാനത്തിൽ ഉള്ള കാര്യങ്ങൾ നടന്നിട്ടുണ്ട്. എന്നാൽ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറ് അത് റിവ്യൂ ചെയ്തിട്ടുണ്ടോ എന്ന് ഞാൻ ചോദിക്കുകയാണ്. അതിൽ ഏതാണ്ട് 27 പരിപാടികൾ നിർദ്ദേശിച്ചിട്ടുണ്ട്. അതിൽ പറയുന്ന എല്ലാ പരിപാടികളും കുറേശ്ശേ കുറേശ്ശേയായി നടക്കുന്നു. അങ്ങനെ കുറച്ച് കാര്യങ്ങൾ നടന്നാൽ മതിയോ? ഗവൺമെൻറ് ഒരു നയപരിപാടി തയ്യാറാക്കുമ്പോൾ ആ പരിപാടിയുടെ വിജയവും പരാജയവും കാലാകാലങ്ങളിൽ റിവ്യൂ ചെയ്യാനുള്ള ഒരു സംവിധാനം ഡിപ്പാർട്ടുമെൻറിന് ഇല്ല. ഇത് നടക്കുന്നുണ്ടോ ഇല്ലയോ എന്നുള്ളതിനെപ്പററി പരിശോധന നടത്തുന്നില്ല. അത് ഉണ്ടാകണം. പത്തുവർഷത്തിനു മുമ്പ് രൂപംകൊടുത്ത ഈ പ്ലാൻ ഇന്ന് കാലഹരണപ്പെട്ടിരിക്കുകയാണ്. 79 അവസാനിക്കുമ്പോഴെങ്കിലും ഈ വ്യവസായത്തിൻെറ പ്രത്യേകതകളും ഈ വ്യവസായത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ സ്ഥിതിയും എല്ലാം കണക്കിലെടുത്ത് ഈ വ്യവസായ രംഗത്ത് ആവശ്യമായ സമഗ്രമായ ഒരു പദ്ധതിക്ക് രൂപംകൊടുക്കാൻ നമുക്ക് കഴിയണം. അങ്ങനെ ഒരു രണ്ടാം മാസ്ററർപ്ലാൻ ഉണ്ടാക്കുമെന്ന് ആശിക്കുകയാണ്. ആ പ്ലാനിൽ നമ്മുടെ സംസ്ഥാനത്തിൻെറ വിഭവശേഷി സമാഹരിക്കാനുള്ള തരത്തിലുള്ള കാര്യങ്ങൾ നിർദ്ദേശിക്കാനും നമ്മുടെ സമ്പദ്ഘടനയെ പരിപുഷ്ടമാക്കാനും പോന്ന നിർദ്ദേശങ്ങൾ ഉണ്ടാകട്ടെ എന്ന് ആശിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഇന്ന് പല വിധത്തിലുള്ള ആനുകൂല്യങ്ങൾ മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നുണ്ട്. ആ ആനുകൂല്യങ്ങളൊക്കെ അപര്യാപ്തമാണ് സർ. കഴിഞ്ഞ വർഷം മൽസ്യത്തൊഴിലാളികൾക്ക് കൂടുതൽ വീടുകൾ നിർമ്മിച്ചു കൊടുത്തു. ഫിഷർമെൻ വെൽഫെയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ ധാരാളം ആനുകൂല്യങ്ങൾ മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കുന്നുണ്ട്. എന്നാൽ ആ ആനുകൂല്യങ്ങൾ പോരാ. എന്റെ ബഹുമാനപ്പെട്ട സ്നേഹിതൻ ശ്രീ. എൻ. കെ. ബാലകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെ ഭൂമിയുള്ള മൽസ്യത്തൊഴിലാളികൾക്കു മാത്രം വീടുകൾ കൊടുത്താൽ പോരാ. ഓരോ ജില്ലയിലും ലക്ഷക്കണക്കിന് മൽസ്യത്തൊഴിലാളികൾ വീടില്ലാത്തവരായി ഉണ്ട്. അവർക്ക് വീട് വച്ചുകൊടുക്കാൻ സ്ഥലം ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുന്നതിനുള്ള വിശദമായ പരിപാടിക്ക് ഫിഷർമെൻ വെൽഫെയർ കോർപ്പറേഷൻ രൂപംകൊടുക്കണമെന്ന് ഞാൻ അപേക്ഷിക്കുകയാണ്. അത് ഉണ്ടായെങ്കിൽ മാത്രമേ അവരുടെ പ്രശ്നങ്ങൾക്ക് അൽപ്പമെങ്കിലും പരിഹാരമാകുകയുള്ളു. അവർക്ക് വൈദ്യസഹായം, സഞ്ചാരസൗകര്യം, താമസസൗകര്യം ഇവയൊക്കെ വേണം. അവർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ പോരാ എന്നാണ് എനിക്ക് പറയാനുള്ളത്. അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ മെച്ചപ്പെട്ട നിലവാരത്തിൽ ഉണ്ടാക്കാനുള്ള പരിശ്രമം പോരാ എന്നാണ് എനിക്ക് പറയാനുള്ളത്. ആനുകൂല്യങ്ങൾ കൂടുതൽ കൂടുതൽ മെച്ചപ്പെട്ട നിലവാരത്തിൽ ഉണ്ടാക്കാൻ പരിശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു. എങ്കിൽ മാത്രമേ നമ്മുടെ രാജ്യത്തെ സമ്പദ്ഘടനക്ക് കാര്യമായ സംഭാവന ചെയ്യാൻ കഴിയുകയുള്ളു. നമ്മുടെ വിഭവശേഷി മുഴുവൻ സമാഹരിച്ചുകൊണ്ട് നമ്മുടെ സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ സംമ്പുഷ്ടമാക്കാൻ സഹായിക്കുന്ന ഒരു പ്രത്യേക വിഭാഗം എന്നനിലയ്ക്ക് തീർച്ചയായും കൂടുതൽ ആനുകൂല്യങ്ങൾ നൽകേണ്ടതുണ്ട്. വിദ്യാഭ്യാസത്തിനുള്ള സൗകര്യങ്ങൾ വളരെയേറെ പരിമിതമാണ്. അറ്റോമിക് എനർജി കമ്മീഷൻ ഈ പിന്നോക്ക പ്രദേശങ്ങളിൽ പ്രത്യേകിച്ചും മൈനിംഗ് ഏരിയായിൽ അധിവസിക്കുന്ന ആളുകളുടെ വിദ്യാഭ്യാസ നിലവാരത്തെ പരിഗണിച്ച് അവർക്ക് ചെറിയ സഹായം ചെയ്യുന്നതിനുള്ള തുക സംസ്ഥാനഗവൺമെന്റിന് നൽകേണ്ടതായി ഉണ്ട്. മൈനിംഗ് നടത്തുന്ന പ്രത്യേക പ്രദേശങ്ങളിൽനിന്ന് മൽസ്യത്തൊഴിലാളികൾ ഒഴിഞ്ഞുപോകുന്നതിന്റെ ഫലമായി അവരുടെ വിദ്യാഭ്യാസം തകർന്നുപോകുന്നു. സംസ്ഥാനഗവൺമെന്റ്, അറ്റോമിക് എനർജി കമ്മീഷൻ നൽകുന്ന തുക ഈ പ്രത്യേക സ്ഥലത്ത് ചെലവാക്കുന്നതിന് മുൻകൈ എടുക്കണം. അങ്ങനെ ഒരു തുകയുണ്ട് അവർക്കുവേണ്ടി ചെലവാക്കാൻ. അറ്റോമിക് എനർജി കമ്മീഷന്റെ ആ തുക ഈ പ്രത്യേക പ്രദേശത്ത് ചെലവാക്കാനുള്ള നടപടികൾക്ക് ഈ ഗവൺമെന്റ് മുൻകൈയെടുക്കണം.

ശ്രീ. എം. വി. രാഘവൻ: സർ, മന്ത്രി ഇങ്ങനെയിരുന്ന് ഉറങ്ങുന്നത് ആർഡറിലാണോ?

ചെയർമാൻ: ഉറങ്ങുകയല്ല, കണ്ണടച്ചിരിക്കുന്നു എന്നു മാത്രമേയുള്ളു.

ശ്രീ. ബി. എം. ഷെരീഫ്: ഫിഷറീസ് ഡിപ്പാർട്ടുമെന്റിനെ സംബന്ധിച്ചും മൽസ്യത്തൊഴിലാളികളെ സംബന്ധിച്ചും ആ കാര്യങ്ങൾ മാത്രമാണ് പ്രധാനമായി എടുത്തുപറയാൻ ഞാനാഗ്രഹിക്കുന്നത്.

പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെന്റിനെക്കുറിച്ചു കൂടി ചില കാര്യങ്ങൾ പറയാനാഗ്രഹിക്കുകയാണ് സർ. ഈ ബഡ്ജററ് തന്നെ കാർഷികവികസനത്തിനുവേണ്ടിയുള്ള ഒരു ബഡ്ജററ് എന്ന നിലയി

LIBRARY ARCHIVES Kerala Legislative Assembly

ലാണ് നാം ചർച്ചചെയ്തുകൊണ്ടിരിക്കുന്നത്. നമ്മുടെ സംസ്ഥാനത്തിന്റെ കാർഷികവിഭവങ്ങളൊക്കെ സമാഹരിച്ച് നമ്മുടെ സാമ്പത്തികഘടനയെ മെച്ചപ്പെടുത്താനും നമ്മുടെ ഉൽപ്പന്നങ്ങൾ വർദ്ധിപ്പിക്കാനും ഉതകുന്ന ഒരു ബഡ്ജററ് എന്ന നിലയിലാണ് നാം ഇതിനെ കണക്കാക്കുന്നത്. അതിൽ അതിപ്രധാനമായി എടുത്തു പറയുന്ന ഒരു കാര്യം നമ്മുടെ ജലസേചന സൗകര്യങ്ങളെപ്പററിയാണ്. പബ്ലിക് ഹെൽത്ത് എൻജിനീയറിംഗ് ഡിപ്പാർട്ടുമെൻറ് ഉണ്ടായശേഷം ഇതുവരെ അതിന്റെ ചരിത്രം എടുത്ത് പരിശോധിച്ചാൽ കാർഷികവികസനത്തിനാവശ്യമായിട്ടുള്ള ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്താൻ ആ ഡിപ്പാർട്ടുമെൻറിന് കെൽപ്പില്ലാ എന്നാണ് ഞാൻ പറയുന്നത്. സർ, ഇന്ന് ഇത് പറയുമ്പോൾ ട്യൂബ്‌വെൽ കുഴിച്ച് ആ കുഴൽ കിണറുകൾ വഴി ജലസേചനസൗകര്യങ്ങൾ ചെയ്യാമെന്നാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഇ. അഹമ്മദ്: ജലസേചനപദ്ധതികൾ നടപ്പിലാക്കാൻ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറുണ്ടല്ലോ. പബ്ലിക്ഹെൽത്ത് എഞ്ചിനീയറിഗ് ഡിപ്പാർട്ടുമെൻറ് കൃഷിക്ക് ആവശ്യമായിട്ടുള്ള ജലസേചനപദ്ധതികൾ ഏറെറടുത്തതായിട്ട് ഇതുവരെ കേട്ടിട്ടില്ലല്ലോ.

ശ്രീ. ബി. എം. ഷെരീഫ്: ശ്രീ. ഇ. അഹമ്മദിനു മനസ്സിലായില്ലെങ്കിൽ ഞാൻ പറയാം. മേജർ ഇറിഗേഷൻഡിപ്പാർട്ടുമെൻറും മൈനർ ഇറിഗേഷൻ ഡിപ്പാർട്ടുമെൻറും മാത്രമല്ല, ഈ കാർഷികവികസനപരിപാടിക്ക്, തീരപ്രദേശത്തു പ്രത്യേകിച്ചും, കുഴൽക്കിണറുണ്ടാക്കി അതിൽ സൗകര്യങ്ങൾ മെച്ചപ്പെടുത്തുകയാണ്. അങ്ങനെ ഇപ്പോൾത്തന്നെ ചെയ്തുകൊണ്ടിരിക്കുന്നുണ്ട്. അതുചെയ്യാനുള്ള പരിപാടികൾക്കാണ് ഈ ബഡ്ജററിൽ വകകൊള്ളിച്ചിട്ടുള്ളത് എന്നാണു ഞാൻ പറയുന്നത്. അത് കുടിക്കാനുള്ള വെള്ളത്തിനു മാത്രമല്ല. അതു നല്ലതുപോലെ നാം മനസ്സിലാക്കണം. തീരപ്രദേശത്ത് ഓരുവെള്ളം തടയുന്നതിന്, അവിടെ നല്ല വെള്ളം കൊടുക്കുന്നതിന്, കാർഷികസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്, ട്യൂബുവെൽ ഇറക്ററുചെയ്യുന്നതിന് -ഒക്കെയുള്ള പരിപാടികളാണ് ഈ ബഡ്ജററിൽ ഗവൺമെൻറ് കൊണ്ടുവന്നിട്ടുളളത്. അതു നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടാണു ഞാൻ പറഞ്ഞത്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറ് ഈ കാര്യത്തിൽ കുറേക്കൂടി മുൻപോട്ടുപോകേണ്ടിയിരിക്കുന്നു. ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തിന്റെ പ്രാരംഭകാലത്ത് റോട്ടറി ഡ്രില്‍, ഫെർഗുസൻ, ജെററ് എന്നു മൂന്നുതരത്തിലുള്ള യന്ത്രങ്ങൾ ഉപയോഗിച്ചാണ് ട്യൂബുവെൽ ഇറക്ററ് ചെയ്തുകൊണ്ടിരുന്നത്. ഇന്നു ഞാൻ മനസ്സിലാക്കിയിടത്തോളം, ഇതിൽ റോട്ടറി ഡ്രില്ലിന്റെ പ്രവർത്തനം മാത്രമേ നടക്കുന്നുള്ളു. മററു രണ്ടു എൻജിനുകളും പ്രവർത്തിക്കുന്നില്ല എന്നാണ്. അതുകൊണ്ടാണു ഞാൻ പറഞ്ഞത്; നമ്മുടെ സംസ്ഥാനത്തിന്റെ വിഭവശേഷി സമാഹരിക്കാൻ കാർഷികോൽപാദനം വർദ്ധിപ്പിക്കാൻ, ആവശ്യമായ തരത്തിൽ ഇന്നുള്ള എഞ്ചിനുകൾ പ്രവർത്തിപ്പിക്കാനുള്ള സംവിധാനം ഈ പബ്ലിക്ഹെൽത്ത് എഞ്ചിനീയറിങ്ങ് ഡിപ്പാർട്ടുമെൻറിൽ ഇല്ല. കുടിക്കാനുള്ള വെള്ളംപോലും കൊടുക്കാനുള്ള കഴിവ് ഇന്നില്ല. ഇന്നു നമുക്കറിയാം, വളരെയധികം പരാതികളുണ്ട്. ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാരിവിടെ ഉണ്ടെന്ന് എനിക്കറിയാം. ഇത് കൂടുതലായി ശ്രദ്ധിക്കേണ്ട ഒരു കാര്യമാണ്. ഈ നിയമസഭാവേദിയിൽത്തന്നെ ചോദ്യങ്ങൾ ചോദിക്കുകയും മറുപടി പറയുകയും ചെയ്യുമ്പോൾ സംസ്ഥാനത്തിന്റെ തലസ്ഥാനമുൾപ്പെടെയുള്ള പല സ്ഥലത്തുനിന്നും ഉള്ള പരാതികൾ ധാരാളം മെംബർമാർ ഉന്നയിക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

കുടിക്കാനുള്ള വെള്ളമില്ല, ജലസേചന സൗകര്യങ്ങൾ പോരാ; ഈ കാര്യങ്ങൾ പരിഗണിച്ചുകൊണ്ട്, ഞാൻ പറയുന്നത്, പബ്ലിക് ഹെൽത്ത് എഞ്ചിനീയറിങ് ഡിപ്പാർട്ടുമെൻറ് ഇന്ന് ഒരു മേജർഡിപ്പാർട്ടുമെൻറാണെങ്കിൽപ്പോലും ഒരു മേജർ ഡിപ്പാർട്ടുമെൻറിൻെറ കടമകൾ അതു നിർവ്വഹിക്കുന്നില്ല എന്നാണ്. അതു നിർവഹിക്കാനാവശ്യമായിട്ടുള്ള സാമ്പത്തിക ശേഷി സംഭാവനചെയ്ത്, വിദഗ്ദ്ധൻമാരെക്കൊണ്ട്, മുൻകാലത്തു പ്രവർത്തിച്ചിരുന്നതുപോലെയുള്ള എഞ്ചിനുകൾ പ്രവർത്തിപ്പിച്ച്, നമ്മുടെ തീരപ്രദേശങ്ങളിൽ പ്രത്യേകിച്ചും ഇത്തരത്തിലുള്ള ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്താനുള്ള പരിപാടി ആവിഷ്കരിക്കണമെന്നാണ് എനിക്കു പറയാനുള്ളത്.

പബ്ലിക് ഹെൽത്ത് എഞ്ചിനീയറിങ് ഡിപ്പാർട്ടുമെൻറിൻെറ ചുമതലക്കാരായിട്ടുള്ള ഉദ്യോഗസ്ഥൻമാർ പ്രത്യേകിച്ചും പരിശ്രമിക്കേണ്ട ഒരു കാര്യമുണ്ട്. ഇന്ന് കരാറുകാരുടെ കാലാവധി കഴിഞ്ഞശേഷവും ധാരാളം നീട്ടി നീട്ടി കൊടുക്കുന്നുണ്ട്. ജലസേചനപദ്ധതികളുടെ പ്രവർത്തനങ്ങൾ ഇങ്ങനെ നീട്ടിക്കൊടുത്ത് ആ പദ്ധതികൾ പൂർത്തീകരിക്കപ്പെടാതെ കിടക്കുന്നുണ്ട്. ആ പദ്ധതികൾ ഇങ്ങനെ അനന്തമായി നീട്ടിക്കൊടുത്തുകൂടാ. സർ, ഞാൻ പ്രാദേശികമായ കാര്യങ്ങൾ ഈ അവസരത്തിൽ പറയരുതെന്നു നിർബന്ധമുള്ളവനാണ്. എന്നാൽപ്പോലും എൻെറ നിയോജകമണ്ഡലത്തിലെ ഒരുകാര്യം ഉദാഹരണത്തിനുവേണ്ടി ചൂണ്ടിക്കാണിക്കാൻ പറയുകയാണ്. ആലുപടി–ആലുംതറ വാട്ടർസപ്ലൈസ്കീം എന്ന ഒരു പദ്ധതി, 36 ലക്ഷംരൂപ അടങ്കലുള്ള ഒരു പദ്ധതി, ആരംഭിച്ചിട്ട് ഏതാണ്ട് നാലു-നാലര വർഷമാകുന്നു. ഇതുവരെ അതിൽ ഡിസ്ട്രിബ്യൂഷൻ നടത്തിയിട്ടില്ല സർ, ഇതു വളരെ കുററകരമായിട്ടുള്ള ഒരനാസ്ഥയാണ്. കൺട്രാക്ടർമാരുടെ ചില സൗകര്യങ്ങൾക്കും താത്പര്യങ്ങൾക്കുംവേണ്ടി, എന്തുവന്നാലും ഒന്നുമില്ല എന്നുള്ള രീതിയിൽ, എന്തും ഇവിടെ ആകാമെന്നുള്ള രീതിയിൽ, കാര്യങ്ങൾ ഇങ്ങനെ നടത്തിക്കൊണ്ടുപോകാൻ പരിശ്രമിക്കുന്നത് ഇവിടെമാത്രമല്ല. ഇതുപോലെ മറെറാരു പദ്ധതിയെ സംബന്ധിച്ചു ചിലകാര്യങ്ങൾ ഇവിടെ ഒരു ബഹുമാനപ്പെട്ട മെംബർ സൂചിപ്പിക്കുകയുണ്ടായി. അവിടെ കുടിക്കാൻ വെള്ളം കിട്ടുന്നില്ല; ആററിലെ മലിനജലം കോരിക്കുടിക്കുകയാണ്. ഇതൊക്കെ പ്രധാനമായും കണക്കിലെടുത്തുകൊണ്ട് പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറ് ഒരു മേജർ ഡിപ്പാർട്ടുമെൻറായി പ്രവർത്തിപ്പിക്കുകയും, അതു അങ്ങനെ പ്രവർത്തിപ്പിക്കാനുള്ള എല്ലാ സഹായങ്ങളും സംസ്ഥാന ഗവൺമെൻറ് നൽകുകയും ചെയ്തുകൊണ്ടുമാത്രമേ നമുക്കു മുൻപോട്ടുപോകാൻ കഴിയൂ. അതാണ് ഈ വർഷം ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബഡ്ജററിലെ കാതലായഭാഗമെന്നാണു ഞാൻ മനസ്സിലാക്കുന്നത്. ആ അടിസ്ഥാനത്തിൽ ആ ഡിപ്പാർട്ടുമെൻറിൻെറ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണമെന്നു ഞാൻ ആവശ്യപ്പെടുന്നു. ഒരിക്കൽക്കൂടി ഈ ഡിമാൻഡുകളെ അനുകൂലിച്ചുകൊണ്ടു ഞാൻ എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

[Mr. Deputy Speaker in the Chair]

ശ്രീ. ഈപ്പൻ വർഗ്ഗീസ്: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. അതോടൊപ്പം, ഈ ഗവൺമെൻറ് വിവിധവിഭാഗങ്ങൾക്കു ചെയ്തുകൊടുത്തിട്ടുള്ള ആനുകൂല്യങ്ങളിൽ രണ്ടു മൂന്നു കാര്യങ്ങൾ ഈ സഭയുടെ ശ്രദ്ധയിൽ പ്പെടുത്തി ഫിഷറീസ് വകുപ്പിനെപ്പററി അൽപമായി സംസാരിക്കണമെന്നു ഞാനാഗ്രഹിക്കുകയാണ്. ഒന്നാമത് കശുവണ്ടി കൃഷിക്കാർ, കശുവണ്ടിത്തൊഴിലാളികൾ, ഫാക്ടറിത്തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കറം. അവർക്കുവേണ്ടി ഈ ഗവൺമെൻറ് കഴിഞ്ഞവർഷം ഇരുപതുകോടിരൂപയോളം ചെലവാക്കുകയുണ്ടായി. പ്രൈവുഡ് വ്യവസായം, പേപ്പർ വ്യവസായം ഇവയ്ക്കു വേണ്ടി അറിഞ്ഞോ അറിയാതെയോ 100 കോടിരൂപയുടെ നഷ്ടം ഒരു വർഷം ഗവൺമെൻറ് സഹിക്കുന്നുണ്ട്. നെൽകൃഷിക്കാർ കപ്പകൃഷിക്കാർ ഇവർക്കുവേണ്ടി താങ്ങുവില നമ്മറം പ്രഖ്യാപിച്ചിട്ടുണ്ട്. ചെറുകിട വ്യവസായികറംക്കു കുറഞ്ഞപലിശക്കു പണമെടുക്കാനുള്ള സംവിധാനം നമ്മറം ഇവിടെ ഉണ്ടാക്കിയിട്ടുണ്ട്. ഇതിലൊക്കെ ഉപരിയായി പൊതുവേ തൊഴിലാളികളുടെ നൻമ പരിഗണിച്ച് പൊതുമേഖലാസ്ഥാപനങ്ങറം വഴി അനേക കോടി രൂപയുടെ നഷ്ടം നമ്മറം സഹിച്ചുകൊണ്ടിരിക്കുകയാണ്. ഞാൻ ചുരുക്കിപ്പറഞ്ഞുവെന്നു മാത്രമേയുള്ളു. ഈ അവസരത്തിൽ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനാഗ്രഹിച്ച ഒരേ ഒരു കാര്യം, ഇതിൽനിന്നെല്ലാം വിഭിന്നമായി പരമ്പരാഗത മൽസ്യത്തൊഴിലാളികറം എന്ന ഒരു വിഭാഗം നമ്മുടെ നാട്ടിൽ ഉണ്ട് എന്നുള്ളതാണ്; അതു നാം വിസ്മരിച്ചിട്ടു കാര്യമില്ല. ഏതാണ്ട് 15 ലക്ഷത്തോളം വരുന്ന മൽസ്യത്തൊഴിലാളികറം ഇന്നും പഴയരീതിയിലുള്ള ജീവിതവുമായി മുൻപോട്ടുപോകുകയാണ്. ഞാനിതുപറയുമ്പോറം, അവർക്കുവേണ്ടി ഒന്നും ചെയ്തിട്ടില്ല എന്നു പറയുന്നില്ല. അവർക്കു വീടുവെച്ചുകൊടുക്കാൻ ഒരു പദ്ധതിയാവിഷ്കരിച്ചിട്ടുണ്ട്; കടലിൽവെച്ചു മരണമടയുന്ന മൽസ്യത്തൊഴിലാളികളുടെ കുടുംബത്തിന് ആനുകൂല്യവുമായി മുൻപോട്ടുവന്നിട്ടുണ്ട്. എന്നാൽ അടിസ്ഥാനപരമായി അവരുടെ പ്രശ്നങ്ങറംക്കു പരിഹാരം കാണാൻ ഒരു പരിപാടിയുമായി മുന്നോട്ടുവരാൻ സാധിച്ചിട്ടില്ല എന്നുപറയേണ്ടിവന്നതിൽ ഖേദമുണ്ട്. കഴിഞ്ഞ അനേകവർഷങ്ങളായി അവരനുഭവിക്കുന്ന യാതനകളിൽനിന്നു വ്യത്യസ്തമായി പുരോഗതിയിലേക്ക് അവരെ നയിക്കാൻസാധിച്ചിട്ടില്ല. ഇന്നും അവരനുഭവിക്കേണ്ടിവരുന്ന ബുദ്ധിമുട്ടുകറം-ശുദ്ധജലമില്ല; ഞങ്ങളുടെപ്രദേശത്ത്, കൊച്ചിഫിഷിങ്ങ് ഹാർബറിൽ, ഏകദേശക്കണക്കുനോക്കിയാൽ 60 കോടിയോളം രൂപയുടെ മൽസ്യം പിടിക്കുന്നുണ്ട്; പക്ഷേ ചെല്ലാനം—കുമ്പളങ്ങി വാട്ടർ സപ്ലൈ സ്കീം എത്രയോ കാലമായി പെൻഡിങ്ങായി കിടക്കുന്നു. ശുദ്ധജലം ഇതുവരെ ലഭിക്കാൻ സാധിച്ചിട്ടില്ല അവഗണിക്കപ്പെട്ട ഒരു പ്രദേശമായി ഇതു മാറിയിരിക്കുന്നു എന്നുപറയേണ്ടിവന്നതിൽ ഖേദമുണ്ട്. ഗവൺമെൻറ് ഇതു പരിഗണിക്കണമെന്നു പറയാൻ ഞാനാഗ്രഹിക്കുകയാണ്. സർ, അവിടെ ഗതാഗത സൗകര്യം പോരാ. അവർപിടിച്ചുകൊണ്ടുവരുന്ന ചെമ്മീനു ന്യായമായ വില കിട്ടാൻവേണ്ടി മാർക്കററിലെത്തിക്കാൻ പാലങ്ങളില്ല. ഇന്നും അവർ ചൂഷണത്തിനു വിധേയരായി കഴിഞ്ഞുകൂടുന്നു. ഒരു വിഭാഗം കുത്തകക്കാരുടെ ചൂഷണത്തിന് അവരിരയായിക്കൊണ്ടിരിക്കുന്നു. ആവശ്യമുള്ള സ്കൂളുകളില്ല. ഇന്ന് അതിനെക്കാളെല്ലാമുപരിയായി ഭീകരമായ ഒരവസ്ഥയിലേക്കുവന്നിട്ട്, ബോട്ടുമുതലാളിമാരുടെ മർദ്ദനത്തിനും അവർ വിധേയരായിരിക്കുന്നു. ഗവൺമെൻറ് ചില നിയന്ത്രണങ്ങളൊക്കെ അതിൽ വരുത്തിയിട്ടുണ്ടു. എങ്കിലും ഒരു പരിഹാരം കണ്ടെത്താൻ ഗവൺമെൻറിനു സാധിച്ചിട്ടില്ല, ഇതുവരെയും. സർ, ഇതിനു മാററംവരുത്തിയേ ഒക്കു. സീസണലായിട്ടുള്ള ഒരു ജോലിയിൽ ഏർപ്പെട്ടിട്ടുള്ളവരാണ് ഈ തൊഴിലാളികറം. പ്രകൃതിയെ ആശ്രയിച്ചു കഴിഞ്ഞുകൂടുന്ന ഈ തൊഴിലാളികറംക്ക് ആ സീസൺ കഴിഞ്ഞാൽപ്പിന്നെ തൊഴിലില്ല. കടലാക്രമണത്തെ ഭയപ്പെട്ടാണ് അവർ കഴിയുന്നത്; ഏതുമിനിട്ടിലും കടലാക്രമണമുണ്ടാവാം. ധാരാളം കാര്യങ്ങറം നമ്മറം ചെയ്തിട്ടുണ്ട്. എങ്കിലും അതു മുഴുമിപ്പിക്കാൻ ഇത്രയും കാലമായിട്ടും നമുക്കു സാധിച്ചിട്ടില്ല എന്നു പറയുമ്പോറം വലിയ ഒരു കുണ്ഠിതം ഞങ്ങളുടെ മനസ്സിലൂടെ കടന്നുപോകുകയാണ്.

എന്താണെന്നുവെച്ചാൽ, ഈ കടലോരപ്രദേശങ്ങളിൽ മൽസ്യത്തൊഴിലാളികൾ ഏററവും കൂടുതൽ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽനിന്നു മൽസ്യത്തൊഴിലാളികൾ തിരഞ്ഞെടുത്തയച്ച മെമ്പർമാർ ഈ ഭാഗത്താണിരിക്കുന്നത്. അവർക്കു ചില പ്രതീക്ഷകളുണ്ട് ഈ ഗവൺമെൻറിൽ. അതിനനുസരണമായ രീതിയിൽ, മററു വിഭാഗങ്ങൾക്കുകൊടുക്കുന്ന ആനുകൂല്യങ്ങളോളം മുഴുവൻ കൊടുത്തില്ലെങ്കിലും, കാര്യമായരീതിയിൽ ആനുകൂല്യം കൊടുക്കാൻ ഗവൺമെൻറ് മുൻപോട്ടുവരണം എന്നുള്ള അഭ്യർത്ഥനയാണ് എനിക്കുള്ളത്.

ഞാൻ മുൻപൊരവസരത്തിൽ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്, ഇന്നു ലോകരാഷ്ട്രങ്ങളിൽ ഏററവും കൂടുതൽ മൽസ്യബന്ധന മേഖലയിൽ മുൻപന്തിയിൽ നിൽക്കുന്ന സ്വീഡൻ, നോർവേ എന്നിവിടങ്ങളിലെ മൽസ്യത്തൊഴിലാളികളെപ്പററിയും മൽസ്യബന്ധനരീതികളെപ്പററിയും അവിടത്തെ എക്സ്പോർട്ടിനെപ്പററിയുമൊക്കെ പഠിക്കുന്നതിന് ഒരു വിദഗ്ദ്ധ സംഘത്തെ ഇവിടെനിന്ന് അയച്ചാൽ അവിടത്തെ രീതികൾ മനസ്സിലാക്കി കേരളത്തിൽ അതു പ്രായോഗികമാക്കാൻ സാധിക്കുമോഎന്നുള്ളതു ഗവൺമെൻറ് പരിശോധിക്കണമെന്നു പറഞ്ഞുകൊണ്ട് അതു ഞാൻ മുൻപോട്ടുവെയ്ക്കുകയാണ്. സർ, ഇന്ന് പല രാഷ്ട്രങ്ങളും ട്രോളേഴ്സ് നിർമ്മാണവുമായി മുമ്പോട്ടു വന്നിട്ടുണ്ട്. ഇൻഡ്യയിൽ ധാരാളം ഇറക്കുമതിചെയ്യുന്നുണ്ട്. ആഴക്കടൽ മൽസ്യബന്ധനം വികസിപ്പിക്കണമെന്ന് നമ്മൾ ആഗ്രഹിക്കുമ്പോൾതന്നെ നമുക്ക് കേരളത്തിൽ മററ് ഏതെങ്കിലും നല്ല വിദേശകമ്പനികളുമായി ചേർന്നുകൊണ്ടു ഒരു കോളാബറേഷൻ നടത്തി ട്രോളർ നിർമ്മാണഫാക്ടറി ഉണ്ടാക്കുന്നതിനെപ്പററി ചിന്തിക്കണമെന്നുള്ള അഭ്യർത്ഥനയുണ്ട്.

സർ, നമ്മുടെ ഫിഷറീസ്കോർപ്പറേഷനെ സംബന്ധിച്ചിടത്തോളം ഒന്നുരണ്ട് സംഗതികൾ പറയാൻ ആഗ്രഹിക്കുകയാണ്. നാം ബോട്ടുകൾ വിതരണം ചെയ്തിട്ടുണ്ട്. ഇത് ഇന്നിപ്പോൾ എവിടെ നിൽക്കുന്നു എന്നുള്ളതിൻെറ നേരെ കണ്ണടച്ചിട്ടു കാര്യമില്ല. വിതരണം ചെയ്ത ബോട്ടുകളിൽ പലതും ഇന്ന് മൽസ്യത്തൊഴിലാളികളുടെ കൈയിൽ ഇല്ല. കൊച്ചിയിൽ കോംഡ് സ്റേറാറേജ്, ഐസ്പ്ലാൻറ്, ഫ്റീസിംഗ് യൂണിററ് തുടങ്ങിയവയെല്ലാം ഉണ്ട്. ഇന്ന് ഇതെല്ലാംതന്നെ സ്വകാര്യവ്യക്തികൾ സ്റേറാക്കു ചെയ്യാൻ ഉപയോഗിക്കുകയാണ്. അതിൻെറ ഫലമായി 50 ലക്ഷം രൂപയുടെ സാധനങ്ങൾ നഷ്ടപ്പെട്ടു സാധാരണ ചെറുകിട വ്യവസായികൾ അതുമൂലം നശിച്ചിരിക്കുകയാണ്. അതിനെപ്പററി എൻക്വയറിനടത്തി ഉദ്യോഗസ്ഥൻമാരുടെ അനാസ്ഥമൂലം സംഭവിച്ചതെന്നാണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഏതാനും ചെറുകിട വ്യവസായികൾ വഴിയാധാരമായിരിക്കുകയാണ്. പണം തിരിച്ചടക്കാൻ നിവൃത്തിയില്ല. ബാങ്കുകാർ ജപ്തി നടപടിക്ക് വന്നിരിക്കുകയാണ്. ഇന്ന് എലി, പൂച്ച, പട്ടി എന്നിവയ്ക്കു താമസിക്കാൻ വേണ്ടി ഇവിടം തുറന്നുകൊടുത്തിരിക്കുകയാണ്. ഇന്ന് ഏതാനും ബോട്ടുകൾ മൈനർ പോർട്ടിലേക്ക് വിട്ടിരിക്കുകയാണ്. അത് ഇന്ന് അവിടെ കെട്ടികിടക്കുകയാണ്. ഉപയോഗിക്കാൻ നിവൃത്തിയില്ല. ഈ രീതിയിൽ കോർപ്പറേഷൻെറ പ്രവർത്തനം കൊണ്ടുപോവുകയാണെങ്കിൽ മൽസ്യത്തൊഴിലാളികൾ എവിടെചെന്നു നിൽക്കുമെന്നുള്ളകാര്യം ഗവൺമെൻറ് ചിന്തിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. കഴിഞ്ഞ കാലത്ത് ആരും ശ്രദ്ധിക്കപ്പെടാതിരുന്ന ഒരു കാലയളവിലാണ് കേരളത്തിൽ ചെറുകിടവ്യവസായികൾ എക്സ്പോർട്ടുരംഗത്ത് ധാരാളമായി മുമ്പോട്ട് വന്നത്. ഏതാണ്ട് 60 ഓളം എക്സ്പോർട്ടേഴ്സ് അവിടെ പ്രവർത്തിച്ചു. ബാങ്കുകളിൽനിന്നും ചില്ലറ സഹായങ്ങൾ ലഭിച്ചു. വൻകിടക്കാരും കുത്തകക്കാരും ഈ ഫീൽഡിൽ കടന്നുവന്നു. 1971–72-ൽ കേന്ദ്രഗവൺമെൻറ് കൊണ്ടുവന്ന

LIBRARY ARCHIVES Kerala Legislative Assembly

ചില നിയന്ത്രണങ്ങളുടെ അടിസ്ഥാനത്തിൽ, ചില നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ഇവിടത്തെ എക്സ്പോർട്ടേഴ്സിന് ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടതായി വന്നു. ടാററാ ഉൾപ്പെടെയുള്ളവർ വന്ന് ബാങ്കുകാരുമായി ഗൂഢാലോചന നടത്തിയതിന്റെ ഫലമായി 60-ഓളം യൂണിററുകൾ നമ്മുടെ നാട്ടിൽ പ്രവർത്തിച്ചിരുന്നത്, അതുമൂലം പതിനായിരം ആളുകൾക്ക് തൊഴിൽ കിട്ടിയിരുന്നത് അടച്ചു പൂട്ടേണ്ടതായിവന്നു. ഫിഷറീസ് മേഖലയിലും ഉത്തരേന്ത്യൻ മേധാവികൾ വന്ന് കൈയടക്കിയതിന്റെ ഫലമായി സാധാരണക്കാരെ പിച്ചച്ചട്ടി എടുപ്പിച്ചുകൊണ്ട് അത് പൂട്ടേണ്ടതായി വന്നിരിക്കുകയാണ്. ബാങ്കുകാർ അവർക്കുള്ള സാമ്പത്തികസഹായങ്ങൾ നിർത്തിവച്ചു. ഒരു ലക്ഷവും രണ്ട് ലക്ഷവും കൊടുക്കേണ്ട ചെറുകിടക്കാർക്കു കൊടുക്കാതെ കോടിക്കണക്കിന് രൂപ വൻകിടക്കാർക്ക് കൊടുത്തു. ഇതുപറയുമ്പോൾ ഈ അടുത്തസമയത്ത് തമിഴ്നാട്, കർണ്ണാടക, പുതുശ്ശേരി പ്രദേശങ്ങൾ അടങ്ങുന്ന മദിരാശി സർക്കിളിന്റെ ചീഫ് ജനറൽ മാനേജർ എസ്.കെ. ദത്ത കേരളത്തിനും അയൽ സംസ്ഥാനങ്ങൾക്കും കൊടുക്കുന്ന വായ്പാ അനുപാതത്തെ സംബന്ധിച്ച് സൂചിപ്പിച്ചിട്ടുണ്ട്. സ്റേററ് ബേങ്ക് ഓഫ് ഇൻഡ്യയുടെ കേരളത്തിനുള്ള വായ്പാ അനുപാതം 47 ശതമാനം ആണ്. നമ്മൾ കൊടുക്കുന്നതിന്റെ 47 ശതമാനം മാത്രം. തമിഴ്നാട്ടിൽ 112 ശതമാനമാണ്. ഈ കണക്ക് ദത്ത പറഞ്ഞിട്ടുള്ളതാണ്. കർണ്ണാടകയ്ക്ക് 133 ശതമാനമാണ്. ഇവിടെ വ്യവസായങ്ങൾ എങ്ങനെയാണ് വളരുന്നത്? 550 കോടി രൂപ ഗൾഫ് രാജ്യങ്ങളിൽനിന്നും എത്തുന്നത് നിക്ഷേപിക്കാനുള്ള സൗകര്യങ്ങൾ നാം നോക്കിക്കൊണ്ടിരിക്കുകയാണ്. നമ്മൾ അതിനുവേണ്ടി ഇവിടെ പദ്ധതികൾ അവിഷ്ക്കരിക്കുന്നുണ്ട്. പക്ഷേ അത് നടപ്പിലാക്കുന്നതിനുമുമ്പായിതന്നെ നമ്മുടെ നിക്ഷേപങ്ങൾ അന്യ സംസ്ഥാനങ്ങളിലേക്ക് പോവുകയാണ്. ഇതിനെപ്പററി ചിന്തിക്കാൻ തയ്യാറുണ്ടോയെന്ന് ഞാൻ ചോദിക്കുകയാണ്. നമ്മുടെ എക്സ്പോർട്ടേഴ്സിന് ഒന്നര കോടി രൂപ മാത്രമാണ് കുടിശികയിനത്തിൽ ബാക്കിയുള്ളത്. ഇൻഷ്വറൻസിൽനിന്നും ഒരു കോടിരൂപ അവർക്ക് ക്ലെയിം ലഭിക്കുകയുണ്ടായി. ബാക്കി 50 ലക്ഷം രൂപ തിരിച്ച് അടയ്ക്കുന്നതിനുവേണ്ടി അവരുടെമേൽ നിയമനടപടികളുമായി മുമ്പോട്ടുപോവുകയും സാമ്പത്തികസഹായങ്ങൾ കംപ്ലീററായി അവസാനിപ്പിക്കുകയും ചെയ്തിരിക്കുകയാണ്. നമ്മുടെ വ്യവസായങ്ങൾ ഇവിടെ തകരുന്നു.

സർ, കേന്ദ്ര ഗവൺമെൻറിന്റെ നിർദ്ദേശപ്രകാരം യു. പി. യിൽ 60 കോടിരൂപ ഇളവുചെയ്ത് കൊടുത്തിരിക്കുകയാണ്. 200 എസ്. എസ്. ഐ. യൂണിററുകൾക്കുവേണ്ടിയാണ്. തമിഴ്നാട്ടിൽ 23 കോടി രൂപ ഇളവ് ചെയ്തുകൊടുത്തു. മഹാരാഷ്ട്ര, വെസ്ററ് ബംഗാൾ തുടങ്ങിയ സ്ഥലങ്ങളിലെല്ലാംകോടിക്കണക്കിന്രൂപഇളവുചെയ്തുകൊടുത്തിട്ടുണ്ട്. ഇവിടെ ഒന്നര കോടി രൂപയിൽ 50 ലക്ഷത്തോളം വരുന്ന ഈ തുക ഇളവ് ചെയ്ത് കൊടുക്കാൻവേണ്ടി സ്റേററ് ബാങ്ക് തയ്യാറാകുന്നില്ല. റിസർവ്വ് ബേങ്ക് അതിനെപ്പററി പരിഗണിക്കാമെന്ന് പറഞ്ഞാലും നമ്മുടെ ബാങ്കുകൾ മുമ്പോട്ടുവരുകയില്ല. അതുകൊണ്ട് ഈ കാര്യത്തെപ്പററി സംസ്ഥാന ഗവൺമെൻറ് കാര്യമായിതന്നെ കണക്കിലെടുക്കണമെന്നഭ്യർത്ഥിക്കുകയാണ്. നമ്മുടെ പരമ്പരാഗതമായ ഒരു വ്യവസായം അന്യ നാട്ടുകാരുടെ കുത്തകയായി പോകാതിരിക്കണമെങ്കിൽ ഗവൺമെൻറ് ഉണർന്ന് പ്രവർത്തിക്കേണ്ടിയിരിക്കുന്നു.

സർ, ഈ അടുത്തകാലത്ത് സങ്കടകരമായ ഒരു അവസ്ഥാവിശേഷമുണ്ട്. വളരെയധികം ബുദ്ധിമുട്ടു സഹിച്ച് നിർദ്ധനരായി മാറിയ ചെറുകിട

LIBRARY ARCHIVES Kerala Legislative Assembly

വ്യവസായികൾ 45 യൂണിററുകളിലായി നാലര ലക്ഷം രൂപ സെയിൽസ് ടാക്സിൽ കുടിശികയുണ്ടെന്ന് പറഞ്ഞുകൊണ്ടു ഇന്ന് റവന്യൂ റക്കവെറി നടപടികളിലേക്ക് പോവുകയാണ്. ഇവർ എവിടെനിന്നും ആണ് ഇതു കൊടുക്കുന്നത്? സെൻട്രൽ സെയിൽ ടാക്സ് അമൻറുമെൻറ് വന്നു. ഫിഷറീസ് എക്സ്പോർട്ടേഴ്സിന് കേന്ദ്ര ഗവൺമെൻറ് കൊണ്ടുവന്ന അമൻറുമെൻറ് സഹിക്കാൻ നിവൃത്തിയില്ലാത്തതാണെന്ന് മാതൃഭൂമിയിൽ ഉണ്ടായിരുന്നു. 1977–78, 78–79 എന്നീ വർഷങ്ങളിൽ പർച്ചേസ് ടാക്സിൽ നിന്നും അവരെ ഒഴിവാക്കിയെന്ന് പറഞ്ഞിട്ടുണ്ട്. ഈ 45-ഓളം യൂണിററുകളെ നാലര ലക്ഷത്തോളം രൂപക്കുവേണ്ടി ബുദ്ധിമുട്ടിക്കുന്നത് ശരിയല്ല. ഇത് ഇളവ് ചെയ്യാൻ തയ്യാറാകണമെന്ന് പറയുകയാണ്. ഇവിടെ വ്യവസായങ്ങൾ വളരേണ്ടത് ആവശ്യമാണ്. അത് ഗവൺമെൻറ് പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

സർ, ഞാൻ പ്രാദേശികമായ ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം. കുമ്പളത്ത് ഒരു ഫിഷ് ഫാം നടപ്പിലാക്കാൻവേണ്ടി തീരുമാനമെടുത്തു. എറണാകുളം ജില്ലയുടെ പടിഞ്ഞാറൻ ഭാഗങ്ങളിൽ പള്ളുരുത്തി നിയോജകമണ്ഡലത്തിൽ കുമ്പളം എന്നുപറയുന്ന സ്ഥലത്ത് 700-ൽ പരം ഏക്കർ സ്ഥലം ലഭിക്കാൻ സൗകര്യമുണ്ട്. അതിൻമേൽ തീരുമാനമെടുക്കുകയും പല സ്ഥലങ്ങളിൽനിന്നും ഇൻഷ്വറൻസുകൾ കിട്ടുകയും ചെയ്തിട്ടുള്ളതാണ്. ഇപ്പോൾ അത് കൊടുങ്ങല്ലൂരിലേക്ക് കൊണ്ടുപോകാൻ പോവുകയാണ്. ഈ കാര്യത്തിലും പള്ളുരുത്തിയോടുള്ള അവഗണന തുടരരുതെന്നു മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. ഭാസ്കരൻ നായർ: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇവിടെ സംസാരിച്ച എല്ലാ ബഹുമാനപ്പെട്ട അംഗങ്ങളും മൽസ്യബന്ധനത്തിലേർപ്പെട്ടിട്ടുള്ള മൽസ്യത്തൊഴിലാളികളുടെ കാര്യത്തെക്കുറിച്ച് വളരെ ശ്രദ്ധേയമായി പറഞ്ഞുകേട്ടു. മൽസ്യത്തൊഴിലാളികളെന്ന് വിവക്ഷിക്കപ്പെടുന്ന ആളുകൾ കടലിൽപോയി മൽസ്യബന്ധനം നടത്തുന്ന ആളുകൾ മാത്രമാണെന്നുള്ള രീതിയിൽ സംസാരിക്കുകയുണ്ടായി. മറെറാരുവിഭാഗം കൂടിയുണ്ട്. ഉൾനാടൻ ജലാശയത്തിൽ പോയി മൽസ്യബന്ധനം നടത്തി കാലയാപനം നടത്തുന്ന ആളുകളുമുണ്ട്. അതുപോലെതന്നെ നമുക്ക് വളരെയേറെ വിദേശനാണ്യം നേടിത്തരുന്ന തവള പിടിക്കുന്ന വിഭാഗക്കാരുമുണ്ട്. ഇവരേയും മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്നവരായി കണക്കാക്കണം. മൽസ്യത്തൊഴിലാളികൾക്കുവേണ്ടി വളരെയേറെ ആനുകൂല്യങ്ങൾ ചെയ്യുന്നുണ്ടെന്ന് ഈ ബഡ്ജററ് പ്രസംഗത്തിൽ പറയുന്നുണ്ട്. എങ്കിൽപ്പോലും അത് പ്രായോഗികമാക്കുന്ന അവസരത്തിൽ ഈ വിഭാഗം ആളുകൾക്ക് യാതൊരാനുകൂല്യവും നൽകിയതായി കാണുന്നില്ല. അതുകൊണ്ട് എനിക്ക് ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുവാനുള്ളത് മററുള്ള മൽസ്യത്തൊഴിലാളികൾക്ക് കൊടുക്കുന്ന എല്ലാ അവകാശങ്ങളും ആനുകൂല്യങ്ങളും ഇവർക്കുകൂടി ബാധകമാക്കണം എന്നാണ്.

മറെറാരു സംഗതി പറയുവാനുള്ളത്, വാട്ടർ സപ്ലൈയെക്കുറിച്ചാണ്. ഇന്ന് മുനിസിപ്പൽ ടൗണുകളിൽ എൽ. ഐ. സി. യിൽ നിന്നും വായ്പ വാങ്ങി ചിലവഴിച്ച് വാട്ടർ സപ്ലൈ നടത്തിക്കൊണ്ടിരിക്കുകയാണ്. തിരുവനന്തപുരം സിററിയിൽ ഗ്യാലൻ കണക്കിന് വെള്ളത്തിന് വില നിശ്ചയിക്കുമ്പോൾ മററ് മുനിസിപ്പാലിററികളിൽ ലിററർ കണക്കിനാണ് വെള്ളത്തിൻെറ വില നിശ്ചയിക്കുന്നത്. അത് മാററണം. ഒരു

LIBRARY ARCHIVES Kerala Legislative Assembly

യൂണിഫോം പോളിസി ഏർപ്പെടുത്തണം. തിരുവനന്തപുരത്ത് 1000 ഗ്യാലൻ വെള്ളത്തിന് കൊടുക്കുന്ന വില ചങ്ങനാശ്ശേരിയിൽ 1000 ലിററർ വെള്ളത്തിന് കൊടുക്കണം. അതുകൊണ്ട് ഈ കാര്യത്തിൽ എല്ലാ സ്ഥലങ്ങളിലും ഒരേ നയംതന്നെ സ്വീകരിച്ചാലേ അതുകൊണ്ട് സാധാരണജനങ്ങൾക്ക് എന്തെങ്കിലും ഗുണം കിട്ടുകയുള്ളു.

പട്ടികജാതി--പട്ടിക വർഗ്ഗക്കാർക്കുവേണ്ടി വളരെയേറെ കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് ഈ ഗവൺമെൻറ് അവകാശപ്പെടുന്നുണ്ട്. ഇന്ന് ഇവിടെ പ്രസംഗിച്ച അംഗങ്ങളിൽ പലരും ഹരിജനങ്ങൾക്കുവേണ്ടി മുതല ക്കണ്ണീർ പൊഴിക്കുകയുണ്ടായി. പട്ടിണിയും പരിവട്ടവുമായി കഴിയുന്ന ഈ ജനവിഭാഗത്തിന് ഉദ്യോഗത്തിൽ പത്ത് ശതമാനം റിസർവ്വേഷൻ നൽകണമെന്ന് വ്യവസ്ഥയുണ്ട്. ഇത് പോരായെന്നുള്ളതാണ് ഞങ്ങ ളുടെ അഭിപ്രായം. ഈ പത്ത് ശതമാനം ഉയർത്തി പതിനഞ്ച് ശതമാന മാക്കണം. എങ്കിൽ മാത്രമേ അവർക്ക് അർഹമായ ആനുകൂല്യം ലഭിക്കു വാൻ സാധിക്കുകയുള്ളു.

ചങ്ങനാശ്ശേരി കോടതിയിൽ പ്രാക്ടീസ് ചെയ്യുന്ന ഒരു ഹരിജൻെറ കാര്യമാണ് എനിക്ക് ഈ അവസരത്തിൽ പറയാനുള്ളത്. അദ്ദേഹം എം. എ. എം. എൽ. ആണ്. ഫസ്ററ് ക്ലാസ്സിലാണ് അദ്ദേഹം പാസ്സായിട്ടുള്ളത്. 3 കൊല്ലമായി കോടതിയിൽ പ്രാക്ടീസ് ചെയ്യുക യാണ്. ലോ ലക്ചറർ ആയിട്ടോ മുൻസിഫ് ആയിട്ടോ നിയമനത്തിന് പല പ്പോഴും അപേക്ഷിക്കാറുണ്ട്. പക്ഷേ ഇന്നിതുവരെ എന്തു കാരണവശാലോ അയാൾക്ക് ഒരു ഉദ്യോഗം കിട്ടിയിട്ടില്ല. ഹരിജനങ്ങൾക്ക് വളരെയേറെ ആനുകൂല്യങ്ങൾ ചെയ്യുന്നതായ ഗവൺമെൻറിന് എന്തുകൊണ്ട് മൂന്നു കൊല്ലംകൊണ്ട് പ്രാക്ടീസ്ചെയ്യുന്ന ഈ വ്യക്തിക്കുവേണ്ടി ഒരു പ്രത്യേക പരിഗണനകൊടുത്ത് ഒരു ഉദ്യോഗം കൊടുക്കാത്തത്. ഹരിജനങ്ങൾക്ക് റിസർവേഷനുണ്ടെന്ന് പറയുന്നുണ്ടെങ്കിലും അത് ഒരു വിഭാഗത്തിന് മാത്രമേ ലഭിക്കുന്നുള്ളു. അതുകൊണ്ട് അതിനെക്കുറിച്ച് ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറഞ്ഞുകൊണ്ടും ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ടും ഞാൻ എൻെറ വാക്കുകൾ അവസാനി പ്പിക്കുന്നു.

<u>ശ്രീ. ഇ. അഹമ്മദ്</u>: സർ, ഇവിടെ അവതരിപ്പിക്കപ്പെട്ടിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ അനുകൂലിക്കുകയാണ്. ഈ ധനാഭ്യർത്ഥന കളെ അനുകൂലിക്കുമ്പോൾ ഫിഷറീസ് ഡിപ്പാർട്ടുമെൻറിനെ സംബ ന്ധിച്ചും അതിൻെറ പ്രവർത്തനത്തെ സംബന്ധിച്ചും ഏതാനും കാര്യ ങ്ങൾ പരാമർശിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ ഒരു കൊല്ലക്കാലം നമ്മുടെ മൽസ്യബന്ധന രംഗത്ത് കണ്ടെത്തുവാൻ കഴിഞ്ഞ ഒരു നല്ല കാര്യമാണ്, ഫിഷർമെൻ വെൽഫയർ കോർപ്പറേഷൻെറ പ്രവർ ത്തനം. ഈ കോർപ്പറേഷൻെറ പ്രവർത്തനത്തിൽകൂടി ഈ രാജ്യത്തെ പാവപ്പെട്ട മൽസ്യത്തൊഴിലാളികൾക്ക് ഭവനനിർമ്മാണപദ്ധതി ആരംഭിച്ച ഗവൺമെൻറിനെ ഞാൻ അഭിനന്ദിക്കുകയാണ്. ഈ രാജ്യത്ത് ഭവനരഹിത രായി കഴിയുന്ന ഏററവും പ്രധാനപ്പെട്ട രണ്ട് വിഭാഗങ്ങളിൽ ഒന്നാണ് മൽസ്യത്തൊഴിലാളികൾ. അവർക്ക് ഒരുവർഷം 25,000 ഭവനങ്ങൾ നിർമ്മി ച്ചുകൊടുക്കുവാൻ മുമ്പോട്ടുവന്ന കോർപ്പറേഷനേയും ഞാൻ അഭിനന്ദിക്കു കയാണ്. ഭവനനിർമ്മാണ പദ്ധതിക്കുവേണ്ടി ആളൊന്നിന് 4000 രൂപ വീതം നൽകുവാനുള്ള പദ്ധതിയാണിത്. അതിൽ രണ്ടായിരം രൂപ ഈ കോർപ്പറേഷനിൽനിന്നും ഗ്രാൻറായും ബാക്കിയുള്ള രണ്ടായിരം രൂപ

LIBRARY ARCHIVES Kerala Legislative Assembly

ഹഡ്കോയിൽനിന്ന് ലോണായി വാങ്ങിയും ആണ് ഭവനം നിർമ്മിക്കേണ്ടത്. ഈ സമ്പ്രദായം നല്ലതാണെങ്കിൽ തന്നെയും സാധനങ്ങളുടെ വർദ്ധിച്ച വില കാരണം 4000 രൂപയ്ക്ക് വേണ്ട സൗകര്യത്തോടുകൂടിയ ഒരു ഭവനം നിർമ്മിക്കുവാൻ സാധിക്കുമോയെന്നുള്ള കാര്യത്തെക്കുറിച്ച് ഗവൺമെൻറ് ചിന്തിക്കണം.

മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന ഒരു മൽസ്യത്തൊഴിലാളി മരിച്ചാൽ ആ തൊഴിലാളിയുടെ കുടുംബത്തിന് ആവശ്യമായ ആശ്വാസ നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടി കോർപ്പറേഷൻ ഒരുലക്ഷം രൂപയാണ് വകകൊള്ളിച്ചിട്ടുള്ളത്. കേരളത്തിലൊട്ടാകെയുള്ള പ്രദേശത്തെ മൽസ്യത്തൊഴിലാളികളുടെ ആവശ്യത്തിനുവേണ്ടി ഒരു ലക്ഷം രൂപ മാത്രം വകയിരുത്തിയാൽ പോരാ. അതുകൊണ്ട് ഈ തുക വർദ്ധിപ്പിക്കണം. അതുപോലെതന്നെ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുമ്പോൾ മരണമടയുന്ന മൽസ്യത്തൊഴിലാളിയുടെ കുടുംബത്തിന് വിദ്യാഭ്യാസാനുകൂല്യം ചെയ്യുന്നതിനുള്ള നടപടികൂടി കോർപ്പറേഷൻ ആവിഷ്കരിക്കണം.

മറ്റൊരു കാര്യം പറയാനുള്ളത്, മൽസ്യത്തൊഴിലാളികളുടെ ദൈനംദിന ജീവിതവുമായി ബന്ധപ്പെട്ടുകൊണ്ടുവേണം കോർപ്പറേഷൻെറ പ്രവർത്തനം ക്രമീകരിക്കുവാൻ എന്നാണ്. കുറേനാൾകൊണ്ട് മൽസ്യത്തൊഴിലാളികൾ യാതൊരു ജോലിയുമില്ലാതെ കഷ്ടപ്പെടുകയാണ്. അതിനുള്ള പരിഹാരമാർഗ്ഗവും കോർപ്പറേഷൻ കണ്ടെത്തണം. ഇങ്ങനെ മൽസ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുവേണ്ടിയുള്ള പ്രവർത്തനത്തിനായി ഈ കോർപ്പറേഷൻെറ പ്രവർത്തനത്തെ മാററണം.

മൽസ്യബന്ധന വിപണനവുമായി ബന്ധപ്പെട്ട ഒരു കോർപ്പറേഷനാണ് കേരളാ ഫിഷറീസ് കോർപ്പറേഷൻ. ഇന്ന് അതിൻെറ പ്രവർത്തനം വളരെയധികം ദുഃഖകരമായിത്തീർന്നിരിക്കുകയാണ്. കേരളാ ഫിഷറീസ് കോർപ്പറേഷൻ കഴിഞ്ഞ ആണ്ടിൽ വെറും 99.39 ലക്ഷം രൂപയുടെ മൽസ്യോൽപ്പന്നങ്ങളാണ് കയററുമതി ചെയ്തിട്ടുള്ളത്. അതിനു മുമ്പിലത്തെ കൊല്ലം 105.76 ലക്ഷം രൂപയുടെ മൽസ്യോൽപ്പന്നങ്ങൾ കയററുമതി ചെയ്തു. ഇങ്ങനെ ഈ കോർപ്പറേഷൻെറ ഓരോരോ പ്രവർത്തനങ്ങൾ എടുത്തുനോക്കിയാലും ഖേദകരമാണ്—ആക്ഷേപാർഹമാണ്. ഈ കാര്യത്തിൽ ഗവൺമെൻറ് ഒരു തീരുമാനം എടുക്കണം. ഒന്നുകിൽ കോർപ്പറേഷൻ നന്നായി നടത്തണം അല്ലെങ്കിൽ കോർപ്പറേഷൻെറ പ്രവർത്തനം വേണ്ടെന്നുവെയ്ക്കണം. ''പശു പുല്ല് തിന്നുകയുമില്ല, ചാവുകയുമില്ല'' എന്നു പറയുന്നതുപോലെയാണ് ഇന്നത്തെ കോർപ്പറേഷൻെറ പ്രവർത്തനം.

മറെറാരുകാര്യം ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്തുവാനുള്ളത്, കടലിൻെറ മക്കളായ മൽസ്യത്തൊഴിലാളികൾ തമ്മിൽ ലഹള കൂടുന്ന സ്ഥിതിവിശേഷത്തെക്കുറിച്ചാണ്. ഈ കാര്യത്തെക്കുറിച്ച് ഇവിടെ പല മെമ്പർമാരും സൂചിപ്പിക്കുകയുണ്ടായി.

ഈ കാര്യത്തിൽ ഗവൺമെൻറ് സജീവമായി ശ്രദ്ധിക്കണമെന്നു പറയാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഗവൺമെൻറ് ചെയ്ത പല പ്രവർത്തനങ്ങളും കടലിലുള്ള സംഘട്ടനങ്ങൾ ഒഴിവാക്കാൻ സഹായകമാണ്. കേരളാ ഗവൺമെൻറിൻെറ മുമ്പിൽ മൽസ്യത്തൊഴിലാളികളുടെ വിവിധ യൂണിയനുകൾ ചേർന്ന കോ-ഓർഡിനേഷൻ കമ്മിററി സമർപ്പിച്ചിട്ടുള്ള നിവേദനത്തിൽ നിർദ്ദേശിച്ചിരുന്ന ചില കാര്യങ്ങൾ ഗവൺമെൻറിൻെറ ശ്രദ്ധയിൽപെടുത്താനാഗ്രഹിക്കുകയാണ്. കേരളത്തിലെ

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യത്തൊഴിലാളികളുടെ തൊഴിലും ജീവിതവും സംരക്ഷിക്കാൻ പര്യാപ്തമായവിധം മൽസ്യബന്ധനവും വിപണനവും സംസ്കരണവും ഗവൺമെന്റ് നേരിട്ടോ അല്ലെങ്കിൽ കോർപ്പറേഷൻ മുഖേനയോ ഏറ്റെടുക്കേണ്ടത് ആവശ്യമാണ്. മറ്റൊന്ന് പഴ്സീൻ നെറ്റും യന്ത്രവൽകൃത ബോട്ടും മൽസ്യത്തൊഴിലാളികൾക്ക് ഉപയോഗിക്കുന്നതിന് പര്യാപ്തമായ ഒരു പദ്ധതി താമസംവിനാ ഏർപ്പെടുത്തണം. ഈ ബോട്ടുകൾ ഇന്ന് ഏതാനും സഹകരണസംഘങ്ങൾക്കോ അതല്ലെങ്കിൽ മുതലാളിമാരുടെ സ്വകാര്യവിഭാഗങ്ങൾക്കോ മാത്രമേയുള്ളൂ. ഇത് മൽസ്യത്തൊഴിലാളികൾക്ക് നൽകണമെന്നാണ് അവരുടെ നിർദ്ദേശം. മറ്റൊന്ന് യന്ത്രീകൃത ബോട്ടുകൾ കരയിൽനിന്ന് അഞ്ച് കിലോമീററർ അകലെവച്ച് ആഴക്കടൽ മൽസ്യബന്ധനം മാത്രമേ ചെയ്യാവൂ എന്നുള്ളത് കർശനമായി ഗവൺമെന്റ് നടപ്പാക്കണമെന്നതാണ്. ഇത് ഗവൺമെൻറ് നടപ്പാക്കിക്കഴിഞ്ഞതായിട്ടാണ് മനസ്സിലാകുന്നത്. പക്ഷെ പലപ്പോഴും അത് ഉത്ലംഘിക്കപ്പെടുന്നതിന്റെ ഫലമായിട്ടാണ് കടലിൽവച്ച് രണ്ടുവിഭാഗം മൽസ്യത്തൊഴിലാളികൾ—നാടൻ തോണി ഉപയോഗിക്കുന്നവരു ബോട്ടിൽ പോകുന്നവരും തമ്മിൽ പരസ്പരം സംഘട്ടനത്തിൽ ഏർപ്പെടുന്നത്. അത് ഒഴിവാക്കുന്നതിനുവേണ്ടി ഇത് കർശനമായി നടപ്പാക്കണം. അതുപോലെതന്നെ യന്ത്രീകൃത ബോട്ടുകൾ ഒരു നിശ്ചിത കാലത്തിനുശേഷം കടലിൽ ഇറക്കുന്നത് ഒഴിവാക്കണമെന്ന് ആവശ്യപ്പെടുന്നുണ്ട്. മൽസ്യത്തൊഴിലാളികൾ യന്ത്രീകൃത ബോട്ടുകളിൽ നിയന്ത്രണമില്ലാതെ പ്രവർത്തിക്കുന്നതുകൊണ്ട് സാധാരണ നാടൻ വഞ്ചികൾ ഉപയോഗിക്കുന്ന തൊഴിലാളികൾക്കുണ്ടാകുന്ന വിഷമങ്ങൾ പരിഹരിക്കാനാണ് ഈ നിർദ്ദേശം ഗവൺമെൻറ് പരിഗണിക്കണമെന്ന് പറയുന്നത്. മറ്റൊരുകാര്യം, ഫിഷറീസ് ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനത്തെക്കുറിച്ച് രണ്ട് വസ്തുത ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. ഒന്ന് കണ്ണൂരിലെ മാപ്പിള ബേയ് ഹാർബറിനെപ്പററിയാണ്. നോർവ്വീജിയൻ സ്കീം പ്രകാരം കേരളത്തിന് ലഭിച്ചിട്ടുള്ള ഈ പദ്ധതി പ്രൊഫസർ ഗൺ എന്ന നോർവീജിയൻ എൻജിനീയറാണ് ഡിസൈൻ ചെയ്തത്. ലക്ഷക്കണക്കിന് രൂപ മുടക്കിയിരിക്കുകയാണ്. ഇന്ന് ഇവിടെ ഹാർബറുമില്ല ഒന്നുമില്ല. മണ്ണ് ഇടിഞ്ഞിരിക്കുകയാണ്. ആ സ്ഥലം എരുമയും പോത്തുമെല്ലാം സമുദ്രസ്നാനത്തിന് ഉപയോഗിക്കുകയാണ്. നമ്മുടെ രാജ്യത്തുനിന്ന് വളരെയധികം വിലപിടിച്ച ശ്രമം അവിടെ ദുർവ്യയം ചെയ്തു പോയിരിക്കുകയാണ്. ഗവൺമെൻറ് ഇത് ശ്രദ്ധിക്കണമെന്ന് പറയാനാഗ്രഹിക്കുകയാണ്. മറ്റൊന്ന് വളപ്പട്ടണം മൽസ്യബന്ധന പദ്ധതിയാണ്. കണ്ണൂരിലെ അഴീക്കോട് പ്രദേശത്ത് വളപ്പട്ടണം മൽസ്യബന്ധന പദ്ധതിയോടനുബന്ധിച്ച് നൂറ് ടൺ ഐസ് പ്ലാൻറ് അവിടെ നിർമ്മിച്ചുകൊണ്ടിരിക്കുകയാണ്. ഇനിയും പൂർത്തിയായിട്ടില്ല. അതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ടുകൊണ്ട് ഒരു കോൺട്രാക്ടർക്ക് ഉദ്യോഗസ്ഥന്റെ വീഴ്ചകൊണ്ടുമാത്രം ലക്ഷക്കണക്കിന് രൂപ ഗവൺമെൻറ് കൊടുക്കേണ്ടിവന്ന സ്ഥിതിയെപ്പററി അന്വേഷണം നടത്താൻ തയ്യാറാകണം.

ശുദ്ധജലവിതരണ പദ്ധതിയെപ്പററി രണ്ടു വാക്ക് പറഞ്ഞുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കാം. കേരളത്തെ സംബന്ധിച്ചിടത്തോളം ധാരാളം മഴവെള്ളം കിട്ടുന്നുണ്ട്. ''വെള്ളം വെള്ളം സർവ്വത്ര, തുള്ളി കുടിപ്പാനില്ലത്രെ'' എന്നത് കേരളത്തെ സംബന്ധിച്ചിടത്തോളം കേരളത്തിലെ ഗ്രാമീണ ജനങ്ങളെ സംബന്ധിച്ചിടത്തോളം അന്വർത്ഥമായിരിക്കുകയാണ്. ഇതിന് പരിഹാരം കാണണം. സമഗ്രമായ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതി നടപ്പാക്കണം. നഗരത്തിൽ ശുദ്ധ

LIBRARY ARCHIVES Kerala Legislative Assembly

ജലവിതരണ പദ്ധതി ഉണ്ടെങ്കിൽപോലും ഗ്രാമത്തിലെ പദ്ധതിക്ക് ഇനിയും ശ്രമവും സഹായവും വേണം. വാട്ടർ സപ്ലൈ ബോർഡിനെപ്പററി പറഞ്ഞു. വാട്ടർ സപ്ലൈ ബോർഡ് നിലവിൽ വന്നാൽ അത് ഇലക്ട്രിസിററി ബോർഡ് പോലെ ആകാതിരിക്കാൻ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണം. ഇലക്ട്രിസിററി ബോർഡിൻെറ പ്രവർത്തനം കൊണ്ട് കേരളത്തിന് ഉണ്ടായിട്ടുള്ള കാര്യത്തെപ്പററി നമുക്കറിയാം. അതു കൊണ്ട് ഈ ബോർഡിൻെറ പ്രവർത്തനം വന്നാൽ ഗ്രാമപ്രദേശങ്ങളിലെ ശുദ്ധജലവിതരണപദ്ധതിക്ക് ഒരു തരത്തിലും ദോഷകരമായി ബാധി ക്കാതിരിക്കാൻ ഗവൺമെൻറ് പ്രത്യേകം ശ്രദ്ധിക്കണമെന്ന് പറഞ്ഞു കൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി അനുകൂലിച്ചുകൊണ്ട് എൻെറ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. ജെ. ജോർജ്ജ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ഇന്ന് സെക്രട്ടേറിയററിൻെറ പ്രധാന ഗേററിൽ സമരം നടന്നുകൊണ്ടിരിക്കുകയാണ്. മുനിസിപ്പാലിററി, കോർപ്പറേഷൻ, പഞ്ചാ യത്ത് എന്നീ വിഭാഗത്തിൽ ജോലിചെയ്യുന്ന ജീവനക്കാർ അവരുടെ ആനു കൂല്യങ്ങൾ കിട്ടുന്നതിനുവേണ്ടിയാണ് സമരം ചെയ്യുന്നത്. disparity-ക്കെതിരായിട്ടാണ് സമരം നടത്തുന്നത്. അതു മാററുന്നതിനുവേണ്ടിയാണു സമരം നടത്തുന്നത്. ഈ കാര്യം ഗവൺമെൻറ് ചിന്തിക്കണം. ലീവ് എടുത്തുപോയ ശ്രീ. നഹയോട് പലപ്പോഴും ആവശ്യപ്പെട്ടിട്ടുള്ള കാര്യമാണ്. അതിന് ഒരു പരിഹാരം ഉണ്ടാക്കണമെന്നാണ് എനിക്കു പറയാനുള്ളത്. വേതന നയത്തെ സംബന്ധിച്ചിടത്തോളം തെക്കൻമേഖലയ്ക്ക് ഒരു നയം വേണമെന്ന് ആഗ്രഹിക്കുന്ന ഈ ഗവൺമെൻറ് തൻെറ കീഴിലുള്ള വകുപ്പു കളിൽതന്നെ വ്യത്യസ്തമായ മാനദണ്ഡം സ്വീകരിക്കുന്നതു മാററി എല്ലാ ജോലിക്കാർക്കും തുല്യജോലിക്ക് തുല്യ വേതനം കൊടുക്കുന്ന സംപ്രദായം നടപ്പാക്കണം.

അടുത്തതായി ശുദ്ധജലവിതരണം ചെയ്യുന്ന കാര്യത്തെപ്പററിയാണ് എനിക്കു പറയാനുള്ളത്. തൃശൂർ വാട്ടർസപ്ലൈ സ്കീമിനെ സംബന്ധി ച്ചാണ് പറയാനാഗ്രഹിക്കുന്നത്. 1961-ൽ നടപ്പായ പദ്ധതി 25 കൊല്ലംവരെ സുലഭമായി വെള്ളം കിട്ടുമെന്ന് പ്രഖ്യാപിച്ച പദ്ധതി 1976-ൽ എത്തിയ പ്പോൾ അതായത് 15 വർഷം കഴിഞ്ഞപ്പോൾ ജനങ്ങൾക്ക് വെള്ളം നൽകാൻ പററാത്ത സാഹചര്യത്തിലേക്ക് നീങ്ങിയിരിക്കുന്നു. തൃശൂർ മുനിസിപ്പാ ലിററി നാലു ലോറിയിൽ വെള്ളം നൽകിക്കൊണ്ടിരിക്കുകയാണ്. മൂന്നു കോടി രൂപയുടെ ഒരു സ്കീം നടപ്പാക്കിക്കൊണ്ടിരിക്കുകയാണെന്നൊക്കെ ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയും. പക്ഷെ 1982-ൽ വെള്ളം കിട്ടുമെ ന്ന് പറഞ്ഞുകൊണ്ട് ഞങ്ങൾക്ക് അവിടെ ജീവിക്കാൻ സാദ്ധ്യമല്ല. ഈ ഡിപ്പാർട്ട്മെൻറ് അതിനുവേണ്ട ഒത്താശ ചെയ്യുന്നില്ലെന്നാണ് എനിക്കു പറയുവാനുള്ളത്. കാരണം പൈപ്പ് ഇടുന്നതിനും ലാൻഡ് അക്വിസിഷൻ നടത്തുന്നതിനുമുള്ള സ്ററാഫിനെ ഇതുവരെ നിയമിച്ചിട്ടില്ല. എങ്ങനെ ഈ പദ്ധതി വിജയിപ്പിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറയണം. സ്ററാ ഫിനെ കൊടുക്കാതെ ഫയൽവച്ച് താമസിപ്പിച്ചുകൊണ്ട് ഒരു ചിററമ്മ നയം തൃശൂർ വാട്ടർ സപ്ലൈ സ്കീമിനെ സംബന്ധിച്ച് കൈകാര്യം ചെയ്യുന്നു എന്നു പറഞ്ഞാൽ അതു പരമാർത്ഥമാണ്. അതുകൊണ്ട് അതിനു പരി ഹാരം കാണാനുള്ള നടപടി ഈ ഗവൺമെൻറിൻെറ ഭാഗത്തുനിന്ന് ഉണ്ടാകണം. മോഹന വാഗ്ദാനങ്ങൾ പറഞ്ഞാൽപോരാ. സർവത്ര വെള്ളം ഉണ്ട്. പക്ഷേ കുടിക്കാൻ ഒരു തുള്ളി വെള്ളമില്ലെന്ന് അഹമ്മദു പറഞ്ഞതുപോലെ യാണ് അത്. അതിന് ഒരു പരിഹാരമുണ്ടാക്കുന്നതിനുവേണ്ടി വേഗത യുള്ള ഒരു നയം കൈകാര്യം ചെയ്യാൻ ഈ ഗവൺമെൻറിന് കഴിയുന്നില്ല,

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പു മന്ത്രിക്കും കഴിയുന്നില്ല. അദ്ദേഹം ലീവ് കഴിഞ്ഞ് നാളെ ചാർജ്ജ് എടുത്താൽപോലും സാധിക്കുമോ എന്ന് സംശയമാണ്. അതു പോലെതന്നെ വാട്ടർബോർഡ് ഉണ്ടാക്കാൻ പോകുന്നുവെന്ന് പറഞ്ഞു. ഇലക്ട്രിസിററിബോർഡും ട്രാൻസ്പോർട്ട് കോർപ്പറേഷനുമൊക്കെ ജനങ്ങളുടെ മുകളിൽ കൂടുതൽ കൂടുതൽ ഭാരം, സാമ്പത്തികഭാരം അടിച്ചേൽപ്പിക്കുന്ന പ്രസ്ഥാനമായി മാറിയിരിക്കുകയാണ്. അങ്ങനെയുള്ള ഒരു ബോർഡിന്റെ സൃഷ്ടിയാണെങ്കിൽ ഭരണകക്ഷിക്ക് ഒരു ചെയർമാൻ സ്ഥാനവും മാനേജിംഗ് ഡയറക്ടർ സ്ഥാനവും കിട്ടും. അല്ലാതെ വേറൊരു ഗുണവുമില്ല.

ഉത്തരവാദിത്വ ബോധത്തോടുകൂടി ഡിപ്പാർട്ടുമെന്റ് ഈ കാര്യങ്ങൾ വേഗമായി കൈകാര്യം ചെയ്യാൻ മുന്നോട്ടുവരണമെന്നാണ് എനിക്കു പറയുവാനുള്ളത്. അതുപോലെ തന്നെയാണ് മുനിസിപ്പാലിററിയുടെ ടെൻഡർ വ്യവസ്ഥ. ഒരു ടെൻഡർ വിളിച്ചാൽ അഞ്ചു ശതമാനത്തിൽ കൂടിയാൽ തിരുവനന്തപുരം പട്ടണത്തിൽ വന്ന് ഇവിടെയുള്ള ഉദ്യോഗസ്ഥൻമാരെ കാലുപിടിച്ച് പാസ്സാക്കിക്കൊണ്ടുപോയി എങ്ങനെ നടത്താൻ സാധിക്കുമെന്ന് ഈ സഭ ചിന്തിക്കേണ്ടിയിരിക്കുന്നു. അഞ്ചു ശതമാനത്തിൽ കൂടുതൽ ടെൻഡർ വന്നാൽ ഇവിടെ ഡയറക്ടർ 15 പെർസെന്റുവരെയും അതിനു മുകളിൽ ഗവൺമെൻറിൽപോയാലും കൂട്ടിക്കൊടുക്കുന്നു. എല്ലാ അതോറിററിയുടേയും മുമ്പിൽപോയി കഴിഞ്ഞുവന്നാൽ ആറുമാസം ഒരു കൊല്ലം വരെ എടുക്കുന്ന ടെൻഡറുകളാണു ഇവിടെ ഉള്ളത്. ഇന്നത്തെ ഈ ഷെഡ്യൂൾ മാററണം. കോൺട്രാക്ടർമാർക്ക് വർക്ക് ചെയ്യാൻ above റേറ്റ് വയ്ക്കാതിരിക്കുന്നതിന് ഷെഡ്യൂൾ റിവൈസ് ചെയ്യണം. ഇങ്ങനെ മുനിസിപ്പാലിററികളെ നട്ടം തിരിയിക്കുന്ന ഈ ഗവൺമെൻറിന്റെ നയം കൊണ്ട് ഓരോ മുനിസിപ്പാലിററികൾക്കും ഇന്ന് അവരുടെ പ്രവർത്തി നടത്താൻ സാധിക്കാത്ത സാഹചര്യം വന്നിരിക്കുന്നു. അതുകൊണ്ട് ഈ അഞ്ചു ശതമാനവും 15 ശതമാനവും ഒക്കെ മാററി ജനങ്ങൾക്ക് ഉപകാര പ്രദമായ രീതിയിൽ മുനിസിപ്പാലിററിയുടെയും, പഞ്ചായത്തിന്റെയും കോർപ്പറേഷന്റെയും ഭരണത്തിന് ഉതകുമാറ് അത് മാററം ചെയ്യണമെന്നാണ് എനിക്കു പറയാനുള്ളത്. അതുപോലെതന്നെ ഒരു കാര്യംകൂടി സഭയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. തൃശൂർ മുനിസിപ്പാലിററിയിൽ വികസന പദ്ധതിക്കുവേണ്ടി സ്ഥലമെടുക്കുന്നതു സംബന്ധിച്ച ഒരു വസ്തു ഉടമയുടെ ആക്ഷേപത്തിന്റെ പേരിൽ ഈ ഗവൺമെൻറ് സ്റേറ നൽകിയിരിക്കുകയാണ്. ആ മുതലാളിയുടെ സ്ഥാപിത താൽപ്പര്യം ഈ മുനിസിപ്പാലിററിയുടെ മുൻപിൽ കീഴടങ്ങി എന്നു പറഞ്ഞാൽ ഗവൺമെൻറിനു എന്തു മാന്യത ഉണ്ട്. ആ മുതലാളിയുടെ കാശിനുവേണ്ടി സ്റേറ കൊടുത്തതിൽ ഈ മുനിസിപ്പാലിററി പ്രതിഷേധിച്ചിരിക്കുകയാണ്. ഈ കഴിഞ്ഞ തിങ്കളാഴ്ച കൂടിയ കൗൺസിൽ യോഗം ഈ ഗവൺമെൻറിന്റെ നടപടിയ്ക്കെതിരായ പ്രതിഷേധ പ്രമേയം പാസ്സാക്കിയിരിക്കുകയാണ്. ഇങ്ങനെ ഈ ഗവൺമെൻറ് മുനിസിപ്പാലിററിയുടെ പ്രവർത്തനങ്ങളിൽ, അവരുടെ ഭരണകാര്യങ്ങളിൽ നേരിട്ട് ഇടപെടുന്നതുകൊണ്ട് ഭരണം നിർവഹിക്കാൻ സാധിക്കുന്നില്ല. ആ രീതിയിൽ മുന്നോട്ടു പോയിക്കൊണ്ടിരിക്കുകയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഭരണത്തെ അടിച്ചമർത്തുന്നതിനും, ചൊൽപ്പടിക്കു നിറുത്തുന്നതിനും ഈ ഗവൺമെൻറ് പരിശ്രമിക്കുന്നു. വികേന്ദ്രീകരണത്തെപ്പററി പറയുന്ന ഈ ഗവൺമെൻറ് സ്വയംഭരണ സ്ഥാപനങ്ങൾക്കുവേണ്ടി എന്തു പ്രവർത്തിച്ചു, എന്ത് അധികാരം കൈമാററം ചെയ്തു. എന്നുള്ള

2/469—14

LIBRARY ARCHIVES Kerala Legislative Assembly

വിവരം ഈ സഭയുടെ മുൻപിൽ വയ്ക്കാൻ ബഹു: മന്ത്രിമാർ തയ്യാറുണ്ടോ എന്നാണ് എനിക്കു ചോദിക്കാനുള്ളത്. ഈ സഭയുടെ മുൻപിൽ വച്ചിരിക്കുന്ന ഈ ധനാഭ്യർത്ഥനയെ ഒന്നുകൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമായി സ്വാഗതംചെയ്യുന്നു. നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതിക്ക് വികസനരംഗത്ത് വളരെയേറെ സഹായം നൽകുന്ന ഒരു രംഗമാണ് ഫിഷറീസ് എന്നുള്ള കാര്യത്തിൽ ഈ സഭയിലെ ആർക്കും എതിരഭിപ്രായം ഉണ്ടാകുമെന്ന് എനിക്കു തോന്നുന്നില്ല. എന്നാൽ നമ്മുടെ ഫിഷറീസ് ഡിപ്പാർട്ടുമെന്റ് ഈ ഫിഷറീസിന്റെ വികസന രംഗത്ത് കുററകരമായ അനാസ്ഥയാണ് കാണിക്കുന്നതെന്നു ചൂണ്ടിക്കാണിക്കാതിരിക്കാൻ നിർവാഹമില്ല. 1973-74 മുതൽ ഉള്ള ഈ ഡിപ്പാർട്ടുമെൻറിന്റെ പ്രവർത്തനം പരിശോധിച്ചാൽ നമ്മുടെ സംസ്ഥാനത്തിന്റെ വികസനരംഗത്ത് ശ്രദ്ധ പതിപ്പിക്കുന്ന ആരേയും ഞെട്ടിപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനമാണ് നടക്കുന്നതെന്ന് കാണാൻ കഴിയും. 1973-74-നെ അപേക്ഷിച്ച് 1977-78-ൽ നമ്മുടെ സമുദ്രോൽപ്പന്നങ്ങളുടെ ഉൽപാദനം 21 ശതമാനം കുറഞ്ഞിരിക്കുകയാണ്. ഇന്ന് 1973-74-നെ അപേക്ഷിച്ച് നമ്മുടെ സമുദ്രോൽപന്നങ്ങളുടെ വിലയിൽ ഏതാണ്ട് മുന്നൂറ് നാനൂറ് ശതമാനം ഇരട്ടി വർദ്ധനവ് ഉണ്ടായിട്ടുപോലും നമ്മുടെ വിദേശനാണ്യ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടായിരിക്കുന്നു. 1976-77-ൽ നമ്മുടെ സംസ്ഥാനത്തുനിന്നും 90.12 കോടി രൂപയ്ക്കുള്ള സമുദ്രോൽപ്പന്നങ്ങൾ കയററുമതി ചെയ്യാൻ കഴിഞ്ഞെങ്കിലും 1977-78 ൽ അത് 77.45 ആയി കുറഞ്ഞു. അതായത് 14.1 ശതമാനം. ഇന്ന് നമ്മുടെ സംസ്ഥാനത്ത് അയ്യായിരത്തിൽപരം യന്ത്രവൽകൃത ബോട്ടുകളും ഒരു ലക്ഷത്തിൽപരം നാടൻ വള്ളങ്ങളുമാണ് ഈ മേഖലയിൽ പ്രവർത്തിക്കുന്നത്. നമ്മുടെ യന്ത്രവൽകൃത ബോട്ടുകൾക്ക് ആഴക്കടലിൽപോയി മൽസ്യബന്ധനം നടത്താനും നമ്മുടെ മൽസ്യ സമ്പത്ത് ചൂഷണം ചെയ്യാനും വിതരണം ചെയ്യാനും കഴിയുന്നില്ലെന്ന വസ്തുത കണക്കിലെടുത്തുകൊണ്ട് ആഴക്കടലിൽ നിന്നുള്ള മൽസ്യ സമ്പത്ത് ചൂഷണം ചെയ്യാൻകഴിയുന്ന തരത്തിലുള്ള ട്രോളറുകൾ വാങ്ങിക്കേണ്ടിയിരിക്കുന്നു. വേൾഡ് ബാങ്കിന്റെയും അതുപോലുള്ള സാമ്പത്തിക ഏജൻസികളുടെയും സഹായം ലഭ്യമാക്കിക്കൊണ്ട് നമ്മുടെ പൊതുമേഖലയിൽതന്നെ ഇത്തരം ട്രോളറുകൾ വാങ്ങിച്ച് നമ്മുടെ മൽസ്യ സമ്പത്ത് പരമാവധി ചൂഷണം ചെയ്തുകൊണ്ട് ഈ രംഗത്ത് പുതിയ പരിപാടി ഘട്ടം ഘട്ടമായി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം. മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ കുടുംബങ്ങളുടെ സാമൂഹികവും സാമ്പത്തികവുമായ പുരോഗതിക്കുവേണ്ടിയാണ് ഫിഷറീസ് വെൽഫയർ ഫണ്ട് രൂപീകരിച്ചിരിക്കുന്നത്. അതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ തൊഴിലാളികൾക്ക് ഭവനം ഉണ്ടാക്കിക്കൊടുക്കുക, വള്ളവും വലയും വാങ്ങിച്ചുകൊടുക്കുക അപമൃത്യു ആകുന്ന തൊഴിലാളികൾക്ക് ദുരിതാശ്വാസം ഏർപ്പെടുത്തുക എന്നുള്ളതൊക്കെയാണ്. 1978-ൽ ആരംഭിച്ച ഈ കോർപ്പറേഷന്റെ പ്രവർത്തനത്തെ സംബന്ധിച്ച് തൊഴിലാളികൾ ഉൽകണ്ഠാകുലരാണെന്നു പറയാനാഗ്രഹിക്കുകയാണ് അഞ്ചു ഉന്നത ഉദ്യോഗസ്ഥൻമാർ, വളരെയേറെ ജോലിത്തിരക്കുള്ള ഉദ്യോഗസ്ഥൻമാർ ആണ് ഈ കോർപ്പറേഷൻ ഭരിക്കുന്നത്. ഈ കോർപ്പറേഷന് വ്യക്തമായ പരിപാടിയോ, ആസൂത്രിതമായ പദ്ധതിയോ ഇല്ല. ഇന്ന് കോർപ്പറേഷന്റെ

LIBRARY ARCHIVES Kerala Legislative Assembly

കീഴിൽ പതിനായിരം ഭവനങ്ങൾ നിർമ്മിച്ചുകൊടുക്കുന്ന പദ്ധതി നടന്നു കൊണ്ടിരിക്കുകയാണ്. ആർക്കാണ് വീടു കൊടുക്കുന്നത്. ഈ കോർപ്പറേഷന് വ്യക്തമായ എന്തെങ്കിലും നയം ഉണ്ടോ? ഈ വീട് ആവശ്യമുള്ള ആളുകളെ സംബന്ധിച്ച്, വള്ളവും വലയും ആവശ്യമുള്ള ആളുകളെ സംബന്ധിച്ച്, ഒരു സർവെ നടത്താൻപോലും ഈ കോർപ്പറേഷൻ തയ്യാറായിട്ടില്ല. വീട് ആവശ്യമുള്ളവർ അപേക്ഷ സമർപ്പിക്കണമെന്നു പറഞ്ഞത് പത്രത്തിൽ പരസ്യം കൊടുത്തു. കുറെപ്പേർ പറഞ്ഞു അപേക്ഷ കൊടുത്തു. അപേക്ഷ വാങ്ങിച്ചു വച്ചുകൊണ്ട് വീട് കൊടുക്കാൻ തയ്യാറായിരിക്കുകയാണ്. ആലപ്പുഴ ജില്ലയിൽ രണ്ടായിരം വീടുകൾക്കുവേണ്ടിയുള്ള പ്രവർത്തനമാണ് ആരംഭിച്ചിരിക്കുന്നത്. രണ്ടു ഇൻസ്പെക്ടർമാരെ നിയമിച്ചിരിക്കുന്നു. അവർ തോന്ന്യാസമായി 200 രൂപ 300 രൂപ കൈക്കൂലി വാങ്ങിച്ചുകൊണ്ട് വീടുകൾ കൊടുത്തുകൊണ്ടിരിക്കുകയാണ്. ആരും ചോദിക്കാനില്ലാത്ത ഒരു കളരിയായി ഈ കോർപ്പറേഷൻ മാറിയിരിക്കുന്നു. കോർപ്പറേഷന്റെ പ്രവർത്തനം നിറുത്തി വച്ചുകൊണ്ട് തൊഴിലാളികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തിയതിനുശേഷം മാത്രം ഇതിന്റെ പ്രവർത്തനം മുന്നോട്ടു കൊണ്ടുപോകാൻ തീരുമാനം എടുക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മററു കാര്യങ്ങളെക്കുറിച്ച് ദീർഘമായി ചർച്ച ചെയ്യാൻ ഞാൻ ആഗ്രഹിക്കുന്നില്ല. അവസാനമായി ചില നിർദ്ദേശങ്ങൾ മാത്രമാണ് എനിക്കു വയ്ക്കാനുള്ളത്. കടലോരപ്രദേശത്ത് നാടൻ വള്ളങ്ങളിൽ പണി എടുക്കുന്ന തൊഴിലാളികളും യന്ത്രവൽകൃത ബോട്ടുകളിലെ തൊഴിലാളികളും തമ്മിൽ നിരന്തരമായ സംഘട്ടനം നടന്നുകൊണ്ടിരിക്കുകയാണ്. ഈ തീരപ്രദേശത്ത് യന്ത്രവൽകൃതബോട്ട് ഉപയോഗിച്ചു മീൻപിടിക്കുന്നതിന്റെ ഫലമായി നാടൻ വള്ളങ്ങളിൽ പണി എടുക്കുന്ന തൊഴിലാളികൾക്ക് വരുമാനം കുറയുകയും തൊഴിൽ കുറയുകയും ചെയ്യുന്നു. കുറഞ്ഞത് 10 കിലോമീററർ ദൂരമെങ്കിലും ഈ യന്ത്രവൽകൃതബോട്ട് കടന്നു ചെല്ലാൻ പാടില്ലാത്ത നിലയിൽ നമ്മുടെ സംസ്ഥാന ഗവൺമെൻറിന്റെ പരിധിയിൽപ്പെടുത്തി ചില നിയമനിർമ്മാണങ്ങൾ നടത്തേണ്ടിയിരിക്കുന്നു. കളക്ടർമാരും ഗവൺമെൻറും തമ്മിൽ കോൺഫറൻസുകൾ വിളിച്ചുകൂട്ടി ചില തീരുമാനമെടുത്തു, അതു ഫലപ്രദമാണെന്നു ഞാൻ വിശ്വസിക്കുന്നില്ല. ആ മേഖലയിൽ ശാശ്വതമായ സമാധാനം ഉണ്ടാക്കുന്ന വിധത്തിൽ ഒരു നിയമനിർമ്മാണംതന്നെ നടത്തണം. കേന്ദ്ര ഗവൺമെൻറ് പാർലമെൻറിൽ അവതരിപ്പിക്കാൻപോകുന്ന മറൈൻ ബില്ലിൽ നമ്മുടെ സംസ്ഥാനഗവൺമെൻറിന്റെ അഭിപ്രായം, ഈ പരമ്പരാഗത തൊഴിലാളികളുടെ താൽപര്യം സംരക്ഷിക്കാൻ കഴിയുന്ന വിധത്തിലുള്ള നിർദ്ദേശം സ്വീകരിച്ചുകൊണ്ട് എത്രയുംവേഗം നടപ്പാക്കാൻ ഗവൺമെൻറ് മുൻകരുതൽ എടുക്കേണ്ടതാണ്. അടുത്തതായി എനിക്കു ചൂണ്ടിക്കാണിക്കാനുള്ളത് തീരപ്രദേശങ്ങളിലെ തൊഴിലാളികൾ അധിവസിക്കുന്ന ഗ്രാമങ്ങളിൽ അവരുടെ കുടിലുകൾ മെച്ചപ്പെടുത്തുന്നതിനും അവരുടെ സ്ത്രീകൾക്കും കുട്ടികൾക്കും കൈത്തൊഴിൽ ചെയ്യുന്നതിനും വിദ്യാഭ്യാസ സൗകര്യം ഉണ്ടാക്കുന്നതിനും യാത്രാസൗകര്യവും അതുപോലെതന്നെ വൈദ്യസഹായവും മെച്ചപ്പെടുത്തുന്നതിനും സമഗ്രമായി ഒരു ഗ്രാമ വികസനപദ്ധതി രൂപീകരിക്കണം. അത് ഘട്ടം ഘട്ടമായെങ്കിലും നടപ്പാക്കിക്കൊണ്ട് ഈ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികളെ സാമൂഹ്യമായും സാമ്പത്തികമായും കൈപിടിച്ചുയർത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കണം എന്ന് അഭ്യർത്ഥിക്കുകയാണ്. ഈ ഗവൺമെൻറ് വളരെയേറെ കാര്യങ്ങൾ ഈ തൊഴിലാളികൾക്കുവേണ്ടി ചെയ്യുന്നുണ്ട്. എന്നാൽ അതിന്റെ ഗുണഫലം ആ തൊഴിലാളികൾക്ക് കിട്ടുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

ഇതാണ് ഏററവും ദുഃഖകരമായ വസ്തുത. അതു കണക്കിലെടുത്തുകൊണ്ട് ഈ തൊഴിലാളികളെ രജിസ്ററർ ചെയ്യാനുള്ള നടപടി സ്വീകരിക്കണം. എല്ലാ തൊഴിലാളി സംഘടനകളും ഇന്ന് ഉന്നയിക്കുന്ന ആവശ്യം കണക്കിലെടുത്തുകൊണ്ട് ഗവൺമെൻറ് ആ കാര്യത്തിൽ ശ്രദ്ധ പതിപ്പിക്കണമെന്നു പറയാൻ ആഗ്രഹിക്കുകയാണ്. ഈ മൽസ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തണമെന്ന് കഴിഞ്ഞ രണ്ടു വർഷമായി പറഞ്ഞിരുന്നതാണ്. ക്ഷേമനിധി ഈ തൊഴിലാളികൾക്ക് ഉടനെതന്നെ ഏർപ്പെടുത്തണമെന്ന് ഞാൻ മുഖ്യമന്ത്രിയോട് അഭ്യർത്ഥിക്കുകയാണ്, ഹരിജന ക്ഷേമ വകുപ്പുമന്ത്രിയോട് ഒരുകാര്യം പറയാനാഗ്രഹിക്കുകയാണ്. ഹരിജനവകുപ്പ് കൈകാര്യംചെയ്യുന്ന മന്ത്രിതന്നെയാണ് ദേവസ്വം വകുപ്പിന്റെയും ചുമതല വഹിക്കുന്നത്. ഇന്ന് ശ്രീ. കെ. സി. വാമദേവൻ ദേവസ്വം ജീവനക്കാരുടെ പ്രശ്നങ്ങളെപ്പററി പറഞ്ഞു. സെക്രട്ടേറിയററ് പടിക്കൽ ക്ഷേത്രത്തിൽ പണിയെടുക്കുന്ന 1210ജീവനക്കാർ സമരം നടത്തിക്കൊണ്ടിരിക്കുകയാണ്. സംസ്ഥാന ഗവൺമെൻറിന് തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള ഈ ക്ഷേത്രങ്ങളുടെമേലും ദേവസ്വം ബോർഡുകളിലും യാതൊരു നിയന്ത്രണവും ഇല്ല. മുൻ മന്ത്രിയായിരുന്ന ശ്രീ. കെ. കെ. ബാലകൃഷ്ണനും അതിനു മുമ്പ് ഉണ്ടായിരുന്ന മന്ത്രിമാരുമെല്ലാംതന്നെ സമഗ്രമായ ഒരു നിയമം നടപ്പാക്കാമെന്ന് പറഞ്ഞിട്ടുള്ളതാണ്. അതിനാവശ്യമായ നടപടികൾ എടുക്കണം. അടിയന്തിരമായി തിരുവിതാംകൂർ ദേവസ്വംബോർഡിന്റെ കീഴിലുള്ള ജീവനക്കാർക്ക് നമ്മുടെ സംസ്ഥാന സർവ്വീസിലുള്ള ലാസ്ററ് ഗ്രേഡ് ജീവനക്കാർക്കുള്ള ശമ്പളം എങ്കിലും നൽകിക്കൊണ്ട് ആ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ ഈ ധനാഭ്യർത്ഥനകളെ ഒന്നുകൂടി സ്വാഗതം ചെയ്യുന്നു.

<u>ശ്രീ. വട്ടിയൂർക്കാവ് രവി:</u> സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. തിരുവനന്തപുരം നഗരാസൂത്രണ ട്രസ്ററിന്റെ പേരിൽ നടക്കുന്ന പ്രവർത്തനം ഇന്നു വളരെയധികം പിന്നോക്കത്തിലാണ്. തിരുവനന്തപുരം നഗരാസൂത്രണ ട്രസ്ററ് ഇന്ന് ഒരു നരകാസൂത്രണ ട്രസ്ററ് എന്ന പേരിലാണ് അറിയപ്പെടുന്നത്. തിരുവനന്തപുരം സിററിയിൽ 18 സ്കീമുകൾ തയ്യാറാക്കി ഗവൺമെൻറിന് സമർപ്പിച്ചു, നാലഞ്ചു സ്കീമുകൾക്ക് ഗവൺമെൻറ് അംഗീകാരം കൊടുത്തുകഴിഞ്ഞിരിക്കുന്നു. അതിൽ ഒന്നിനുപോലും പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുകയോ മററു നടപടികൾ കൈക്കൊള്ളുകയോ ഈ ട്രസ്ററ് ചെയ്തിട്ടില്ല. നഗരാസൂത്രണ ട്രസ്ററിന്റെ പ്രവർത്തനം യാതൊരു വിധത്തിലും മുന്നോട്ടു പോകുന്നില്ല എന്നുള്ള ദുഃഖസത്യം ഞാൻ സഭയെ അറിയിക്കുകയാണ്. തിരുവനന്തപുരം മെഡിക്കൽ കോളേജ് ഏരിയാ ഡെവലപ്പ്മെൻറ് അതോറിട്ടി അതിന്റെ പ്രവർത്തനം ആരംഭിച്ചിട്ട് നാലഞ്ചു വർഷമായി. അവിടെയുള്ള ആളുകൾക്ക് അവരുടെ സ്ഥലം കൈമാററം ചെയ്യാനോ ഉള്ള സ്ഥലങ്ങളിൽ ഏതെങ്കിലും രീതിയിൽ കെട്ടിടം കെട്ടി താമസിക്കാനോ കഴിയാത്ത രീതിയിൽ കഴിഞ്ഞ നാലഞ്ചു വർഷമായി അവിടെയുള്ള ആളുകൾ നിശ്ചലരായി കഴിയുന്നു. ഒന്നുകിൽ ഈ സ്ഥലം ഗവൺമെൻറ് വികസനത്തിനുവേണ്ടി ഏറെറടുക്കണം അല്ലെങ്കിൽ അവിടെയുള്ള ആളുകൾക്ക് അവരുടെ ഇഷ്ടത്തിനനുസരിച്ച് കൈമാററം ചെയ്യുന്നതിനും ഉപയോഗപ്പെടുത്തുന്നതിനുമുള്ള സാഹചര്യം സൃഷ്ടിച്ചുകൊടുക്കണം. അതൊന്നും ചെയ്യാതെ രാമേശ്വരത്തെ ക്ഷൗരംപോലെ നിർമ്മാണ പ്രവർത്തികൾ അവിടവിടെ പോയി ഏറെറടുത്ത് പൂർത്തിയാക്കാതെ

1 P. M.

LIBRARY ARCHIVES Kerala Legislative Assembly

ഇട്ടിരിക്കുകയാണ്. ഏതായാലും ഈ ഉദ്യോഗസ്ഥൻമാർ വളരെയധികം അനാസ്ഥ കാണിക്കുന്നു. ഏതായാലും ഗ്രേററർ കൊച്ചിൻ ഡെവലപ്പ്മെൻറ് അതോറിട്ടിയെപോലെ ഒരു തിരുവനന്തപുരം ഡെവലപ്പുമെൻറ് അതോറിട്ടി രൂപീകരിച്ച് ഇതിൻെറ പ്രവർത്തനം ഊർജ്ജിതപ്പെടുത്താൻ ഇനിയെങ്കിലും തയ്യാറാകണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ശുദ്ധ ജലവിതരണത്തിൻെറ കാര്യത്തെ സംബന്ധിച്ചിടത്തോളം ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ടെന്ന് വീമ്പിളക്കുന്നുണ്ട്. ഞാൻ അതിന് എതിരല്ല. പക്ഷേ തിരുവനന്തപുരം സിററിയിൽ പോലും എല്ലാ പ്രദേശങ്ങളിലും വാട്ടർ കണക്ഷൻ കൊടുത്തിട്ടില്ലെന്നുള്ളതാണ് സ്ഥിതി. വട്ടിയൂർക്കാവ്, തിരുമല, മുടവൻമുഗൾ, തൃക്കണ്ണാപുരം തുടങ്ങിയ സിററിയിലെ പ്രദേശങ്ങളിൽ ഇതുവരെ ശുദ്ധജലവിതരണം നടത്തുന്നതിന് കഴിഞ്ഞിട്ടില്ല. തിരുവനന്തപുരത്തെ ആഗുമെൻേറഷൻ സ്കീമിൻെറ കാര്യം ഞാൻ ഇവിടെ പല പ്രാവശ്യം പറഞ്ഞതാണ്. ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. അതിൻെറ പ്രവർത്തനം ഇന്ന് സ്തംഭിച്ചുകിടക്കുന്നു. അടിയന്തിരമായി അതിൻെറ പ്രവർത്തനം പൂർത്തിയാക്കി സിററിയിലെ എല്ലാ പ്രദേശങ്ങളിലും ശുദ്ധജലവിതരണം ഏർപ്പെടുത്തുന്നതിന് തയ്യാറാകണം. സിററിക്ക് തൊട്ടടുത്ത് കിടക്കുന്ന പഞ്ചായത്തുകളിൽ പ്രത്യേകിച്ച് ഹരിജൻ കോളനികളിൽ പോലും ശുദ്ധജലവിതരണ പദ്ധതി നടപ്പാക്കുന്നില്ല. അഞ്ചാമട, പേരൂർക്കട കോളനികൾ അവികസിത പ്രദേശമായി കിടക്കുകയാണ്. ഈ കോളനി പ്രദേശം വികസിപ്പിച്ചെടുക്കാൻ അടിയന്തിരമായി ഊർജ്ജിത നടപടികൾ കൈക്കൊള്ളണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മറെറാരു കാര്യം കൂടി എനിക്ക് പറയാനുണ്ട്. ഹരിജനങ്ങൾക്ക് സഹായം എത്തിച്ചുകൊടുക്കുന്ന പദ്ധതികൾ നമ്മുടെ മുൻപിലുണ്ട്. പക്ഷേ ആ പദ്ധതിയനുസരിച്ചുള്ള വിഹിതം യഥാർത്ഥമായി അർഹരായ ആളുകൾക്ക് കിട്ടുന്നില്ല. ഓലക്കെട്ടിനുള്ള ധനസഹായത്തിന് ആവശ്യപ്പെട്ട് ഒരു അപേക്ഷകൻ ചെന്നാൽ കൊടുക്കുകയില്ല, അതിന് ഒരു ഏജൻസി വേണം. 50 രൂപ ഓലക്കെട്ടിന് ഗവൺമെൻറിൽ നിന്ന് സഹായം കിട്ടണമെങ്കിൽ 25 രൂപ വേറൊരു ആളിന് ചെലവഴിച്ചെങ്കിൽ മാത്രമേ കിട്ടുകയുള്ളു. അതു മാററി യഥാർത്ഥമായി കിട്ടേണ്ട ആനുകൂല്യം അർഹതയുള്ളവരുടെ കയ്യിൽ കിട്ടത്തക്കരീതിയിൽ നടപടി സ്വീകരിക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻമാർക്ക് നിർദ്ദേശം കൊടുക്കണമെന്ന് ഞാൻ പറയുകയാണ്. ഈ സഹായങ്ങളൊക്കെ അൽപ്പംകൂടി വർദ്ധിപ്പിക്കണം. 50 രൂപ കൊണ്ട് 100 ഓലപോലും വാങ്ങാൻ കഴിയുകയില്ല. അതുകൊണ്ട് ഈ സഹായം വർദ്ധിപ്പിച്ച് ഏററവും കുറഞ്ഞത് 100 രൂപയെങ്കിലും ആക്കാൻ തയ്യാറാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ എൻെറ വാക്കുകൾ ചുരുക്കുന്നു.

ശ്രീ. കെ. കെ. ബാലകൃഷ്ണൻ: സർ, ഹരിജനക്ഷേമവകുപ്പു മന്ത്രി ഈ സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു. സർ, നമ്മുടെ സംസ്ഥാനത്ത് ഏററവും പിന്നണിയിൽ കിടക്കുന്ന ഒരു ജനവിഭാഗമാണ് പട്ടികജാതി-പട്ടികവർഗ്ഗക്കാർ. ഈ വിഭാഗത്തിൻെറ സാമൂഹിക സാമ്പത്തിക പുരോഗതിക്കുവേണ്ടി ഈ ഗവൺമെൻറ് വളരെ ആത്മാർത്ഥമായി ഇന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഇൻഡ്യയിലെ മററു സംസ്ഥാനങ്ങൾക്ക് മാതൃകയെന്നോണമാണ് ഈ സംസ്ഥാനത്ത് ഹരിജന ക്ഷേമ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നത്, അത് കണക്കുകൾ ഉദ്ധരിച്ചുകൊണ്ട് പറയാൻ സാധിക്കും. പക്ഷേ സമയക്കുറവുകൊണ്ട് എല്ലാ കാര്യങ്ങളിലേക്കും ഞാൻ പ്രവേശിക്കുന്നില്ല. അപ്പുറത്തിരിക്കുന്ന ഹരിജനക്ഷേമ വകുപ്പ് മന്ത്രിയായിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. ഈച്ചരൻ അദ്ദേഹത്തിന്റെ പ്രസംഗത്തിൽ ആറര കൊല്ലക്കാലം ഇവിടെ ഹരിജനക്ഷേമവകുപ്പുമന്ത്രിയായിരുന്ന ആളാണ് അദ്ദേഹം. ഈ സംസ്ഥാനത്ത് യാതൊരു ഹരിജനക്ഷേമ പ്രവർത്തനങ്ങളും നടക്കുന്നില്ല എന്ന് അർത്ഥം വരത്തക്കവിധത്തിൽ പരാമർശിക്കുകയുണ്ടായി. കഷ്ടമായിപ്പോയി സാർ അത്. എനിക്ക് അത്ഭുതം തോന്നുകയാണ്. ഒരു ചെറിയ കാര്യം പറയാം. 1970-71-ൽ അദ്ദേഹം മന്ത്രിയായ ഉടൻതന്നെ ആ വർഷത്തിൽ, ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി ബഡ്ജററിൽ വക കൊള്ളിച്ചത് 382 ലക്ഷം രൂപയാണ്. 1977-78-ൽ അത് 986 ലക്ഷം രൂപയായി ഉയർത്തി. അതുമാത്രമല്ല, 1978-79-ൽ 1452 ലക്ഷം രൂപയായി അത് ഉയർന്നു. 1979-80-ൽ 1706 ലക്ഷം രൂപയാണ് ഹരിജനക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി വക കൊള്ളിച്ചിരിക്കുന്നത്. പുരോഗതി ഉണ്ടായിട്ടില്ലേ? വസ്തുതകൾ മറച്ചുവയ്ക്കരുത്. ഇനിയും കാര്യങ്ങൾ പലതും ചെയ്യാനുണ്ട്. ആരും ചെയ്യാനില്ലെന്ന് പറയുന്നില്ല. പക്ഷേ യാഥാർത്ഥ്യങ്ങൾ മറച്ചുവയ്ക്കരുത്. ഈ ബഡ്ജററിൽ വക കൊള്ളിച്ചിരിക്കുന്ന സംഖ്യയിൽ 70, 75 ശതമാനം ഹരിജനങ്ങൾക്ക് വിദ്യാഭ്യാസാനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി ചെലവാക്കുന്നതാണ്. നമ്മുടെ സംസ്ഥാനത്ത് ഏററവും പിന്നണിയിൽ കിടക്കുന്ന ജനവിഭാഗങ്ങൾക്ക് ഉയർച്ചയും വളർച്ചയും പുരോഗതിയും ഉണ്ടാകണമെങ്കിൽ വിദ്യാഭ്യാസം അനിവാര്യമാണ്. അതുകൊണ്ടുതന്നെയാണ് ഈ ഗവൺമെൻറ് വിദ്യാഭ്യാസത്തിന് മുൻഗണന നൽകിയിരിക്കുന്നത്. 1977-78-ൽ 534 ലക്ഷം രൂപ ഈ സംസ്ഥാനത്ത് ഹരിജൻ വിദ്യാർത്ഥികൾക്ക് ലംപ്സം ഗ്രാൻറും സ്റ്റൈപ്പൻറും മററ് ആനുകൂല്യങ്ങളും നൽകുന്നതിനുവേണ്ടി ചെലവാക്കിയിട്ടുണ്ട്. 1978-79-ൽ 669 ലക്ഷം രൂപയാണ് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നൽകുന്നതിനുവേണ്ടി ഈ ഗവൺമെൻറ് ചെലവഴിച്ചത്. ഇതിൽ 135 ലക്ഷം രൂപ 1977-78-നേക്കാൾ കൂടുതൽ ചെലവാക്കി. കാരണം വിദ്യാഭ്യാസാനുകൂല്യങ്ങൾ വർദ്ധിപ്പിച്ചു എന്നുള്ളതുകൊണ്ടാണ്. ലംപ്സംഗ്രാൻറ്, സ്റ്റൈറെപ്പൻറ്, മററാനുകൂല്യങ്ങൾ ഇവയെല്ലാം ഹരിജൻ വിദ്യാർത്ഥികൾക്ക് വർദ്ധിപ്പിച്ചതുകൊണ്ട് 135 ലക്ഷം രൂപ 1978-79-ൽ കൂടുതലായി ഈ ഇനത്തിൽ ചെലവാക്കിയിട്ടുണ്ട്. സർ, 1979-80-ൽ 824 ലക്ഷം രൂപ വിദ്യാഭ്യാസാനുകൂല്യങ്ങൾക്കു വേണ്ടി ചെലവാക്കേണ്ടിവരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇത് ഈ സംസ്ഥാനത്തെ ഹരിജനങ്ങളുടെ വിദ്യാഭ്യാസ പുരോഗതിക്കും അത് വഴി സമൂഹത്തിന്റെ വളർച്ചക്കും ഉയർച്ചക്കും വേണ്ടി ആത്മാർത്ഥമായി ഗവൺമെൻറ് ചെലവാക്കുകയാണ്. അപ്പുറത്തിരിക്കുന്ന ആരും ഇതേപ്പററി പരാമർശിച്ചില്ല. ഹരിജനക്ഷേമ പ്രവർത്തനങ്ങളെപ്പററി ആരും കാര്യമായി പ്രതിപക്ഷത്തുനിന്ന് സംസാരിച്ചിട്ടില്ല. പോസ്ററ് മെട്രിക്കുലേഷൻ സ്റേറജിൽ 15,000 വിദ്യാർത്ഥികൾക്കാണ് ഗവൺമെൻറ് ആനുകൂല്യം നൽകുന്നത്. പ്രീമെട്രിക്കുലേഷൻ സ്റേറജിൽ നാലര ലക്ഷത്തോളം വിദ്യാർത്ഥികൾക്ക് ഗവൺമെൻറ് വിദ്യാഭ്യാസാനുകൂല്യങ്ങൾ ഓരോ വർഷത്തിൽ നൽകികൊണ്ടിരിക്കുകയാണ്. ഗവൺമെൻറിന്റെ ലക്ഷ്യവും അതുതന്നെയാണ്. ഈ രാജ്യത്ത് ഏററവും പിന്നണിയിൽ കിടക്കുന്ന ഈ ജന സമൂഹത്തെ വിദ്യാഭ്യാസം നൽകി പുരോഗതിയിലേക്ക് കൊണ്ടുവരണമെന്ന ലക്ഷ്യത്തോടുകൂടി ഈ ഗവൺമെൻറ് പ്രവർത്തിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് പാർപ്പിട സൗകര്യമില്ലാത്ത പാവപ്പെട്ട ഹരിജനങ്ങളെ സഹായിക്കാൻ ഈ ഗവൺമെൻറ് പല പരിപാടികളും തയ്യാറാക്കിയിട്ടുണ്ട്. എന്റെ സ്നേഹിതൻ ശ്രീ. കല്ലട നാരായണൻ ചില കണക്കുകൾ പറഞ്ഞപ്പോൾ അപ്പുറത്തു നിന്ന് ശബ്ദമുയർത്തുകയുണ്ടായി. അദ്ദേഹം പറഞ്ഞത് ശരിയാണ്. 1954 മുതൽ 1976-77 വരെ നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

സംസ്ഥാനത്ത് ഹരിജനക്ഷേമവകുപ്പിലും ഗിരിജന ക്ഷേമവകുപ്പിലുമായി നിർമ്മിച്ച വീടുകളുടെ എണ്ണം 11,328 ആണ്. കഴിഞ്ഞ 20 വർഷങ്ങൾകൊണ്ട് 11,328 വീടുകളാണ് നിർമ്മിച്ചതെങ്കിൽ 1977-78-ൽ മാത്രം 3425 വീടുകൾ നിർമ്മിക്കുകയുണ്ടായി. 1978-79-ൽ 1460 വീടുകൾ നിർമ്മിച്ചു. 2500 രൂപ സൗജന്യമായി നൽകികൊണ്ടുള്ള വീടുകൾ നിർമ്മിക്കുന്നതിനാണ് ഗവൺമെൻറ് പരിപാടി ഇട്ടത്. അതിനു പുറമേ ലക്ഷം വീടു പദ്ധതിയനുസരിച്ച് 28,760 വീടുകൾ ഹരിജനങ്ങൾക്ക് നിർമ്മിച്ചുകൊടുത്തു. ഇതിനുപുറമേ ഹരിജനക്ഷേമ വികസനകോർപ്പറേഷൻെറ കീഴിൽ പതിനായിരം വീടുകൾ നിർമ്മിക്കാനുള്ള പരിപാടികൾ ധൃതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. അപ്പുറത്തിരിക്കുന്ന ഒരു സ്നേഹിതൻ പറഞ്ഞു—എൻെറ ഓർമ്മ ശരിയാണെങ്കിൽ മന്ത്രിയായിരുന്ന ശ്രീ. വി. ഈച്ചരനാണ്—ഈ കോർപ്പറേഷൻെറ കീഴിലുള്ള ഭവനനിർമ്മാണ പദ്ധതികൾ ഒന്നും നടക്കുന്നില്ലെന്ന് ആക്ഷേപിക്കുകയുണ്ടായി. വസ്തുതകൾക്ക് നിരക്കാത്ത രീതിയിൽ ഈ സഭയിൽ വന്ന് എന്തെങ്കിലും പറയുന്നത് ശരിയാണോ? സർ, പതിനായിരം വീടുകൾക്ക് ഈ കോർപ്പറേഷൻ അപേക്ഷ ക്ഷണിച്ചു. ഇരുപതിനായിരം അപേക്ഷകൾ കിട്ടി. 13440 വീടുകൾക്ക് അനുവാദം നൽകി കഴിഞ്ഞിരിക്കുകയാണ്. 39 ലക്ഷം രൂപ കോർപ്പറേഷൻ ചെലവഴിച്ചു കഴിഞ്ഞിരിക്കുന്നു. അങ്ങനെ പെട്ടെന്നുള്ള പുരോഗതി ഉണ്ടായിക്കഴിഞ്ഞിരിക്കുകയാണ്. അതുപോലെതന്നെയാണ് ഭൂവിതരണത്തിൻെറ കാര്യം. ഈ സംസ്ഥാനത്ത് സ്വന്തമായി ഭൂമിയില്ലാത്ത ആളുകളാണ് പാവപ്പെട്ട ഹരിജനങ്ങൾ. അവർക്ക് കയറി കിടക്കാൻ ഇടമില്ല. അവർക്ക് സ്വന്തമായി കൃഷിചെയ്യാൻ ഭൂമിയില്ല. അവർക്ക് ഭൂമി ഉണ്ടാക്കികൊടുക്കേണ്ടത് ഒരു ജനാധിപത്യ ഗവൺമെൻറിൻെറ കടമയാണെന്ന് മനസ്സിലാക്കികൊണ്ട് ഈ ഗവൺമെൻറ് ആ രംഗത്ത് കാര്യക്ഷമമായി പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മിച്ചഭൂമിവിതരണം ചെയ്ത കാര്യത്തിൽ 31275 പേർക്ക് 19286 ഏക്കർ ഭൂമി ഈ ഗവൺമെൻറ് നൽകികഴിഞ്ഞിട്ടുണ്ട്. വെസ്റ്റഡ് ഫോറസ്റ്റ് ലാൻറ് 11644 ഏക്കർ ഭൂമി 3417 പേർക്കായി വിതരണം ചെയ്തുകഴിഞ്ഞിരിക്കുന്നു. കൃഷിക്ക് ഉപയുക്തമായ വനഭൂമി 4055 പേർക്ക് 4954 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. അതുപോലെ ഈ രാജ്യത്ത് പുറംപോക്കുഭൂമി വിതരണം നടന്നു വരികയാണ്. 78,622 പേർക്ക് 54595 ഏക്കർഭൂമി വിതരണം ചെയ്തിരിക്കുകയാണ്. അങ്ങനെ ഭൂവിതരണ രംഗത്ത് സ്വന്തമായി ഭൂമിയില്ലാത്ത പാവപ്പെട്ട ഹരിജനങ്ങളെ സഹായിക്കാൻ കാര്യക്ഷമമായി ഈ ഗവൺമെൻറ് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. മറെറാരു കാര്യം എനിക്കുപറയാനുള്ളത് മിശ്രവിവാഹിതർക്കുള്ള ആനുകൂല്യങ്ങളെ സംബന്ധിച്ചാണ്. ഈ രാജ്യത്ത് ജാതി അവസാനിപ്പിക്കണമെങ്കിൽ മിശ്രവിവാഹം പ്രോത്സാഹിപ്പിക്കണം. ആ തത്വം അംഗീകരിച്ചുകൊണ്ട് ഈ ഗവൺമെൻറ് പ്രവർത്തിച്ചതിൻെറ ഫലമായി മിശ്രവിവാഹം മൂലം കഷ്ടപ്പെടുന്ന ദമ്പതികളെ സഹായിക്കാൻ ഈ ഗവൺമെൻറ് പല പരിപാടികളും ആസൂത്രണം ചെയ്തു നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. 1977-78-ൽ അങ്ങനെ 298 പേർക്ക് അഞ്ചു ലക്ഷത്തിൽ പരം രൂപ 2000 രൂപ തോതിൽ ഗ്രാൻറ് നൽകുകയുണ്ടായി. 1978-79-ൽ 154 പേർക്ക് 3,68,000 രൂപ കൊടുത്തു. അതു പറയുമ്പോൾ 1971-72 വരെ ഈ ഇനത്തിൽ 544 പേർക്ക് ആണ് സഹായം നൽകിയിട്ടുള്ളത്. നമ്മുടെ സംസ്ഥാനത്ത് ഹരിജനക്ഷേമവകുപ്പു വഴി നൽകുന്ന സഹായങ്ങൾകൊണ്ട് വേണ്ടത്ര പുരോഗതി വികസന രംഗത്ത് ഹരിജനങ്ങൾക്ക് ഉണ്ടാകുന്നില്ലായെന്നുള്ളത് മനസ്സിലാക്കികൊണ്ട് ഗവൺമെൻറ് ഒരു കൽപ്പന പുറപ്പെടുവിക്കുകയുണ്ടായി. ജനറൽ സെക്റ്റർ സ്കീമിൽ

LIBRARY ARCHIVES Kerala Legislative Assembly

10 ശതമാനം തുക ഹരിജനങ്ങളുടെ പുരോഗതിക്കുവേണ്ടി ചെലവാക്കണമെന്ന് ഗവൺമെൻറ് കൽപ്പന പുറപ്പെടുവിച്ചിട്ടുണ്ട്. നമ്മുടെ വികസന വകുപ്പുകൾ വഴി ചെലവാക്കുന്ന, പൊതുമരാമത്ത് വകുപ്പ്, എഡ്യൂക്കേഷൻ വകുപ്പ് ഇങ്ങനെയുള്ള വികസന വകുപ്പുകൾവഴി ചെലവാക്കുന്ന സംഖ്യയിൽ 10 ശതമാനം സംഖ്യ ഹരിജനങ്ങളുടെ പുരോഗതിക്കുവേണ്ടി മാററി വച്ച് ചെലവാക്കണമെന്ന് ഗവൺമെൻറ് കൽപ്പന പുറപ്പെടുവിച്ചതിന്റെ ഫലമായി 1977-78-ൽ വെള്ളവും വെളിച്ചവും നടപ്പാതയും ഉണ്ടാക്കികൊടുക്കുന്നതിനുവേണ്ടി ഈ ഇനത്തിൽ മാത്രം 342 ലക്ഷം രൂപ പ്രത്യേകം വകകൊള്ളിച്ചിട്ടുണ്ടായിരുന്നു. ഇതിൽ 208 ലക്ഷം രൂപ ഇവിടെ ഹരിജനങ്ങൾക്ക് വെള്ളവും വെളിച്ചവും നടപ്പാതയും ഉണ്ടാക്കികൊടുക്കുന്നതിനുവേണ്ടി 1977-78-ൽ ചെലവഴിച്ചു. 1978-79-ൽ 479 ലക്ഷം രൂപ മാററിവച്ചതിൽ 204 ലക്ഷംരൂപ ചെലവാക്കുകയുണ്ടായി. കേരളാ ഇലക്ട്രിസിററിബോർഡ് 113 ഹരിജൻ കോളനികളിൽ ഇലക്ട്രിഫിക്കേഷൻ നടത്തിയിട്ടുണ്ട്. പൊതുമരാമത്തു വകുപ്പ് 113 ഹരിജൻ കോളനികളിൽ റോഡ് നിർമ്മിച്ചു കഴിഞ്ഞു. അതു പോലെ 27 കോളനികളിൽ വാട്ടർ സപ്ലൈ ഏർപ്പെടുത്തി ശുദ്ധജലവിതരണം നടത്തിയിട്ടുണ്ട്. അതുമാത്രമല്ല ഇവിടെ ഹരിജനങ്ങളുടേയും പട്ടികവർഗ്ഗക്കാരുടേയും ഉന്നമനത്തിനുവേണ്ടി സ്പെഷ്യൽ റിക്രൂട്ട്മെൻറ് ഓർഡർ ഗവൺമെൻറ് പുറപ്പെടുവിച്ചിട്ടുണ്ട്. ആ ഓർഡർ ഇഷ്യുചെയ്തത് 1972-ൽ ആണെന്നാണ് എന്റെ ഓർമ്മ. ശ്രീ. ഈച്ചരൻ മന്ത്രിയായിരുന്ന അവസരത്തിലാണ് സ്പെഷ്യൽ റിക്രൂട്ടുമെൻറിന്റെ അടിസ്ഥാനത്തിൽ ഇന്നുവരെ പത്തുശതമാനം ഉദ്യോഗനിയമനം റിസർവേഷനിൽ ഉണ്ടായിട്ടുള്ള ബാക്ക് ലോഗ് നികത്താൻ വേണ്ടി സ്പെഷ്യൽ റിക്രൂട്ടുമെൻറ് ഓർഡർ പുറപ്പെടുവിച്ചത്. ഒരു ശതമാനം ഗസററഡ് പോസ്ററും 5 ശതമാനം നോൺ ഗസററഡ് പോസ്ററും ആണ് സ്പെഷ്യൽ റിക്രൂട്ടുമെൻറ് വഴി നടത്തുന്ന നിയമനം. ഇതിൽ 179 ഗസററഡ് പോസ്ററിൽ നിയമനം നടത്തിക്കഴിഞ്ഞു. 165 ഷെഡ്യൂംഡ് കാസ്ററിനേയും 14 ഷെഡ്യൂംഡ് ട്രൈബ്സിനേയും നിയമിച്ചു. നോൺ ഗസററഡ് തസ്തികയിൽ 3895 ഷെഡ്യൂംഡ് കാസ്ററിനേയും 456 ഷെഡ്യൂംഡ് ട്രൈബ്സിനേയും നിയമിച്ചു കഴിഞ്ഞിട്ടുണ്ട്. അങ്ങനെ 4351 നിയമനങ്ങൾ ഈ ഗവൺമെൻറ് സ്പെഷ്യൽ റിക്രൂട്ടുമെൻറു വഴി നടത്തിക്കഴിഞ്ഞിരിക്കുന്നു. ഇവിടെ ശ്രീമാൻ ഈച്ചരൻ ഹരിജന ഡവലപ്പുമെൻറ് കോർപ്പറേഷന്റെ പ്രവർത്തനങ്ങളെപ്പററി വിമർശിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ കാലത്ത് ഉടലെടുത്ത ഈ കോർപ്പറേഷനെപ്പററി വിമർശിക്കുന്നത് കേട്ടപ്പോൾ എനിക്ക് വളരെ കൗതുകം തോന്നി. അതിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് അദ്ദേഹം ഒന്നുപഠിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. നാലരകൊല്ലക്കാലം ഈ സംസ്ഥാനത്തിന്റെ ഹരിജനക്ഷേമ കാര്യങ്ങൾ കൈകാര്യം ചെയ്തിരുന്ന ഒരു മന്ത്രിയെന്നുള്ള നിലയിൽ അദ്ദേഹം ഉണ്ടാക്കിയ കോർപ്പറേഷനിൽ യാതൊരു പ്രവർത്തനവും നടന്നിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞതിൽ എനിക്ക് അത്ഭുതം തോന്നുകയാണ്. സർ, ആ കോർപ്പറേഷന് ആശാവഹമായ പുരോഗതി ഉണ്ടായിരിക്കുകയാണ്. മൂന്നുകോടി മുപ്പത്തിയെട്ടുലക്ഷം രൂപ ഇതിനകം ചെലവ് ചെയ്തുകഴിഞ്ഞിരിക്കുന്നു. ചെലവ് ചെയ്തത് അനാവശ്യമായ ചെലവല്ല. കൃഷിഭൂമി വാങ്ങാൻ പാവപ്പെട്ട ഹരിജനങ്ങൾക്ക് 4 ശതമാനം പലിശക്ക് 3000 രൂപവരെ കടം കൊടുത്തിട്ടുണ്ട്. ആ ഇനത്തിൽ മാത്രം കോർപ്പറേഷൻ 54 ലക്ഷം രൂപ ചെലവ് ചെയ്തിട്ടുണ്ട്. 10 കൊല്ലം കൊണ്ട് തിരിച്ചടച്ചാൽ മതി. 1425 ഹരിജനങ്ങൾക്ക് ഇങ്ങനെ കൃഷിഭൂമി വാങ്ങാനായി 54 ലക്ഷം രൂപ കോർപ്പറേഷൻ കൊടുത്തുകഴിഞ്ഞു. പാവപ്പെട്ട ഹരിജനങ്ങൾക്ക് ബിസിനസ് നടത്തുന്നതിന് 44 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly

ചെലവാക്കിയിരിക്കുകയാണ്. 5 ശതമാനം പലിശക്ക് 5000 രൂപ വരെ കൊടുത്തിട്ടുമുണ്ട്. അങ്ങനെ അഞ്ചുകൊല്ലംകൊണ്ട് തിരിച്ചടയ്ക്കാമെന്നുള്ള വ്യവസ്ഥയിൽ 5 ശതമാനം പലിശക്ക് 5000 രൂപ വീതം 1332 ഹരിജനങ്ങൾക്ക് വായ്പയായി ഈ ഇനത്തിൽ 46 ലക്ഷം രൂപ ചെലവാക്കിയിരിക്കുകയാണ്. പിന്നെ ആട്ടോറിക്ഷായുടെ കാര്യം ഇവിടെ പറഞ്ഞു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷം ആർക്കും ആട്ടോറിക്ഷാ വിതരണം ചെയ്തിട്ടില്ല. ബഹുമാനപ്പെട്ട ഈച്ചരൻെറ കാലത്താണ് ആട്ടോറിക്ഷാ വിതരണം ഉണ്ടായിട്ടുള്ളത്. അവിടെ പലതും നടന്നിട്ടുണ്ടെന്നു കേൾക്കുന്നു. ഞങ്ങൾ ആരും പരിശോധിക്കാൻ പോയിട്ടില്ല. കാരണം അത് പരിശോധിച്ചാൽ പലതും പലതും തെളിയുമെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു എന്നുള്ളതുകൊണ്ട് പരിശോധിച്ചില്ല. ഇന്നും അത് പരിശോധിക്കരുതെന്ന് പറയുകയാണ്. അത് പരാജയമാണ്. ആട്ടോറിക്ഷാ വിതരണം പരാജയമാണ്. ആട്ടോറിക്ഷാ വാങ്ങിയ പാവപ്പെട്ട ഹരിജനങ്ങൾ ഇന്ന് വിഷം വാങ്ങിക്കാൻപോലും കാശില്ലാതെ നടക്കുകയാണ്. അതുകൊണ്ട് 1977-78 മുതൽ ആ പദ്ധതി തുടരുന്നില്ല.

ഹരിജന മർദ്ദനത്തെക്കുറിച്ച് പറയുകയുണ്ടായി. രണ്ടുവർഷങ്ങൾക്ക് മുമ്പ് വടക്ക് സൂര്യനുദിച്ചു. വടക്ക് സൂര്യനുദിച്ചപ്പോൾ ഞങ്ങൾ വിചാരിച്ചു ഈ രാജ്യത്തെ പാവപ്പെട്ട ഹരിജനങ്ങൾക്ക് സംരക്ഷണം കിട്ടുമെന്ന്, അവർക്ക് സാമൂഹ്യ സാമ്പത്തിക രംഗത്ത് പുരോഗതി ആർജ്ജിക്കാൻ കഴിയുമെന്ന് പ്രതീക്ഷിച്ചു. എന്നിട്ട് എന്താണ് സാർ ഉണ്ടായത്. സൂര്യൻ ഉദിച്ച വടക്കേ ഇൻഡ്യയിൽ തന്നെ പാവപ്പെട്ട ഹരിജനങ്ങൾക്ക് വഴിനടക്കാൻ നിവൃത്തിയില്ല. അവരെ ജീവനോടെ ചുട്ടു ദഹിപ്പിക്കുകയായിരുന്നു. ഹരിജനങ്ങളെ കൂട്ടക്കൊല നടത്തിക്കൊണ്ടിരിക്കുന്നു സർ. പൈശാചികമായി അവരെ മർദ്ദിക്കുന്നു. ക്രൂരമായ മർദ്ദനത്തിന് അവർ ഇരയാകുന്നു. ഇത് ഞാൻ പറയുന്നതല്ല. ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീ. മൊറാർജി ദേശായി പറയുന്നതാണ്. ഈ അപഹാസ്യമായ നടപടി അവസാനിപ്പിക്കണമെന്ന് ജനങ്ങളോട് ആഹ്വാനം ചെയ്യുകയാണ്. സർ, ശ്രീ. രാഘവൻ പറഞ്ഞതിനെപ്പററിയൊന്നും ഞാൻ പറയുന്നില്ല. രാഘവൻെറ കക്ഷി ഈ വിഷയത്തെപ്പററി ഇവിടെ യാതൊന്നും സംസാരിച്ചിട്ടില്ല. ഹരിജനങ്ങൾക്കുവേണ്ടി വാദിക്കുന്ന മാർക്സിസ്ററ് കമ്മ്യൂണിസ്ററ് പാർട്ടിയിലെ ഒററ മെമ്പർപോലും ഒന്നും പറഞ്ഞിട്ടില്ല. ഒരു കാര്യം സമ്മതിക്കാൻ തയ്യാറാണ്. നമ്മുടെ നാട്ടിൽ ഹരിജനങ്ങളുടെ നേരെ ഒററപ്പെട്ടമർദ്ദനങ്ങൾ നടക്കുന്നില്ലഎന്നു പറയാൻ ഞാൻ തയ്യാറല്ല; ഉണ്ട് സർ. അതവസാനിപ്പിക്കാൻ ഗവൺമെൻറ് ധീരമായ നടപടികൾ സ്വീകരിക്കും. ആലപ്പുഴ എതെങ്കിലും ഹരിജൻ യുവതിയെ മാനഭംഗപ്പെടുത്തിയിട്ടുണ്ടെങ്കിൽ കക്ഷി നോക്കാതെ മുഖം നോക്കാതെ പാവപ്പെട്ട ഹരിജനങ്ങളുടെ നേരെ മൃഗീയമായി ആക്രമിച്ചവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കണമെന്ന് ഞാൻ മുഖ്യമന്ത്രിയോടും ആഭ്യന്തരകാര്യ മന്ത്രിയോടും ആവശ്യപ്പെടുകയാണ്. സർ, ഈ രാജ്യത്തെ മണ്ണിൻെറ മക്കൾക്ക് ജീവിക്കണം; ഈ രാജ്യത്തെ പാവങ്ങൾക്ക് ജീവിക്കണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും ആഭ്യന്തരകാര്യമന്ത്രിയോടും ഞാൻ പറയുന്നു, നമ്മുടെ സംസ്ഥാനത്തെ പാവപ്പെട്ട ഹരിജനങ്ങളുടെ ഭൂമി കയ്യേററം നടത്തിയാൽ, അവരുടെ വീടുകൾ ആക്രമിച്ചാൽ, അവരുടെ പെൺമക്കളെ മാനഭംഗപ്പെടുത്തിയാൽ ചോദിക്കാൻ ആളില്ലെന്ന ധാരണ ഉണ്ടാകരുത്. കരുത്തുള്ള ഒരു ഗവൺമെൻറ് കരുത്തുള്ള ഒരു മന്ത്രിസഭ ധീരമായ നടപടികൾ സ്വീകരിച്ച് കക്ഷിനോക്കാതെ മുഖം നോക്കാതെ കർശന നടപടികൾ സ്വീകരിച്ച് പാവപ്പെട്ട ഹരിജനങ്ങൾക്ക് സംരക്ഷണം നൽകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. ഈ ധനാഭ്യർത്ഥനകളെ ഞാൻ പിൻതാങ്ങുന്നു.

2/469—15

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. എ. റഹീം: സർ, പ്രകൃതി പലതുകൊണ്ടും അനുഗ്രഹിച്ച ഒരു സംസ്ഥാനമാണ് നമ്മുടേത്. ദീർഘമായ ഒരു കടലോരം ആ കടലിൽ നിരവധിസമ്പത്തുകളുണ്ട്. ഇൻഡ്യക്കു സ്വാതന്ത്ര്യം കിട്ടിയതിനുശേഷം നോർവീജിയൻ ജനത നമുക്കുനൽകിയ ഒരു സംഭാവനയായിട്ടാണ് ആദ്യമായി ആ സമ്പത്തുകൾ നേടിയെടുക്കാനുള്ള പരിശ്രമവുമായി നാം മുമ്പോട്ടുപോയത്. 1955-ലാണെന്നുതോന്നുന്നു നോർവീജിയൻ ജനങ്ങളുടെ ഒരു സംഭാവനയെന്നനിലക്കാണ് ഇവിടെ യന്ത്രവൽക്കൃത ബോട്ടുകളുടെയൊക്കെ തന്നെ പ്രാരംഭം കുറിച്ചത്. അതിന്റെ ഫലമായി പടിപടിയായി നമുക്കു നേട്ടമുണ്ടായി; വ്യവസായികരംഗത്ത് അഭിവൃദ്ധിയുണ്ടായി. കടലോരപ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് കുറേശ്ശെയെങ്കിലും ജീവിതം കണ്ടെത്താനുള്ള സാഹചര്യമുണ്ടായി. എന്നിരുന്നാൽതന്നെയും അതിന്റെ സത്യാവസ്ഥയിലേക്കു കടന്നുനോക്കുമ്പോൾ ഇനിയും 100 ശതമാനം മുന്നോട്ടു പോകേണ്ടുന്ന ആ വ്യവസായവും അവിടത്തെ ജീവിതവും ഇന്നു മുരടിച്ചു നിൽക്കുന്ന കാഴ്ചയാണു കാണുന്നത്. വർഷം എല്ലാദിവസവും ജോലി ചെയ്യാൻ നിവൃത്തിയില്ലാതെ ചില സീസണിൽ മാത്രം ജോലിചെയ്യാൻ കഴിയുന്ന ജനവിഭാഗമാണ് കടലോരപ്രദേശത്തു താമസിക്കുന്നത്. അവരുടെ അഭിവൃദ്ധി ആവശ്യമാണ്. ഇന്നിവിടെ ചർച്ചചെയ്തപ്പോൾ വേദന അനുഭവിക്കുന്ന ഹരിജൻ വിഭാഗത്തെക്കുറിച്ചു പറഞ്ഞതുപോലെതന്നെ അതിലേറെ വേദനിക്കുകയും വിഷമിക്കുകയും ചെയ്യുന്ന ഒരു വിഭാഗമാണ് കടലോരങ്ങളിൽ മൽസ്യബന്ധനത്തിൽ ഏർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ എന്നുപറയുന്നതിൽ തെററില്ല. അവരെ സാമൂഹ്യമായി വളർത്തിക്കൊണ്ടു വരാനും അവരുടെ ജീവിതസൗകര്യം അഭിവൃദ്ധിപ്പെടുത്താനുമുള്ള ഗവൺമെൻറിന്റെ മുന്നോട്ടുള്ള ഗതിയെ ഞാൻ ഒരുവിധത്തിൽ അഭിനന്ദിക്കുകയാണ്. കുറേശെകുറേശെയെങ്കിലും ഭവന നിർമ്മാണകാര്യത്തിലൊക്കെ തന്നെ ഈ ഗവൺമെൻറ് മുന്നോട്ടുപോയിട്ടുണ്ട്. പക്ഷേ അതേസമയത്തു തന്നെ ഈ തൊഴിലാളികളുടെ മൽസ്യബന്ധനത്തിനുള്ള സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ പലതും പരാജയപ്പെട്ടിട്ടുണ്ടെന്നും, ഈ ഡിപ്പാർട്ടുമെൻറിന്റെ ചെയ്തികൾ വളരെയധികം മോശപ്പെട്ടിട്ടുണ്ടെന്നും അതുപോലെതന്നെ കോർപ്പറേഷൻ ഭീമമായ നഷ്ടത്തിൽ എത്തിയിട്ടുണ്ടെന്നുമുള്ള വസ്തുത എന്റെ സ്നേഹിതൻമാർ പലരും ഇവിടെ ചൂണ്ടിക്കാണിച്ചു. ഇന്ന് ബോട്ടുകൾ നൽകുന്നുണ്ട്. ബോട്ടുകൾ നൽകേണ്ടവർക്കല്ല നൽകുന്നത്. ബോട്ടുകൾ നൽകിയാൽ അത് റിപ്പയർചെയ്യുന്നില്ല. നൽകുന്ന ബോട്ടുകൾ ഉപയോഗിക്കുന്നുണ്ടോ എന്നും നോക്കുന്നില്ല. നൽകിയ ബോട്ട് ആർക്കാണ് വിൽക്കുന്നതെന്നും അറിയുന്നില്ല. ഇങ്ങനെയുള്ള പലതിനെപ്പററിയും ഇവിടെ പല സ്നേഹിതൻമാരും ചൂണ്ടിക്കാണിക്കുകയുണ്ടായി. ഇതിനെക്കാളേറെ തൊഴിലാളികൾ നന്നാകണം; ഈ രാജ്യത്ത് സാമൂഹ്യമായി അവർ ഉയരണം എന്നൊക്കെ പറയുന്നതിനെ ആശ്രയിച്ചിരിക്കുന്നത് ഈ വ്യവസായത്തിന്റെ അഭിവൃദ്ധിയാണ്. ഈ വ്യവസായത്തിന്റെ അഭിവൃദ്ധിയെ മറന്നിട്ട് നമ്മൾ ഏതുതരത്തിൽ കാണുന്നതും ശരിയായിരിക്കുമെന്നു തോന്നുന്നില്ല. വ്യവസായത്തിന്റെ അഭിവൃദ്ധിയിൽ, വ്യവസായത്തിന്റെ പുരോഗമനപരമായ മുന്നേററത്തിൽ നമുക്ക് എന്തുമാത്രം കോൺട്രിബ്യൂട്ടുചെയ്യാൻ കഴിയുന്നു എന്നുള്ളതിനെക്കുറിച്ചു കൂടി ആലോചിക്കണമെന്നാണ് എനിക്കു പറയാനുള്ളത്. ഇതു ഞാൻ പറയുമ്പോൾ മുതലാളിമാരുടെ ശബ്ദമാണെന്ന് ഇത്തവണ അപ്പുറത്തുനിന്നു പറയാൻ ഇടയില്ല. കഴിഞ്ഞ തവണ കശുവണ്ടിയെപ്പററി സംസാരിച്ചപ്പോൾ മുതലാളിമാരുടെ ശബ്ദമാണെന്ന് അപ്പുറത്തുനിന്ന് ആക്ഷേപമുണ്ടായെങ്കിലും, ഇപ്പോൾ ഈ മൽസ്യവ്യവസായത്തെക്കുറിച്ച് സംസാരിക്കുമ്പോൾ

LIBRARY ARCHIVES Kerala Legislative Assembly

മുതലാളിമാരുടെ ശബ്ദമാണെന്ന് അപ്പുറത്തുനിന്നു പറയാൻ ഇടയില്ലാത്ത വിധത്തിൽ എനിക്കൊരു തടവുണ്ട്, അതു ബേബിജോണാണ്. അതുകൊണ്ടു ഞാൻ ആ അപകടത്തിൽനിന്നു രക്ഷപ്പെട്ടു നിൽക്കുന്നതുകൊണ്ടാണ് ഇതിനെക്കുറിച്ച് സംസാരിക്കുന്നത്. ഈ വ്യവസായത്തിന് ഇന്റേണൽ മാർക്കറ്റുണ്ട് ഈ വ്യവസായത്തിന് എക്സ്പോർട്ട് മാർക്കറ്റുണ്ട്. ഇന്റേണൽ മാർക്കറ്റ് വർദ്ധിപ്പിക്കാനുള്ള പരിശ്രമം എന്തുമാത്രം മുന്നോട്ടു പോയിട്ടുണ്ട്. ഇന്റേണൽ മാർക്കറ്റു വർദ്ധിപ്പിക്കാനാവശ്യമുള്ള സകല നടപടികളും പരാജയപ്പെട്ടിരിക്കുകയാണ്. ആ ഇന്റേണൽ മാർക്കറ്റ് വർദ്ധിപ്പിക്കുന്നതിനാവശ്യമുള്ള കോർപ്പറേഷന്റെ ചെയ്തികളെപ്പററി മന്ത്രിമാർക്കൊന്നു പഠിക്കാൻ കഴിയുമോ? ഈ മന്ത്രിസഭ ഒന്നു പഠിക്കുമോ? അതുപോലെ നഷ്ടത്തെ പററിയറിയാമോ? പിടിച്ചുകൊണ്ടുവരുന്ന മൽസ്യം മുഴുവനും ഇടത്തരക്കാർക്ക് കച്ചവടം ചെയ്യുന്നത് വഴിയിൽവച്ചുതന്നെ. പ്രൈവററ് പാർട്ടികൾക്ക് കച്ചവടം ചെയ്യുന്നു. കൊണ്ടുവരുന്നതുതന്നെ ചീഞ്ഞുപോയി, നഷ്ടപ്പെട്ടുപോയി എന്നുപറഞ്ഞ് കണക്കെഴുതിതള്ളുന്നു. എക്സ്പോർട്ട് ഇൻസ്പെക്ഷൻ കുറെയധികം സാധനങ്ങൾ അനേകലക്ഷം രൂപയുടെ സാധനങ്ങൾ കൊച്ചിയിൽ ഇട്ട് നഷ്ടം വരുത്തിവെച്ചു എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചത്. പിക്കിൾസ് ഉണ്ടാക്കാൻ വേണ്ടിയുള്ള സാധനം. പിക്കിൾസ് ഉണ്ടാക്കാൻ വേണ്ടിമാററിവെച്ചത് ലക്ഷക്കണക്കിനു നഷ്ടംവന്നു എന്നുപറയുന്നു. ഇതിന്റെയൊക്കെ ഉത്തരവാദിത്വം ആർക്കാണ്. എന്തുകൊണ്ടാണ് ഇതൊക്കെ നടക്കുന്നത്. ഇങ്ങനെ നശിച്ചുപോകുന്നതു നോക്കിനിൽക്കുന്നതു ശരിയാണോ? ഇതിനൊരു ഉടമസ്ഥനില്ല. ഇതിനൊരു ഉത്തരവാദിത്വമുള്ള ആളില്ല. എന്നനിലയിൽ കാര്യങ്ങൾ നീങ്ങുന്നു എന്നുള്ളത് ഞാൻ ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. ഡിപ്പാർട്ടുമെന്റ് ഒരു കോർപ്പറേഷൻ ഉണ്ടാക്കുമ്പോൾ പലപ്പോഴും മാനേജിംഗ് ഡയറക്ടർമാരെയൊക്കെത്തന്നെ വയ്ക്കാറുണ്ട്. അവർക്കൊന്നും ഈ ഡിപ്പാർട്ടുമെന്റിനോടു യാതൊരുത്തരവാദിത്വവുമില്ല. എവിടെ നിന്നെങ്കിലും കടമെടുത്ത് അല്ലെങ്കിൽ തൽക്കാലത്തേക്ക് ഏതെങ്കിലും പ്രമാണിയെകൊണ്ടുവരും. അദ്ദേഹത്തിന് അദ്ദേഹത്തിന്റെ കാര്യം, കോർപ്പറേഷനുമായി യാതൊരു ബന്ധവുമില്ല. എന്ത് മുതലാക്കാൻ കഴിയും, എന്തുനേട്ടമുണ്ടാക്കാൻ കഴിയും കോർപ്പറേഷൻ എങ്ങനെ മുമ്പോട്ടുകൊണ്ടുപോകാൻ കഴിയും എന്നൊന്നും നോട്ടമില്ല. അദ്ദേഹത്തിന് എന്താണ് നേട്ടം എന്നല്ലാതെ വേറൊന്നും അന്വേഷിക്കാറില്ല. രണ്ടായിരം രൂപയോളം മാസശമ്പളമുള്ള കുറേ ഉദ്യോഗസ്ഥൻമാരുണ്ട്. എന്താണ് അവർക്കു ജോലിയെന്ന് ഒന്ന് അന്വേഷിക്കുമോ?

നമ്മുടെ ബോട്ട് യാഡിന്റെ സ്ഥിതി എന്താണെന്നറിയാമോ? ബോട്ട് യാഡിൽ ബോട്ടിന്റെ പണി നടക്കുന്നുണ്ടോ? ബോട്ടുയാഡിൽ റിപ്പയർ നടക്കുന്നുണ്ടോ; അവിടത്തെ വർക്കേഴ്സിന് ജോലിയുണ്ടോ? വെറുതെ കുത്തിയിരുന്ന് ശമ്പളം വാങ്ങുന്നതിൽ വേദനിക്കുന്ന തൊഴിലാളികൾവരെ അതിലുണ്ടെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. ഇതാണ് ഇന്റേണൽ മാർക്കററ് ഡവലപ്പുചെയ്യുന്നകാര്യത്തിൽ തൊഴിലാളികൾക്ക് കൂടുതൽ ആദായം നേടിക്കൊടുക്കുന്ന ബോട്ടുകളുടെകാര്യത്തിൽ ഒക്കെയുള്ള അനാസ്ഥ. ബോട്ടുകൾപലതും വെള്ളത്തിൽ മുങ്ങി നശിച്ചുകിടക്കുന്നു. ബോട്ടുകൾ ചിലതൊക്കെ കരയ്ക്കിരുന്ന് നേരത്തെ ഇവിടെ ആരോ പറഞ്ഞതുപോലെ അതിൽ ആലുവൃക്ഷം കിളിർച്ചുനിൽക്കുന്നു. ഇതൊന്നും അന്വേഷിക്കാത്തത് ഖേദകരമാണ്. ഇതൊക്കെയൊന്നന്വേഷിക്കാൻ ഇനിയെങ്കിലും ഗവൺമെന്റ് ശ്രദ്ധിക്കണമെന്ന് വിനീതമായി അഭ്യർത്ഥി

LIBRARY ARCHIVES Kerala Legislative Assembly

ക്കുകയാണ്. ഈ വിഭവസമ്പത്തുകൊണ്ട് ഈ രാജ്യത്തെ തൊഴിലാളികൾക്കും മുതലാളിമാർക്കും മാത്രമല്ല നേട്ടമുണ്ടാകുന്നത്. ഈ രാജ്യത്തു മൊത്തത്തിലുണ്ടാവുന്ന നേട്ടങ്ങളുടേ നേരെ കണ്ണടക്കുന്നത് ഖേദകരമാണ്. നേരത്തെ ഇവിടെ കശുവണ്ടി വ്യവസായത്തെപ്പററി പറഞ്ഞതുപോലെതന്നെ ഈ വ്യവസായവും കുറേശ്ശെ കുറേശ്ശെയായി നമ്മുടെ സംസ്ഥാനത്തുനിന്ന് അടുത്ത സംസ്ഥാനങ്ങളിലേക്ക് ഒഴുകിപോകുന്നു എന്ന വസ്തുതകൂടി ഈ അവസരത്തിൽ ശ്രദ്ധിക്കണം. ഇവിടത്തെ ടാക്സേഷൻ പോളിസിയും ഡിപ്പാർട്ടുമെൻറുകൾ കൈകാര്യം ചെയ്യുന്ന നിരുത്തരവാദപരമായ നിലപാടും കാരണം ഈ വ്യവസായം കുറേശ്ശെ കുറേശ്ശെയായി ഇവിടെനിന്നും പോയിക്കൊണ്ടിരിക്കുന്നു. സർ, കൊല്ലത്തിനുസമീപമുള്ള പല പ്രമുഖ വ്യവസായികളേയും എനിക്കറിയാം. ചിലർ നിർത്തി, ചിലർ സ്ഥലംവിട്ടു. മററുചിലർ ഒറീസ്സയിലേക്കും ആന്ധ്രായിലേക്കും മദ്രാസിലേക്കും കടന്നുപൊയ്ക്കൊണ്ടിരിക്കുന്നു. അവർ അവിടെചെന്നു ഫാക്ടറികളുണ്ടാക്കുകയും അവിടെനിന്നു കയററുമതി നടത്തുകയും ചെയ്യുന്ന കാഴ്ചയാണു കാണുന്നത്. അങ്ങനെ കയററുമതി കഴിഞ്ഞവർഷത്തെ അപേക്ഷിച്ച് അനുദിനം കുറഞ്ഞുകുറഞ്ഞുവരുന്നു. ഇതിൻെറ പ്രധാനപ്പെട്ടകാരണം ടാക്സേഷൻ പോളിസിയാണ്. കേന്ദ്രഗവൺമെൻറു കയററുമതിയെ സംബന്ധിച്ചിടത്തോളം പ്രോൽസാഹനം നൽകാൻ പലതും ചെയ്തു. കൊല്ലത്തുള്ള ഫിഷ് എക്സ്പോർട്ടേഴ്സിനുതന്നെ ഒന്നുരണ്ടു അവാർഡുകൾ കിട്ടിയിട്ടുണ്ട്. അങ്ങനെ അവാർഡു കിട്ടിയ എക്സ്പോർട്ടർമാർ കൊല്ലത്തു ഈ രംഗത്തുണ്ടായിരുന്നു. ഇന്ന് അവർക്കു പ്രോൽസാഹനം കൊടുക്കാൻവേണ്ടി കേന്ദ്രനിയമങ്ങളെപോലും വളച്ചൊടിച്ച് എക്സ്പോർട്ടിനെ നശിപ്പിക്കുകയും നിരുൽസാഹപ്പെടുത്തുകയും ചെയ്യുന്ന നിലപാടാണ് സംസ്ഥാനഗവൺമെൻറ് ഏറെറടുത്തിരിക്കുന്നതെന്നുള്ളതു ഖേദകരമാണ്. സംസ്ഥാന ഗവൺമെൻറിനു ഇവിടെ ഉണ്ടാക്കുന്ന ഉൽപ്പന്നങ്ങൾക്കു ന്യായമായ ലാഭവും ന്യായമായ വിഹിതവും ലഭിക്കണം. അതിൽനിന്നും സംസ്ഥാനഗവൺമെൻറിനു ആദായമുണ്ടാകണം. പക്ഷേ അങ്ങനെയുണ്ടാക്കുന്ന ആദായത്തിനു സ്വീകരിച്ചസമീപനം, അതു കൈകാര്യം ചെയ്തമാർഗ്ഗം പരിശോധിക്കണം. ആവശ്യമില്ലാത്ത ടാക്സേഷനും ആവശ്യമില്ലാത്ത കൃത്രിമമായ നിയമവ്യാഖ്യാനങ്ങളും കൂടി ഡെട്രിമെൻറൽ ആകരുതെന്നു പറയാനാണ് ഞാൻ ഇതു ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ടാക്സേഷൻ പോളിസിവേണം. മിച്ചമുണ്ടാക്കുന്ന ടാക്സേഷൻ പോളിസിയാണ് വരദരാജൻ നായരുടേത്. പെരിഷബിൾ ഗുഡ്സിനു ടാക്സ് ഏർപ്പെടുത്തുമ്പോൾ ആ ഗുഡ്സ് ഏതു തരത്തിലുള്ളതാണെന്നും എത്രകാലം അതിനു ടാക്സ് ഏർപ്പെടുത്താൻകഴിയുമെന്നും ആലോചിക്കണം. ഗുഡ്സിൻെറ വാല്യുവിൻെറ പുറത്താണ് ടാക്സ് വയ്ക്കേണ്ടത്. പെരിഷബിൾ ഗുഡ്സിൻെറ വാല്യു എത്രനേരം നിൽക്കുമെന്നു മനസ്സിലാക്കണം. മൽസ്യത്തിൻെറ വാല്യു അനുനിമിഷം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. മണിക്കൂറുകൾ കഴിയുന്തോറും മൽസ്യം നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ഏതാനും മണിക്കൂറുകൾ കഴിഞ്ഞാൽ മൊത്തത്തിൽ ആ ഗുഡ്സ് നഷ്ടപ്പെടുകയാണ്. അതിനും ടാക്സ്വെയ്ക്കുകയാണ്. ഈ ടാക്സ്, സെയിൽസ്ടാക്സ് ഓഫീസർ പറയുന്നതനുസരിച്ച് കൊടുക്കണം. കൊടുക്കാൻ താമസിച്ചാൽ അതു നഷ്ടപ്പെടും. തോക്കുചൂണ്ടിക്കൊണ്ട് 'ഹാൻഡ്സ് അപ്' എന്നനിലയിലാണ് എല്ലാ ഡിപ്പാർട്ടുമെൻറുകളും. ഇലക്ട്രിസിററി ഡിപ്പാർട്ടുമെൻറുകാരൻ പറഞ്ഞാൽ അപ്പോൾ കേട്ടില്ലെങ്കിൽ അപ്പോൾ കറൻറ് ഓഫ് ആണ്.

LIBRARY ARCHIVES Kerala Legislative Assembly

സെയിൽസ്ടാക്സ്കാരൻ പറഞ്ഞാൽ അതുകേട്ടില്ലെങ്കിൽ അതു നഷ്ടപ്പെടുകയാണ്. ലോറിയോടിക്കുമ്പോൾ ട്രാഫിക്പോലീസുകാരൻ കൈ കാണിച്ചാൽ കൊടുക്കേണ്ടതു കൊടുത്തില്ലെങ്കിൽ അതു നഷ്ടപ്പെടുകയാണ്. ഇങ്ങനെനോക്കിയാൽ എല്ലാപേർക്കും കൈകടത്താനും എല്ലാപേർക്കും അപകടം സൃഷ്ടിക്കാനും എല്ലാപേർക്കും നശിപ്പിക്കാനും കഴിയുന്ന ഒന്നാണ് ഈ വ്യവസായം. ഇവിടെ എന്നും ഒരു നെഗററീവ് അപ്രോച്ചാണ്. ഈ രാജ്യത്ത് അതാണ് എപ്പോഴും മുന്നിട്ടുനിൽക്കുന്നത്. ഒരു പോസിററീവ് അപ്രോച്ച് ഈ വ്യവസായരംഗത്തുണ്ടോ എന്നാലോചിക്കണം. ഈ രാജ്യത്തു വ്യവസായം അഭിവൃദ്ധിപ്പെടുത്താതെ ഒന്നും അഭിവൃദ്ധിപ്പെടാൻ പോകുന്നില്ല. തൊഴിലാളികളുടെ അഭിവൃദ്ധിയും സാമാന്യജനങ്ങളുടെ അഭിവൃദ്ധിയും രാജ്യത്തിന്റെ അഭിവൃദ്ധിയും എല്ലാംതന്നെ വ്യവസായത്തിലും കൃഷിയിലും അടിയുറച്ചു നിൽക്കുന്നു എന്നുള്ള തത്വവും സത്യവും വിസ്മരിച്ചിട്ടു കാര്യമില്ല. ചീപ്പ് പോപ്പുലാരിററിക്കുവേണ്ടി, കൈയടിക്കുവേണ്ടി അതുമിതും പറഞ്ഞിട്ടു കാര്യമില്ല. ഇക്കാര്യങ്ങൾ ഗൗരവമായി കാണണം. ഈ രാജ്യത്തിന്റെ വ്യവസായാഭിവൃദ്ധിക്കുവേണ്ടി എന്താണു മാർഗ്ഗമെന്നു ഗൗരവമായി ആലോചിക്കണമെന്നാണ് എനിക്കുപ്രധാനമായും എടുത്തുപറയാനുള്ളത്. ഈ കോർപ്പറേഷന്റെ പ്രവർത്തനത്തിനുവേണ്ടി വളരെയധികം പണം മുടക്കിയിട്ടുണ്ട്. പക്ഷേ കോടിക്കണക്കിനു രൂപ നഷ്ടമാണ്. ഈ കോർപ്പറേഷനു 4 ട്രോളറുകളുണ്ട്. ആ ട്രോളറുകൾ ഇപ്പോൾ എവിടെയാണ്? ആ ട്രോളറുകൾ ഇപ്പോൾ വർക്കുചെയ്യുന്നത് നമ്മുടെ കടലിൽ അല്ല. ബോംബെയിലും ആന്ധ്രായിലും ആണ് വർക്കുചെയ്യുന്നതെന്നു പറയുന്നു. ആ ട്രോളറുകളിൽ പിടിക്കുന്ന മൽസ്യം ആർക്കാണു കൊടുക്കുന്നത്? അവിടെയുള്ള പ്രൈവററു കച്ചവടക്കാർക്കു കൊടുത്തു ലാഭമുണ്ടാക്കുകയാണ്. അങ്ങനെ പല അഴിമതികളും അനീതികളും പല അനാവശ്യങ്ങളും പല അക്രമങ്ങളും നടക്കുന്നു എന്നുള്ളതു കൂടി അങ്ങു ശ്രദ്ധിക്കണം. ഇതെല്ലാം ശ്രദ്ധിക്കാൻ ആളുണ്ടാകണം. ഇവിടെ ഒരു മറൈൻ ഡവലപ്പുമെൻറു അതോറിട്ടിയുണ്ട്. അവരുടെ പണി സെസ് പിരിക്കലാണ്. അവർ സെസ് പിരിക്കുന്നുണ്ട്. ലക്ഷക്കണക്കിനു രൂപ അവരുടെ കൈയിലുണ്ട്. ആ പണം മറൈൻ ഡവലപ്പുമെൻറിനു വേണ്ടി അവർ ഉപയോഗിച്ചിട്ടുണ്ടോ? ഒരു പൈസയെങ്കിലും ഉപയോഗിച്ചിട്ടുണ്ടോ എന്നു ചോദിക്കുകയാണ്. എക്സിബിഷനുവേണ്ടിയാണ് അവർ ഉപയോഗിക്കുന്നത്, മാസികനടത്താനാണ്, ഡിന്നർ നടത്താനാണ് അവർ ആ പൈസ ഉപയോഗിക്കുന്നത്, മറൈൻ ഡവലപ്പുമെൻറിനു വേണ്ടിയുള്ള പണം അതിനുവേണ്ടി ഉപയോഗിച്ചിട്ടില്ല. എ. ആർ. സി. യിൽനിന്നും പണം കടമെടുത്തു ബോട്ടുകൾ വാങ്ങിച്ചിട്ട് അഞ്ചുതെങ്ങിലായാലും മററു സ്ഥലങ്ങളിലായാലും വെള്ളത്തിൽ മുങ്ങിക്കിടക്കുന്നതിനെസംബന്ധിച്ച് ഞാൻ നേരത്തേ സൂചിപ്പിച്ചു. ഇത്തരം കാര്യങ്ങൾ കാരണം അനുദിനം നഷ്ടം വന്നുകൊണ്ടിരിക്കുന്നു. വ്യവസായാഭിവൃദ്ധിക്കുപകരം വ്യവസായം പിന്നോട്ടുപോയിരിക്കുന്നു എന്നുള്ളതാണു വസ്തുത. ഇതെല്ലാമൊന്നു കണ്ണോടിച്ച് രാജ്യത്തിന്റെ സാമ്പത്തികാഭിവൃദ്ധിക്കുവേണ്ടി ശ്രദ്ധിക്കണം. ടാക്സേഷൻ എങ്ങനെ വേണമെന്നുള്ളതിനെ സംബന്ധിച്ചുകൂടി ആലോചിക്കണം. ഇതിന്റെ ടാക്സേഷനിൽകൂടിയല്ലാതെ മറേറതെങ്കിലും ടാക്സിൽകൂടി നേട്ടമുണ്ടാക്കാൻകഴിയുമോ എന്നാലോചിക്കണം. അല്ലാതെ എന്തെങ്കിലും വ്യാഖ്യാനങ്ങൾ കൊടുത്ത് ഇവരെ നശിപ്പിക്കുന്ന സമ്പ്രദായം ശരിയല്ല. അതു തെററാണെന്നു ഒരിക്കൽകൂടി പറഞ്ഞുകൊണ്ട് എന്റെവാക്കുകൾ ഉപസംഹരിക്കുകയും ഇതിനെ ശക്തിയായി എതിർക്കുകയും ചെയ്യുന്നു.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദുകോയ): സർ, നമ്മുടെ രാജ്യത്ത് വളരെ വിഭവശേഷിയുള്ള കടലുകളിൽ പ്രവർത്തിക്കുന്ന തൊഴിലാളികളുടെ പ്രവർത്തനങ്ങളും കേരളത്തിന്റെ അപാരമായ മൽസ്യവ്യവസായ സാദ്ധ്യതകൾ പരമാവധി ചൂഷണം ചെയ്തുകൊണ്ട് ഫിഷറീസ് രംഗത്ത് വളരെ വമ്പിച്ച കുതിച്ചുചാട്ടത്തിന്റെ രംഗം ഉണ്ടാക്കുന്ന നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മെമ്പറൻമാർ നൽകിയതിന് ഞാൻ ആദ്യമായി നന്ദി പറഞ്ഞുകൊള്ളട്ടെ.

സംസ്ഥാന പദ്ധതിയിൽ 3.41 കോടി രൂപയും കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതമായി .48 കോടി രൂപയും അങ്ങനെ ആകെ 3.89 (അതായത് 4 കോടി രൂപയോളം) കോടി രൂപ ബഡ്ജററ് വിഹിതമായി ഫിഷറീസ് രംഗത്ത് വകകൊള്ളിച്ചിട്ടുണ്ട്. ഈ ബഡ്ജററ് വിഭവശേഷിയുടെ പതിൻമടങ്ങ് പദ്ധതികൾക്കായി ദേശീയവും അന്തർദേശീയവുമായ ധനസഹായ സ്ഥാപനങ്ങളിൽനിന്ന് വായ്പയായി സമാഹരിക്കുവാനും ഗവൺമെൻറിന് പരിപാടിയുണ്ട്. വാസ്തവത്തിൽ ഇൻസ്ററിററ്യൂഷണൽ ഫൈനാൻസ് വേണ്ടതുപോലെ ഫിഷറീസ് രംഗത്ത് നമ്മുടെ ഗവൺമെൻറ് ഇതേവരെ ഉപയോഗിച്ചിട്ടില്ല എന്നുള്ളത് ഒരു കുററമാണ്. ആ കുറവുനികത്താൻ ബൃഹത്തായ ഒരു പദ്ധതിയുണ്ടാക്കി ആ വിഭവശേഷി സമാഹരിക്കുവാനുള്ള പരിശ്രമം ആരംഭിക്കുന്നതാണെന്ന് ഈ സഭയിൽ പറയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്റെ യശശ്ശരീരനായ സുഹൃത്ത് അഹമ്മദ് കുരിക്കൾ തയ്യാറാക്കിയ ഒരു മാസ്ററർ പ്ലാൻ അനുസരിച്ചുള്ള പദ്ധതികളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. അത് കാലഹരണപ്പെട്ടുകൊണ്ടിരിക്കുകയാണ്. അതനുസരിച്ച് കൂടുതൽ വിപുലമായ പദ്ധതിയുണ്ടാക്കാൻ ഗവൺമെൻറ് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പറൻമാർ ഇപ്പോൾ ഈ വിഷയത്തെ സംബന്ധിച്ച് സംസാരിക്കുമ്പോൾ നൽകിയ വിലയേറിയ നിർദ്ദേശങ്ങൾ അപ്പോൾ പരിഗണിക്കുന്നതാണെന്നും അവരോടുപറയാൻ എനിക്ക് സന്തോഷമുണ്ട്. ഫിഷറീസ് ഡിപ്പാർട്ടുമെൻറും ഡിപ്പാർട്ടുമെൻറിന്റെ അനുബന്ധമായി പ്രവർത്തിക്കുന്ന വളരെ വിമർശനവിധേയമായ കേരളാ ഫിഷറീസ് കോർപ്പറേഷനും ഫിഷർമെൻ വെൽഫയർ കോർപ്പറേഷനും ശാസ്ത്രീയമായി പുനഃസംഘടിപ്പിച്ച് പദ്ധതി നിർവ്വഹണത്തിനാവശ്യമായ രീതിയിൽ ഭരണപരവും സാമ്പത്തികവുമായ നിർവ്വഹണസംവിധാനം സജ്ജമാക്കിക്കൊണ്ടും ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുള്ള പദ്ധതി നിർദ്ദേശങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ ഗവൺമെൻറ് പരിശ്രമിക്കുന്നതാണെന്ന് ഞാൻ ഉറപ്പ് നൽകുന്നു. ഇതിന് പ്രാരംഭമായി സെക്രട്ടറിയേററിൽ ഫിഷറീസിന് ഒരു പുതിയ വകുപ്പുതന്നെ സൃഷ്ടിച്ചിട്ടുണ്ട്. മറേറതെങ്കിലും വകുപ്പിന്റെ അനുബന്ധമായി ഇനിമേൽ ഫിഷറീസ് പ്രവർത്തിക്കുകയല്ല. ഫിഷറീസ് വകുപ്പിന്റെ പ്രവർത്തനത്തിനായി ഒരു സെക്രട്ടറിയെ നിർദ്ദേശിച്ചിട്ടുണ്ടെന്നുള്ള വിവരവും ഈ സഭയെ അറിയിക്കുവാൻ എനിക്ക് ആഗ്രഹമുണ്ട്. 1968-ൽ ഗവൺമെൻറ് തയ്യാറാക്കിയ മാസ്ററർപ്ലാൻ പുതിയ സാഹചര്യങ്ങളും സാദ്ധ്യതകളും ഉൾക്കൊള്ളിച്ചുകൊണ്ട് ഗവൺമെൻറ് നവീകരിക്കുന്നതാണ്. ആഴക്കടൽ മൽസ്യബന്ധന രംഗത്ത് ഇതഃപര്യന്തം ചൂഷണം ചെയ്തിട്ടില്ലാത്ത 'ടൂണ ഫിഷിംഗ്'' വിദേശ സാമ്പത്തിക സഹായത്തോടുകൂടി നടപ്പുവർഷത്തിൽ ആരംഭിക്കുന്നതാണ്. അതുപോലെതന്നെ ആഴക്കടൽ മൽസ്യബന്ധന രംഗത്ത്., അറബിക്കടലിലുള്ള അയില, മത്തി മുതലായ വമ്പിച്ച മൽസ്യസമ്പത്ത് ബ്രസീലിയൻ മാർഗ്ഗം ഉപയോഗിച്ച് ചൂഷണം ചെയ്യാനുള്ള ബൃഹത്തായ ഒരു മൽസ്യബന്ധനപരിപാടി ഈ വർഷംതന്നെ നടപ്പിലാ

LIBRARY ARCHIVES Kerala Legislative Assembly

ക്കുന്നതാണ്. തീരക്കടൽ മൽസ്യബന്ധന രംഗത്ത് യന്ത്രവൽക്കൃത ബോട്ടുകളും നാടൻ വഞ്ചികളുമായി സംഘട്ടനങ്ങൾ ഒഴിവാക്കാൻ ഗവൺമെൻറ് നടപടികൾ സ്വീകരിച്ചുവരുന്നു. കഴിഞ്ഞമാസം മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽകൂടിയ യോഗത്തിൻെറ തീരുമാനപ്രകാരം 5 കിലോമീററർ പരിധിക്കുള്ളിൽ യന്ത്രവൽക്കൃതബോട്ടുകൾ പ്രവർത്തിക്കുന്നത് ഗവൺമെൻറ് നിരോധിച്ചിട്ടുണ്ട്. ഈ തീരുമാനം പൂർണ്ണമായി നടപ്പിലാക്കുവാനുള്ള അവസാന നടപടി ഗവൺമെൻറിൻെറ സജീവ പരിഗണനയിലാണ്. കടലിൽ പരിശോധനയ്ക്കും മററുമുള്ള കഴിവ് കുറവാണെന്ന് എനിക്ക് സമ്മതിക്കുവാൻ വിഷമമില്ല. യന്ത്രവൽക്കൃത ബോട്ടുകൾക്കുള്ള വായ്പ പാക്കേജ് പദ്ധതിയായി ഗവൺമെൻറ് തുടരുന്നതാണ്. അതേസമയം കേരളത്തിലുടനീളമുള്ള നാടൻ വഞ്ചികൾക്ക് പകരം പടിപടിയായി ചെറിയ ഫൈബർ ഗ്ലാസ് യന്ത്രവൽക്കൃത ബോട്ടുകൾ മൽസ്യത്തൊഴിലാളികൾക്ക് നൽകി പരമ്പരാഗത മൽസ്യത്തൊഴിലാളികളെ ആകമാനം നവീകരിക്കുവാനുള്ള ഒരു പദ്ധതിയെസംബന്ധിച്ച് ഗവൺമെൻറ് ആലോചിച്ചുവരുന്നു. അത് ഒരു സമൂർത്തമായ രൂപം കൊള്ളാത്തതുകൊണ്ട് അതിനെ സംബന്ധിച്ച് ഈ അവസരത്തിൽ വിശദമായി പറയാൻ കഴിയുകയില്ല. ഉൾനാടൻ ജലാശയങ്ങളിലെ മൽസ്യബന്ധനം സംബന്ധിച്ച് ഈ വർഷം ആലോചിക്കുന്നുണ്ട്. ഞാൻ പലപ്പോഴും ചോദ്യോത്തരസമയത്ത് പറഞ്ഞിട്ടുള്ളതുപോലെ ഉപ്പുരസമുള്ള കേരളത്തിലാകമാനമുള്ള ജലാശയങ്ങളിൽ ചെമ്മീൻ വളർത്താനുള്ള പരിപാടി വിജയകരമായി നടപ്പിലാക്കുന്നതാണ്. അതിനുവേണ്ടിയുള്ള ചെമ്മീൻ കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രം അഴീക്കോട്ട് ആരംഭിച്ചിട്ടുണ്ട്. എഫ്. എ. ഒ. സാങ്കേതിക വിദഗ്ദ്ധനും സംസ്ഥാന ഗവൺമെൻറിൻെറ ഇപ്പോഴത്തെ ചീഫ് ഫിഷറീസ് ഉദ്യോഗസ്ഥനുമായ ശ്രീ. അലിക്കുഞ്ഞിൻെറ നേതൃത്വത്തിൽ പ്രവർത്തനം നടത്തുകയാണ്. വളരെ വൈദഗ്ദ്ധ്യമുള്ള ഒരു ഉദ്യോഗസ്ഥനാണ്. അതുകൊണ്ട് അദ്ദേഹത്തിൻെറ വൈദഗ്ദ്ധ്യം, വിദഗ്ദ്ധോപദേശം ഗവൺമെൻറിന് സഹായകരമാണ്.

ഉൾനാടൻ ജലാശയങ്ങളിൽ മററ് മൽസ്യങ്ങൾ വളർത്താൻ പല പ്രവർത്തനങ്ങളും ആരംഭിച്ചിട്ടുണ്ട്. നേരത്തെ ഒരു ചോദ്യോത്തരസമയത്ത് പറഞ്ഞതുപോലെ പാലക്കാടും തൃശൂരും കൊല്ലത്തും ഉള്ള ഫിഷ് ഫാർമേഴ്സ് ഡവലപ്പ്മെൻറ് ഏജൻസികൾ പൂർണ്ണമായി പ്രവർത്തിപ്പിക്കുന്നതോടൊപ്പം മററ് ജില്ലകളിലേക്കും കേന്ദ്രഗവൺമെൻറിൻെറ അനുമതിയോടുകൂടി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു. കേരളത്തിലുള്ള 24 ജലസംഭരണികളിൽ ശാസ്ത്രീയമായി മൽസ്യം വളർത്തുന്നതിനുള്ള പദ്ധതിയും ബഡ്ജററിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടെന്നുള്ള കാര്യം ബഹുമാനപ്പെട്ട മെമ്പറൻമാർ ഓർക്കുന്നുണ്ടല്ലോ.

കേരള ഫിഷറീസ് കോർപ്പറേഷൻെറ ഇതഃപര്യന്തമുള്ള പ്രവർത്തനം ഇവിടെ വിമർശനത്തിനുവിധേയമായി. ബഹുമാനപ്പെട്ട റഹിമും മററ് മെമ്പറൻമാരും ആ രൂപത്തിൽ സംസാരിക്കുകയുണ്ടായി. വാസ്തവത്തിൽ ഈ സ്ഥാപനം ലാഭകരമായി പ്രവർത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. കഴിഞ്ഞ ഏതാനും മാസങ്ങളിൽ കോർപ്പറേഷൻ കൈക്കൊണ്ടിട്ടുള്ള വിവിധ നടപടികളുടെ ഫലമായി കോർപ്പറേഷൻെറ നഷ്ടം കുറയ്ക്കുന്നതിനും ചില പ്രവർത്തന മേഖലകളിൽ ലാഭമുണ്ടാക്കുന്നതിനും കഴിഞ്ഞിട്ടുണ്ടെന്ന് സന്തോഷപൂർവ്വം ഈ സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോർപ്പറേഷൻെറ ആഭിമുഖ്യത്തിലുള്ള

LIBRARY ARCHIVES Kerala Legislative Assembly

നാല് മെക്സിക്കൻ ട്രോളറുകൾ—ട്രോളറുകളെപ്പററി ഇവിടെ ആരോ ചോദ്യം ചോദിച്ചു, മീൻ ഉള്ളിടത്തുപോയി മീൻ പിടിക്കുകയാണല്ലോ ട്രോളറുകളുടെ ഉദ്ദേശം. അതനുസരിച്ച് മീൻ ഉള്ളിടത്തുപോയി ട്രോളറുകൾ മീൻ പിടിക്കുന്നുണ്ട്. ലാഭകരമായിട്ടാണ് അത് പ്രവർത്തിക്കുന്നതെന്ന് പറയാൻ ഞാനാഗ്രഹിക്കുന്നു.

1978 ജനുവരിയിൽ സ്ഥാപിക്കപ്പെട്ട കേരളാ ഫിഷർമെൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻ ഇതിനകംതന്നെ മൽസ്യത്തൊഴിലാളി രംഗത്ത് വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ഹൗസിംഗ് ആൻറ് അർബൻ ഡവലപ്പ്മെൻറ് കോർപ്പറേഷൻെറ വായ്പാ സഹായത്തോടുകൂടിയും സംസ്ഥാന ഗവൺമെൻറിൻെറ 50 ശതമാനം വായ്പാ സബ്സിഡിയോടുകൂടിയും മൽസ്യത്തൊഴിലാളികൾക്കായുള്ള പതിനായിരം വീടുകൾ കോർപ്പറേഷൻെറ ആഭിമുഖ്യത്തിൽ നിർമ്മിച്ചുവരികയാണ്.

സമയാധിഷ്ഠിത പദ്ധതിയുടെ പരിധിയിൽ എല്ലാ മൽസ്യത്തൊഴിലാളികളേയും കൊണ്ടുവരിക എന്നുള്ളതാണ് ഗവൺമെൻറിൻെറ നയം. പരമ്പരാഗത മൽസ്യത്തൊഴിലാളികളെപ്പററി ഇവിടെ സംസാരിക്കുകയുണ്ടായി. അവർക്ക് പല സഹായ പദ്ധതികളും കോർപ്പറേഷൻ ആവിഷ്ക്കരിച്ചിട്ടുണ്ട്. മൽസ്യബന്ധനോപകരണങ്ങളുടെ വിതരണം, സൈക്കിളിലും തലച്ചുമടിലും മൽസ്യക്കച്ചവടം നടത്തുന്നവർക്ക് ധനസഹായം, മൽസ്യത്തൊഴിലാളികളുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉപതൊഴിലുകൾ—ഇത് ആരോ നിർദ്ദേശിക്കുകയുണ്ടായി—മൽസ്യത്തൊഴിലാളികൾക്കായുള്ള ദുരിതാശ്വാസനിധി എന്നിവയും ഈ പദ്ധതിയിൽ ഉൾപ്പെടുന്നു. അതുകൂടാതെ മൽസ്യത്തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്താൻ ബഡ്ജററിൽ വകകൊള്ളിച്ചിട്ടുണ്ട്.

നീണ്ടകര, വിഴിഞ്ഞം മൽസ്യബന്ധന തുറമുഖങ്ങൾ പൂർത്തീകരിക്കുന്നതിനെപ്പററി ശ്രീ. നാടാരും മററ് മെമ്പറൻമാരും പറയുകയുണ്ടായി. അടുത്തുതന്നെ പൂർത്തിയാകും. അതിനുപുറമേ കാസർകോട്, ചെറുവത്തൂർ തുടങ്ങി 16 ഫിഷ് ലാൻഡിംഗ് സെൻറേഴ്സ് അഥവാ മൽസ്യബന്ധന കേന്ദ്രങ്ങൾ സ്ഥാപിക്കാനും ഗവൺമെൻറ് ഉദ്ദേശിക്കുന്നു.

മൽസ്യവിപണനരംഗത്ത് എന്ത് ചെയ്തു എന്ന് ചോദിക്കുകയുണ്ടായി. റഗുലേററഡ് മാർക്കററുകൾ ഏർപ്പെടുത്തിക്കൊണ്ട് മൽസ്യത്തൊഴിലാളികൾക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുന്നതിനും ഗവൺമെൻറ് നോക്കുന്നതാണ്. സംസ്ഥാനത്തിനകത്തും മററ് സംസ്ഥാനങ്ങളിലും കയററുമതിക്കായുള്ള മൽസ്യവിപണനസംവിധാനം വിപുലവും ശാസ്ത്രീയവുമായി ആവിഷ്കരിച്ച് നടപ്പാക്കാനുള്ള നിർദ്ദേശം ഗവൺമെൻറിൻെറ മുമ്പിലുണ്ട്. അതിനുവേണ്ടിയുള്ള മാർക്കററ് സർവ്വേ, മാർക്കററുകളുടെ നിർമ്മാണം, ട്രാൻസ്പോർട്ടിംഗ്, കോൾഡ് സ്റേറാറേജ് തുടങ്ങിയ ഘടകങ്ങളെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുന്നതാണ്.

കേരളത്തിലെ മൽസ്യത്തൊഴിലാളി കുടുംബങ്ങളെ സംബന്ധിച്ച സമഗ്രമായ സ്ഥിതിവിവരക്കണക്കുകൾ എഫ്. എ. ഒ. യുടെ സാങ്കേതിക മേൽനോട്ടത്തിൽ ഉടൻതന്നെ സംഘടിപ്പിക്കുന്നതാണ്. അതിന് ഗവൺമെൻറ് ആലോചിച്ചുവരുന്നുണ്ട്. ഈ സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ എല്ലാ മൽസ്യത്തൊഴിലാളി കുടുംബങ്ങളുടേയും ജീവിതസൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള ബഹുമുഖ പദ്ധതികൾക്ക് ഗവൺമെൻറ് രൂപംനൽകുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

മൽസ്യത്തൊഴിലാളികൾ വസിക്കുന്ന എല്ലാ ഗ്രാമങ്ങളിലും ഇവിടെ ആരോ നിർദ്ദേശിച്ചതുപോലെ ആധുനിക നഗരാസൂത്രണത്തിന്റെ അടിസ്ഥാനത്തിൽ ഭവനനിർമ്മാണം, റോഡുകൾ, ശുദ്ധജലവിതരണം, വൈദ്യുതി, സ്കൂൾ, ഡിസ്പെൻസറി തുടങ്ങിയ സൗകര്യങ്ങളോടുകൂടിയ മാതൃകാ വാസകേന്ദ്രങ്ങൾ ഗവൺമെൻറ് ക്രമേണക്രമേണ ഉണ്ടാക്കുന്നതാണ്.

കേരളത്തിലെ മൽസ്യബന്ധന–വിപണന രംഗങ്ങളിൽ ഇന്ന് പ്രവർത്തിക്കുന്ന സഹകരണസംഘങ്ങളെ സർവ്വീസ് സഹകരണ സംഘങ്ങളുടെ മാതൃകയിൽ പുനഃസംഘടിപ്പിക്കുന്നതാണ്. ഈ സഹകരണസംഘങ്ങൾ പരാജയം ആണെന്ന് തോന്നത്തക്കവിധത്തിൽ വളരെ മോശമായി വരുന്നുണ്ട്. അത് മൽസ്യത്തൊഴിലാളികൾക്ക് പരമാവധി പ്രയോജനം ലഭിക്കുകയും അതേയവസരത്തിൽ പ്രത്യുത്പാദനപരമായും കാര്യക്ഷമമായും പ്രവർത്തിക്കത്തക്ക വിധത്തിൽ അത് പുനഃസംഘടിപ്പിക്കുന്നതാണ്.

പിന്നെ ശ്രീ. എൻ. കെ. ബാലകൃഷ്ണൻ ഒരു സംഗതി പറയുകയുണ്ടായി. ഭൂമിയില്ലാത്ത മൽസ്യത്തൊഴിലാളികൾക്കും ഭവനനിർമ്മാണത്തിന് സൗകര്യം ചെയ്തുകൊടുക്കണമെന്ന്. പൊന്നുംവിലയ്ക്കെടുത്ത് ഭൂമിയില്ലാത്ത മൽസ്യത്തൊഴിലാളികൾക്കും ഭവനം നിർമ്മിച്ചുകൊടുക്കണമെന്ന് ഗവൺമെൻറ് തീരുമാനമെടുത്തിട്ടുണ്ട്.

ഭവനവിതരണകാര്യത്തിൽ ആരെങ്കിലും—അങ്ങനെ കൈക്കൂലി വാങ്ങിയെന്ന് രണ്ട് മെമ്പറൻമാർ ആക്ഷേപിക്കുകയുണ്ടായി—വ്യക്തമായ ആരോപണം തരികയാണെങ്കിൽ അതു സംബന്ധിച്ച് തീർച്ചയായും അന്വേഷിക്കുന്നതാണ്, നടപടി നടത്തുന്നതാണ്.

ഫിഷറീസ് കോർപ്പറേഷനെപ്പററിയാണ് അധികം മെമ്പറൻമാരും പറഞ്ഞത്. അവരോട് എനിക്കു പറയാനുള്ളത് 160 ലക്ഷമായി അതിന്റെ കയററുമതി വർദ്ധിക്കുകയാണ് ഇപ്പോൾ ചെയ്തത്. 1977–78-ൽ 99 ലക്ഷം രൂപ മാത്രമെ ഉള്ളു. അതുകൊണ്ട് അഭിവൃദ്ധിയാണുള്ളത്. ബഹുമാനപ്പെട്ട മെമ്പറൻമാർ അതിന്റെ ഒടുവിലത്തെ വിവരത്തിന്റെ അടിസ്ഥാനത്തിലല്ല സംസാരിച്ചത് എന്നാണ് എനിക്ക് പറയാനുള്ളത്. എല്ലാ രംഗങ്ങളിലും കോർപ്പറേഷന്റെ പ്രവർത്തനം കൂടുതൽ മെച്ചപ്പെട്ടുവരുന്നുഎന്നും ഞാൻ പറയുകയാണ്. കൃത്യമായ കണക്കുകൾ ലഭിച്ചിട്ടില്ലെങ്കിലും കഴിഞ്ഞ സാമ്പത്തികവർഷത്തിൽ 20 ലക്ഷം രൂപയോളം നഷ്ടം കുറയ്ക്കാൻ ഫിഷറീസ് കോർപ്പറേഷന് കഴിഞ്ഞിട്ടുണ്ടെന്ന എന്റെ പ്രസ്താവന ഈ സഭയ്ക്ക് ആശ്വാസം നൽകുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു.

സ്വകാര്യവ്യക്തികൾ കോർപ്പറേഷൻ സ്റേറാറുകളിൽ സമുദ്രോൽപ്പന്നങ്ങൾ സൂക്ഷിച്ചുവച്ച വകയിൽ 50 ലക്ഷം രൂപ നഷ്ടംവന്നു എന്ന് ഇവിടെ ഒരു മെമ്പർ പറയുകയുണ്ടായി. അങ്ങനെ എനിക്ക് യാതൊരു വിവരവുമില്ല; അടിസ്ഥാനരഹിതമായ ഒരു ആരോപണമാണെന്നാണ് എനിക്കു തോന്നുന്നത്.

സർ, പബ്ലിക് ഹെൽത്ത് എൻജിനീറിംഗ് ഡിപ്പാർട്ടുമെൻറിനെപ്പററി ചില ആരോപണങ്ങളുണ്ടായി. അതിന്റെ പദ്ധതികളെ സംബന്ധിച്ച് പറയുന്നതിനുപകരം നടത്താൻ ഗവൺമെൻറിന് ഉദ്ദേശമുള്ളതിനെ സംബന്ധിച്ച് ചുരുക്കിപ്പറഞ്ഞുകൊണ്ട് ബഹുമാനപ്പെട്ട മെമ്പറൻമാരുടെ ആരോപണങ്ങൾക്ക് മറുപടി പറയാം. അല്ലെങ്കിൽ മറിച്ചും പറയാം.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമാൻ അബ്ദു വൈപ്പിൻകരയിലെ മൂത്തകുന്നം ശുദ്ധജല സംഭരണത്തെപ്പററി പറഞ്ഞു. പറവൂരിൽനിന്ന് വൈപ്പിൻകരയ്ക്ക് പൈപ്പു ലൈനുകറം നീട്ടി ശുദ്ധജലവിതരണം നൽകുന്ന പദ്ധതി നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. പണത്തിൻെറ കുറവുകൊണ്ട് ഈ പദ്ധതി ഉദ്ദേശിച്ച രീതിയിൽ നടപ്പാക്കാൻ സാധിച്ചിട്ടില്ല. പക്ഷെ, ഇപ്പോറം മുൻഗണന നൽകി നടപ്പാക്കികൊണ്ടിരിക്കുകയാണ്. അടുത്ത സാമ്പത്തിക വർഷത്തിൽ പൈപ്പുലൈൻ നീട്ടി വൈപ്പിൻകരയിൽ ശുദ്ധജലവിതരണം ആരംഭിക്കാൻ കഴിയുമെന്നാണ് ഗവൺമെൻറിൻെറ പ്രതീക്ഷ.

പിന്നെ ഗ്രാമ ശുദ്ധജല വിതരണ പദ്ധതി കേടായി കിടന്നാൽ അത് നന്നാക്കുന്നതിന് ഇപ്പോറം ബഡ്ജററിൽ 20 ലക്ഷം രൂപാ വകകൊള്ളിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട നീലലോഹിതദാസൻനാടാരെ, അദ്ദേഹം അവിടെ ഉണ്ടെങ്കിൽ ഞാൻ അറിയിക്കുകയാണ്. കേന്ദ്രഗവൺമെൻറിൻെറ ത്വരിത ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതിയുണ്ട്. ഇൻഡ്യയൊട്ടാകെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ്. അതിൽപ്പെടുത്തിയ അദ്ദേഹം പറഞ്ഞ മുട്ടയ്ക്കാട്ട്, തിരുവല്ലം മുതലായ സ്ഥലങ്ങളിൽ കേന്ദ്രഗവൺമെൻറിൻെറ അംഗീകാരം കിട്ടിയത് ഇപ്പോറം മാത്രമാണ്. എസ്ററിമേററൊക്കെ തയ്യാറാക്കി പൈപ്പ് മുതലായ കാര്യങ്ങറംക്ക് ഓർഡർ കൊടുത്തുകഴിഞ്ഞിരിക്കുന്നു. വളരെയധികം താമസം ഉണ്ടാകയില്ലെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

പിന്നെ ഇവിടെ കാര്യമായുണ്ടായ ഒരു വിമർശനം കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതിയെപ്പററിയാണ്. മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറിയിൽനിന്ന് മലിനജലം ഒഴുക്കിവിടുന്നതുമൂലം വേലിയേററ സമയത്ത് കോഴിക്കോട് ശുദ്ധജലവിതരണ പദ്ധതിയുടെ ഹെഡ് വർക്കിൽ ബുദ്ധിമുട്ടുകറം അനുഭവപ്പെടുന്നു എന്ന ശ്രീ. കുറുപ്പിൻെറ പ്രസ്താവന ശരിയാണ്. ഇത് മാവൂർ ഗ്വാളിയർ റയോൺസ് ഫാക്ടറി മലിനജല നവീകരണ പദ്ധതി ഗവൺമെൻറ് ഉദ്ദേശിച്ചത്ര വേഗത്തിൽ നടപ്പാക്കാത്തതുകൊണ്ട് ഉണ്ടായതാണ്. അതു സംബന്ധിച്ച് ഒരു ഉന്നതതല സമ്മേളനം നടത്തുകയും അതിനെതുടർന്ന് അത് നടപ്പാക്കുന്നതുവരെ ഫാക്ടറി ലേ ഓഫ് ചെയ്യണമെന്ന് തീരുമാനിക്കുകയും ചെയ്തു. അതുകൊണ്ട് ഇനി ആ ബുദ്ധിമുട്ടുകറം ഉണ്ടാകുകയില്ലെന്നാണ് എനിക്ക് പറയാനുള്ളത്. ഇപ്പോറംതന്നെ ശുദ്ധജല വിതരണപദ്ധതി പൂർത്തീകരിക്കുന്നതിനായി 75 ലക്ഷം രൂപയുടെ ഒരു പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചു. അത് ആരംഭിക്കാൻ പോവുകയാണ് കോഴിക്കോട്ട്. അത് പൂർത്തിയാകുകയാണെങ്കിൽ പ്രതിദിനം 100 ലക്ഷം ലിററർ വെള്ളം കൂടി കോഴിക്കോട്ട് ലഭിക്കുന്നതാണ്.

പി. എച്ച്. ഇ. ഡി. യിൽനിന്നും കാർഷികാവശ്യങ്ങറംക്ക് വെള്ളം കൊടുക്കുന്നതിനെക്കുറിച്ച് ഷെറീഫ് ഇവിടെ പറഞ്ഞു. കുടിക്കാനുള്ള വെള്ളത്തിൻെറ അത്ര പ്രാധാന്യം അതിനുണ്ടെന്ന് എനിക്ക് തോന്നുന്നില്ല.

ശ്രീ. ചടയൻ ഗോവിന്ദൻ: അഴീക്കൽ ഫിഷിംഗ് ഹാർബറിൻെറ കാര്യം എന്തായി?

ശ്രീ. സി. എച്ച്. മുഹമ്മദ്കോയ: അത് നടപ്പിലാക്കുന്നതാണ്.

ശ്രീ. എ. എ. റഹിം: ബംഗാളിൽനിന്ന് കുറെ ടൈഗർ കൊഞ്ചിനെ കൊണ്ടുവന്നല്ലോ. വിഴിഞ്ഞത്ത് മുത്തുച്ചിപ്പി ഉണ്ടാക്കുന്ന ഒരേർപ്പാടുമുണ്ടായിരുന്നു. അതൊക്കെ എവിടം വരെയായി?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. എച്ച്. മുഹമ്മദുകോയ: അതൊക്കെ പറയുകയാണെങ്കിൽ നാം ഇന്ന് നിരാഹാരരായി കഴിയേണ്ടിവരും. ബംഗാളിൽനിന്ന് കൊണ്ടു വന്ന കൊഞ്ച് ഉപ്പുവെള്ളത്തിൽ മാത്രമേ വളരുകയുള്ളു. കുട്ടനാട്ടിൽ തണ്ണീർമുക്കം ബണ്ട് ഉള്ളതുകൊണ്ട് ശുദ്ധജലത്തിൽ അതു ചത്തുപോയി. ഉപ്പുവെള്ളത്തിൽ ഭംഗിയായി വളരുന്നുണ്ട്.

മുനിസിപ്പൽ തൊഴിലാളികൾ ഒരു സമരം നടത്താനിരിക്കുന്നു എന്ന കാര്യം ഇവിടെ പറഞ്ഞു. അവരെ 19-ാംതീയതി ചർച്ചയ്ക്കു ക്ഷണിച്ചിട്ടുണ്ട്. അതോടുകൂടി ആ പ്രശ്നം പരിഹരിക്കുന്നതാണ്. തുല്യമായ സേവനവ്യവസ്ഥയ്ക്കുവേണ്ടിയാണ് അവർ വാദിക്കുന്നത്. കൂടിയാലോചനയോടുകൂടി അത് തീരുന്നതാണ്. സർ, ഞാൻ നിർത്തുകയാണ്.

ഹരിജന ക്ഷേമവും സാമൂഹ്യവികസനവും വകുപ്പ് മന്ത്രി (ശ്രീ. ദാമോദരൻ കാളാശ്ശേരി): സർ, പട്ടികജാതി—പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾക്കുവേണ്ടിയുള്ള ധനാഭ്യർത്ഥനകളുടെ ചർച്ചയിൽ ഉയർന്നുവന്ന വിലയേറിയ നിർദ്ദേശങ്ങളും അഭിപ്രായങ്ങളും അതർഹിക്കുന്ന തരത്തിൽ കണക്കിലെടുക്കുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നതാണെന്ന് ആദ്യമായി ഞാൻ പറയുകയാണ്. പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനുവേണ്ടി പലകാര്യങ്ങളും ചെയ്തിട്ടുള്ള ഒരു സംസ്ഥാനമാണ് നമ്മുടേത്. മൊത്തം 22 സംസ്ഥാനങ്ങളുള്ള ഇൻഡ്യയിലെ കൊച്ചു സംസ്ഥാനമായ കേരളത്തിൽ ഹരിജനങ്ങൾക്കും ആദിവാസികൾക്കും വിദ്യാഭ്യാസ-കാർഷിക-വ്യാവസായിക രംഗങ്ങളിലെല്ലാം വലിയ മാററങ്ങൾ വരുത്തിയിട്ടുണ്ട്. 1970-ന് ശേഷമുള്ള കാര്യങ്ങൾ പരിശോധിച്ചാൽ ആ മാററം വ്യക്തമായി കാണാൻ സാധിക്കും. ഇനിയും കൂടുതൽ കൂടുതൽ മാററങ്ങൾ വരുത്തുന്ന കാര്യത്തിൽ പ്രതിപക്ഷത്തിന്റെ ആത്മാർത്ഥമായ സമീപനം കൂടെയുണ്ടെങ്കിൽ 1979-80 ആകുമ്പോഴേക്കും ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങൾക്കും മാതൃകയാകത്തക്കവിധത്തിലുള്ള മാററങ്ങൾ വരുത്താൻ നമുക്കു സാധിക്കുമെന്നാണെന്റെ വിശ്വാസം. അതുസംബന്ധിച്ച ചില കാര്യങ്ങൾ ബഹുമാനപ്പെട്ട മെമ്പർമാരുടെ ശ്രദ്ധയിൽപെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. നടപ്പു സാമ്പത്തിക വർഷത്തിൽ പട്ടികജാതി-പട്ടികവർഗ്ഗവിഭാഗത്തിൽപ്പെട്ട ഉദ്യോഗാർത്ഥികളിൽനിന്നും പി എസ്. സി. ഈടാക്കിവരുന്ന ഫീസ് നിറുത്തൽ ചെയ്യുന്നതും ആ ഇനത്തിൽ പി. എസ്. സിക്ക് കൊടുക്കേണ്ട തുക ഹരിജൻ വെൽഫെയർ ഡിപ്പാർട്ടുമെൻറ് കൊടുക്കുന്നതുമായിരിക്കും. ആധുനിക വ്യവസായരംഗത്തേക്ക് ഈ വിഭാഗക്കാർക്ക് കടന്നുവരുന്നതിന് മുൻപ് പല പ്രതിബന്ധങ്ങളും ബുദ്ധിമുട്ടുകളും ഉണ്ടായിരുന്നു. അതു മാററിയെടുക്കുന്നതിനുവേണ്ടി ഇവർക്ക് പ്രത്യേകം ട്രെയിനിംഗ് കൊടുക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. അതുപോലെതന്നെ പട്ടികജാതി-പട്ടിക വർഗ്ഗ വിഭാഗത്തിൽ പെട്ടവർക്ക് വിദേശങ്ങളിൽ തൊഴിലിനു പോകുന്നതിനുവേണ്ടി പതിനായിരം മുതൽ പതിനയ്യായിരം രൂപവരെ ഹരിജൻ ഡവലപ്പ്മെൻറ് കോർപ്പറേഷനിൽനിന്നും കൊടുക്കുന്നതിനുള്ള ഒരു പുതിയ പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനെല്ലാം ഉപരിയായി നിരവധി നല്ല കാര്യങ്ങൾ ഈ സാമ്പത്തിക വർഷത്തിൽ നടപ്പിൽ വരുത്തുന്നതിനുള്ള പരിപാടികളും ഉണ്ട്. അതിനെല്ലാം പ്രതിപക്ഷത്തിന്റെ ആത്മാർത്ഥമായ സഹായസഹകരണങ്ങൾ ഉണ്ടാകുമെങ്കിൽ വലിയ മാററങ്ങളുണ്ടാകുമെന്നുള്ളതിനു യാതൊരു തർക്കവും വേണ്ട.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. വി. രാജൻ: പ്രതിപക്ഷവും മന്ത്രിയുമൊന്നും വിചാരിച്ചാൽ ഒന്നും നടക്കുകയില്ല. ഡിപ്പാർട്ടുമെൻറിൽ സ്ററാഫില്ല. ഈ പരിപാടികളൊക്കെ നടപ്പിലാക്കേണ്ടത് സ്ററാഫാണ്. അവിടെ സ്ററാഫില്ല. പ്രതിപക്ഷത്തിൻെറ സഹകരണമില്ലെന്ന് പറഞ്ഞതുകൊണ്ടായില്ല, ഞങ്ങൾ സഹകരിക്കാം.

ശ്രീ. ദാമോദരൻ കാളാശ്ശേരി: 1979-80-നെ സംബന്ധിച്ചിടത്തോളം വലിയ മാററങ്ങൾ വരുത്തുന്നതിനുള്ള പരിപാടികൾ ഗവൺമെൻറിൻെറ മുൻപിലുണ്ട്. അവ നടപ്പിലാക്കുന്ന കാര്യത്തിൽ പ്രതിപക്ഷത്തുള്ള എല്ലാ രാഷ്ട്രീയ പാർട്ടികളുടേയും ആത്മാർത്ഥമായ സഹകരണമുണ്ടായിരിക്കുമെന്നാണെൻെറ വിശ്വാസം. കഴിഞ്ഞ സാമ്പത്തികവർഷത്തിൽ നടപ്പിൽവരുത്തിയ പരിപാടികളിൽനിന്ന് വ്യത്യസ്തമായ പരിപാടികൾ നടപ്പിൽവരുത്താനാണ് ഈ സാമ്പത്തികവർഷത്തിൽ ആഗ്രഹിക്കുന്നത്. അതിൽ ചില കാര്യങ്ങൾ ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാൻ ഞാനാഗ്രഹിക്കുകയാണ്. ഇവിടെ അടിയന്തിരമായി 100 ബാലവാടി-പോഷകാഹാര കേന്ദ്രങ്ങൾ തുറക്കാൻ പോകുകയാണ്. പ്ലാനിംഗ് സ്റററിസ്ററിക്കൽ സെൽ രൂപീകരിച്ചിട്ടുണ്ട്. അതിൻെറ പ്രവർത്തനവും ആരംഭിക്കും. അതുപോലെതന്നെ മെഡിക്കൽ-എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കുവേണ്ടി ഒരു ബുക്ക് ബാങ്ക് ആരംഭിക്കുന്നുണ്ട്, അയിത്തോച്ചാടനപ്രവർത്തനം നടത്തുന്ന വാളൻറിയേഴ്സിൻെറ ഓർഗനൈസേഷന് സാമ്പത്തികസഹായം ചെയ്തുകൊടുക്കുന്നതായിരിക്കും. ഒരു കോസ്മോ പോളിററൻ ഹോസ്ററൽ, നാല് വെൽഫെയർ ഹോസ്ററൽ, 3 ഗേൾസ് ഹോസ്ററൽ മുതലായവ ഈ സാമ്പത്തിക വർഷത്തിൽ തുറന്ന് പ്രവർത്തനമാരംഭിക്കും. ഹരിജൻ ഡിപ്പാർട്ടുമെൻറിൻെറ വകയായി ഓരോ മൂന്ന് മാസം കൂടുമ്പോഴും ഒരു പബ്ലിക്കേഷൻ പുറത്തിറക്കുന്നുണ്ട്. അത് രാജ്യത്തുടനീളമുള്ള ഗ്രാമങ്ങളിലും പഞ്ചായത്തുകളിലും എത്തിക്കുന്നതിനുള്ള ശ്രമം നടത്തുന്നതാണ്. അതിനെല്ലാം ഉപരിയായി, വർഷങ്ങളായി ഇവിടത്തെ ആദിവാസികളും ഹരിജനങ്ങളുമെല്ലാം ആഗ്രഹിച്ചിരുന്ന ഒരു കാര്യം കൂടി നടപ്പിലാക്കാൻ പോകുകയാണ്. യശശ്ശരീരനായ അയ്യങ്കാളിയുടെ പരിപാവനമായ സ്മരണ നിലനിറുത്തുന്നതിനുവേണ്ടി ഒരു സ്മാരകം സ്ഥാപിക്കാൻ വെള്ളയമ്പലത്ത് ഗവൺമെൻറ് സ്ഥലം കൊടുത്തുകഴിഞ്ഞു.

ശ്രീ. പി. കരുണാകരൻ: പബ്ലിക്കേഷന് എന്തു പേരാണ് ഇടാൻ പോകുന്നതെന്ന് പറഞ്ഞില്ലല്ലോ.

ശ്രീ. ദാമോദരൻ കാളാശ്ശേരി: അക്കാര്യം ഇൻഡ്യാ ഗവൺമെൻറിൻെറ മുമ്പിലാണ്. ഇൻഡ്യാ ഗവൺമെൻറാണ് അത് തീരുമാനിക്കുന്നത്.

ശ്രീ. എം. വി. രാഘവൻ: അത് ഞങ്ങൾ നിർദ്ദേശിക്കണമോ?

ശ്രീ. ദാമോദരൻ കാളാശ്ശേരി: വേണ്ട, സർ, ജനക്ഷേമകരങ്ങളായ നിരവധി പരിപാടികൾ നടപ്പിൽവരുത്തുന്നതിനുവേണ്ടിയാണ് ഈ ഗവൺമെൻറ് പ്രവർത്തിച്ചുകൊണ്ടിരിക്കുന്നത്.

മറെറാന്ന് പറയാനുള്ളത് ഹരിജന മർദ്ദനങ്ങളെക്കുറിച്ചാണ്. വടക്കേ ഇൻഡ്യയിൽ ഹരിജന മർദ്ദനങ്ങൾ ധാരാളം നടക്കുന്നുണ്ട്. ഇവിടെയാണെങ്കിൽ അങ്ങനെയുള്ള ഹരിജനമർദ്ദനങ്ങളൊന്നുമില്ല. എന്നാൽ ഈ അടുത്ത കാലത്ത് ചുരുക്കം ചില സംഭവങ്ങളൊക്കെ നടന്നു, ആരുടെ

LIBRARY ARCHIVES Kerala Legislative Assembly

ഭാഗത്തുനിന്നും ഹരിജന മർദ്ദനമുണ്ടായാലും ശക്തിയായ നടപടി സ്വീകരിക്കുമെന്ന് ഈ ഗവൺമെൻറ് ഉറപ്പ് പറയുകയാണ്. ഈ ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ധനകാര്യവകുപ്പുമന്ത്രി (ശ്രീ. എസ്. വരദരാജൻ നായർ):

2 P. M. സർ, വളരെകുറച്ചുമാത്രം വിമർശനങ്ങൾക്കു വിധേയമായ ഒരു വകുപ്പിന്റെ ധനാഭ്യർത്ഥനയുമായി ഞാൻ നിൽക്കുകയാണ്. ഈ രാജ്യത്ത് ഏററവും കൂടുതൽ വരുമാനം ഉണ്ടാക്കുന്ന വകുപ്പിനെക്കുറിച്ച് ഇത്രയും കുറച്ചുമാത്രം വിമർശനം ഉണ്ടായി എന്നുള്ളതുതന്നെ തീർച്ചയായും വളരെയധികം ആശ്വാസകരമായ കാര്യമാണ്. ഏതായാലും ഉണ്ടായ വിമർശനങ്ങളൊക്കെ സൃഷ്ടിപരമായിരുന്നു എന്നുള്ളത് കൂടുതൽ ചാരിതാർത്ഥ്യജനകമാണ്. ബഹുമാനപ്പെട്ട ശ്രീ. ഈപ്പൻ വർഗ്ഗീസ് ഒരു നിർദ്ദേശം വച്ചു. കേന്ദ്ര സർക്കാരിന്റെ ഇൻകം ടാക്സ് ലിമിററ് 12,000 ആക്കി. അതുകൊണ്ട് നമ്മുടെ അഗ്രിക്കൾച്ചറൽ ഇൻകം ടാക്സ് പരിധി ഉയർത്തുന്നത് അഭികാമ്യമായിരിക്കുകയില്ലേ എന്ന് അദ്ദേഹം ചോദിച്ചു. ഒരു ചെറിയ തെററിദ്ധാരണ അദ്ദേഹത്തിനുണ്ടെന്നാണ് എന്റെ വിശ്വാസം. കാരണം ഇൻകം ടാക്സ് ലിമിററ് 12,000 രൂപ ആക്കിയിട്ടില്ല പതിനായിരത്തിനും പന്തീരായിരത്തിനും ഇടയ്ക്കുള്ള പോയിൻറ് 70 ശതമാനം എന്നു പറഞ്ഞതു 30 ശതമാനം ആക്കി എന്നേ ഉള്ളു. ആ ഒരു റിലീഫ് മാത്രമാണ് ഉള്ളത്. പിന്നെ അദ്ദേഹം പറഞ്ഞത് ഔട്ട്ടേൺ 25000 എന്നു പറയുന്നത് ഒരു ലക്ഷം ആക്കിയാൽ കുറെക്കൂടെ ആശ്വാസപ്രദമായിരിക്കും കച്ചവടക്കാർക്ക് എന്നുള്ള നിർദ്ദേശം ആയിരുന്നു. നിർഭാഗ്യവശാൽ അതുകൊണ്ടുണ്ടാകാവുന്ന നഷ്ടം അതിന്റെ കണക്കനുസരിച്ചുതന്നെ ഏതാണ്ട് ഏഴുകോടി രൂപയോളം വരുമെന്ന കാരണം കൊണ്ടുതന്നെ അദ്ദേഹത്തിന്റെ ആ നിർദ്ദേശം അംഗീകരിക്കാൻ സാധിക്കാതെ വരുന്നു. അതിൽ വളരെ വിഷമമുണ്ട്.

വേറൊരു നിർദ്ദേശം വന്നത് കപ്പയെ സംബന്ധിച്ചാണ്. നികുതിയിൽനിന്നും ഒഴിവാക്കണമെന്നു പറഞ്ഞു. ഇപ്പോൾതന്നെ ഭക്ഷണാവശ്യത്തിനു വേണ്ടിവരുന്ന കപ്പയ്ക്കു നികുതി ഇല്ല. ഉള്ള നികുതിതന്നെ രണ്ടു ശതമാനം മാത്രമാണ്. അതും 35000 രൂപയിൽ കൂടുതൽ ടേൺഓവർ ഉള്ള ആളുകൾക്ക് മാത്രമേ ആ നികുതി കൊടുക്കേണ്ടതുള്ളു. സ്വാഭാവികമായും അതു വലിയ നികുതിഭാരം ആണെന്നു പറയാൻ പാടില്ല എന്നാണ് ഗവൺമെൻറിന്റെ അഭിപ്രായം.

ശ്രീ. റഹീം, ഗവൺമെൻറ് ഈയിടെ എടുത്ത സമുദ്രോൽപ്പന്നക്കയററുമതിയുടെ കാര്യത്തിൽ ഗവൺമെൻറിന്റെ തീരുമാനം കുറെക്കൂടി ഉദാരമായിരിക്കണം എന്നു നിർദ്ദേശിച്ചു. പക്ഷേ ഇന്ന് അതിന്റെ വ്യാപാരികൾ തന്നെ ഏതാണ്ട് അംഗീകരിച്ച ഒരു ഫോർമുല അനുസരിച്ചാണ് അതിലേക്കു വേണ്ട ഇളവു ചെയ്തതും അവർ അംഗീകരിച്ചതും. ഏതായാലും ഇനി ഇളവു ചെയ്യാൻ സാദ്ധ്യമല്ല എന്നുള്ള കാര്യം എതിർപ്പോടുകൂടി പറയാൻ തന്നെ ഞാൻ ആഗ്രഹിക്കുകയാണ്. വളരെ വിവാദപരമായ ഒരു കാര്യം വിൽപന നികുതി ഏകമുഖം ആക്കണം എന്നുള്ളതാണ്. താത്വികമായി ഈ ഗവൺമെൻറ് മുമ്പുതന്നെ അംഗീകരിച്ച ഒരു കാര്യമാണ്. ഇപ്പോൾതന്നെ ഏതാണ്ട് നൂറിനം കമ്മോഡിററീസിന് സിങ്കിൾ പോയിൻറ് ടാക്സ് ആണ്. അടുത്തുതന്നെ സഭയുടെ അംഗീകാരത്തിനായി ഏതാണ്ട് വേറേ അമ്പതു കമ്മോഡിററികൾക്ക് ഏകമുഖ വിൽപന നികുതി ഏർപ്പെടുത്തിയതു കൊണ്ടുവരണമെന്നാണ് ഉദ്ദേശിച്ചിട്ടുള്ളത്. അതുംകൂടിആകുമ്പോൾ ഏതാണ്ട് 20-നു താഴെയുള്ള കമ്മോഡിററികൾക്ക് മാത്രമേ ബഹുമുഖ വിൽപ്പന നികുതി ഉണ്ടായിരിക്കുകയുള്ളു.

2/469—17

LIBRARY ARCHIVES Kerala Legislative Assembly

<u>ശ്രീ. എ. എ. റഹീം:</u> Tax on perishable goods ടാക്സ് ചെയ്യുന്നതിനും പിന്നെ മൊത്തമായിട്ടും കൊണ്ടുപോകാൻ കഴിയുമോ?

<u>ശ്രീ. എസ്. വരദരാജൻ നായർ:</u> ആ കാര്യത്തിലുള്ളനിർദ്ദേശം ഉൾപ്പെടെ ഏതു നിർദ്ദേശവും പരിഗണിക്കാം. ഇത്രമാത്രമേ ഇതു സംബന്ധിച്ചു പറയാനുള്ളു. കൂടുതലായി പറഞ്ഞ് മി. രാഘവനെപ്പോലെയുള്ളവരെ വിശപ്പിക്കണമെന്ന് ആഗ്രഹിക്കുന്നില്ല. അതുകൊണ്ട് ഏകകണ്ഠമായി ഇതു പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

Demand V—Agricultural Income Tax and Sales Tax

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri E. Narayanan Nair was put and lost.

The cut motion moved by Shri Thundathil Kunjukrishna Pillai was put and lost.

The cut motion moved by Shri T. K. Abdu was put and lost.

The cut motion moved by Shri N. Chandrasekhara Kurup was put and lost.

The question that Government be granted a sum of Rupees 3,50,65,000 under demand V—Agricultural Income Tax and Sales Tax was put and carried.

The Demand was passed and the grant was made.

Demand XXI—Public Health Engineering

The cut motion moved by Shri N. I. Devassykutty was put and lost.

The cut motion moved by Shri M. K. Krishnan was put and lost.

The cut motion moved by Shri V. Eacharan was put and lost.

The cut motion moved by Shri E. Narayanan Nair was put and lost.

The cut motion moved by Shri Thundathil Kunjukrishna Pillai was put and lost.

The cut motion moved by Shri N. Chandrasekhara Kurup was put and lost.

The cut motion moved by Shri T. K. Abdu was put and lost.

LIBRARY ARCHIVES Kerala Legislative Assembly